# ആരാധനാക്രമ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 8086312826
Web: www.alphathalassery.org, Email: alphits@gmail.com

# ആരാധനാക്രമ ദൈവശാസ്ത്രം

**Title:** Liturgical Theology
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670101, Kannur, Kerala
Ph: 8086312826

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Tom Olikkarott
Rev. Dr. Philip Kaviyil
Rev. Dr. Joseph Kakkaramattathil

**Office Assistance:** Dr. Jisi Maria CMC
Sr. Therese John FCC
Mrs. Jeshitha Vijesh
Bro. Albert Anchuplackal
**Design & Layout:** Mr. Jaimon Jose Munjanattu
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ആരാധനാക്രമം: ഒരാമുഖം.......................................................................... 5
2. ആരാധനക്രമവും വിശ്വാസ ജീവിതവും .................................................... 19
3. ലിറ്റർജിയുടെ അടിസ്ഥാനപ്രമാണങ്ങൾ .................................................... 28
4. വി. കുർബ്ബാന ലത്തീൻ ആരാധനാക്രമ പാരമ്പര്യത്തിൽ............................. 36
5. മലങ്കര ആരാധനാക്രമം ..................................................................................59
6. ആരാധനാക്രമ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കുള്ള പ്രാധാന്യം......75
7. സീറോ മലബാർ റീത്തിലെ ആരാധനാവത്സരവും ക്രൈസ്തവജീവിതവും.......79
8. സീറോ മലബാർ കുർബ്ബാനയുടെ ഘടന ..................................... ..............89
9. വി. കുർബ്ബാനയിലെ അടയാളങ്ങളും പ്രതീകങ്ങളും .......................... .127

01

# ആരാധനാക്രമം: ഒരാമുഖം

## ആരാധനയും ജീവിതവും

മരുഭൂമിയിൽ വെച്ച് ദൈവം കാണിച്ചു തരുന്ന രീതിയിൽ അവിടുത്തെ ആരാധിക്കണം എന്ന മോശയുടെയും ജനത്തിന്റെയും തീക്ഷ്ണമായ ആഗ്രഹമാണ് പഴയനിയമ ജനതയുടെ പുറപ്പാടിന്റെ ഉത്ഭവം ആയി **Pope** ബനഡിക്ട് പതിനാറാമൻ കണക്കാക്കുന്നത്. ആരാധനദൈവത്തിനുള്ള താണ്. അതിനാൽ തന്നെ ദൈവാരാധനയെ ഒരിക്കലും ഒരു സാമൂഹിക ആചാര മായി കണക്കാക്കാൻ സാധിക്കുകയില്ല. ആരാധനാക്രമത്തിൽ എപ്രകാരമെല്ലാം ദൈവത്തെ ആരാധിച്ചു മഹത്വപ്പെടുത്താം എന്നതിനേക്കാൾ എപ്രകാരമാണ് അവിടുന്ന് ആരാധിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നത് എന്ന് വെളിപാടിലൂടെ മനസ്സിലാക്കാനാണ് നാം പരിശ്രമിക്കുന്നത് (1323). "പഴയനിയമ പുറപ്പാടിന്റെ ലക്ഷ്യവും സാരാംശവും ദൈവത്തെ ആരാധിക്കാനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മോശയുടെയും ജനത്തിന്റെയും ന്യായമായ ആഗ്രഹമായിരുന്നു" (20). യഥാർത്ഥമായ ആരാധന മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും ക്രമീകരിക്കുന്നു. ആരാധനക്രമം എന്ന അടിസ്ഥാനത്തിന്മേൽ ആയിരിക്കണം നിയമവും ധാർമ്മികതയും പണിയപ്പെടേണ്ടത്.

എന്നാൽ പുറപ്പാടിൽ വെളിപ്പെടുത്തപ്പെട്ട യഥാർ ത്ഥമായ ദൈവാരാധനയുടെ നേർവിപരീതമാണ് സ്വർണ കാളക്കുട്ടിയെ ഉണ്ടാക്കി അതിനെ ആരാധി ക്കുന്നതിലൂടെ ഇസ്രായേൽ സമൂഹം ചെയ്തത്. ആരാധനാക്രമം ദൈവത്തോടുള്ള മനുഷ്യന്റെ പ്രത്യുത്തരം ആയി രിക്കെ അത് ദൈവോൽമുഖം ആയിരിക്കണം. "ദൈവത്തിനേക്കാൾ മനുഷ്യകേന്ദ്രീകൃത

*Published for the use of the students of Alpha Institute of Theology and Science*

മായ ആരാധനാക്രമരീതികൾക്കെതിരെ യുള്ള ഒരു മുന്നറിയിപ്പാണ് സ്വർണ്ണകാളക്കുട്ടിയുടെ ഈ സംഭ വം"(23).

**ആരാധനക്രമം -പ്രപഞ്ചം -ചരിത്രം**

മനുഷ്യരാശിയുടെ ചരിത്രത്തിലും പ്രപഞ്ചചരിത്രത്തിലുട നീളവും ദൈവാരാധനയ്ക്കു അതിന്റേതായ സ്ഥാനം നമ്മുക്ക് കാണാൻ സാധിക്കും. പഴയനിയമത്തിൽ, ദൈവം മനുഷ്യനുമായി ഒരു ഉടമ്പടി ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന പശ്ചാത്തലം ആണ് സൃഷ്ടി. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകകളിൽ, "സൃഷ്ടി ഉടമ്പടിയിലേക്ക് ഉറ്റു നോക്കുന്നു, എന്നാൽ ഉടമ്പടി സൃഷ്ടിയോ ടൊപ്പം നിലനിൽക്കുക മാത്രമല്ല അതിനെ പൂർത്തീകരിക്കുകായും ചെയ്യുന്നു. ദൈവാരാധന എന്നാൽ ഉടമ്പടിയുടെ ആത്മാവാണ്. അങ്ങനെയെങ്കിൽ ആരാധനാക്രമം മനുഷ്യരാശിയെ രക്ഷിക്കുക മാത്രമല്ല മറിച്ചു സൃഷ്ടിയെ ഒന്നാകെ ദൈവവുമായി സംയോജിപ്പി ക്കുകയാണ്" (27).

ദൈവാരാധനയുടെ മുഖ്യഘടകമായി ബലിയസർപ്പണത്തെ കാണാൻ സാധിക്കും. ബലിയർപ്പണം ഒരിക്കലും നശിപ്പിക്കലോ ഇല്ലായ്മ ചെയ്യലോ അല്ല മറിച്ചു civitas Dei- അതായതു മനുഷ്യ ന്റെയും പ്രകൃതിയുടേയും ദിവ്യവത്കരണം അല്ലെങ്കിൽ ദൈവവു മായുള്ള ഒത്തുചേരൽ ആണ് എല്ലാ ആരാധനയുടെയും പരമമായ ലക്ഷ്യം. ദൈവത്തെ ആരാധിക്കുന്നതിലൂടെ നാം ദൈവമക്കളുടെ സ്വാതന്ത്രം അനുഭവിക്കത്തക്കവിധം ഒരു പുതിയ ലോകത്തെ രൂപ പ്പെടുത്തുന്നു. സൃഷ്ടിയിലൂടെ വെളിപ്പെടുന്ന സൃഷ്ട്ടാവിന്റെ സ്നേ ഹത്തിനുള്ള സൃഷ്ടിയുടെ പ്രത്യുത്തരമാണ് ദൈവാരാധന.

**വിവിധ റീത്തുകളുടെ ഉത്ഭവം**

പന്തക്കുസ്തയെ തുടർന്ന് അപ്പസ്തോലന്മാർ മിശിഹായുടെ സുവിശേഷത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പോകുകയും സഭാസമൂഹങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ദൈവത്തിന്റെ അനന്തമായ സ്നേഹവും അവർണ്ണനീയ മായ കരുണയും അനിർവചനീയമായ രക്ഷയും മിശിഹാ യിൽനിന്നും അപ്പസ്തോലന്മാർ അനുഭവിച്ചറിഞ്ഞത് തങ്ങളുടെ വ്യക്തിത്വ സവിശേഷതകളോടുകൂടിയായിരുന്നു. വൈവിധ്യമാർന്ന സംസ്കാരങ്ങളും ഭാഷകളും ആചാരാനുഷ്ഠാനങ്ങളുമുള്ള ജനപ ദങ്ങൾ അപ്പസ്തോലന്മാരിൽനിന്നും മിശിഹാനുഭവം ഏറ്റുവാങ്ങി യതും അവരവരുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങ ളിൽ തന്നെയാണ്. ഇപ്രകാരം സ്ഥാപിക്കപ്പെട്ട സഭാസമൂഹങ്ങൾ





അതാതു സംസ്കാരങ്ങളും പ്രത്യേകതകളും ഉൾക്കൊണ്ട് വളർന്നു വന്നു. ഇപ്രകാരം അപ്പസ്തോലന്മാരാൽ സ്ഥാപിതവും വിവിധ സ്ഥലങ്ങളിലും സംസ്കാരങ്ങളിലും വളർന്നു വികസിതവുമായ വിവിധ സഭകളുടെ കൂട്ടായ്മയാണ് തിരുസ്സഭ.

വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപ്പസ്തോലിക പ്രവർത്തനങ്ങളുടെ ഫലമായി റോമിലും തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ഭാരതത്തിലും സഭകൾ രൂപം കൊള്ളുകയും വളർന്ന് പരിപുഷ്ടമാവുകയും ചെയ്തു. ഇതു പോലെ ജറുസലേമിലും, എഫേസൂസിലും ഗ്രീസിലും, ഈജി പ്തിലും അന്ത്യോക്യായിലുമൊക്കെ സഭകൾ രൂപംകൊണ്ടു. ഇങ്ങനെ രൂപംകൊണ്ട സഭകളുടെ ഐക്യമാണ്, കൂട്ടായ്മയാണ് സാർവ്വത്രിക സഭ. ഇപ്രകാരമുള്ള വ്യക്തിസഭകളെയാണ് റീത്ത് എന്ന് സാധാരണ വിളിക്കുക.

ഒരു റീത്തിന്റെ തനതായ വ്യക്തിത്വത്തെ ഏറ്റവും കൂടുതൽ പ്രക ടമാക്കുന്നത് അവയുടെ ആരാധനക്രമം, ദൈവശാസ്ത്രം, ആദ്ധ്യാ ത്മിക ജീവിതശൈലി, ഭരണസംവിധാനം, ശിക്ഷണക്രമം എന്നിവ യിലൂടെയാണ്. ചിലപ്പോൾ ഇവയിൽതന്നെ ചിലതെല്ലാം പര സ്പരം പങ്കുവയ്ക്കാറുമുണ്ട്. ഉദാഹരണത്തിന്, ഒരേ ആരാധനാ ക്രമം തന്നെ പല സഭകൾ ഉപയോഗിക്കുന്നുണ്ട്.

എന്നാൽ ഇവയോടൊപ്പം എല്ലാ സഭകളെയും പരസ്പരം ബന്ധി പ്പിക്കുന്ന പൊതുവായ ചില ഘടകങ്ങളുണ്ട്. വിശ്വാസം, വി. ഗ്രന്ഥം, കൂദാശകൾ, സന്മാർഗ്ഗം, ദൈവികാധികാരം എന്നിവ എല്ലാവരെയും പൊതുവായി ബാധിക്കുന്നതും പരസ്പരം ബന്ധപ്പെട്ടതുമാണ്. അതിനാൽ സഭകളുടെ ഐക്യം അതിന്റെ ബാഹ്യരൂപത്തിലല്ല, ആന്തരികതയിലാണ്. എന്നാൽ ബാഹ്യഘടകങ്ങളാണ് ഇവയെ പര സ്പരം വ്യത്യാസപ്പെടുത്തിക്കാണിക്കുന്നത്. ഇവയിലൂടെയാണ് ഓരോ സഭയുടേയും വി. പാരമ്പര്യങ്ങൾ പ്രകടമാകുന്നതും.

സാർവ്വത്രിക സഭയെ ഒരു പൂന്തോട്ടത്തോട് ഉപമിക്കാവുന്നതാ ണ്. ഒരു പൂന്തോട്ടം മനോഹരമാകുന്നതു വിവിധ ചെടികളും പുഷ്പ ങ്ങളും അതിൽ നിറഞ്ഞുനിൽക്കുമ്പോഴാണ്. പൂന്തോട്ടം മുഴുവ നിലും ഒരേ ജാതി ചെടികളും പുഷ്പങ്ങളുമാണുള്ളതെങ്കിൽ അത് അത്രമാത്രം മനോഹരമായിരിക്കുകയില്ല. അതിനാൽ ഭൂമിയിൽ മനോഹരങ്ങളായ വിവിധയിനം പുഷ്പങ്ങൾ (പ്രാർത്ഥനാരീതി കൾ, ആദ്ധ്യാത്മികത etc.) വിടർന്നു പുഷ്പിക്കുന്ന മനോഹരമായ മലർവാടിയാണ് സഭ. വൈവിധ്യത്തിൽ ഏകത്വം എന്ന പൊതുത ത്വമാണ് ഇവിടെ ഏറ്റവും പ്രകടമാകുന്നത്.

വിവിധ സ്ഥലങ്ങളിൽ അപ്പസ്തോലന്മാരോടു ബന്ധപ്പെട്ടു രൂപമെടുത്ത സഭാസമൂഹങ്ങളിൽ അംഗങ്ങളെല്ലാം അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കെടുത്തു (അപ്പ 2:46). ഇപ്രകാരം അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും നേതൃത്വത്തിൽ സഭാസമൂഹം ഒരുമിച്ചു കൂടുമ്പോൾ അതു പ്രഥമവും പ്രധാനവുമായി ഒരു ആരാധനാസമൂഹമായിട്ടാണ് വർത്തിച്ചിരുന്നത്.

അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തങ്ങൾക്കു മിശിഹാനുഭവം ഏറ്റവും കൂടുതലായി പങ്കുവച്ച സന്ദർഭങ്ങളായിരുന്നു ഇപ്രകാരമുള്ള ആരാധനാ സമ്മേളനങ്ങൾ. ആരാധനാ സമ്മേളനങ്ങളിൽ വച്ച് വി. ഗ്രന്ഥഭാഗങ്ങൾ വായിക്കുകയും ധ്യാനിക്കുകയും വ്യാഖ്യാനിച്ചു പഠിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മയാചരണവും അനുഷ്ഠാനവുമായ അപ്പംമുറിക്കൽ ശുശ്രൂഷ നടത്തുകയും ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുപോന്നു.

യഹൂദ പശ്ചാത്തലത്തിൽ രൂപംകൊണ്ട സഭ യഹൂദരുടെ പ്രാർത്ഥനാരീതികൾ തന്നെയാണ് അടിസ്ഥാനപരമായി അനുവർത്തിച്ചു പോന്നത്. പുതിയനിയമ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടതോടുകൂടി പഴയനിയമ ഗ്രന്ഥങ്ങളെക്കാൾ പുതിയനിയമഗ്രന്ഥങ്ങൾക്കു പ്രാമുഖ്യം ലഭിക്കുകയും അവ ഇപ്രകാരമുള്ള ആരാധനാസമൂഹത്തിൽവച്ചു പരസ്യമായി വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിരുന്നു.

ആദ്യമാദ്യം ഇപ്രകാരമുള്ള സമ്മേളനങ്ങളിൽ വി. ഗ്രന്ഥവായനയ്ക്കും അപ്പംമുറിക്കൽ കർമ്മങ്ങൾക്കും പ്രാർത്ഥനാരീതികൾക്കും ക്ലിപ്തമായ രൂപമൊന്നും ഉണ്ടായിരുന്നില്ല. കൂടാതെ മതപീഢനം ശക്തമായിരുന്നതിനാൽ ഇപ്രകാരമുള്ള സഭാസമ്മേളനങ്ങൾ പലപ്പോഴും രഹസ്യമായിട്ടാണ് നിർവ്വഹിച്ചിരുന്നത്. എന്നാൽ കാലം മുന്നോട്ടു പോയതനുസരിച്ചു പ്രാർത്ഥനാസമ്മേളനങ്ങൾക്കും പ്രാർത്ഥനാരീതികൾക്കുമെല്ലാം നിയതമായ രൂപങ്ങൾ കൈവന്നു തുടങ്ങി. ഏതാണ്ട് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെയും ഇവയ്ക്കെല്ലാം ഒരു ഏകദേശരൂപം ലഭിക്കുകയുണ്ടായി. ഇത് എല്ലാ സഭകളുടെയും കാര്യത്തിൽ വാസ്തവമാണ്. എങ്കിൽത്തന്നെയും അവയൊന്നും ഈ കാലയളവിൽ പൂർണ്ണമായി ലിഖിത രൂപങ്ങൾ സ്വീകരിച്ചിരുന്നില്ല.





അപ്പസ്തോലന്മാരുടെയും അവരുടെ ആദ്യകാല പിൻഗാമികളുടെയും കാലം കഴിഞ്ഞപ്പോൾ ക്രിസ്തുസംഭവത്തിനു ദൃക്സാക്ഷികളായവരുടെ നിര അവസാനിക്കുവാനും അനുഭവസാക്ഷ്യം നൽകാൻ കഴിയുന്നവരുടെ സംഖ്യ കുറയുവാനും തുടങ്ങി. തന്മൂലം, ഈ കാലയളവിൽ സമൂഹത്തിൽ ആരാധനാരീതികൾക്ക് ക്ലിപ്തമായ ഒരു രൂപം ഉണ്ടാകേണ്ടതായി വന്നു. അക്കാലത്തെ പ്രമുഖങ്ങളായ മതാദ്ധ്യായന കേന്ദ്രങ്ങളോടും സഭാകേന്ദ്രങ്ങളോടും ബന്ധപ്പെട്ട് ആരാധന ക്രമങ്ങൾ രൂപംകൊള്ളുവാൻ ഇടയായപ്പോൾ അതാതുകേന്ദ്രങ്ങളോടു ബന്ധപ്പെട്ട സഭകൾ അവിടെ രൂപംകൊണ്ട ആരാധനാക്രമങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.

ചില സഭകൾക്ക് ശ്രദ്ധേയങ്ങളായ മതാദ്ധ്യായന കേന്ദ്രങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള സഭകൾ തങ്ങൾ ഏറ്റവും അടുത്ത ബന്ധം പുലർത്തിയിരുന്ന മതാദ്ധ്യയന കേന്ദ്രത്തിലോ സഭാ കേന്ദ്രത്തിലോ രൂപംകൊണ്ട ആരാധനക്രമങ്ങൾതന്നെ ഉപയോഗിക്കുവാൻ ഇടയായി. അതിനാൽ എല്ലാ സഭകളും സ്വന്തമായി ആരാധനക്രമങ്ങൾക്കു രൂപം കൊടുക്കണമെന്നു വരുന്നില്ല; മറിച്ച്, ഒരേ ആരാധനക്രമം തന്നെ പല സഭകൾ ഉപയോഗിക്കാൻ ഇടയാവുന്ന സാഹചര്യങ്ങളാണുള്ളത്. അതുപോലെതന്നെ ഒരു സ്ഥലത്തു രൂപംകൊണ്ട ആരാധനക്രമം ആ സ്ഥലത്തു മാത്രം ഉപയോഗിക്കപ്പെടേണ്ടതാണെന്നും വരുന്നില്ല. മറിച്ച്, അതാതു സഭകളോടു ബന്ധപ്പെട്ട് ലോകത്ത് എവിടെ വേണമെങ്കിലും അത് ഉപയോഗിക്കപ്പെടാം. ഭാരതത്തിലെ സീറോ മലബാർ സഭയുടെയും മലങ്കര സഭയുടെയും ലത്തീൻ സഭയുടെയും ആരാധനക്രമങ്ങൾ  ഇവയിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല എന്നു നമുക്കു കാണാവുന്നതാണ്.

തന്നിമിത്തം എല്ലാ അപ്പസ്തോലിക സഭകളുടെയും ആരാധനക്രമങ്ങൾ അതാത് അപ്പസ്തോലൻമാരാൽ തന്നെ വിരചിതമാവണമെന്നില്ല. കാരണം, അപ്പസ്തോലന്മാരാണ് ഓരോ സ്ഥലത്തും സഭയ്ക്കു രൂപം കൊടുത്തതെങ്കിലും ആരാധന ക്രമങ്ങൾ അതിൽതന്നെ അതിന്റെ വികാസപരിണാമങ്ങൾക്കു വിധേയമായി ക്ലിപ്തമായ രൂപം സ്വീകരിച്ചത് മൂന്നു നാലു നൂറ്റാണ്ടുകളിലാണ്. ഇതു സുവിശേഷ രചനയുടെ കാര്യത്തിലും വാസ്തവമാണല്ലോ. സുവിശേഷം പ്രസംഗിച്ച എല്ലാ അപ്പസ്തോലന്മാരും സുവിശേഷം എഴുതിയിട്ടില്ല; അതേ സമയം അപ്പസ്തോലന്മാരല്ലാത്തവർ എഴുതുകയും ചെയ്തിട്ടുണ്ട്. സുവിശേഷങ്ങൾ എഴുതിയതാവട്ടെ സുവിശേഷപ്രഘോഷണം ആരംഭിച്ചിട്ടു ദശാബ്ദങ്ങൾ പിന്നിട്ടതിനു

ശേഷം മാത്രമാണ്. എഴുതപ്പെട്ട സുവിശേഷങ്ങൾ ഇന്ന് എല്ലാ സഭകളും സ്വന്തമെന്നപോലെയാണ് കാണുകയും അംഗീകരിക്കുകയും ചെയ്തിരിക്കുന്നത്.

## വിവിധ ആരാധനക്രമ കുടുംബങ്ങൾ

പ്രമുഖങ്ങളായ മതാദ്ധ്യാപന കേന്ദ്രങ്ങളോടും സഭാകേന്ദ്രങ്ങളോടും ബന്ധപ്പെട്ടാണ് ആരാധനക്രമങ്ങളുടെ രൂപീകരണം നടന്നത് എന്നു നാം കാണുകയുണ്ടായി. അതിൻപ്രകാരം നാലു പ്രമുഖ മതാദ്ധ്യായന കേന്ദ്രങ്ങളും നാലു ആരാധനക്രമ കുടുംബങ്ങളുമാണ് നമുക്കു കാണുവാൻ കഴിയുക. റോം, അന്ത്യോക്യാ, അലക്സാണ്ഡ്രിയാ, എദേസാ എന്നിവയാണ് ആ നാലു മതാദ്ധ്യായന കേന്ദ്രങ്ങൾ. തന്നിമിത്തം ഈ കേന്ദ്രങ്ങളോടു ബന്ധപ്പെട്ടാണ് നാല് ആരാധനാക്രമ കുടുംബങ്ങളെ നാം കണ്ടെത്തുക.

## റോമൻ (ലത്തീൻ) ആരാധനാക്രമ കുടുംബം

അപ്പസ്തോല പ്രമുഖനായ വി. പത്രോസിന്റെയും വിജാതീയരുടെ അപ്പസ്തോലനായിരുന്ന വി. പൗലോസിന്റെയും പ്രവർത്തനകേന്ദ്രമായിരുന്ന റോം ആദിമകാലംമുതലേ ഒരു മതാദ്ധ്യാപന കേന്ദ്രവും സഭാകേന്ദ്രവുമായിരുന്നു. റോമിനെ കേന്ദ്രമാക്കി വളർന്ന ആരാധനാക്രമത്തെയാണ് റോമൻ ആരാധനാക്രമം എന്നും ഭാഷയുടെ അടിസ്ഥാനത്തിൽ ലത്തീൻ ക്രമം എന്നും വിളിക്കുന്നു. റോമൻ ആരാധനാക്രമം റോമിൽമാത്രം ഉപയോഗിക്കപ്പെടുന്നതാണെന്നു വരുന്നില്ല. റോമിനെ കേന്ദ്രീകരിച്ചുകൊണ്ട് ആദിമകാല മിഷനറിമാർ പാശ്ചാത്യ നാടുകളിൽ മുഴുവൻ പ്രേഷിത പ്രവർത്തനം നടത്തിയപ്പോൾ ആ നാടുകളിലെല്ലാം റോമൻ ആരാധനാക്രമമാണ് അവർ ഉപയോഗിച്ചത്. 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷനറിമാർ ഭാരതത്തിൽ വരുകയും പ്രേഷിതപ്രവർത്തനം നടത്തുകയും ചെയ്തപ്പോൾ മുതൽ ഇവിടെയും ലത്തീൻ ആരാധനാക്രമം ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെയാണ് കേരളത്തിലും ലത്തീൻ സഭയും ലത്തീൻ ആരാധനക്രമവും പ്രചാരത്തിൽ വന്നത്.

റോമൻ ആരാധനാക്രമ കുടുംബത്തിൽ വേറെ നാലു ആരാധനക്രമങ്ങൾ കൂടിയുണ്ട്. അവയാണ് അംബ്രോസിയൻ, മൊസാറബിക്, കെൽട്ടിക്, ഗാള്ളിക്കൻ ആരാധനാക്രമങ്ങൾ. പാശ്ചാത്യനാടുകളിലെ ചില സഭാകേന്ദ്രങ്ങളെ ആസ്ഥാനമാക്കിയാണ് അവ രൂപം പ്രാപിച്ചതെങ്കിലും അവയ്ക്കൊന്നും കാര്യമായ വളർച്ചയോ പ്രചാരമോ ലഭിച്ചില്ല. ഇന്നവ നാമമാത്രമായി ചില സ്ഥലങ്ങളിൽ മാത്രം ഉപയോഗിക്കുന്നുണ്ട്. അതിൻപ്രകാരം അംബ്രോസിയൻ ആരാധനക്രമം ഇറ്റലിയിലെ മിലാൻ രൂപതയിലും, കെൽട്ടിക് ആരാധനാക്രമം ഫ്രാൻസിലെ ലിയോൺസിലും മൊസാറബിക് ആരാധനക്രമം സ്പെയിനിലെ ടൊളേഡോ കത്തീഡ്രലിലും മാത്രമാണ് ഇന്നു ഉപയോഗത്തിലുള്ളത്.





## അന്ത്യോക്യൻ ആരാധനാക്രമ കുടുംബം

ആദിമകാലങ്ങളിൽ തന്നെ അന്ത്യോക്യാ സഭാപ്രവർത്തനങ്ങളുടെ ഒരു ആസ്ഥാനവും മതാദ്ധ്യായനകേന്ദ്രവുമായിരുന്നു. അവിടെ രൂപംകൊണ്ട ആരാധനാക്രമം അന്ത്യോക്യൻ ആരാധനക്രമം എന്നാണറിയപ്പെടുക. ഈ ആരാധനാക്രമം ഭാഷയുടെ അടിസ്ഥാനത്തിൽ "പാശ്ചാത്യ സുറിയാനി ആരാധനക്രമം" എന്നും വിളിക്കപ്പെടുന്നുണ്ട്. ഈ ആരാധനാക്രമമാണ് ഇന്ന് അന്ത്യോക്യായിലെ സിറിയൻ കത്തോലിക്കരും, മാറോനീത്താ സഭക്കാരും, കേരളത്തിലെ സീറോ മലങ്കര കത്തോലിക്കാസഭയും ഉപയോഗിക്കുന്നത്. കൂടാതെ യാക്കോബായക്കാരും ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും തൊഴിയൂർ സഭയും ഈ ആരാധനക്രമം ഉപയോഗിക്കുന്നുണ്ട്. പാശ്ചാത്യ മിഷണറിമാർ കേരളത്തിലെ നമ്മുടെ സഭയുടെ ഭരണം നടത്തിയപ്പോഴുണ്ടായ സഭാവിഭജനത്തെ തുടർന്നാണ് ഈ ആരാധനക്രമം കേരളത്തിൽ പ്രചരിച്ചത്.

## ബൈസന്റയിൻ ആരാധനാക്രമം

അന്ത്യോക്യ ഒരു മതാദ്ധ്യയന കേന്ദ്രവും സഭാകേന്ദ്രവുമായിരുന്നെങ്കിലും പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ ആസ്ഥാനം ബൈസാൻസിയം ആയതിനെ തുടർന്ന് അതും ഒരു സഭാകേന്ദ്രമായി പരിണമിക്കുവാൻ തുടങ്ങി. ബൈസാൻസിയം കേന്ദ്രമായി വളർന്നുവന്ന ആരാധനാക്രമത്തെയാണ് ബൈസന്റയിൻ ആരാധനാക്രമം എന്നു വിളിക്കുക. ഇന്നു ഗ്രീസിലേയും റഷ്യയിലേയും മറ്റും നിരവധി സഭകൾ ഈ ആരാധനാക്രമമാണ് ഉപയോഗിക്കുക. ഗ്രീക്കു മൽക്കൈറ്റ്, യുക്രേനിയൻ, അൽബേനിയൻ, റൊമേനിയൻ തുടങ്ങി കത്തോലിക്കാ സഭയുടെ കൂട്ടായ്മയിലുള്ള 13 സഭകളും ഗ്രീക്ക് ഓർത്തഡോക്സ് സഭ, ബൈസന്റയിൻ ഓർത്തഡോക്സ് സഭ തുടങ്ങി ഒട്ടേറെ അകത്തോലിക്കാ സഭകളും ഈ ആരാധനാക്രമമാണ് ഇന്ന് ഉപയോഗിക്കുക. ഗ്രീക്കു ഭാഷയിലാണ് ഈ ആരാധനാക്രമം രൂപം കൊണ്ടിട്ടുള്ളത്.

## അർമേനിയൻ ആരാധനാക്രമം

എ.ഡി. 384 മുതൽ മറ്റു സഭകളുമായുള്ള ബന്ധം വിടർത്തി സ്വതന്ത്രമായ ശൈലിയിൽ വർത്തിക്കുവാനിടയായ അർമേനിയൻ സഭ

ഉപയോഗിക്കുന്ന ആരാധനക്രമത്തെയാണ് അർമേനിയൻ ആരാധനക്രമം എന്നു വിളിക്കുക.

**അലക്സാണ്ഡ്രിയൻ ആരാധനാക്രമ കുടുംബം**

അലക്സാണ്ഡ്രിയ ആദിമകാലത്തെ ഒരു പ്രമുഖ മതബോധന കേന്ദ്രമായിരുന്നു. അലക്സാണ്ഡ്രിയയെ കേന്ദ്രമാക്കി രണ്ടു ആരാധനക്രമങ്ങൾ രൂപം പ്രാപിക്കുകയുണ്ടായി: കോപ്റ്റിക് ആരാധനക്രമവും എത്യോപ്യൻ ആരാധനക്രമവും. എത്യോപ്യായിലും ഈജിപ്തിലുമുള്ള സഭകളാണ് ഇവ പ്രധാനമായും ഉപയോഗിക്കുക.

**പേർഷ്യൻ ആരാധനാക്രമ കുടുംബം**

ഏറെനാൾ പേർഷ്യൻ സാമ്രാജ്യത്തിൻ കീഴിലായിരുന്ന എദേസ്സായിലാണ് ഇത് രൂപംകൊണ്ടത്. അതുകൊണ്ടാണ് ഇതിനെ പേർഷ്യൻ ആരാധനാക്രമം എന്നുവിളിക്കുക. എദേസ്സ ഒരു ആദിമകാല മതാദ്ധ്യായന കേന്ദ്രമായിരുന്നു. സഭാപിതാവായ മാർ അപ്രേം ഈ മതാദ്ധ്യായന കേന്ദ്രത്തോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. റോം, അന്ത്യോക്യാ, അലക്സാണ്ഡ്രിയ ഇവയെല്ലാം റോമാ സാമ്രാജ്യത്തിലെ മതാദ്ധ്യായന കേന്ദ്രങ്ങളായിരുന്നപ്പോൾ എഡേസാ മാത്രമാണ് അതിന് അപവാദമായി നിലകൊണ്ടത്. അതിനാൽതന്നെ എഡേസായിൽ രൂപംകൊണ്ട ആരാധനാക്രമം റോമാ സാമ്രാജ്യത്തിനു വെളിയിൽ രൂപംകൊണ്ട ഏക ആരാധനക്രമവുമാണ്. അതിനാൽ ഇതിന് സാർവ്വത്രിക പൈതൃകത്തിൽ അതുല്യവും അഭികാമ്യവുമായ ഒരു സ്ഥാനവും മാഹാത്മ്യവുമുണ്ട്.

ഭാഷാപരമായി "പൗരസ്ത്യ സുറിയാനി ആരാധനക്രമം" എന്ന പേരിലാണ് ഇത് ഏറ്റവും കൂടുതലായി അറിയപ്പെടുന്നത്. എഡേസായിൽ ഈ ആരാധനക്രമം രൂപംകൊണ്ടതിനെ തുടർന്ന് തോമാശ്ലീഹായുടെ അപ്പസ്തോലിക പൈതൃകമുള്ള ഭാരതത്തിലെയും എഡേസായിലെയും, പാർസിലെയും സെലൂഷ്യ-സ്റ്റെസിഫോണിലെയും സഭകൾ ഈ ആരാധനാക്രമം തന്നെയാണ് ഉപയോഗിച്ചു പോന്നത്. എഡേസായിലേയും പാർസിലെയും സെലൂഷ്യ-സ്റ്റെസിഫോണിലെയും സഭകളാണ് പില്ക്കാലത്ത് കാൽഡിയൻ സഭ എന്ന് അറിയപ്പെടുവാൻ തുടങ്ങിയത്. ഇന്നു കാൽഡിയൻ കത്തോലിക്കാ സഭയും സീറോ മലബാർ സഭയും ഈ ആരാധനാക്രമമാണ് ഉപയോഗിക്കുന്നത്.





**പാശ്ചാത്യ-പൗരസ്ത്യ സഭകളും ആരാധനാക്രമങ്ങളും**

സഭ വിവിധ സഭകളുടെ കൂട്ടായ്മയാണെന്ന് നാം കാണുകയുണ്ടായി. ഈ സഭകളെ പൊതുവിൽ രണ്ടായി തിരിക്കാവുന്നതാണ് -പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും. ഈ തിരിവിനു അടിസ്ഥാനമായിട്ടുള്ളത് റോമാ സാമ്രാജ്യത്തിന്റെ വിഭജനം തന്നെയാണ്. റോമാ സാമ്രാജ്യത്തെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വേർതിരിച്ചപ്പോൾ, പാശ്ചാത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിൽ വന്ന സഭയെ പാശ്ചാത്യസഭയെന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിൽ വന്ന സഭകളെ പൗരസ്ത്യസഭകളെന്നും വിളിക്കുവാനിടയായി.

പിന്നീട് ഈ തിരിവ് ആഗോളവ്യാപകമായ ഒരു തിരിവായി പരിണമിച്ചു. അതിൻപ്രകാരം പാശ്ചാത്യ റോമാസാമ്രാജ്യത്തിന്റെ പരിധിയിൽപ്പെട്ടതും അതിനു പടിഞ്ഞാറോട്ടുള്ളതുമായ സഭയെ പാശ്ചാത്യ സഭയെന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിന്റെ പരിധിയിലുള്ളതും അതിനു കിഴക്കോട്ടുള്ളതുമായ സഭകളെ പൗരസ്ത്യ സഭകളെന്നും വിളിക്കുവാനിടയായി.

അതിനാൽ ഇന്ന് പാശ്ചാത്യ-പൗരസ്ത്യ സഭകൾ എന്നു പറയുമ്പോൾ അതു ഭൂമിശാസ്ത്രപരമായ ഒരുതരം തിരിവിലേക്കല്ല; മറിച്ച് വ്യക്തിസഭകളുടെ ഉത്ഭവത്തിലേക്കാണ് വിരൽ ചൂണ്ടുക. അതായത് പാശ്ചാത്യ നാട്ടിലും പൗരസ്ത്യ നാട്ടിലുമായി രൂപംകൊണ്ടതും വളർന്നു വികസിച്ചതുമായ സഭകളെയാണ് അർത്ഥമാക്കുക. അതിൻപ്രകാരം ഇന്ന് പൗരസ്ത്യസഭകളെ പാശ്ചാത്യ നാടുകളിലും പാശ്ചാത്യ സഭകളെ പൗരസ്ത്യ നാടുകളിലും നമുക്ക് കണ്ടെത്താനാവും. ഉദാഹരണത്തിന്, ലത്തീൻ സഭയ്ക്ക് ഇന്നു കേരളത്തിൽ പല രൂപതകളുമുണ്ട്. സീറോ മലബാർ സഭയ്ക്ക് ഇന്ന് അമേരിക്കയിലെ ചിക്കാഗോയിൽ ഒരു രൂപതയുണ്ട്.

പാശ്ചാത്യ സഭയിൽ ലത്തീൻസഭ മാത്രമാണുള്ളത്. റോമിൽ കേന്ദ്രീകരിച്ചു വളർന്ന ലത്തീൻസഭ എല്ലാ പാശ്ചാത്യരാജ്യങ്ങളിലും ഒട്ടേറെ പൗരസ്ത്യരാജ്യങ്ങളിലും ഇന്നു നിലനിൽക്കുന്നു. ലത്തീൻസഭയൊഴിച്ചുള്ള മറ്റെല്ലാ സഭകളും പൗരസ്ത്യസഭകളുടെ നിരയിലാണ് വരിക. അതിൻപ്രകാരം സീറോ മലബാർ സഭയും സീറോ മലങ്കരസഭയും ബൈസന്റയിൻ സഭയും അലക്സാണ്ഡ്രിയൻ സഭയും അന്ത്യോക്യൻ സഭയുമെല്ലാം പൗരസ്ത്യ സഭകളാണ്.

പാശ്ചാത്യ-പൗരസ്ത്യ ആരാധനക്രമങ്ങളുടെ തിരിവും ഏതാണ്ട് ഇപ്രകാരം തന്നെയാണ്. പാശ്ചാത്യ സഭയിൽ രൂപംകൊണ്ട ആരാ

ധനക്രമം പാശ്ചാത്യ ആരാധനക്രമമെന്നും, പൗരസ്ത്യസഭകളിൽ രൂപംകൊണ്ട ആരാധനക്രമങ്ങൾ പൗരസ്ത്യ ആരാധനക്രമങ്ങൾ എന്നുമാണ് അറിയപ്പെടുക. ദൈവശാസ്ത്രം, ആദ്ധ്യാത്മികത, സഭാ നിയമം, ഭരണരീതി എന്നീ തലങ്ങളിലും പാശ്ചാത്യ-പൗരസ്ത്യ വിഭജനം നമുക്ക് കണ്ടെത്താനാവുന്നതാണ്. ഇതനുസരിച്ച് സീറോ മലബാർ സഭയുടെ ആരാധനാക്രമം പൗരസ്ത്യ ആരാധനക്രമമാണ്. അതിനാൽ, സീറോ മലബാർ സഭയുടെ ദൈവശാസ്ത്രവും, ആദ്ധ്യാത്മികതയും സഭാഭരണവും സഭാനിയമവുമെല്ലാം പൗരസ്ത്യം തന്നെയായിരിക്കുക യുക്തിയുക്തമാണല്ലോ.

## പൗരസ്ത്യസഭകളും പൗരസ്ത്യ-ആരാധനക്രമങ്ങളും

രണ്ടാം വത്തിക്കാൻ കൗൺസിൽ വളരെ അഭിമാനത്തോടെയാണ് പൗരസ്ത്യസഭകളെയും പൗരസ്ത്യ ആരാധനക്രമങ്ങളെയും നോക്കിക്കാണുന്നത്. അപ്പസ്തോലികമായ ഉറവിടങ്ങളോടുകൂടിയും സമ്പന്നവും ആദരണീയവുമായ വി. പാരമ്പര്യങ്ങളുടെ ചുവടുപിടിച്ചും തനതായ വ്യക്തിത്വം കാത്തുസൂക്ഷിച്ചും വളർന്നുവന്നിട്ടുള്ള പൗരസ്ത്യസഭകൾ സാർവ്വത്രിക സഭയുടെ വലിയ മുതൽക്കൂട്ടാണെന്ന് ഈ കൗൺസിൽ വ്യക്തമാക്കുന്നു. പൗരസ്ത്യസഭയെയും ആരാധനക്രമങ്ങളെയും കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ "പൗരസ്ത്യസഭകൾ", "എക്യുമെനിസം" എന്നീ ഡിക്രികളിൽ വ്യക്തമാക്കുന്ന ശ്രദ്ധേയങ്ങളായ ചില പരാമർശങ്ങൾ ഇവിടെ എടുത്തു കാട്ടുവാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

**പൗരസ്ത്യസഭകൾ എന്ന പ്രമാണരേഖ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു:**

* "പൗരസ്ത്യസഭയുടെ ആരാധനക്രമങ്ങൾ, ക്രൈസ്തവജീവിതരീതി എന്നിവയെ വലിയ മതിപ്പോടെയാണ് കത്തോലിക്കാസഭ വീക്ഷിക്കുന്നത്. കാരണം, അഭികാമ്യമായ അവരുടെ പൗരാണികത്വം ഒരു പ്രത്യേകസ്ഥാനം അവർക്കു നല്കുന്നുണ്ട്. സഭാപിതാക്കന്മാരിലൂടെ കൈവന്ന അപ്പസ്തോലിക പാരമ്പര്യം അവരിൽ പ്രശോഭിക്കുന്നുണ്ട്. ഈ പാരമ്പര്യമാകട്ടെ, സാർവത്രികസഭയുടെ ദൈവാവിഷ്കൃതവും അവിഭാജ്യവുമായ പിതൃസമ്പത്തിന്റെ ഭാഗമാണ്. അതിനാൽ പൗരസ്ത്യസഭകളുടെ കാര്യത്തിൽ പ. സൂനഹദോസിന് അതിയായ താല്പര്യമാണുള്ളത്. പ്രസ്തുത സഭകൾ ഈ പാരമ്പര്യത്തിന്റെ സജീവസാക്ഷികളാണല്ലോ. അവ വളർന്നു വികസിക്കുവാനും അതോടൊപ്പം അവയിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം നവമായ അപ്പസ്തോലികചൈതന്യത്തോടെ പൂർണ്ണമാക്കാനും ഈ സൂനഹദോസ് ആഗ്രഹിക്കുന്നു" (പൗരസ്ത്യസഭകൾ 1).





* "സാർവത്രികസഭ പൗരസ്ത്യസഭകളോടു വളരെ അധികം കടപ്പെട്ടിരിക്കുന്നു. ഇതിന് ചരിത്രവും എണ്ണമറ്റ സഭാ സ്ഥാപനങ്ങളും വ്യക്തമായ സാക്ഷ്യം വഹിക്കുന്നുണ്ട്. സഭാപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്തിനെ കൗൺസിൽ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നു. അതോടൊപ്പം ഇതിനെ ക്രിസ്തുവിൽ സാർവത്രികസഭയുടേതായി പരിഗണിക്കുകയും ചെയ്യുന്നു. അതിനാൽ പൗരസ്ത്യസഭകൾക്കും പാശ്ചാത്യസഭകളെപ്പോലെ തന്നെ തങ്ങളുടെ പ്രത്യേക ശിക്ഷണത്തിനനുസരിച്ച് സ്വയം ഭരിക്കുവാനുള്ള അവകാശവും കടമയുമുണ്ടെന്ന് ഈ കൗൺസിൽ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നു. ഇവയെല്ലാം സംപൂജ്യമായ പൗരാണികത്വത്താൽ വിശ്വാസികളുടെ ആചാരാനുഷ്ഠാനങ്ങളോട് ഏറ്റം ഒത്തുപോകുന്നതും ആത്മാക്കളുടെ നന്മക്ക് കൂടുതൽ ഉപകരിക്കുന്നതുമാണ്. അതിനാൽ അവ അത്യന്തം അഭിനന്ദനീയം തന്നെ." (പൗരസ്ത്യസഭകൾ. 5)

**എക്യുമെനിസം എന്ന പ്രമാണ രേഖയിൽ പൗരസ്ത്യ സഭകളെക്കുറിച്ചുള്ള പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നു:**

* "തുടക്കംമുതലേ പൗരസ്ത്യസഭകൾക്ക് ഒരു ആധ്യാത്മിക ഭണ്ഡാഗാരം ഉണ്ടായിരുന്നു. അതിൽനിന്നാണ് പാശ്ചാത്യസഭ ആരാധനക്രമവും ആദ്ധ്യാത്മികപാരമ്പര്യവും നിയമവും ഗണ്യമായ തോതിൽ പകർന്നെടുത്തത്. ഇക്കാര്യം വിസ്മരിക്കപ്പെടാവുന്നതല്ല." (എക്യുമെനിസം 14.b)

* "എത്രയധികം സ്നേഹാദരങ്ങളോടെയാണ് പരിശുദ്ധമായ ആരാധനക്രമം, പ്രത്യേകിച്ച്, സഭാജീവന്റെ ഉറവിടവും ഭാവി സൗഭാഗ്യത്തിന്റെ അച്ചാരവുമായ ദിവ്യകാരുണ്യമെന്ന രഹസ്യം, പൗരസ്ത്യസഭകൾ അനുഷ്ഠിക്കുന്നതെന്നു ഏവർക്കും അറിയാവുന്നതാണ്" (എക്യു. 15a).

* സന്യാസജീവിതത്തിൽ പ്രത്യേകിച്ചും പ്രകടിതമാകുന്ന ആദ്ധ്യാത്മിക പാരമ്പര്യസമ്പത്തു പൗരസ്ത്യസഭകളിലും കാണുന്നുണ്ട്. വിഖ്യാതരായ പരിശുദ്ധപിതാക്കന്മാരുടെ കാലം മുതൽ സന്യാസജീവിതത്തിന്റെ ആദ്ധ്യാത്മികത്വം കിഴക്കൻ സഭകളിൽ പുഷ്പിക്കുകയും പിന്നീട് അത് പാശ്ചാത്യനാടുകളിലേയ്ക്ക് വ്യാപിക്കുകയും ചെയ്തു. അങ്ങനെ ലത്തീൻ സന്യാസജീവിതത്തിനു ബീജാവാപം

ചെയ്ത അന്നുമുതലിന്നോളം ലത്തീൻ സന്യാസജീവിതം അവി ടെനിന്നു പുതുചൈതന്യം നേടിയിട്ടുണ്ട്. മനുഷ്യനെ ദൈവിക കാര്യ ങ്ങളിലുള്ള ധ്യാനനിർലീനതയിലാഴ്ത്തുന്ന പൗരസ്ത്യപിതാക്ക ളുടെ ആദ്ധ്യാത്മിക സമ്പത്തിൽനിന്ന് അടുക്കലടുക്കൽ ഫലമെടു ക്കാൻ കത്തോലിക്കരെ ആത്മാർത്ഥമായി ആഹ്വാനം ചെയ്യുന്നു. (എക്യു 15 d)

* "പൗരസ്ത്യ സഭകളുടെ സമൃദ്ധിയാർന്ന ആരാധനപരവും ആദ്ധ്യാത്മികവുമായ പിതൃസ്വത്ത് എല്ലാവരും അറിയണം, ആദരി ക്കണം, കാത്തുസൂക്ഷിക്കുകയും വേണം. പൂർണ്ണമായ ക്രിസ്തീയ പാരമ്പര്യത്തെ വിശ്വസ്തതാപൂർവം സംരക്ഷിക്കാനും കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവർ തമ്മിൽ ഐക്യം കൈവരുത്തു വാനും ഇതനുപേക്ഷണീയ ആവശ്യമാണ് എന്ന് അവർ മനസ്സിലാ ക്കണം" (എക്യു. 15 e.)

* "പൗരസ്ത്യസഭകളുടെ സാക്ഷത്തായ ദൈവശാസ്ത്ര പാര മ്പര്യങ്ങളെപ്പറ്റി വിചിന്തനം ചെയ്യുമ്പോൾ അവ വേദപുസ്തകത്തിൽ ആഴത്തിൽ വേരോടുകയും ആരാധനക്രമജീവിതത്തിലൂടെ പോഷി പ്പിക്കപ്പെടുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത നാം അംഗീകരിക്കേണ്ടതുണ്ട്. അവ അപ്പസ്തോലന്മാ രുടെ സജീവ പാരമ്പര്യത്താലും പിതാക്കന്മാരുടേയും പൗരസ്ത്യ സഭകളിലെ ആദ്ധ്യാത്മിക ഗ്രന്ഥകർത്താക്കളുടേയും കൃതികളാലും പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ളവയാണ്. അങ്ങനെ അവ ശരിയായ പരി ശീലനം നൽകുന്നു. പോരാ, ക്രിസ്തീയസത്യത്തിന്റെ സമ്പൂർണ്ണ വീക്ഷണത്തിന് വഴിതെളിക്കുന്നു."(എക്യു17 a).

* ഈ ആദ്ധ്യാത്മികത്വത്തിന്റെയും, ആരാധനക്രമത്തിന്റെയും, നിയമത്തിന്റെയും, ദൈവശാസ്ത്രത്തിന്റെയും പിതൃസ്വത്ത്, അവ യുടെ വിവിധപാരമ്പര്യങ്ങളിൽ, പൂർണ്ണവും കാതോലികവും അപ്പ സ്തോലികവുമായ സഭയുടെ സ്വഭാവത്തിലുൾപ്പെട്ടുവെന്ന് ഈ പരി ശുദ്ധ സൂനഹദോസ് ഉറപ്പിച്ചു പറയുന്നു. കത്തോലിക്കാസഭയിലെ പൗരസ്ത്യ സന്താനങ്ങൾ ഈ പിതൃസ്വത്ത് കാത്തുസൂക്ഷിക്കുകയും അതിനെ കൂടുതൽ വിശ്വസ്തതാപൂർവം പൂർണ്ണമായി തങ്ങളുടെ ജീവിതത്തിലൂടെ വെളിപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നു. തീർച്ചയായും അവർ പാശ്ചാത്യസഭാപാരമ്പര്യത്തെ പിൻചെല്ലുന്ന അവരുടെ സഹോദരങ്ങളുമായി പൂർണ്ണമായ ഐക്യത്തിലാണ് വർത്തിക്കുന്നത്. ഇവ ദൈവത്തിനു നന്ദി പറയാൻ ഞങ്ങളെ പ്രേരി പ്പിക്കുന്ന വസ്തുതകളാണ്" (എക്യു 17 b)





## പൗരസ്ത്യ സഭകൾ

"നിയമാനുസൃതമായ ആരാധനക്രമങ്ങളും ശിക്ഷണങ്ങളും സംര ക്ഷിക്കാമെന്നും സംരക്ഷിക്കണമെന്നും എല്ലാ പൗരസ്ത്യ സഭകളും സുനിശ്ചിതമായി അറിഞ്ഞിരിക്കട്ടെ. ജീവാത്മകമായ വളർച്ചയ്ക്കു വേണ്ടി മാത്രമല്ലാതെ യാതൊരു മാറ്റവും അവയിൽവരുത്താവുന്ന തല്ല. അതിനാൽ ഏറ്റവും വിശ്വസ്തതയോടെ ഇവയെല്ലാം പൗര സ്ത്യർ തന്നെ അനുസരിക്കണം. മുമ്പത്തേക്കാൾ കൂടുതലായി ഇവ പഠിക്കുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാല ത്തിന്റേയോ വ്യക്തികളുടേയോ സാഹചര്യങ്ങൾക്ക് അടിപ്പെട്ട് തങ്ങൾക്ക് ചേരാത്ത വിധത്തിൽ ഇവയിൽനിന്ന് വ്യതിചലിച്ചു പോയിട്ടുണ്ടെങ്കിൽ പൗരാണിക പാരമ്പര്യത്തിലേക്ക് തിരിയുവാൻ അവർ ശ്രദ്ധിക്കേണ്ടതാണ്. ഉദ്യോഗം, അപ്പസ്തോലിക സേവനം എന്നിവയിൽ പൗരസ്ത്യ സഭകളോടോ അവയിലെ വിശ്വാസിക ളോടോ അടുത്തു സമ്പർക്കം പുലർത്തുന്നവരുണ്ട്. തങ്ങൾ ചെയ്യുന്ന ജോലിയുടെ ഗൗരവമനുസരിച്ച് പൗരസ്ത്യരുടെ റീത്തു കൾ, ശിക്ഷണം, പഠനം, ചരിത്രം, സ്വഭാവം, എന്നിവയെ സംബ ന്ധിച്ച ശരിയായ അറിവ് അവർ സമ്പാദിക്കുകയും അവയെ വില മതിക്കുകയും വേണം. പൗരസ്ത്യദേശങ്ങളിലോ പൗരസ്ത്യരുടെ ഇടയിലോ ജോലി ചെയ്യുന്ന ലത്തീൻ റീത്തിൽപ്പെട്ട സന്യാസസ്ഥാ പനങ്ങളും സംഘടനകളും പ്രേഷിതവേലയുടെ കാര്യക്ഷമത വർദ്ധി പ്പിക്കുവാൻവേണ്ടി കഴിയുന്നിടത്തോളം പൗരസ്ത്യ റീത്തിലുള്ള ഭവനങ്ങളും പ്രവിശ്യകളും സ്ഥാപിക്കണമെന്ന് ശക്തിയായി ഉദ്ബോ ധിപ്പിക്കുന്നു." (പൗ. സ. 6)

"പൗരസ്ത്യസഭകളിൽ കാണുന്ന കൂദാശകളുടെ പരികർമ്മരീതി അതിപുരാതനമാണ്. അതിനെ കൗൺസിൽ സ്ഥിരീകരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ അർപ്പിക്കുകയും പരികർമ്മം ചെയ്യുകയും ചെയ്യുന്ന വിധത്തെ കൗൺസിൽ അംഗീ കരിച്ചുറപ്പിക്കുന്നു. ആവശ്യമെങ്കിൽ പരമ്പരാഗതമായ രീതിതന്നെ പുനഃസ്ഥാപിക്കണമെന്ന് കൗൺസിൽ ആഗ്രഹിക്കുന്നു" (പൗ. സ. 12).

"എല്ലാ വൈദികർക്കും വൈദിക വിദ്യാർത്ഥികൾക്കും റീത്തു കളെ സംബന്ധിച്ചും അവ തമ്മിലുള്ള ഇടപാടുകൾ നിയന്ത്രിക്കുന്ന പ്രായോഗിക മാനദണ്ഡങ്ങളെ സംബന്ധിച്ചും ശരിയായ പരിശീ ലനം നൽകണം. മതാദ്ധ്യായനാവസരങ്ങളിൽ റീത്തുകളേയും അവ യുടെ നിബന്ധനകളെയും പറ്റിയുള്ള ജ്ഞാനം അത്മായർക്കും

നൽകണം. എല്ലാ കത്തോലിക്കരും തങ്ങളുടെ റീത്തുതന്നെ തുടരേണ്ടതാണ്. അതുപോലെതന്നെ കത്തോലിക്കാ സഭയോടുള്ള പൂർണ്ണമായ യോജിപ്പിനെ ആശ്ലേഷിക്കുന്ന അകത്തോലിക്കാ സഭകളിലേയും സമൂഹങ്ങളിലേയും മാമ്മോദീസ സ്വീകരിച്ച എല്ലാ അംഗങ്ങളും ലോകത്തിൽ എവിടെ ആയിരുന്നാലും തങ്ങളുടെ റീത്തിൽ ഉറച്ചുനിൽക്കണം" (പൗ. സ. 4).

### നവീകരണം അത്യന്താപേക്ഷിതം

പൗരസ്ത്യവും ഭാരതീയവുമായ നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വിടർന്നുപുഷ്പിച്ച ഒരു അപ്പസ്തോലിക പാരമ്പര്യവും സഭാജീവിതവും നമുക്കിവിടെ കണ്ടെത്താനാവും. അപ്പസ്തോലിക പൈതൃകത്തിൻ കീഴിൽ സത്യവിശ്വാസത്തിൽ വേരുറപ്പിച്ച് ആദിമ സഭാ പാരമ്പര്യത്തിൽ നിന്ന് ജലവും വളവും സ്വീകരിച്ച് ബൈബിൾ പശ്ചാത്തലത്തിൽ വിരിഞ്ഞ നമ്മുടെ ആരാധനക്രമം ദൈവശാസ്ത്ര സമ്പന്നവും സഭാത്മകജീവിത്തെ പ്രസ്പഷ്ടമാക്കുന്നതും ദൈവാനുഭവത്തിന്റെ ഉന്നത മേഖലകളിലേയ്ക്ക് നമ്മെ ആനയിക്കുന്നതുമാണ്. അതിനാൽ അതിനെ നാം സ്നേഹിക്കുകയും ആഴത്തിൽ പഠിക്കുകയും അതിന്റെ ചൈതന്യം ഉൾക്കൊള്ളുകയും ചെയ്യുക ഇന്നിന്റെ ആവശ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നതുപോലെ ഉറവിടങ്ങളിലേയ്ക്ക് മടങ്ങിച്ചെന്ന് നമുക്കു നഷ്ടപ്പെട്ടുപോയതു കണ്ടെത്തി അതിന്റെ സമ്പന്നത മനസ്സിലാക്കി സഭയുടെ വ്യക്തിത്വം വീണ്ടെടുത്ത് ക്രൈസ്തവ ജീവിതത്തിന്റെ അടിത്തറ നമുക്ക് ഉറപ്പിക്കാം. പാറയിൽ അടിസ്ഥാനമിടുന്ന ഭവനം ഏതു പ്രതികൂല സാഹചര്യങ്ങളേയും അതിജീവിച്ച് സ്ഥിരമായി ഉറച്ചുനില്ക്കും (cf. മത്ത. 7:24 ff). പുരോഗതിയുടേയും, ശാസ്ത്രസാങ്കേതിക വിദ്യകളുടേയും, കുത്തഴിഞ്ഞുകൊണ്ടിരിക്കുന്ന ധാർമ്മിക വ്യവസ്ഥിതികളുടേയും, മിന്നിമറഞ്ഞുകൊണ്ടിരിക്കുന്ന ആധുനിക സംസ്കാരത്തിന്റേയും, അതിന്റെ നൂതന പ്രവണതകളുടേയും ആശയഗതികളുടേയും മദ്ധ്യത്തിൽ ക്രൈസ്തവ ജീവിതത്തിന് സ്ഥായിയായ ഒരു അടിത്തറ നമുക്കു പണിയുവാൻ കഴിയുന്നില്ലെങ്കിൽ, നമ്മുടെ ഇന്നുള്ള വിശ്വാസം മണലിൽ അടിസ്ഥാനമിട്ടു പണിചെയ്ത വീടുപോലെ തകർന്നു തരിപ്പണമാകാൻ, ക്ഷയിച്ചു നിർജ്ജീവമാകാൻ അധികം കാലമൊന്നും വേണ്ടിവരികയില്ല. ഈ നൂറ്റാണ്ടിനപ്പുറത്തേയ്ക്കു കടന്നുചിന്തിക്കാൻ നമുക്കു കഴിയണമെങ്കിൽ, വിശ്വാസം നിലനിർത്തണമെങ്കിൽ നമ്മുടെ വിശ്വാസത്തെ ശരിയായ അടിസ്ഥാനങ്ങളിൽ ഉറപ്പിക്കുകയും ശരിയായി പോഷിപ്പിക്കുയും ചെയ്യുക അത്യന്താപേക്ഷിതമാണ്.





# 02

# ആരാധനക്രമവും വിശ്വാസ ജീവിതവും

ക്രിസ്തീയതയുടെ അടിസ്ഥാനമായി ആദിമ സഭ കരുതിയിരുന്ന തത്വം ആരാധനയും വിശ്വാസവും ജീവിതവും തമ്മിലുള്ള പാരസ്പര്യത്തെ വ്യക്തമാക്കുന്നതാണ്: പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും ജീവിത്തിന്റെയും അടിസ്ഥാന നിയമം ഒന്നാണ് - *lex orandi, lex credendi, lex vivendi - (bene operandi).* വിശ്വാസവും ജീവിതവും ആരാധനയിൽനിന്ന് രൂപംകൊള്ളുന്ന സത്യങ്ങളാണ്. ഇവയെ വേർതിരിക്കുമ്പോൾ, വിശിഷ്യാ വിശ്വാസത്തിന്റെ ഉള്ളടക്കത്തെയും (doctrine) ആരാധനാക്രമത്തെയും (liturgy) വേർതിരിക്കുമ്പോൾ അവയ്ക്ക് ജീവിതഗന്ധം നഷ്ടപ്പെടുന്നു.

ബെനഡിക്റ്റ് മാർപാപ്പ രചിച്ച *ആരാധനാക്രമത്തിന്റെ ആത്മാവ്* (*Spirit of Liturgy*) എന്ന കൃതിയിൽ ആരാധനാക്രമവും വിശ്വാസവും ജീവിതവും തമ്മിലുള്ള പാരസ്പര്യത്തെ മൂന്നു തലങ്ങളായി വിശദീകരിക്കുന്നുണ്ട്. ഒന്നാമതായി, എന്നേയ്ക്കുമായുള്ള ക്രിസ്തുവിന്റെ ബലി ആരാധനാക്രമത്തിന്റെ സജീവതയായി മാറുന്ന തലമാണ്. ജറുസലേം ദേവാലയത്തിൽ ഒതുങ്ങിനിന്നിരുന്ന ദൈവാരാധനയിൽനിന്ന് ആത്മാവിലും സത്യത്തിലുമുള്ള സാർവ്വത്രിക ആരാധനയായുള്ള രൂപപരിണാമത്തിന്റെ തലമാണിത്. രണ്ടാമത്തെ തലമാകട്ടെ ആരാധനാക്രമസത്യം അനുദിന ജീവിത്തിന്റെ വിശ്വാസത്തോടു സംവദിക്കുന്ന തലമാണ്. ദൈവാരാധന വിശ്വാസമായി പരിണമിക്കുന്നത് ഈ തലത്തിലാണ്. മൂന്നാമത്ത തലത്തിൽ ആരാധനാക്രമത്തിലെ നിത്യസത്യം ആരാധകന്റെ നിത്യജീവിതത്തെയും മൂല്യബോധങ്ങളെയും രൂപാന്തരപ്പെടുത്തുന്ന തലമാണ്. ആരാധനാക്രമം ഒരേസമയം ക്രിസ്തുകേന്ദ്രീകൃതവും സഭാകേന്ദ്രീകൃതവും വ്യക്തികേന്ദ്രീകൃതവുമാകുന്ന അത്ഭുതത്തെ

യാണ് ഗ്രന്ഥകാരൻ വിശദീകരിക്കുന്നത് (*Spirit of Liturgy*, p. 60).

പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം ആരാധനാക്രമദൈവശാസ്ത്രത്തിൽ പാശ്ചാത്യസഭയുടെ ഊന്നലുകൾക്ക് മാറ്റംവന്നിരുന്നു. ലൂഥറിന്റെ പൊതുപൗരോഹിത്യവാദത്തെ ഖണ്ഡിക്കാൻ പൂർണ്ണമായും പുരോഹിത കേന്ദ്രീകൃതമായ ആരാധനാരീതികളും "വചനം മാത്രംമതി" (*sola scripturta*) എന്ന വാദത്തെ ഖണ്ഡിക്കാൻ വചനശുശ്രൂഷകളെ പാർശ്വവൽക്കരിക്കുന്ന ശൈലിയും സ്വീകരിക്കാൻ പാശ്ചാത്യ സഭ കുറെയൊക്കെ നിർബ്ബന്ധിതമായി എന്നതു സത്യമാണ്. എന്നാൽ പൗരസ്ത്യ സഭകളുടെ ആരാധനാക്രമം വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും ഉറവിടമായി എന്നും നിലനിന്നിരുന്നു.

ദൈവാരാധന വിശ്വാസത്തിലേക്കും ജീവിതത്തിലേക്കും എപ്രകാരമാണ് നയിക്കുന്നത് എന്ന സത്യം പുറപ്പാട് പുസ്തകം വിശദീകരിക്കുന്നുണ്ട്. ഫറവോയുടെ മുമ്പിലെത്തിയ മോശ ഇസ്രായേൽ ജനത്തെ ദൈവാരാധനയ്ക്കായി മരുഭൂമിയിലേക്ക് അയക്കണം എന്നാണ് ആവർത്തിച്ച് ആവശ്യപ്പെടുന്നത് (പുറ 8:1–9:1,13; 10:3). ദൈവജനത്തിന്റെ രൂപീകരണം ആരാധനാക്രമത്തിലൂടെയേ സാധ്യമാകു എന്ന സത്യമാണ് ഇവിടെ വ്യക്തമാക്കുന്നത്. ആരാധനയ്ക്കായി സീനായ് മരുഭൂമിയിലെത്തിയ ജനത്തിന് ദൈവം പകർന്നു നൽകുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളും ധാർമ്മികതയുടെ വ്യക്തമായ പ്രബോധനങ്ങളുമടങ്ങുന്ന പത്തുകല്പനകളാണ്. ആരാധന എപ്രകാരം ദൈവജനത്തിന്റെ വിശ്വാസത്തെയും ധാർമ്മിക ജീവിതത്തെയും രൂപാന്തരപ്പെടുത്തുന്നു എന്ന സത്യമാണ് ഇവിടെ വ്യക്തമാകുന്നത്. "ദൈവമഹത്വം ജീവിക്കുന്ന മനുഷ്യനാണ്; എന്നാൽ മനുഷ്യജീവിതമാകട്ടെ ദൈവദർശനമാണ്" എന്ന വി. ഇറനേവൂസിന്റെ പ്രസ്താവന (*Adv. Haer.* 4.20.7) ഈ സത്യത്തിന്റെ മറ്റൊരു ഭാഷ്യമാണ്.

## ആരാധനയും വിശ്വാസവും

ആരാധനയും വിശ്വാസവും അഭേദ്യമായ സത്യമാണ്. ആദിമ സഭ വിശ്വാസത്തെ കേവലം തത്വസംഹിതകളായല്ല കരുതിയിരുന്നത്. മറിച്ച് ആരാധനാക്രമത്തിലെ ഏറ്റുപറച്ചിലുകളായിട്ടാണ് (confessions) വിശ്വാസസത്യങ്ങൾ രൂപംകൊണ്ടത്. ഉദാഹരണമായി,

1. യേശു കർത്താവാണ്, ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വമാണ് തുടങ്ങിയ സത്യങ്ങൾ ആദിമസഭയുടെ മാമ്മോദീസാ ക്രമത്തിൽനിന്ന് രൂപംകൊണ്ടവയാണ്.





2. വി. കുർബ്ബാന സത്യമായും ഈശോയുടെ ശരീരമാണ്, അത് നിത്യജീവന്റെ ഔഷധമാണ് തുടങ്ങിയ സത്യങ്ങൾ അപ്പം മുറിക്കൽ ശുശ്രൂഷയുടെ ക്രമത്തിൽനിന്ന് രൂപംകൊണ്ടവയാണ്.
3. പാപം വരപ്രസാദത്തെ നശിപ്പിക്കുന്നു എന്നും സഭയിൽ പാപമോചനം നേടുമ്പോൾ വരപ്രസാദം വീണ്ടെടുക്കുന്നു എന്നുമുള്ള സത്യം പാപസങ്കീർത്തന കൂദാശാക്രമത്തിലൂടെ രൂപംകൊണ്ടതാണ്.
4. സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും പ്രസ്തുത ശരീരത്തിന്റെ ശിരസ്സായിവർത്തിക്കുന്ന സഭാനേതാക്കൾ (*presbyteroi, episkopoi, diakonoi*) ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരാണെന്നുമുള്ള സത്യം ആരാധനാസമൂഹത്തിന്റെ കൂട്ടായ്മയിലൂടെ വിശ്വാസികൾ ഗ്രഹിച്ച സത്യമായിരുന്നു.
5. വിശ്വാസബോധനത്തിന് ആരാധനാക്രമഗീതങ്ങൾ എത്രമേൽ ഫലപ്രദമായി ഉപയോഗിക്കാമെന്ന് ഏറ്റവും സ്പഷ്ടമായി കാണിച്ചുതന്നത് സുറിയാനി സഭാപിതാവായ വി. എഫ്രേമാണ്. അദ്ദേഹത്തിന്റെ ഗീതങ്ങളുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

എപ്പോഴെല്ലാം വിശ്വാസം ആരാധനാക്രമത്തിൽനിന്ന് അകന്നുപോയോ അപ്പോഴെല്ലാം വിശ്വാസസത്യങ്ങൾ കേവലം താത്വിക പ്രമേയങ്ങളും തർക്കവിഷയങ്ങളുമായി മാറി. ആദിമസഭയിലെ പാഷണ്ഡതകളുടെ പശ്ചാത്തലം ഇതാണ്. ഇന്നും സഭയിൽ വിശ്വാസം തർക്കവിഷയമാകുന്നത് വിശ്വാസസത്യങ്ങൾ ആരാധനാവിഷയങ്ങളാകാതെ കേവലം താത്വിക വിഷയങ്ങളായി നിലകൊള്ളുമ്പോഴാണ്. ആരാധനാക്രമത്തിലൂടെ അനുഭവവേദ്യമാകാത്ത വിശ്വാസസത്യങ്ങളൊന്നും സ്ഥായിയായ ബോധ്യങ്ങൾ ജനിപ്പിക്കാൻ അപര്യാപ്തമാണ്. നമ്മുടെ വൈദീക പരിശീലനത്തിലും മതബോധനത്തിലും ഈ സത്യം ഉൾക്കൊണ്ടുകൊണ്ടുള്ള കാലികമായ പരിവർത്തനം ആവശ്യമാണ്. ആരാധനാക്രമത്തെ കേവലം ഒരു പാഠ്യവിഷയമായിട്ടല്ല വിശ്വാസത്തിന്റെ ഉറവിടമായാണ് ഗ്രഹിക്കേണ്ടത്.

വിശ്വാസത്തിന്റെ പ്രഭവസ്ഥാനമായും ദൈവശാസ്ത്രത്തിന്റെ ഉറവിടമായും കരുതപ്പെടുന്ന വി. ഗ്രന്ഥം രൂപപ്പെട്ടത് ആരാധനാക്രമത്തിലൂടെയാണ് എന്ന സത്യം നാം ഓർക്കണം. ആരാധനാകൂട്ടായ്മകളിൽ ക്രിസ്തു രഹസ്യം ധ്യാനിക്കാനും ക്രിസ്തുവിന്റെ ജീവിതത്തെ പഠിക്കാനുമായി രചിക്കപ്പെട്ട ഗ്രന്ഥങ്ങളായാണ് തിരു

ലിഖിതങ്ങൾ രൂപപ്പെട്ടത്. ഈശോയുടെ പീഡാനുഭവത്തെ ധ്യാനിക്കുന്ന പീഡാനുഭവ വിവരണങ്ങളാണ് ഇത്തരത്തിൽ ആദ്യമായി രചിക്കപ്പെട്ടത്. ആരാധനയ്ക്കിടയിലെ പ്രബോധനത്തിനായി രചിക്കപ്പെട്ടതാണ് ഈശോയുടെ ഉപമകളും ചൊല്ലുകളും ഉൾക്കൊള്ളുന്ന ആദ്യകാല ഉറവിട ഗ്രന്ഥങ്ങൾ. ഇവയെ ആധാരമാക്കിയാണ് പിൽക്കാല സുവിശേഷങ്ങൾ രൂപംകൊണ്ടത്. ആരാധനാക്രമസമൂഹത്തിൽ ആവർത്തിച്ച് വായിക്കപ്പെട്ടതിലൂടെ ആരാധനാസമൂഹത്തിന്റെ അംഗീകാരം നേടിയ രചനകളാണ് പിൽക്കാലത്ത് കാനോനിക ഗ്രന്ഥങ്ങളായി സഭയിൽ ചിരപ്രതിഷ്ഠ നേടിയത്. വി. ഗ്രന്ഥത്തിന്റെ ആധികാരികതയുടെ അടിസ്ഥാനം അത് ആരാധനാസമൂഹത്തിന്റെ വിശ്വാസപ്രഘോഷണമാണ് എന്ന സത്യമാണ്. ആരാധനാക്രമത്തിൽനിന്ന് വേർപെടുത്തി വചനത്തെ വ്യാഖ്യാനിക്കുമ്പോൾ വചനവും കേവലം തർക്കവിഷയമാകുന്നു. പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിനുശേഷം ഇപ്രകാരമുള്ള വചനവ്യാഖ്യാനം സാർവ്വത്രികമായി. വചനവ്യാഖ്യാന വ്യത്യാസങ്ങൾ പ്രസ്തുത സഭകളിലെ പിളർപ്പിനും അനൈക്യത്തിനും കാരണമാകുന്നത് ഈ പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്. വി. ഗ്രന്ഥത്തെ ആരാധനാക്രമത്തോടു ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുന്നു എന്നതാണ് കത്തോലിക്കാ ബൈബിൾ വ്യാഖ്യാനത്തിന്റെ അടിസ്ഥാനം.

വിശ്വാസികളുടെ സമൂഹമായ തിരുസഭ ആരാധനാക്രമസമൂഹമായാണ് രൂപംകൊണ്ടത്. ഈശോയിലുള്ള വിശ്വാസം ആദിമശിഷ്യർ പഠിച്ചതും അനുഭവിച്ചതും ആരാധനാകൂട്ടായ്മയിലൂടെയാണ്. മതമർദ്ദനകാലത്ത് ജീവൻ പണയപ്പെടുത്തിയും ആരാധനയ്ക്കണഞ്ഞിരുന്ന ആദിമ ക്രൈസ്തവരെ വിശ്വാസത്തിലൊരുമിപ്പിച്ച സത്യം ആരാധനയായിരുന്നു. സഭയുടെ പ്രാണവായു ആരാധനാക്രമം അല്ലാതാകുമ്പോൾ സഭ കേവലമൊരു സംഘടനയോ പ്രസ്ഥാനമോ ആയിമാറുന്നു. സഭയുടെ മുഴുവൻ പ്രവർത്തനങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് വി. കുർബ്ബാനയിലാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതിന്റെ പൊരുൾ ഇതാണ്. തന്മൂലം ദൈവാരാധനയിൽ ആഴമേറിയ ഐക്യവും കൂട്ടായ്മയും അനുഭവിക്കുമ്പോൾ മാത്രമേ സഭാത്മകത ശക്തമാകുന്നുള്ളൂ.

ദൈവാനുഗ്രഹത്താൽ ആഗോളസഭയിലെ ഏറ്റവും പൗരാണികമായ ആരാധനാക്രമം സ്വന്തമായിട്ടുള്ള സീറോമലബാർ സഭ അതിന്റെ സമ്പന്നമായ ആരാധനാക്രമ പാരമ്പര്യം വിശ്വാസപോഷണത്തിന് ശരിയാംവിധം ഉപയോഗിച്ചിട്ടുണ്ടോ എന്നത് നാം ആത്മശോധനയ്ക്കു വിധേയമാക്കണം. പലപ്പോഴും ആരാധനാക്രമത്തിന്റെ പേരിലുള്ള അനാവശ്യ വിവാദങ്ങൾ സഭയിൽ വിശ്വാസശോഷണത്തിന് കാരണമായിട്ടുണ്ട് എന്ന സത്യം ഏറെ ഹൃദയവേദനയോടെ നാം തിരിച്ചറിയണം. ആരാധനാക്രമ വിവാദങ്ങൾ ശക്തമായിരുന്ന കാലഘട്ടത്തിലാണ് ചില വിഘടിത ഗ്രൂപ്പുകൾ (സെക്ടുകൾ) നമ്മുടെ സഭയിൽ ശക്തിപ്പെട്ടു തുടങ്ങിയത് എന്ന ചരിത്ര വസ്തുതയും നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.





## ആരാധനാക്രമവും ജീവിതവും

സഭയിലെ ആരാധനാക്രമം കേവലം ഒരു അനുഷ്ഠാനമോ ആചാരമോ അല്ല. മറിച്ച് ക്രിസ്തുസംഭവത്തിന്റെ സജീവമായ പുനരാവിഷ്കാരമാണ്. എമ്മാവൂസിലേക്കുപോയ അപ്പസ്തോലന്മാർ ആരാധനാക്രമത്തിലൂടെ ജീവിതനവീകരണം വരുത്തുന്ന സുന്ദരമായ വിവരണം ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കാ 24:12-34). വഴിയിൽവച്ച് അവർകേട്ട വചനം മരണശേഷവും ജീവിക്കുന്ന മഹത്വീകൃതനായ ക്രിസ്തുവിന്റെ വചനമായിരുന്നു. ആരാധനാക്രമത്തിൽ നാം വചനം ശ്രവിക്കുന്നതും സമാനമായ അനുഭവത്തിലാണ്. പ്രസ്തുത വചനശ്രവണം സാവകാശം എമ്മാവൂസ് ശിഷ്യരെ കൂട്ടായ്മയിലേക്കും പങ്കുവയ്ക്കലിലേക്കും ആനയിച്ചു. ഈ കൂട്ടായ്മയുടെ മധ്യത്തിലാണ് ഈശോ തന്റെ ശരീരം അവർക്ക് വി. കുർബ്ബാനയായി പകുത്തു നൽകിയത്. ആരാധനാക്രമത്തിൽ സംഭവിക്കുന്നതും സംഭവിക്കേണ്ടതുമായ ജീവിതപരിവർത്തനത്തെയാണ് സുവിശേഷകൻ ഇവിടെ വിവരിക്കുന്നത്. സംശയത്തിലും നിരാശയിലും കഴിഞ്ഞുകൂടിയ അപ്പസ്തോലന്മാർ അവിശ്വാസം വെടിഞ്ഞ് യഥാർത്ഥ ക്രിസ്തുസാക്ഷികളായി രൂപാന്തരപ്പെടുന്ന അത്ഭുതമാണ് ഓരോ ആരാധനയിലൂടെയും സംഭവിക്കേണ്ടത്.

ദൈവാരാധനയുടെ ആദ്യരൂപമായ സാബത്ത് എപ്രകാരമാണ് ആരാധനയുടെ ധാർമ്മിക മാനം കൈവരിക്കുന്നതെന്ന് വി. ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. സാബത്ത് വിശ്രമത്തിൽ ദൈവത്തെപ്പോലെ സകലരും വിശ്രമിക്കേണ്ടതുണ്ട്. യജമാനനും അടിമയും തമ്മിലുള്ള വ്യത്യാസം സാബത്തിലില്ലാതാകുന്നു. എല്ലാവിധ അടിമത്തങ്ങളിൽനിന്നുമുള്ള വിടുതലായിട്ടാണ് സാബത്തിനെ വി. ഗ്രന്ഥം അവതരിപ്പിക്കുന്നത്. ആരാധന ദൈവത്തിന്റെ മഹത്വം വർദ്ധിപ്പിക്കാനല്ല മനുഷ്യന്റെ മഹത്വം പ്രകടമാക്കാനാണ് എന്ന സത്യമാണ് ഇവിടെ വ്യക്തമാകുന്നത്. ആരാധനയിൽനിന്ന് രൂപംകൊണ്ട ധാർമ്മിക നിയമമായതിനാൽ സാബത്താചരണം യഹൂദന്റെ ജീവിതത്തിന്റെ മർമ്മപ്രധാനമായ സത്യമായി മാറി. ആരാധനയിൽനിന്ന്

രൂപംകൊള്ളുന്ന ധാർമ്മികതയുടെ സനാതന സ്വഭാവമാണ് ഇവിടെ വ്യക്തമാകുന്നത്.

ഏശയ്യായുടെ അധരങ്ങളെ തൊട്ട "ബലിപീഠത്തിലെ തീക്കനൽ" (ഏശ 6) എന്ന പ്രതീകം ഉപയോഗിച്ചുകൊണ്ട് വി. എഫ്രേം ദൈവാരാധനയുടെ ധാർമ്മികമാനം വ്യക്തമാക്കുന്നുണ്ട്. ദൈവത്തിന്റെ പരിശുദ്ധിയെക്കുറിച്ചുള്ള അവബോധം തന്റെതന്നെ അശുദ്ധിയെക്കുറിച്ചുള്ള അവബോധമായി പ്രവാചകനിൽ പരിണമിക്കുന്നത് ആരാധനാധിഷ്ഠിതമായ ധാർമ്മികതയുടെ ഏറ്റവും നല്ല ദൃഷ്ടാന്തമാണെന്ന് വി. എഫ്രേം വ്യക്തമാക്കുന്നു. വിശ്വാസത്തെക്കുറിച്ചുള്ള കീർത്തനത്തിൽ ഈ ആശയം വ്യക്തമാക്കുന്നുണ്ട്. "ആർക്കും ഉൾക്കൊള്ളാനാവാത്ത അഗ്നിയെ അപ്പത്തിലും വീഞ്ഞിലും ആവാഹിക്കുന്ന വി. കുർബ്ബാന ഏശയ്യായുടെ അധരങ്ങളെ തൊട്ട തീക്കനലിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ്. ഈ അഗ്നിയെ ഉൾക്കൊള്ളുന്ന പാപിയെ അത് ദഹിപ്പിക്കുകയല്ല മറിച്ച് അവനെ ശുദ്ധീകരിച്ച് പ്രകാശിപ്പിക്കുകയാണ് ചെയ്യുന്നത്" (*Hymn de Fide*, 10.8-10). ആരാധനയിലൂടെ വിശുദ്ധീകരിക്കപ്പെട്ട ഏശയ്യാ ദൈവത്തിന്റെ സന്ദേശവാഹകനായി മുന്നിട്ടിറങ്ങുമ്പോൾ ആരാധനയും വിശ്വാസവും ജീവിതവും തമ്മിലുള്ള പാരസ്പര്യം പൂർണ്ണമാകുന്നതായി വി. എഫ്രേം സമർത്ഥിക്കുന്നു.

ആരാധനാക്രമത്തിലൂടെയാണ് വിശ്വാസിയുടെ ക്രൈസ്തവ സ്വത്വം രൂപംകൊള്ളുന്നത്. ഇപ്രകാരമുള്ള സ്വത്വരൂപീകരണം കൂടാതെ ക്രിസ്തീയ ധാർമ്മികത പാലിക്കാനാവില്ല. സഭാജീവിതത്തിൽനിന്നും കൗദാശികജീവിതത്തിൽനിന്നും അകന്നുനിൽക്കുന്നവർ സ്വഭാവികമായും ധാർമ്മിക അപചയങ്ങൾക്ക് വിധേയമാകുന്നതിന് നാം അനുഭവസ്ഥരാണല്ലോ. ആരാധനയിലൂടെ ഒരുവൻ ക്രൈസ്തവ മൂല്യലോകത്തേക്കും ക്രിസ്തീയ പശ്ചാത്തലത്തിലേക്കും രൂപാന്തരപ്പെടുകയാണ്. ഇപ്രകാരമുള്ള ക്രിസ്തീയ രൂപാന്തരീകരണത്തിന്റെ (Christian narrative) ഭാഗമാകാനുള്ള ഏക മാർഗ്ഗം ക്രൈസ്തവ സമൂഹ ആരാധനയാണെന്ന് സ്റ്റാൻലി ഹാവർവാസിനെപ്പോലെയുള്ള ചിന്തകർ പറയുന്നത് പ്രസക്തമാണ്.

പറയുന്നതും സംഭവിക്കുന്നതും തമ്മിലുള്ള പൊരുത്തമാണ് ആരാധനാക്രമം തരുന്ന അടിസ്ഥാനപാഠം. യഹൂദ ആരാധനാസ്തുതിഗീതമായി സൃഷ്ടിവിവരണം നൽകുന്ന ഉൽപത്തി ഗ്രന്ഥകാരൻ ഈ സത്യത്തെ വിശദീകരിക്കുന്നുണ്ട്. ദൈവം അരുളിചെയ്തു പ്രകാശമുണ്ടാകട്ടെ; പ്രകാശം ഉണ്ടായി... വചനവും അതിന്റെ





യാഥാർത്ഥ്യവും തമ്മിലുള്ള പൊരുത്തമാണ് വി. ഗ്രന്ഥകാരൻ വിശദമാക്കുന്നത്. ആരാധനാക്രമത്തിലും സമാനമായ പ്രവർത്തനം കാണാനാവും. ഇത് എന്റെ ശരീരമാണ്... എന്റെ രക്തമാണ്... എന്ന വചനങ്ങൾ അക്ഷരാർത്ഥത്തിൽ ആരാധനാക്രമത്തിൽ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നതിന് വിശ്വാസി സാക്ഷിയാകുന്നു. കർത്താവായ ദൈവമേ നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളി വരട്ടെ... എന്ന പ്രാർത്ഥനയിൽ സത്യമായും സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് എഴുന്നള്ളി വരുന്നത് വിശ്വാസി അനുഭവിക്കുന്നു. വിശ്വസിക്കുന്നത് സംഭവിക്കുമെന്നും വിശ്വാസമാണ് ജീവിതമെന്നും വിശ്വാസി ഗ്രഹിക്കുന്നത് വിശ്വാസത്തിന്റെ ആഘോഷമായ ആരാധനാക്രമത്തിലാണ്. ആരാധനാക്രമത്തിലധിഷ്ഠിതമല്ലാത്ത വിശ്വാസ പരിശീലനം കേവലം ബൗദ്ധിക തലത്തിലൊതുങ്ങുന്നതും ജീവിത പരിവർത്തനത്തിന് സഹായിക്കാത്തതുമാണ്.

ആരാധനാക്രമത്തിൽനിന്നകലുമ്പോൾ സഭയുടെ ധാർമ്മിക കല്പനകൾ കേവലം നൈയ്യാമിക ബാധ്യതകൾ മാത്രമായി വിശ്വാസിക്ക് അനുഭവപ്പെടുന്നു. എന്നാൽ ആരാധനാക്രമാധിഷ്ഠിതമായ ആധ്യാത്മികതയിൽ എല്ലാ ധാർമ്മിക പ്രമാണങ്ങളും ആരാധനയ്ക്കുള്ള ഒരുക്ക ശുശ്രൂഷയാകുന്നു. ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ധാർമ്മികതയാണ് എപ്പോഴും പൗരസ്ത്യ പിതാക്കന്മാർ പഠിപ്പിച്ചിരുന്നത്. ആധുനിക ധാർമ്മികതയിലെ അപചയങ്ങളായ ആപേക്ഷികതാവാദം, ഭൗതീകവാദം, വ്യക്തിവാദം തുടങ്ങിയവയ്ക്കെല്ലാമുള്ള ഉത്തരം ആരാധനാക്രമത്തിൽ അധിഷ്ഠിതമായ ധാർമ്മികതയാണ്. നമ്മുടെ കുർബ്ബാനയിൽ ദൈവജനത്തിന്റെ വിശുദ്ധീകരണം ആത്യന്തിക ലക്ഷ്യമായി അവതരിപ്പിക്കുന്നതിന്റെ പ്രാധാന്യം പലപ്പോഴും വിശ്വാസികൾക്ക് വിശദീകരിച്ചു കൊടുക്കുന്നതിൽ നമുക്ക് വീഴ്ച വന്നിട്ടുണ്ട്.

ആരാധനാക്രമത്തിലെ നിയതമായ അനുഷ്ഠാനങ്ങൾ (rubrics) നിയതവും അച്ചടക്കപൂർണ്ണവുമായ ജീവിതശൈലിയെ പരിശീലിപ്പിക്കുന്നതാണ്. സഭയുടെ നിർദ്ദേശത്തിനു വിരുദ്ധമായി വി. കുർബ്ബാന തന്നിഷ്ടപ്രകാരം ചൊല്ലുന്ന വൈദീകൻ തന്റെ വ്യക്തി ജീവിതത്തിലെ ക്രമരാഹിത്യവും ധാർമ്മിക അപചയവുമാണ് അൾത്താരയിൽ വ്യക്തമാക്കുന്നത് എന്ന് കർദ്ദിനാൾ റെയ്മണ്ട് ബർത്തായുടെ നിരീക്ഷണം ശ്രദ്ധേയമാണ്. ആരാധനാക്രമം കാർമ്മികന്റെ ഐച്ഛികമാകുമ്പോൾ അതിലൂടെ നഷ്ടമാകുന്നത് സഭയുടെ ഈ ധാർമ്മിക വീക്ഷണംകൂടിയാണ്. ഇതേക്കുറിച്ച് ബെനഡിക്റ്റ് മാർപാപ്പ നൽകിയിട്ടുള്ള ചില നിർദ്ദേശങ്ങൾ ശ്രദ്ധേയമാ

ണ്. "ക്രിസ്തുവാണ് ആരാധനാക്രമത്തിലെ യഥാർത്ഥ കാർമ്മികൻ എന്നതിനാൽ ബലിയർപ്പിക്കുന്ന വൈദീകന്റെ വ്യക്തിപരമായ ഇഷ്ടാനുഷ്ടങ്ങൾക്കനുസരിച്ച് ആരാധനാക്രമത്തിൽ മാറ്റംവരുത്തരുത്. ആരാധനയെ കൂടുതൽ ആകർഷണീയവും മനോഹരവുമാക്കുക എന്ന ലക്ഷ്യത്തോടെ നാം ചെയ്യുന്ന വ്യക്തിപരമായ ഭേദഗതികൾ ആരാധനാക്രമത്തിന്റെ ആത്മാവിനെയാണ് നശിപ്പിക്കുന്നത്" (Gen. Aud. 2012, Oct. 3).

ആരാധനാക്രമം അതിന്റെ അനുഷ്ഠാനങ്ങളിലൂടെ ക്രിസ്തുസംഭവത്തെ കാലികവും സജീവവുമായി നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്നു. മറ്റൊരു വഴിയിലൂടെയും വിശ്വാസാധിഷ്ഠിത ധാർമ്മിക ജീവിതം കുറ്റമറ്റ രീതിയിൽ സ്വായത്തമാക്കാനാവില്ല. ക്രിസ്തുസംഭവത്തെ പ്രസംഗത്തിലൂടെയോ വായനയിലൂടെയോ ചിന്തയിലൂടെയോ സ്വാംശീകരിക്കാൻ ശ്രമിക്കുമ്പോൾ അത് കേവലം ഒരു ചരിത്രാന്വേഷണമാകുന്നു. അറിയുന്നവയുടെ സജീവ അനുഭവം പ്രദാനംചെയ്യാൻ പ്രസ്തുത മാർഗ്ഗങ്ങൾ അപര്യാപ്തമാണ്. ആരാധനാക്രമം അറിവു നൽകാനുള്ള മാർഗ്ഗമല്ല, മറിച്ച് അറിഞ്ഞതിനെ അനുഭവവേദ്യമാക്കുന്ന (not informative but performative) എന്ന് ബെനഡിക്റ്റ് മാർപാപ്പ നിരീക്ഷിക്കുന്നത് ഈ അർത്ഥത്തിലാണ്. ക്രിസ്തുസംഭവത്തിന്റെ സജീവത അനുഭവവേദ്യമാകുമ്പോൾ മാത്രമേ ഒരുവന്റെ ജീവിതം യഥാർത്ഥ മാനസാന്തരത്തിനും നവീകരണത്തിനും വിധേയമാകുന്നുള്ളു. ഇതാകട്ടെ ആരാധനാക്രമത്തിലൂടെയാണ് ഏറ്റവും ആധികാരികമായി സാധ്യമാകുന്നത്.

സഭാഗാത്രത്തിലെ അംഗങ്ങൾ തമ്മിലുള്ള ആഴമേറിയ കൂട്ടായ്മ അനുഭവിച്ചറിയുമ്പോൾ മാത്രമേ യഥാർത്ഥ ധാർമ്മിക പക്വതയിലേക്കും പരസ്നേഹത്തിലേക്കും വിശ്വാസികൾക്ക് വളരാനാകു. ക്രിസ്തുവിന്റെ ശരീരത്തിൽ പങ്കുചേരുന്നവർ പരസ്പരം ബന്ധമുള്ളവരും പരസ്നേഹത്തിന്റെ മാതൃകകളുമാകണമെന്ന് വി. പൗലോസ് ശ്ലീഹായും (1 കൊറി 11:23-30) യാക്കോബ് ശ്ലീഹായും (2:2-4) ഓർമ്മിപ്പിക്കുന്നതിന്റെ അർത്ഥമിതാണ്. ആരാധനയിലൂടെ ദൈവത്തെ പിതാവായി അനുഭവിച്ചറിഞ്ഞവർക്കു മാത്രമേ ആഴമേറിയ സാഹോദര്യം ജീവിക്കാനാവുകയുള്ളു. സാഹോദര്യവും കാരുണ്യവും മറന്ന ആരാധനയെ പ്രവാചകന്മാരും പുതിയ നിയമവും കഠിനമായി എതിർക്കുന്നുണ്ട് (ആമോ 5:21-27, അപ്പ 7:42-43, യാക്കോ 2:1-4). വചനപ്രഘോഷണ രംഗത്തും ഇതര നവീകരണ മേഖലകളിലും കേരളത്തിലെ വിശ്വാസികൾ ഏറെ സജീവമായിട്ടും പങ്കുവയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും അരൂപി ആനുപാ





തികമായി വർദ്ധിക്കാത്തതിന്റെ കാരണം ആരാധനാക്രമാധിഷ്ഠിതമായ ധാർമ്മികതയുടെ കുറവാണ്.

### പ്രായോഗിക നിർദ്ദേശങ്ങൾ

മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന പ്രായോഗിക നിർദ്ദേശങ്ങൾ ആലോചനാവിധേയമാക്കേണ്ടതാണ്.

1. ആരാധനാക്രമത്തെ വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും ഉറവിടമായി മനസ്സിലാക്കാൻ സഹായിക്കുന്ന ബോധനരീതി നാം വികസിപ്പിച്ചെടുക്കണം.
2. ആരാധനാക്രമത്തിലെ അഭിപ്രായാന്തരങ്ങൾ പരിഹരിക്കാൻ ഒരു മനസ്സോടെയുള്ള പ്രവർത്തനങ്ങൾ ഉണ്ടാവണം. ആരാധനാക്രമത്തിലെ അനൈക്യം വിശ്വാസത്തെയും ധാർമ്മികതയെയും സാരമായി മുറിപ്പെടുത്തുമെന്ന സത്യം നാം വിസ്മരിക്കരുത്.
3. നിക്ഷിപ്ത താത്പര്യങ്ങളിൽ കുരുങ്ങിപ്പോയ ആരാധനാക്രമ വിവാദങ്ങൾ അവസാനിപ്പിച്ച് കൂടുതൽ പ്രായോഗികവും ഐക്യപരവുമായ നിലപാടുകൾ രൂപപ്പെടുത്തണം.
4. സെമിനാരി പരിശീലനത്തിൽ ആരാധനാക്രമവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ദൈവശാസ്ത്ര, ധാർമ്മികശാസ്ത്ര തത്വങ്ങൾ പകർന്നു നൽകേണ്ടത്.

# 03
# ലിറ്റർജിയുടെ അടിസ്ഥാനപ്രമാണങ്ങൾ

സഭയുടേയും സഭാജീവിതത്തിന്റെയും പരമകാഷ്ഠയും (culmen) സ്രോതസ്സും (fons) ലിറ്റർജിയാണ്. ഈ പരമപ്രധാനമായ ഘടകത്തെക്കുറിച്ചും അതിന്റെ വിവിധ ങ്ങളായ വശങ്ങളെക്കുറിച്ചും ഇദംപ്രഥമമായി സമഗ്രമായ ശാസ്ത്രീയ പഠനം നടത്തിയത് രണ്ടാം വത്തിക്കാൻ കൗൺസിൽ ആണ്. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ആദ്യത്തെ പ്രാമാണിക രേഖകൂടിയായ ലിറ്റർജിയെക്കുറിച്ചുള്ള ഈ പ്രമാണരേഖ (Sacrosanctum concilium) 1963 ഡിസംബർ 4-ാം തീയതിയാണ് പ്രസിദ്ധം ചെയ്തത്. ഇത് ലിറ്റർജിയെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. ആരാധനക്രമം ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയുടെ നിർവ്വഹണമാണ്. അതിൽ മനുഷ്യവിശുദ്ധീകരണം ഇന്ദ്രിയഗോചരണമായ അടയാളങ്ങളിലൂടെ പ്രകാശിപ്പിക്കുകയും അവയുടേതായ രീതിയിൽതന്നെ അത് സാക്ഷാത്ക്കരിക്കുകയും ചെയ്യുന്നു. തിരുക്കർമ്മത്തിൽ പൊതുവായ ആരാധനയെല്ലാംതന്നെ നിർവ്വഹിക്കുന്നത് ക്രിസ്തുവിന്റെ മൗതീക ശരീരമാണ്, അതായത് ശിരസ്സും അംഗങ്ങളും (ലിറ്റർജി 7) ലിറ്റർജിയുടെ അടിസ്ഥാനഘടകങ്ങളെക്കുറിച്ച് ഈ നിർവ്വചനം പരാമർശിക്കുന്നുണ്ട്. ഇവയിൽ ഏതാനും ചില ഘടകങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിൽ പഠനം നടത്തിയിരിക്കുന്നത്. അടിസ്ഥാന കാര്യങ്ങളെക്കുറിച്ചുള്ള ജ്ഞാനം തിരുക്കർമ്മങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാനും സജീവമായി അവയിൽ പങ്കെടുക്കാനും ഇന്ന് അവയിൽ കണ്ടുവരുന്ന തെറ്റായ പ്രവണതകളെയും അവ്യക്തതകളുടേയും തുടച്ചുനീക്കുവാനും ഉപകരിക്കുന്നതാണ്.

### ദൈവശാസ്ത്രപരമായ അടിത്തറ (Thological aspect)

ആരാധനക്രമം അടിസ്ഥാനപരമായി ദൈവാരാധനയും സ്തുതിയുമാണ്. മനുഷ്യരെല്ലാം ദൈവത്തിന്റെ കലവേലയാണെന്നും ഒരു നിമിഷത്തേക്കുപോലും അവിടുത്തെ കരം





പിൻവലിക്കുകയാണെങ്കിൽ നമ്മൾ നാമാവശേഷരായി തീരുമെന്നുള്ള അടിസ്ഥാന ചിന്തയിൽ നിന്നാണ് ഈ ദൈവാരാധന ഉടലെടുക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു ജീവിതായുസ്സുമുഴുവനും ഈ ആരാധനയും സ്തുതിയും നടത്തിയാലും ഒന്നുമാകില്ല എന്ന തിരിച്ചറിവിലേക്ക് നാം നയിക്കപ്പെടുന്നു.

ലിറ്റർജി ദൈവ-മനുഷ്യസാമാഗമമാണ്. അതിലൂടെ വിശ്വാസികൾ ത്രിത്വൈകദൈവത്തിന്റെ സന്നിധിയിലേക്ക് പ്രവേശിക്കുകയാണ്. സഭ തന്റെ ആരാധന നൽകുന്നത് എപ്പോഴും ദൈവത്തിനാണ്, ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ ഐക്യത്തിലുമാണെന്നു മാത്രം (To the Father through the Son and in the unity of the Holy Spirit) ആയതിനാൽ സഭയുടെ എല്ലാ പ്രാർത്ഥനകളും അഭിസംബോധന ചെയ്യുന്നത് ത്രിത്വത്തിലെ ആദ്യത്തെ ആളായ പിതാവായ ദൈവത്തെയാണ്. എല്ലാ ദിവ്യരഹസ്യങ്ങളുടേയും അടിസ്ഥാന രഹസ്യം ഈ ത്രിത്വൈക ദൈവത്തിന്റെ രഹസ്യമാണല്ലോ. ഈ ദൈവ രഹസ്യത്തിലേക്കാണ് വിശ്വാസികൾ നടന്നടുക്കേണ്ടതും. എല്ലാ സൃഷ്ടിയുടെയും രക്ഷയുടെയും ആദിയും അന്ത്യവും പിതാവായ ദൈവമാണ് (Mysterium Tremendum caritatis).

രക്ഷാകരചരിത്രത്തിൽ ദൈവം നിവർത്തിച്ച അത്ഭുതപ്രവൃത്തികളുടെ സജീവമായ ഓർമ്മയാചരണം (anamnesis) കൂടിയാണ് ലിറ്റർജി. ക്രിസ്തുവിൽ പൂർത്തീകരിച്ച ഈ ദൈവികമായ പ്രവർത്തനങ്ങളും ഇടപെടലുകളും ലിറ്റർജി തുടർന്നുകൊണ്ടുപോകുന്നു. അതുകൊണ്ട് ആരാധനക്രമം അടിസ്ഥാനപരമായി ദൈവകേന്ദ്രീകൃതമാണ്.

### ലിറ്റർജി ക്രിസ്തുകേന്ദ്രീകൃതമാണ്

ലിറ്റർജിയെക്കുറിച്ചുള്ള നിർവ്വചനത്തിൽ രണ്ടാംവത്തിക്കാൻ കൗൺസിൽ പറഞ്ഞുവെച്ചു, യേശുക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷയുടെ നിർവ്വഹണമാണ് ആരാധനക്രമമെന്ന്. അവിടുന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചപ്പോഴും തന്റെ സഹനത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും ആ ദൗത്യം പൂർത്തീകരിച്ചപ്പോഴും കർത്താവ് ഈ ശുശ്രൂഷതന്നെയാണ് നിർവ്വഹിച്ചത്. ഇതാണ് ക്രിസ്തുവിന്റെ പെസഹാരഹസ്യം. ഈ ആശയം പൊതുവായി പറഞ്ഞാൽ സൃഷ്ടികർമ്മം മുതൽ അവിടുത്തെ രക്ഷാകരമായ സഹനവും കുരിശുമരണവും ഉത്ഥാനവുംവരെയുള്ള എല്ലാ രക്ഷാകരകർമ്മങ്ങളും ഇതിൽപെടുന്നു. എന്നാൽ കൂടുതൽ കൃത്യമായി പറയുകയാണെങ്കിൽ കർത്താവിന്റെ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാണ് പെസഹാര

ഹസ്യംകൊണ്ട് അർത്ഥമാക്കുന്നത്. ഈ രഹസ്യത്തിലൂടെയാണ് അവിടുന്ന് നമ്മെ രക്ഷിച്ചതും വിശുദ്ധീകരിച്ചതും വീണ്ടും ദൈവ ജനമാക്കിയതും. തിരുസഭ ഈ പെസഹാരഹസ്യം ആഘോഷി ക്കുന്നതിൽ ഒരിക്കലും വീഴ്ചവരുത്തിയിട്ടില്ല. (SC 6) എല്ലാ കൂദാ ശകളും കൂദാശാനുകരണങ്ങളും അവയുടെ ശക്തി വലിച്ചെടുക്കു ന്നത് ഈ സ്രോതസ്സിൽനിന്നാണ്. പെസഹാരഹസ്യത്തിന്റെ വിവി ധങ്ങളായിട്ടുള്ള ആഘോഷങ്ങളുടെ ആകെത്തുകയാണ് ലിറ്റർജി. അതിനാൽ എല്ലാ തിരുകർമ്മങ്ങളുടേയും ഹൃദയമാണ് ഈ രഹ സ്യം. ഈ ക്രിസ്തുരഹസ്യം വെളിവാകുന്ന ആരാധനാ ക്രമവർഷ ത്തിന്റെ കേന്ദ്രബിന്ദുവാണ് ഈ രഹസ്യം. ഏതു തിരുക്കർമം ആഘോഷിക്കുമ്പോഴും വിശുദ്ധരുടെ തിരുന്നാളുകൾ ആഘോഷി ക്കുമ്പോഴും ക്രിസ്തുവിന്റെ പെസഹാരഹസ്യം തന്നെയാണ് അനു സ്മരിക്കുന്നത്.

ക്രിസ്തുകേന്ദ്രീകൃതം എന്ന അടിസ്ഥാനഘടകത്തെ കൂടുതൽ വെളിപ്പെടുത്തുന്നതാണ് തിരുക്കർമ്മാഘോഷങ്ങളിലെ ക്രിസ്തു വിന്റെ സജീവസാന്നിദ്ധ്യം കുർബാനയിലെ കാഴ്ചവസ്തുക്കളായ തിരുവോസ്തിയിലും തിരുരക്തത്തിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ട്. ഇതുതന്നെയാണ് ദിവ്യസക്രാരിയിലെ അവിടുത്തെ നിരന്ത രസാന്നിദ്ധ്യം. വീണ്ടും അവിടുന്ന് ദൈവവചനത്തിൽ സന്നിഹിത നാണ്. സുവിശേഷപ്രഘോഷണത്തിൽ ക്രിസ്തുതന്നെയാണ് ഇന്നും സംസാരിക്കുന്നത്. തിരുക്കർമ്മങ്ങളിലെ കാർമ്മികനായ പുരോഹിതനിലും കർത്താവിന്റെ സാന്നിദ്ധ്യംതന്നെയാണ് വിളി ച്ചോതുന്നത്. (alter Christus) മറ്റൊരു ക്രിസ്തുവായിട്ടാണ് കുർബാ നയും മറ്റുതിരുക്കർമ്മങ്ങളും വൈദികൻ ദൈവത്തിന് സമർപ്പിക്കു ന്നത്. തിരുക്കർമ്മങ്ങൾക്കായി ദൈവാലയത്തിൽ ഒരുമിച്ചുകൂടിയി രിക്കുന്ന വിശ്വാസികളുടെ സമൂഹത്തിലും കർത്താവ് സന്നിഹിത നാണ് (മത്താ 18, 20) (SC 7).

## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

ലിറ്റർജിയിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെക്കുറിച്ചും പ്രവർത്ത നങ്ങളെക്കുറിച്ചുമാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്. നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും ദൈവത്തിനുമുമ്പിൽ സമർപ്പിക്കാൻ ശക്തി നൽകുന്നത് പരിശുദ്ധാത്മാവാണ് (യൂദാ 20). ദൈവത്തെ "അബ്ബാ, പിതാവെ" എന്നു വിളിക്കാൻ പോലും നമുക്ക് സാധിക്കു ന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താലാണ് (റോമ 8, 15, ഗലാ 4,6) "യേശു കർത്താവാണ്" എന്നു പറയുവാൻ സാധിക്കുന്നതും പരിശുദ്ധാത്മാവിൽ മാത്രമാണ് (എഫേ 5, 18).





തിരുക്കർമ്മങ്ങളിൽ പ. ആത്മാവിന്റെ ഒഴിച്ചുകൂടാനാവാത്ത പങ്കി നെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും കൂടുതൽ വ്യക്തമാക്കുന്ന പദമാണ് "എപ്പിക്ലേസിസ്" (Epiclesis), ഈ ഗ്രീക്കുപദത്തിന്റെ വാച്യാർഥം "സംബോധനംനം, "ആമന്ത്രണം" മുതലായവയാണ്. വി. കുർബ്ബാനയിൽ ഈ പദം വളരെയധികം പ്രത്യേക പ്രാധാന്യ ത്തോടും അർത്ഥവ്യാപ്തിയോടുമാണ് ഉപയോഗിക്കുന്നത്. സ്തോത്രയാഗകർമ്മത്തിൽ ദിവ്യബലിയിലെ കാഴ്ചദ്രവ്യങ്ങളായ അപ്പത്തിന്റേയും വീഞ്ഞിന്റേയും മേൽ പ. ആത്മാവിനെ അയച്ച് അവ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാക്കണമെന്നുള്ള ദൈവത്തോ ടുള്ള അപേക്ഷയെയാണ് ഒന്നാമത്തെ അല്ലെങ്കിൽ വിശുദ്ധീകരണ എപ്പിക്ലേസിസ് (consecratory epiclesis) എന്നു വിളിക്കുന്നു.

കർത്താവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണം വഴി വിശ്വാസി കളെല്ലാവരും ക്രിസ്തുവിൽ ഒരു ശരീരവും ഒരാത്മാവുമായിത്തീ രുവാൻ പ. ആത്മാവിന്റെ ആമന്ത്രണം വിശ്വാസികളുടെ മേൽ യാചി ക്കുന്നു. ഇതാണ് രണ്ടാമത്തെ അല്ലെങ്കിൽ ദിവ്യഭോജന എപ്പിക്ലേ സിസ് (Comunion Epiclesis). ഈ രണ്ടു എപ്പിക്ലേസിസും പരസ്പ രപൂരകങ്ങളാണ്. കൂടാതെ ആദ്യത്തേതിന്റെ തുടർച്ചയും പൂർണ്ണ തയുമാണ് രണ്ടാമത്തേത്.

## സഭാകേന്ദ്രീകൃതമാണ് ലിറ്റർജി

ഓരോ ആരാധനാകർമ്മവും സഭയുടെ ഏറ്റവും പ്രധാനപ്പെട്ട തിരുക്കർമ്മമാണ്. അത് ക്രിസ്തുവിന്റെ പ്രവൃത്തിയെന്നതുപോലെ സഭയുടേയും കൂട്ടായ പ്രവൃത്തിയാണ്. "പുരോഹിതരുടെ കരങ്ങ ളാൽ", "ഒരു വ്യക്തി ജ്ഞാനസ്നാനം കൊടുക്കുമ്പോൾ," "തിരു വചനങ്ങൾ പ്രഘോഷിക്കപ്പെടുമ്പോൾ," "സഭ പ്രാർത്ഥിക്കുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്യുമ്പോൾ" മുതലായ പദപ്രയോ ഗങ്ങൾ ആരാധനക്രമത്തിലെ തിരുസഭയുടെ ശുശ്രൂഷാഭാഗത്തെ യാണ് സൂചിപ്പിക്കുന്നത്. ആയതിനാൽ ലിറ്റർജി സഭയുടെ മറ്റെല്ലാ പ്രവൃത്തികളെയും കവച്ചുവക്കുന്നതും വൈശിഷ്ട്യത്തിലും ഫല ദായകത്വത്തിലും യാതൊരു പ്രവൃത്തിയും അതിനെ പിന്നിലാക്കാൻ പോരുന്നതല്ലാത്തതുമാണ് (SC 7).

തിരുകർമ്മങ്ങൾ ഒരാളുടെ മാത്രം സ്വകാര്യപ്രവർത്തിയല്ല; മറിച്ച് സഭയുടെ മുഴുവനായുള്ള പ്രവൃത്തിയാണ് (SC 26). സഭാംഗങ്ങൾക്ക് അവരോരുത്തരുടേയും വ്യത്യസ്തമായ ശുശ്രൂഷയും പദവിയുമ നുസരിച്ച് വിവിധങ്ങളായ ധർമ്മങ്ങളാണുള്ളതെങ്കിലും തിരുകർമ്മ ങ്ങൾ തിരസഭയെ മുഴുവനായും വെളിപ്പെടുത്തുന്നു. ആയതിനാൽ സ്വാകാര്യവും വ്യക്തിപരവുമായ തിരുക്കർമ്മാഘോഷത്തെക്കാൾ

സമൂഹത്തോടുകൂടിയുള്ള തിരുക്കർമ്മാഘോഷങ്ങൾക്കാണ് എപ്പോഴും മുൻഗണന നൽകേണ്ടത്. ദൈവജനം ഒരുമിച്ച് വൈദികരും മറ്റുശുശ്രൂഷികളും കൂടി രൂപാതാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കുന്ന തിരുക്കർമ്മത്തിലാണ് സഭയുടെ പൂർണ്ണ രൂപം തെളിവാകുന്നത്.

## ഇന്ദ്രിയഗോചരങ്ങളായ അടയാളങ്ങൾ (Perceptible)

ലിറ്റർജി നടത്തപ്പെടുന്നത് എപ്പോഴും ഇന്ദ്രിയഗോചരങ്ങളായ അടയാളങ്ങളിലൂടെയാണ് എന്ന് ടഇ 7 വ്യക്തമായി പറയുന്നു. അടയാളങ്ങളിലൂടെയും ബിംബങ്ങളിലൂടെയും മാത്രമെ ലിറ്റർജി ആഘോഷിക്കുവാൻ സാധിക്കുകയുള്ളൂ. മനുഷ്യന് ശരീരം എത്രമാത്രം ആവശ്യമായ് വരുന്നോ അത്രമാത്രം ആവശ്യമാണ് ആരാധനക്രമത്തിന് അടയാളങ്ങൾ. പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന നിർവ്വചനം സൂചിപ്പിക്കുന്നതുപോലെ, മറ്റൊന്നിന്റെ അറിവിലേക്കുനയിക്കുന്ന ഇന്ദ്രിയങ്ങൾക്കു ഗോചരമായ വസ്തുവാണ് അടയാളം (വി. അഗസ്റ്റിൻ).

അടയാളങ്ങൾ, പ്രകൃതിദത്തമായ അടയാളങ്ങൾ, വ്യവസ്ഥാപിതമായ (Conventional) അടയാളങ്ങൾ മുതലായവയുണ്ടെങ്കിലും ആരാധനക്രമത്തിലെ അടയാളങ്ങളെ അല്ലെങ്കിൽ പ്രതീകങ്ങളെക്കുറിച്ചാണിവിടെ പ്രതിപാദിക്കുന്നത്. ലിറ്റർജി അടിസ്ഥാനപരമായി ഒരു തിരുവടയാളം തന്നെയാണ്. സഭയുടേയും സഭാംഗങ്ങളുടേയും വിശുദ്ധീകരണത്തിനായുള്ള തിരുവടയാളം. ഈ തലത്തിലൂടെയാണ് നമുക്ക് ലിറ്റർജിയുടെ പ്രധാനആഘോഷങ്ങളായ കൂദാശകളെയും കൂദാശാനുകരണങ്ങളേയും കുറിച്ച് കൂടുതൽ അറിയുവാൻ സാധിക്കുന്നത്. കാണാൻ സാധിക്കാത്ത അതിസ്വാഭാവിക വരപ്രസാദം നൽകുന്ന കാണപ്പെടുന്ന അടയാളങ്ങളാണല്ലോ കൂദാശകൾ. ഈ അർത്ഥത്തിലാണ് സഭാപിതാക്കന്മാർ ലിറ്റർജിയെ കൂദാശ അല്ലെങ്കിൽ രഹസ്യം എന്നുവിളിച്ചത് (Sacrementum or mysterium). “ഞാൻ ക്രിസ്തുവിനെ അവിടുത്തെ രഹസ്യങ്ങളിൽ കാണുന്നു” എന്നാണ് വി. അബ്രോംസ് ഉദ്ഘോഷിച്ചത്. ഈ ലോകത്തു ജീവിച്ചപ്പോൾ യേശുവിൽ കണ്ടിരുന്നവ ഇപ്പോൾ നാം കാണുന്നത് ദിവ്യരഹസ്യങ്ങളിലാണെന്ന് മഹാനായ വി. ലോയാ പറഞ്ഞിട്ടുണ്ട്. ആയതിനാൽ ഇന്ന് യേശുക്രിസ്തു എന്ന വ്യക്തിയെ അവിടുത്തെ രക്ഷാകരപ്രവൃത്തികളോടും വചനങ്ങളോടുംകൂടെ നാം കാണുന്നത് ആരാധനയുടെ ദിവ്യരഹസ്യങ്ങളിലാണ്.

വിവിധങ്ങളായ അടയാളങ്ങൾ ലിറ്റർജിയിൽ ഉള്ളതുകൊണ്ട് വിവിധങ്ങളായ തിരുക്കർമ്മങ്ങളുണ്ട്. ആരാധനക്രമത്തിലെ അടയാളങ്ങൾ അല്ലെങ്കിൽ പ്രതീകങ്ങൾ കൂദാശാവചനങ്ങൾ പോലെയുള്ള വാക്കുകളും, കൈവയ്പുപോലെയുള്ള അംഗവിക്ഷേപങ്ങളും, ജലം, അപ്പം, വീഞ്ഞ്, തൈലം തുടങ്ങിയ വസ്തുക്കളും ഉൾപ്പെടുന്നതാണ്. ഉദാഹരണമായി ദിവ്യബലിയിൽ നാം കാഴ്ച വയ്ക്കുന്ന അടയാളങ്ങളായ സാധാരണ അപ്പത്തിന്റേയും വെള്ളം ചേർത്ത വീഞ്ഞിന്റേയും മേൽ വൈദികൻ കൂദാശാവചനങ്ങൾ ഉച്ചരിക്കുമ്പോൾ അവ ക്രിസ്തുവിന്റെ ശരീരരക്തങ്ങളാകുന്നു. അങ്ങനെ നിത്യജീവൻ പ്രദാനം ചെയ്യുന്ന രക്ഷാകരമായ ചാലുകളായി (Channels) ഈ തിരുവടയാളങ്ങൾ മാറുന്നു.

## വചനാധിഷ്ഠിതം

തിരുവചനം തിരുക്കർമ്മങ്ങളുടെ അതിപ്രധാനഘടകങ്ങളിലൊന്നാണ് (ടഇ 24). രണ്ടാംവത്തിക്കാൻ കൗൺസിൽ വ്യക്തമായി പറയുന്നതുപോലെ, തിരുവചനമില്ലാത്ത ഒരു ആരാധനക്രമവുമില്ല. എല്ലാ തിരുകർമ്മങ്ങളുടെയും ആദ്യത്തെ പ്രധാനഘടകം വചനപ്രഘോഷണകർമ്മമായിരിക്കും. തിരുവചനകർമ്മത്തിൽ വി. ഗ്രന്ഥവായനകൾ മാത്രമല്ല, സുവിശേഷപ്രഭാഷണത്തിലൂടെയുള്ള വ്യാഖ്യാനവും ഉൾപ്പെടുന്നുണ്ട്. കൂടാതെ, ലിറ്റർജിയിലുള്ള പ്രാർത്ഥനകൾ, തിരുക്കർമ്മഗീതങ്ങൾ എല്ലാംതന്നെ വി. ഗ്രന്ഥത്തിൽനിന്നുമാണ് പ്രചോദനം ഉൾകൊള്ളുന്നത്. തിരുവചനത്തിൽനിന്നു തന്നെയാണ് ആരാധനക്രമത്തിലെ ശാരീരികാംഗ്യങ്ങളും അടയാളങ്ങളും അർത്ഥം സ്വീകരിക്കുന്നത് (SC 24). അങ്ങനെ ദൈവവചനത്തിന്റെ മേശയിൽനിന്നും പോഷകപ്രദങ്ങളായ വിഭവങ്ങൾ ധാരാളമായി ലഭിക്കുന്നതിനുവേണ്ടി വി. ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പകർന്നുകൊടുക്കണമെന്ന് കൗൺസിൽ നിഷ്കർഷിക്കുന്നു (SC 51). ആയതിനാൽ വചനത്തോടുള്ള നിരന്തരമായ സ്നേഹവും തീവ്രമായ ദൈഹവും അഭിവാഞ്ചയും വിശ്വാസികൾ വളർത്തണമെന്ന് കൗൺസിൽ ഓർമ്മിപ്പിക്കുന്നു (SC 24).

## ലിറ്റർജിയുടെ ആത്യന്തികമായ ലക്ഷ്യം

ആരാധനക്രമത്തിന്റെ ആത്യന്തികമായ ലക്ഷ്യം ദൈവമഹത്വവും മനുഷ്യവിശുദ്ധീകരണവുമാണ് (SC 7) ലിറ്റർജിയിൽ നമ്മുടെ ആരാധനയും പ്രാർത്ഥനയും സ്തുതിയും പുകഴ്ചയുമെല്ലാം ദൈവമഹത്വത്തിനുവേണ്ടിയാണ് (1 പീറ്റർ 4,11) (എഫേ 5,19). ഇതിന്റെ ഒരു തുടർ ഫലമെന്നോണം ലിറ്റർജിയിൽ പങ്കെടുക്കുന്ന ഓരോ അംഗവും കൂടുതൽ കൂടുതൽ വിശുദ്ധീകരിക്കപ്പെടുന്നു. അങ്ങനെ ആരാധനക്രമത്തിൽ രണ്ടുതരം ഗതികളുണ്ട് (movements). ആരോ

ഹണഗതിയും അവരോഹണഗതിയും. നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും സ്തുതികളും ദൈവസന്നിധിയിലേക്ക് നാം ഉയർത്തുന്നു. ഇതാണ് ആരോഹണഗതി. അവരോഹണഗതിയിൽ ദൈവത്തിൽനിന്ന് നമ്മെ വിശുദ്ധീകരിക്കുവാൻ സമൃദ്ധമായ അനുഗ്രഹങ്ങളും കൃപകളും നമ്മിലേക്ക് വർഷിക്കപ്പെടുന്നു (SC 10).

## തിരുകർമ്മങ്ങളും ഭക്തകൃത്യങ്ങളും

തുരുസഭയിൽ ഏറ്റവും പ്രധാനപ്പെട്ട കർമ്മമാണ് ലിറ്റർജി. തിരുകർമ്മങ്ങളിൽ കൂദാശകൾ, കൂദാശാനുകരണങ്ങൾ (മൃതസംസ്കാരകർമ്മം, ആശീർവ്വാദങ്ങൾ) യാമപ്രാർത്ഥനകൾ, ആരാധനക്രമ വർഷത്തിലെ ആഘോഷങ്ങൾ എന്നിവയാണ് ഉൾപ്പെടുന്നത്.

എന്നാൽ, തിരുസഭയുടെ എല്ലാ പ്രവർത്തനങ്ങളെയും ലിറ്റർജി ഉൾക്കൊള്ളുന്നില്ല (SC 9). മാത്രമല്ല ആരാധനക്രമത്തിൽ പങ്കെടുക്കുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല ആദ്ധ്യാത്മികജീവിതം (SC 12). വ്യക്തിപരമായ (സ്വീകാര്യമായ) പ്രാർത്ഥനയ്ക്ക് ഒരു വിശ്വാസി സമയം കണ്ടെത്തേണ്ടതുണ്ട്. എല്ലാ രഹസ്യങ്ങളും അറിയുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിഫലം സ്വീകരിക്കുന്നതിൽ ഇതിനുള്ള പങ്ക് ഒട്ടും നിസ്സാരമല്ല (മത്താ 6,6). നമ്മുടെ ജീവിതത്തെ ഇടതടവില്ലാത്ത ഒരു ആത്മീയബലിവസ്തുവായി പിതാവിന് സമർപ്പിക്കണമെന്നുള്ള വി. പൗലോസിന്റെ ആഹ്വാനം ഇവിടെ നാം അനുസ്മരിക്കേണ്ടതുണ്ട് (1 തെസ 5,18; റോമ 12,1).

കൂടാതെ വിശ്വാസികളുടെ ആദ്ധ്യാത്മിക വളർച്ചയിൽ ഭക്തകൃത്യങ്ങൾക്കും സവിശേഷമായ പ്രാധാന്യമുണ്ട്. തിരുസഭ അവയെ വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ അവയെല്ലാ തന്നെ തിരുസഭയുടെ നിയമങ്ങൾക്കനുസരിച്ചായിരിക്കണെ നടത്തപ്പെടേണ്ടത്. എങ്കിൽമാത്രമെ അവയിൽനിന്നു കൂടുതലായി ഫലങ്ങൾ സ്വീകരിക്കുവാൻ വിശ്വാസികൾക്ക് സാധിക്കുകയുള്ളൂ (SC 13). മാത്രവുമല്ല, ഭക്താനുഷ്ഠാനങ്ങൾ ലിറ്റർജിക്കനുസരിച്ചും, ആരാധനാക്രമവർഷത്തിലെ വിവിധകാലങ്ങൾക്കനുസരിച്ചുമായിരിക്കണം നടത്തപ്പെടേണ്ടത്. അവ ആരാധനാക്രമത്തിൽനിന്ന് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഉടലെടുക്കുന്നതും ജനങ്ങളെ അതിലേക്കുതന്നെ ആനയിക്കുന്നതുമായിരിക്കണം (SC 13). പരമ്പരാഗതമായി അനുഷ്ഠിച്ചുവരുന്ന ഭക്താഭ്യാസങ്ങളായ ജപമാലയും കുരിശിന്റെ വഴിയും വിശുദ്ധരുടെ നാമത്തിലുള്ള നൊവേനകളും വണക്കമാസങ്ങളും തീർത്ഥാടനങ്ങളും ആദ്ധ്യാത്മികജീവിതത്തിന്റെ പൈതൃകങ്ങളാണ്. അവ അവയിൽതന്നെ വളരെ നല്ല





താണ്. എന്നാൽ അവയ്ക്ക് ലിറ്റർജിയേക്കാൾ പ്രാധാന്യം കൊടുത്തുകൊണ്ട് ആഘോഷിക്കപ്പെടുമ്പോൾ അവയുടെ ലക്ഷ്യത്തിൽനിന്ന് മാറിപ്പോവുകയാണ് ചെയ്യുന്നത്. പിന്നീട് അത് പല തെറ്റിദ്ധാരണകളിലേക്കും ആദ്ധ്യാത്മിക അപജയങ്ങളിലേയ്ക്കും വൈകൃതങ്ങളിലേക്കും ജനങ്ങളെ കൊണ്ടെത്തിക്കുന്നു. ആയതിനാൽ എപ്പോഴും സൂക്ഷ്മമായ നിരീക്ഷണവും ശ്രദ്ധയും ഈ രംഗത്ത് ആവശ്യമാണ്. എവിടെയെല്ലാം ഭക്തകൃത്യങ്ങൾ വളരയെധികം ആവേശകരമായി കാണപ്പെടുന്നുവോ, അവിടെയെല്ലാം അവ ആരാധനക്രമവുമായി ബാലൻസുചെയ്യപ്പെടേണ്ടതാണ്. മാത്രവുമല്ല, ഭക്തകൃത്യങ്ങളും ലിറ്റർജിയും പരസ്പരപൂരകങ്ങളായി വർത്തിക്കേണ്ടതാണ്. ഭക്തമുറകൾക്ക് ലിറ്റർജിയുടെ അനുശാസനകൾ ഉണ്ടാകുന്നതും അതുപോലെതന്നെ ആരാധനക്രമത്തിന് കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകുന്നതും ഏറ്റവും ആവശ്യമായ വസ്തുതകളാണ്. എങ്കിൽ മാത്രമെ അവകൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

## ഉപസംഹാരം

ലിറ്റർജിയുടെ അടിസ്ഥാനപരമായ ചില ഘടകങ്ങളെക്കുറിച്ചാണ് മേൽ വിവരിച്ചത്. ഇവയെക്കുറിച്ച് വ്യക്തമായ അവബോധവും ജ്ഞാനവുമുണ്ടെങ്കിൽ തിരുക്കർമ്മങ്ങൾ അടുക്കും ചിട്ടയുമോടെയും സജീവമായും ഫലപ്രദവുമായി ആഘോഷിക്കുവാൻ സാധിക്കുകയുള്ളൂ. ആരാധനക്രമത്തിൽ ഇന്നുകാണുന്ന പല അവ്യക്തതകളുടേയും തെറ്റായ പ്രവണതകളുടേയും കാരണം അജ്ഞത തന്നെയാണ്. ഈ അറിവില്ലായ്മ ഒരു പരിധിവരെ ദൂരീകരിക്കുവാൻ ഈ ചെറുപഠനം ഉപകരിക്കുമെന്നു കരുതുന്നു. എങ്കിൽ മാത്രമെ, നമ്മുടെ രക്ഷാകരകർമ്മം നിറവേറ്റപ്പെടുന്ന ലിറ്റർജി ഓരോ വിശ്വാസിയുടേയും ക്രൈസ്തവജീവിതത്തിന്റെ പാരമ്യവും സ്രോതസ്സുമായി വിരാജിക്കുകയുള്ളൂ.

# 04
# വി. കുർബ്ബാന ലത്തീൻ ആരാധനാക്രമ പാരമ്പര്യത്തിൽ

## കുരിശടയാളവും അഭിവാദനവും

ലത്തീൻ കുർബ്ബാനക്രമത്തിൽ പ്രവേശനഗാനത്തിനുശേഷം കാർമ്മികൻ അദ്ധ്യക്ഷപീഠത്തിൽനിന്ന് സമൂഹവുമായി ചേർന്ന് കുരിശടയാളം വരച്ചുകൊണ്ട് ആശീർവാദം സ്വീകരിക്കുന്നു. ക്രിസ്തീയ പ്രാർത്ഥനകളുടെ തനതായ രീതിയാണ് കുരിശടയാളത്തോടെ ആരംഭിക്കുക എന്നത്. മാത്രമല്ല സമൂഹത്തെ പരി. ത്രിത്വത്തിന്റെ കീഴിൽ തിരുകർമ്മാനുഷ്ഠാനത്തിനു വേണ്ടി ഒന്നാക്കുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ക്രിസ്തീയസമൂഹത്തിൽ വിളിച്ചോതുന്നു (മത്താ 18,20). കുരിശിലെ ബലിയുടെ പുനരാവിഷ്ക്കാരമാണിവിടെ നടക്കാൻ പോകുന്നത്. നമ്മുടെതന്നെ ജ്ഞാനസ്നാനത്തെയും ഈ കുരിശടയാളം അനുസ്മരിപ്പിക്കുന്നു. നമ്മുടെ രക്ഷയുടെ അടയാളം കുരിശാണ് (1 കോറി 1,18).

പുരോഹിതൻ "കർത്താവു നിങ്ങളോടുകൂടെ" എന്നു പറഞ്ഞുകൊണ്ട് സമൂഹത്തിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ അവബോധം പ്രകടമാക്കുന്നു. ഏറ്റവും ലളിതമായ ബൈബിൾപരമായ അഭിവാദനമാണത്. റൂത്ത് 2,4; ലൂക്കാ 1,28 എന്നീ വചനഭാഗങ്ങളിൽനിന്ന് എടുത്തിട്ടുള്ളതാണത്. ബൈബിളിൽ അധിഷ്ഠിതമായ പ്രത്യേകിച്ച് പൗലോസിന്റെ ലേഖനങ്ങളിൽനിന്നുള്ള അഭിവാദനവാക്യങ്ങളും ഉപയോഗിക്കാവുന്നതാണ്. അതായത് "നമ്മുടെ കർത്താവായ യേശുക്രിസ്തു..." (2 കോറി 13,13), "നമ്മുടെ പിതാവായ..." (റോമാ 1,7; ഗലാ 1,3). ഇതിനുത്തരമായി "നമ്മുടെ കർത്താവായ.... വാഴ്ത്തപ്പെടട്ടെ" എന്നു പറയാവുന്നതാണ്. അല്ലെങ്കിൽ പതിവുള്ള "അങ്ങയോടുംകൂടെ" എന്നും പ്രത്യുത്തരിക്കാം. മെത്രാൻ മുഖ്യകാർമ്മികനാണെങ്കിൽ "നിങ്ങൾക്കു സമാധാനം" എന്ന് അഭിവാദ്യം ചെയ്യാം. പെസഹാകാലത്തെ അഭിവാദനമാണിത്, ഉത്ഥിതനായ കർത്താവ് ശിഷ്യരെ അഭിവാദനം ചെയ്തതിനെ ഇത് അനുസ്മരിപ്പിക്കുന്നു (യോഹ 20,19,21,26). ഈ അഭിവാദനവും ജനങ്ങളുടെ പ്രത്യുത്തരവും അവിടെ ഒന്നിച്ചുകൂടിയിരിക്കുന്ന സഭയുടെ രഹസ്യമാണ് പ്രകടമാക്കുന്നത്.





അഭിവാദനത്തിനുശേഷം കാർമ്മികനോ, ഡീക്കനോ, അല്ലെങ്കിൽ ഒരു ശുശ്രൂഷകനോ ആ ദിനത്തിന്റെ കുർബ്ബാനയ്ക്ക് അല്ലെങ്കിൽ തിരുക്കർമ്മകാലത്തിനോ, അന്നത്തെ വചനഭാഗങ്ങൾക്കോ ആമുഖമായി ചുരുക്കം ചില വാക്കുകൾ പറയാവുന്നതാണ്.

## അനുതാപകർമ്മം

അതിനുശേഷം കാർമ്മികൻ എല്ലാവരെയും അനുതാപകർമ്മത്തിലേക്ക് ക്ഷണിക്കുന്നു. ഈ അനുതാപകർമ്മം കാലത്തിനനുസരിച്ച് നടത്താവുന്നതാണ്. അല്പസമയത്തെ മൗനപ്രാർത്ഥനയ്ക്കുശേഷം എല്ലാവരും പൊതുവായ അനുതാപത്തിന്റെ പ്രാർത്ഥന "സർവ്വശക്തനായ ദൈവത്തോടും...." ചൊല്ലുന്നു. ഇതിന്റെ അവസാനം പുരോഹിതൻ പാപമോചനാശീർവാദം നല്കുന്നു. പക്ഷേ, ഈ ആശീർവാദത്തിന് കുമ്പസാരമെന്ന കൂദാശയുടെ ഫലദായകത്വം ഇല്ല.

ഞായറാഴ്ചകളിൽ, പ്രത്യേകിച്ച് ഉയിർപ്പുകാലത്തിൽ, ഈ അനുതാപകർമ്മത്തിനു പകരമായി ജലാശീർവാദവും തളിക്കലും നടത്താവുന്നതാണ്. നാം സ്വീകരിച്ച മാമോദീസയെ ഇത് അനുസ്മരിപ്പിക്കുന്നു.

## "കർത്താവേ കനിയണമേ"

"കർത്താവേ കനിയണമേ" ( Kyrie) ആണ് അടുത്തത്. ഇത് അനുതാപകർമ്മമായി ചേർത്തില്ലായെങ്കിൽ ഈ ഭാഗത്ത് ചൊല്ലുന്നു. കർത്താവിനെ സ്തുതിക്കുകയും അവിടുത്തെ കാരുണ്യം യാചിക്കുകയും ചെയ്യുന്ന ഈ പ്രഘോഷണം എല്ലാവരും ചേർന്നോ, ജനങ്ങളും ഗായകസംഘമോ അല്ലെങ്കിൽ ഗായകനോ മാറിമാറി നടത്തുന്നു. ഓരോ അപേക്ഷയും രണ്ടു പ്രാവശ്യമായി ചൊല്ലുന്നു. അതേസമയം ഭാഷ, സംഗീതം, മറ്റു സാഹചര്യങ്ങൾ മുതലായവ പരിഗണിച്ച് അത് കൂട്ടുകയോ ചെറിയവാക്യങ്ങൾ കൂട്ടിച്ചേർക്കുകയോ ചെയ്യാം.

## "അത്യുന്നതങ്ങളിൽ"

"അത്യുന്നതങ്ങളിൽ" (Gloria) ആണ് അടുത്തഭാഗം. പ. ആത്മാവിൽ കുടിയിരിക്കുന്ന സഭ പിതാവായ ദൈവത്തെയും അവിടുത്തെ വലതുവശത്തിരിക്കുന്ന ദൈവകുഞ്ഞാടിനെയും (ക്രിസ്തുവിനെ

യും) സ്തുതിക്കുകയും അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന പുരാതനവും ആദരണീയവുമായ കീർത്തനമാണിത്. ഇതിനെ ബൈബിളിലില്ലാത്ത സങ്കീർത്തനങ്ങളിൽ ഒന്നായി പരിഗണിക്കുന്നു (non-Biblical psalms). പുതിയ നിയമ കീർത്തനങ്ങളുടെ രീതിയിലാണ് അവയെ നിർമ്മിച്ചിരിക്കുന്നത്. കർത്താവിന്റെ പിറവിത്തിരുനാളിൽ മാലാഖമാർ ആലപിച്ച കീർത്തനമാണിതിന്റെ അടിസ്ഥാനം (ലൂക്കാ 2,14). ഗ്ലോറിയ പാടുന്നത് ആഘോഷത്തിന്റെ അടയാളമായിട്ടാണിപ്പോൾ.

ആഗമനകാലത്തിനും നോമ്പുകാലത്തിനും പുറമെയുള്ള ഞായറാഴ്ചകളിലും മഹോത്സവങ്ങളിലും തിരുനാളുകളിലും പ്രത്യേകാഘോഷാവസരങ്ങളിലും "അത്യുന്നതങ്ങളിൽ" ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു.

## സമിതി പ്രാർത്ഥന (Collet or Openig prayer)

കാർമ്മികൻ തുടർന്ന് ജനങ്ങളെ "നമുക്കു പ്രാർത്ഥിക്കാം" എന്നു പറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുവാൻ ക്ഷണിക്കുന്നു. ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം കൊടുത്തുകൊണ്ട് എല്ലാവരും അല്പനിമിഷം മൗനമായി പ്രാർത്ഥിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനകൾ സ്വരൂപിച്ചുകൊണ്ട് കാർമ്മികൻ അനന്തരം സമിതിപ്രാർത്ഥന ചൊല്ലുന്നു. ഈ പ്രാർത്ഥന ഈ തിരുക്കർമ്മത്തിന്റെ സ്വഭാവം പ്രകടമാക്കുന്നു. ഇത് ദിവ്യബലിയിലെ ആദ്യത്തെ അദ്ധ്യക്ഷപ്രാർത്ഥനയാണ്. സഭാപാരമ്പര്യമനുസരിച്ച് ഈ പ്രാർത്ഥന പിതാവായ ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ട് ക്രിസ്തുവിലൂടെ പ. ആത്മാവിൽ അർപ്പിക്കുന്ന ഒന്നാണ്. ഈ പ്രാർത്ഥനയുടെ അവസാനഭാഗം സുദീർഘമായ വാക്യമുപയോഗിച്ച് ("അങ്ങയോടുകൂടെ...." എന്നു പറഞ്ഞുകൊണ്ട്) പ. ത്രിത്വത്തിൽ സമർപ്പിക്കുന്നു. മറ്റുള്ള പ്രാർത്ഥനകളുടെ (നൈവേദ്യ പ്രാർത്ഥന, ദിവ്യഭോജനപ്രാർത്ഥന) എന്നിവയുടെ അവസാനം ചെറിയവാക്യമാണ് ("കർത്താവായ ക്രിസ്തുവഴി...") ഉപയോഗിക്കുന്നത്. ജനങ്ങൾ ഈ പ്രാർത്ഥന തങ്ങളുടേതായി അംഗീകരിച്ചുകൊണ്ട് "ആമ്മേൻ" എന്നു പറഞ്ഞ് പ്രത്യുത്തിരിക്കുന്നു. അങ്ങനെ പ്രാരംഭകർമ്മങ്ങൾ സമിതിപ്രാർത്ഥനയോടെ തീരുന്നു. വചനകർമ്മത്തിലേക്കുള്ള കടക്കലിനുവേണ്ടിയാണീ പ്രാർത്ഥന.

## തിരുവചനകർമ്മം

ആരാധനാക്രമത്തിൽ വചനപ്രഘോഷണത്തിനും വചനം പങ്കുവയ്ക്കലിനും സുപ്രധാനമായ സ്ഥാനമാണുള്ളത്. തിരുവചനശുശ്രൂഷയില്ലാതെ ഒരു ആരാധനാക്രമവുമില്ല. വത്തിക്കാൻ കൗൺസിൽ പറയുന്നു "ദൈവവചനത്തിന്റെ മേശയിൽനിന്നു പോഷകപ്രദങ്ങളായ വിഷയങ്ങൾ ധാരാളമായി ലഭിക്കാൻവേണ്ടി വിശുദ്ധ ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനംചെയ്യണം. ഇതിനുവേണ്ടി ഒരു നിശ്ചിത കാലയളവിനുള്ളിൽ വിശുദ്ധഗ്രന്ഥത്തിൽനിന്ന് മുഖ്യഭാഗവും അവർക്ക് വായിച്ചുകൊടുക്കണം". (Sacrosanctum Councilium 51) ദിവ്യബലിയെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഗ്രന്ഥവായനകളും സങ്കീർത്തനങ്ങലും മാത്രമല്ല, എല്ലാ പ്രാർത്ഥനകളും തിരുകർമ്മഗീതങ്ങളും ബൈബിൾ അധിഷ്ഠിതമാണ്.

റോമൻ ദിവ്യപൂജാഗ്രന്ഥത്തിന്റെ പൊതുനിർദ്ദേശത്തിൽ പറയുന്നു: വായനകളിലൂടെയും പ്രസംഗത്തിലുള്ള അവയുടെ വിശദീകരണത്തിലൂടെയും ദൈവം തന്റെ ജനത്തോടു പരിത്രാണത്തെയും വീണ്ടെടുപ്പിനെയുംപറ്റി സംസാരിക്കുകയും (SC 33) അവരുടെ ആദ്ധ്യാത്മിക ചൈതന്യം പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തു തന്റെ വചനത്തിലൂടെ വിശ്വാസികളുടെ മദ്ധ്യേ സന്നിഹിതനാണ് (SC 7).

ആരാധനാക്രമം സംബന്ധിച്ച പ്രമാണരേഖ 34,1-ൽ പറയുന്നതുപോലെ തിരുക്കർമ്മങ്ങളിൽ വിശുദ്ധഗ്രന്ഥത്തിൽനിന്ന് വൈവിധ്യമാർന്നതും അവസരോചിതവുമായ കൂടുതൽ വായനകൾ ഉണ്ടാവണം എന്ന ആശയം സ്വീകരിച്ചുകൊണ്ടാണ് പുതിയ വേദപാഠകം (Lectionary) തയ്യാറാക്കിയിട്ടുള്ളത്.

## ഞായറാഴ്ചകളിലെയും കടപ്പെട്ട തിരുനാളുകളിലെയും വേദപാഠകങ്ങൾ

ഞായറാഴ്ചകളിലെയും കടമുള്ള തിരുനാളുകളിലെയും വായനകൾക്ക് താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

1) എല്ലാ ദിവ്യബലിയ്ക്കും മൂന്ന് വായനകളുണ്ട്. ആദ്യത്തേത് പഴയ നിയമത്തിൽനിന്നായിരിക്കും. രണ്ടാമത്തേത് അപ്പോസ്തലന്മാരുടെ ലേഖനങ്ങളിൽനിന്നോ വെളിപാടിന്റെ പുസ്തകത്തിൽനിന്നോ (ആരാധനാക്രമവർഷത്തിന്റെ കാലക്രമം ദീക്ഷിക്കണം) ആയിരിക്കും. മൂന്നാമത്തേത് സുവിശേഷങ്ങളിൽനിന്നായിരിക്കും. അങ്ങനെ പുതിയ ക്രമം പുതിയ നിയമത്തിന്റെയും അടിസ്ഥാനപരമായ ഐക്യത്തെയും ക്രിസ്തുകേന്ദ്രീകൃതമായ രക്ഷാകരചരിത്രത്തെയും സമ്യക്കായി വെളിവാക്കുന്നു.

2) ഓരോ വർഷത്തിനും A,B,C എന്നു പേരിട്ടിരിക്കുന്നു. മൂന്നു

കൊണ്ട് വിഭജിക്കാവുന്ന അക്കമുള്ള വർഷം C ആയി പരിഗണിക്കുന്നു.

3) കടമുള്ള ദിവസങ്ങളിലെ വായനകൾ രണ്ട് പ്രധാന ആശയങ്ങൾ കേന്ദ്രീകരിച്ചാണ് ക്രമീകരിച്ചിട്ടുള്ളത്. (1) പ്രമേയപൊരുത്തം (2) ഏകദേശ തുടർവായന. ഇവിടെ ആരാധനാക്രമവർഷത്തിന്റെ കാല (Season) മാണ് മാനദണ്ഡമാക്കേണ്ടത്.

4) പുതിയനിയമ വായനകളുമായുള്ള പ്രത്യേകിച്ച് സുവിശേഷ വായനയുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പഴയനിയമ വായനകൾ തിരഞ്ഞെടുത്തിരിക്കുന്നത്.

ആഗമനകാലം, നോമ്പുകാലം, ഉയിർപ്പുകാലം എന്നിവയ്ക്കുള്ള വായനയ്ക്ക് പൊതുവായ പ്രമേയങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ആണ്ടുവട്ടത്തിലെ ഞായറാഴ്ച വായനകൾക്ക് പൊതുവായ പ്രമേയങ്ങൾ നിർബന്ധിതമാക്കുന്നില്ല. സുവിശേഷവും ലേഖനവും ഏകദേശ തുടർവായനക്രമത്തിലുള്ളതായിരിക്കും. സുവിശേഷത്തോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് പഴയനിയമഭാഗങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നത്.

### വായനകളുടെ ക്രമീകരണത്തിൽ സ്വീകരിച്ചിരിക്കുന്ന മറ്റു മാനദണ്ഡങ്ങൾ

പാഠകങ്ങളുടെ പ്രധാന ആശയത്തിന്റെയും, ആരാധനക്രമ പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ ചില വേദപാഠകങ്ങൾ ചില പ്രത്യേക കാലങ്ങളിലേക്ക് മാറ്റിവച്ചിരിക്കുന്നു. പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങളിൽ പൊതുവെ ഉയിർപ്പുകാലത്തിൽ അപ്പസ്തോലന്മാരുടെ നടപടിയാണ് വായിച്ചുപോരുന്നത്. ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിൽ നിന്നാണ് തിരുസഭ ഉടലെടുക്കുന്നതും ജീവൻ പ്രാപിക്കുന്നതും എന്നസത്യം ഇതിലൂടെ നിതരാം വ്യക്തമാകുന്നു.

നോമ്പുകാലത്തിലെ അവസാന ആഴ്ചകളിലും ഉയിർപ്പുകാലം മുഴുവനും യോഹന്നാന്റ സുവിശേഷം ക്രിസ്തു രഹസ്യം കൂടുതൽ ആഴത്തിൽ പ്രതിപാദിക്കുന്ന ആദ്ധ്യാത്മിക സുവിശേഷമാണ്.

ഇസയാസ് പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള വായന, പ്രത്യേകിച്ച് ആദ്യഭാഗം, ആഗമനകാലത്താണ് പരമ്പരാഗതമായി വായിക്കാറുള്ളത്. ഈ പുസ്തകത്തിൽ നിന്നുള്ള വായനകൾ യോഹന്നാന്റെ ഒന്നാമത്തെ ലേഖനത്തോടൊപ്പം, ക്രിസ്തുമസ് കാലത്തും വായിക്കുന്നു.





### വായനകൾക്കിടയിലെ ഗീതകങ്ങൾ (Chants)

റോമൻ പൂജാഗ്രന്ഥത്തിന്റെ പൊതുനിർദ്ദേശപ്രകാരം (General Instruction of the Roman Missal 36-40), A) ഓരോ വായനയ്ക്കു ശേഷവും ഒരു ഗീതകമുണ്ടായിരിക്കും. ഏറ്റവും പ്രധാനപ്പെട്ടത് ആദ്യ വായനയ്ക്ക് ശേഷമുള്ള സങ്കീർത്തനമാണ്. വിശുദ്ധരുടെ തിരുനാളിന്റെയും, കർമ്മാനുഷ്ഠാന പൂജയുടെയും (Ritual Masses) ഭക്തി പൂജകളുടെയും (Votive Masses) വിവിധ സന്ദർഭങ്ങളിലുള്ള പൂജകളുടെയും പാഠകങ്ങളൊഴിച്ച്, സാധാരണഗതിയിൽ, വായനയോട് ബന്ധപ്പെട്ട കീർത്തനമാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

സങ്കീർത്തനം ആലപിക്കുന്നതിൽ ജനങ്ങൾക്ക് സുഗമമായി പങ്കുചേരുന്നതിനുവേണ്ടി, ആരാധനാക്രമവർഷത്തിന്റെ വിവിധ അവസരങ്ങളിലും, വിശുദ്ധരുടെ തിരുനാളിലും തിരഞ്ഞെടുത്ത കുറച്ച് പാഠകങ്ങളും പ്രതിവചനങ്ങളും സ്വീകരിക്കാവുന്നതാണ്.

രണ്ടാമത്തെ വായനയ്ക്കും സുവിശേഷത്തിനുമിടയ്ക്കുള്ള ഗീതകം (പ്രഭണിതം) ദിവ്യബലിക്ക് പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ളതോ സുവിശേഷവുമായി ബന്ധമുള്ളതോ ആയിരിക്കും. അതുമല്ലെങ്കിൽ പ്രത്യേക കാലത്തിലോ പൊതുവായ ആഘോഷങ്ങളിലോ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പാഠകങ്ങളുടെ ഗണത്തിൽനിന്നായിരിക്കും.

### ഇടദിവസങ്ങളിലെ വായനകൾ

#### പ്രത്യേക കാലങ്ങളിൽ

ആഗമനകാലത്തിൽ പ്രത്യേകിച്ച് ഡിസംബർ 16 വരെ ഇസയാസ് പ്രവാചകന്റെ പുസ്തകത്തിൽനിന്ന് സന്തോഷപ്രദവും പ്രതീക്ഷാനിർഭരവുമായ പ്രവചനങ്ങൾ ഏതാണ്ട് തുടർവായനയായി വായിക്കുന്നു. ആഗമനകാലത്തിന്റെ ആരംഭദിനങ്ങളിൽ ഇസയാസിന്റെ പ്രവചനങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് സുവിശേഷഭാഗങ്ങൾ എടുത്തിരിക്കുന്നത്. 2-ാം ആഴ്ചയിലെ വ്യാഴാഴ്ചയോടെ സ്നാപകയോഹന്നാന്റെ ദൗത്യത്തെ വിളിച്ചോതുന്ന ഭാഗങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നു.

ക്രിസ്തുമസ് കാലത്തിലെ ഇടദിവസങ്ങളിൽ യോഹന്നാന്റെ 1-ാം ലേഖനത്തിൽനിന്നാണ് വായിക്കുന്നത്. പ്രത്യക്ഷീകരണത്തിരുനാൾവരെ, യേശുവിന്റെ പരസ്യജീവിതാരംഭത്തിലെ വിവിധ വെളിപ്പെടുത്തലിനെ പ്രതിപാദിക്കുന്ന സുവിശേഷഭാഗങ്ങളാണ് എടുത്തിരിക്കുന്നത്.

നോമ്പുകാലത്തിൽ, ആദ്യവായന പഴയനിയമത്തിൽനിന്നായിരിക്കും. ഈ കാലയളവിൽ ഒന്നാമത്തെ വായനയും സുവിശേഷവുമെല്ലാം നോമ്പുകാലത്തിലെ പ്രധാനാശയങ്ങളായ മാനസാന്തരത്തിലേക്കുള്ള വിളിയും അനുതാപവും പ്രതിപാദിക്കുന്ന ഭാഗങ്ങളാണ് എടുത്തിരിക്കുന്നത്. മൂന്നാം ആഴ്ചവരെ സമാന്തര സുവിശേഷങ്ങളിൽനിന്നാണ് വായിക്കുന്നത്. നാലാം ആഴ്ചമുതൽ യോഹന്നാന്റെ സുവിശേഷത്തിൽനിന്നുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്.

ഉയിർപ്പുകാലത്തിൽ, അപ്പോസ്തലന്മാരുടെ നടപടിയിൽനിന്നാണ് ആദ്യവായന വായിക്കുന്നത്. ഉയിർപ്പ് അഷ്ഠദിനങ്ങളിൽ (Easter Octave) ഉത്ഥിതനായ ക്രിസ്തുനാഥന്റെ പ്രത്യക്ഷപ്പെടലിനെ പരാമർശിക്കുന്ന സുവിശേഷഭാഗങ്ങളാണ് വായിക്കുന്നത്. അതിനുശേഷം, യോഹന്നാന്റെ സുവിശേഷത്തിൽനിന്നും അതായത് നോമ്പുകാലത്തിലെ ഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ട് പെസഹാ സന്തോഷം പ്രഖ്യാപിക്കുന്ന ഭാഗങ്ങളായ ആറാം അദ്ധ്യായവും പൗരോഹിത്യ പ്രാർത്ഥനയും ഏതാണ്ട് ഒരു തുടർവായനയായി വായിക്കുന്നു.

### ആണ്ടുവട്ടത്തിൽ (Ordinary time)

ആണ്ടുവട്ടത്തിൽ (Ordinary time) സുവിശേഷഭാഗങ്ങൾ ഏതാണ്ട് സ്ഥിരമാണ്. മർക്കോസിന്റെ സുവിശേഷത്തിൽനിന്ന് 1 മുതൽ 9 വരെയുള്ള ആഴ്ചകളിലും, മത്തായിയുടേതിൽനിന്ന് 10 മുതൽ 21 വരെയുള്ള ആഴ്ചകളിലും ലൂക്കായുടേതിൽനിന്ന് 22 മുതൽ 34 വരെയുള്ള ആഴ്ചകളിലും വായിക്കുന്നു. ആദ്യവായന ഒറ്റ, ഇരട്ട വർഷമനുസരിച്ച് മാറിമാറിക്കൊണ്ടിരിക്കും. ഓരോ വർഷവും പഴയ നിയമവും പുതിയ നിയമവും മാറിമാറി വായിക്കുന്നു. ക്രിസ്തുവിന്റെ വരവിനു മുമ്പുള്ള, രക്ഷാകരചരിത്രത്തിന്റെ ഒരു പൊതുവായ രൂപം കിട്ടത്തക്കവിധത്തിലാണ് പഴയനിയമവായനകൾ തിരഞ്ഞെടുത്തിരിക്കുന്നത്.

### സുവിശേഷപ്രഭാഷണം (Homily)

സുവിശേഷപ്രഘോഷണത്തിനുശേഷം സ്വാഭാവികമായി വരുന്ന ഭാഗമാണിത്. സുവിശേഷപ്രഭാഷണം ദിവ്യബലിയിലെ അവിഭാജ്യഘടകവും ക്രിസ്തീയ ജീവിത പോഷണത്തിന് അത്യാവശ്യ ഉറവിടവുമാണ്. മുഖ്യ കാർമ്മികനും ഏതെങ്കിലും സഹകാർമ്മികനും ഈ പ്രഭാഷണം നല്കുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഡീക്കനും സുവിശേഷ പ്രഭാഷണം നടത്താവുന്നതാണ്. പ്രഘോ





ഷിച്ച വചനത്തെ അവിടെ കൂടിയിരിക്കുന്ന വിശ്വാസികൾക്ക് അവരുടെ ജീവിതപശ്ചാത്തലത്തിൽ വിവരിച്ചു കൊടുക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതുകൊണ്ട്, അത് വായനകളിലെ ഏതെങ്കിലും പ്രധാന ആശയമോ, ദിവ്യപൂജയിലെ ഏതെങ്കിലും ഭാഗമോ, ആ ദിവസത്തെ ദിവ്യബലിയിലെ പ്രാർത്ഥനകളോ, അവിടെ അനുസ്മരിക്കുന്ന ദിവ്യരഹസ്യമോ വിശുദ്ധീകരിക്കുന്നതായിരിക്കണം.

ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ജനങ്ങൾ ധാരാളമായി അണയുന്ന തിരുനാൾ ദിനങ്ങളിലും മറ്റു ദിവസങ്ങളിലും പ്രത്യേകിച്ച് ആഗമനകാലം, നോമ്പുകാലം, പെസഹാക്കാലം എന്നിവയിലെ ഇടദിവസങ്ങളിലും ഇത് നടത്തേണ്ടതാണ്.

### വിശ്വാസപ്രഖ്യാപനം (Credo)

പ്രഘോഷിക്കപ്പെട്ടതും വിശദീകരിക്കപ്പെട്ടതുമായ വചനത്തിനുള്ള വിശ്വാസികൾ ഒരുമിച്ച് നല്കുന്ന പ്രത്യുത്തരവും അംഗീകാരവുമാണ് ഈ പ്രഖ്യാപനം. ആരംഭകാലത്ത് ഇത് ക്രിസ്തീയ ഉപക്രമത്തിന്റെ (പ്രത്യേകിച്ച് മാമോദീസായുടെ) ഭാഗമായിരുന്നു. നൈസിയൻ കൗൺസിലും (321), ഒന്നാമത്തെ കോൺസ്റ്റന്റ് നോപ്പിൾ കൗൺസിലും (381), നിർദ്ദേശിച്ചതും പ്രഖ്യാപിച്ചതും പിന്നീട് കാൽസിദോനിയൻ കൗൺസിലിൽ (451) സ്ഥിരീകരിച്ചതുമായ വിശ്വാസപ്രമാണത്തിന്റെ രൂപമാണ് കുർബാനയിൽ ഉപയോഗിക്കുന്നത്. ആറാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഇത് കുർബാനയിൽ ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും പതിനൊന്നാം നൂറ്റാണ്ടു മുതലാണ് സഭയിലാകമാനം ഔദ്യോഗികമായ ദിവ്യബലിയിൽ ഉപയോഗിച്ചുതുടങ്ങിയത്. ഇപ്പോൾ, ഞായറാഴ്ചകളിലും മഹോത്സവങ്ങളിലും (Solemnities), പ്രാദേശികമായ തിരുനാൾ ആഘോഷാവസരത്തിലും ഇത് പാടുകയോ ചൊല്ലുകയോ ചെയ്യേണ്ടതാണ്. കുട്ടികൾക്കായുള്ള കുർബാനയിൽ അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണം (Apostles' Creed) ഉപയോഗിക്കാവുന്നതാണ്. പെസഹാജാഗരത്തിലും, ജ്ഞാനസ്നാനത്തോടെയുള്ള കുർബ്ബാനയിലും ചോദ്യോത്തര രൂപത്തിലുള്ള വിശ്വാസപ്രമാണം ഉപയോഗിക്കുന്നു.

### വിശ്വാസികളുടെ പ്രാർത്ഥന (General Intercessions or Prayer of the Faithful)

വചനശുശ്രൂഷയിലെ അവസാനഭാഗവും, സ്തോത്രയാഗ ശുശ്രൂഷയിലേക്കുള്ള കവാടവുമാണിത്. വചനം പ്രഘോഷിക്കുകയും അതിലുള്ള വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം

വിശ്വാസികൾ അവരുടെ ജ്ഞാനസ്നാന പൗരോഹിത്യ ശുശ്രൂഷ യുടെ അടിസ്ഥാനത്തിൽ മനുഷ്യകുലം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കുകയാണിവിടെ. അതുകൊണ്ട് ആദ്യകാലങ്ങളിൽ ഈ പ്രാർത്ഥനയിൽ അവിശ്വാസികളെയും ജ്ഞാനസ്നാനാർത്ഥിക ളെയും പങ്കെടുപ്പിച്ചിരുന്നില്ല. വിശ്വാസികളുടെ പ്രാർത്ഥനയുടെ ക്രമം ഇപ്രകാരമാണ്:-

തിരുസഭയുടെ ആവശ്യങ്ങൾക്കുവേണ്ടി, രാഷ്ട്രഭരണാധികാരി കൾക്കും ലോകരക്ഷയ്ക്കും വേണ്ടി, വിഷമതകൾ അനുഭവിക്കു ന്നവർക്കുവേണ്ടി, ആ സ്ഥലത്തെ സമൂഹത്തിനുവേണ്ടി.

മുഖ്യകാർമ്മികൻ ഈ പ്രാർത്ഥനയുടെ ആരംഭവും അവസാ നവും നിർവ്വഹിക്കുന്നു. നിയോഗങ്ങൾ ഡീക്കനോ അല്ലെങ്കിൽ ഒരു ശുശ്രൂഷിയോ അതുമല്ലെങ്കിൽ സമൂഹത്തിലെ ഏതെങ്കിലും ഒരു വ്യക്തിയോ സമർപ്പിക്കുന്നു. ഓരോ നിയോഗത്തിന്റെയും അവ സാനം എല്ലാവരും ഒരു പൊതുവായ പ്രതിവചനം ചൊല്ലുകയോ, അല്ലെങ്കിൽ മൗനമായി പ്രാർത്ഥിക്കുകയോ ചെയ്യുന്നു.

### സ്തോത്രയാഗകർമ്മം

**ദി**വ്യബലിയിലെ രണ്ടാമത്തെ പ്രധാനഘടകമാണിത്. മുഴുവൻ തിരുക്കർമ്മത്തിന്റെയും ഉറവിടവും ഉച്ചിയുമാണ് ഈ ഭാഗം, പ്രത്യേ കിച്ച് സ്തോത്രയാഗപ്രാർത്ഥന (Eucharistic Prayer). ക്രിസ്തുനാ ഥൻ അന്ത്യ അത്താഴസമയത്ത് പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളാണ് ഈ ഭാഗത്തു അനുസ്മരിക്കുന്നത്. അവിടുന്ന് അപ്പ മെടുത്ത് പറഞ്ഞു: "വാങ്ങി ഭക്ഷിക്കുവിൻ; ഇതെന്റെ ശരീരമാകുന്നു." പാനപാത്രമെടുത്തു പറഞ്ഞു: "വാങ്ങി കുടിക്കുവിൻ; ഇതെന്റെ രക്ത മാകുന്നു. ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ." പിന്നീട് അവി ടുന്ന് അവ ശിഷ്യന്മാർക്കു നല്കി. ഈ സ്തോത്രയാഗകർമ്മത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളുണ്ട്.

a. കാഴ്ചദ്രവ്യങ്ങൾ തയ്യാറാക്കൽ: അപ്പവും വീഞ്ഞും വെള്ളവും അൾത്താരയിലേക്ക് കൊണ്ടുവരുന്നു.
b. സ്തോത്രയാഗപ്രാർത്ഥന: രക്ഷാകരചിത്രത്തിനു മുഴുവൻ ദൈവത്തോടു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടുള്ള പ്രാർ ത്ഥനയാണിത്.
c. ദിവ്യകാരുണ്യസ്വീകരണകർമ്മം: അപ്പംമുറിക്കൽ ശുശ്രൂഷയി ലൂടെ ക്രിസ്തുവിന്റെ കരങ്ങളിൽനിന്ന് അപ്പോസ്തലന്മാർ സ്വീകരിച്ചതുപോലെ വിശ്വാസികൾ ഒരുക്കത്തോടെ ദിവ്യ കാരുണ്യം സ്വീകരിക്കുകവഴി ക്രിസ്തുവിന്റെ ശരീരരക്തങ്ങൾ ഉൾക്കൊള്ളുന്നു.





### കാഴ്ചദ്രവ്യങ്ങൾ തയ്യാറാക്കൽ

ഈ ഭാഗത്തോടുകൂടിയാണ് കുർബാനയുടെ പ്രധാനപ്പെട്ട രണ്ടാം ഭാഗത്തേക്കു കടക്കുന്നത്. കുറേ വർഷങ്ങളോളം ഈ ഭാഗത്തെ കാഴ്ചവയ്പ്പ് (offertory) എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ നല്ക പ്പെട്ടിരിക്കുന്ന ഈ പദമാണ് ഇതിന്റെ ലക്ഷ്യത്തോട് കൂടുതൽ അടു ത്തിരിക്കുന്നത്.

ഈ കർമ്മത്തിന്റെ ആരംഭത്തിൽ കാഴ്ചദ്രവ്യങ്ങളായ അപ്പവും വീഞ്ഞും വെള്ളവും അൾത്താരയിലേക്ക് കൊണ്ടുവരുന്നു. ഇവ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്ന വിശ്വാസികളെയാണ് പ്രതിനി ധാനം ചെയ്യുന്നത്. ഈ കാഴ്ചദ്രവ്യങ്ങൾ ബലിപീഠത്തിൽ സമർപ്പി ക്കുന്നതുവഴി അവർ തങ്ങളെത്തന്നെയാണ് ക്രിസ്തുവിന്റെ ബലി യോട് ചേർത്ത് ദൈവത്തിന് സമർപ്പിക്കുന്നത്. ഇതിന് മുന്നോടി യായി കർത്താവിന്റെ വിരുന്നുമേശയായ അൾത്താര ഒരുക്കുന്നു; കൃതജ്ഞതാബലിയുടെ കേന്ദ്രസ്ഥലമാണ് അൾത്താര. തിരശ്ശീല (Corporal), മാർജ്ജനശീല (purificator). കാസ, ദിവ്യപൂജാഗ്രന്ഥം എന്നിവ ബലിപീഠത്തിന്മേൽ അവയുടെ ഉപയോഗമനുസരിച്ച് വയ്ക്കുന്നു. അതിനുശേഷം കാഴ്ചദ്രവ്യങ്ങളായ അപ്പവും, വെള്ളംകലർത്തിയ വീഞ്ഞും തിരശ്ശീലയിൽ വയ്ക്കുന്നു. അപ്പവും വീഞ്ഞും വിശ്വാസികൾ കൊണ്ടുവരുന്നത് അഭിലഷണീയമാണ്. വലിയ ആഘോഷവേളയിൽ വിശ്വാസികൾ കാഴ്ചവയ്പ്പു പ്രദ ക്ഷിണം നടത്തുന്നു. ദിവ്യപൂജയ്ക്കുള്ള കാഴ്ചവസ്തുക്കൾക്കു പുറമെ ദൈവാലയ നടത്തിപ്പിനും പാവപ്പെട്ടവർക്കും ആവശ്യമായ പണമോ മറ്റു വസ്തുക്കളോ പ്രദക്ഷിണമായി കൊണ്ടുവരുന്നു. അവ ഉചിതമായ സ്ഥലത്തു വയ്ക്കുന്നു (അൾത്താരയിലല്ല).

കാഴ്ചവെച്ചു പ്രദക്ഷിണസമയത്താണ് കാഴ്ചവയ്പു ഗാനം ഗായ കസംഘത്തോടൊപ്പം ജനങ്ങളെല്ലാവരും ആലപിക്കുന്നത്. മറ്റു പ്രദ ക്ഷിണഗാനങ്ങൾപോലെ ഈ ഗാനവും പ്രദക്ഷിണം ആരംഭിക്കു മ്പോൾ നടത്തുകയും പ്രദക്ഷിണം അവസാനിക്കുമ്പോൾ തീരു കയും ചെയ്യുന്നു. സമർപ്പണത്തിന്റെ ഗാനമായിരിക്കണം (presen- tation song) ഇവിടെ ആലപിക്കുന്നത്.

വൈദികൻ അപ്പമെടുത്ത് ഉയർത്തി കൃതജ്ഞതാപ്രാർത്ഥന - "എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ..." പതിഞ്ഞ സ്വര ത്തിൽ ചൊല്ലുന്നു. അതുപോലെതന്നെ വെള്ളം കലർത്തിയ വീഞ്ഞും ഉയർത്തി കൃതജ്ഞതാ പ്രാർത്ഥന ചൊല്ലുന്നു. പ്രപഞ്ച സൃഷ്ടിക്കും പ്രത്യേകിച്ച് ഈ അപ്പവും വീഞ്ഞിനും മാത്രമല്ല ഭൂമി

യിലെ എല്ലാഫലങ്ങൾക്കും നന്ദിപറയുന്ന ഈ പ്രാർത്ഥനകൾ യഹൂദരുടെ കൃതജ്ഞതാപ്രാർത്ഥനയുടെ (berakoth) രൂപത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

വെള്ളവും വീഞ്ഞും കലർത്തുന്ന അവസരത്തിൽ ഡീക്കനോ അല്ലെങ്കിൽ വൈദികനോ വെള്ളവും വീഞ്ഞും സൂചിപ്പിക്കുന്ന ദിവ്യരഹസ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. അവ ഒന്നാകുന്നതുപോലെ നമ്മളും ക്രിസ്തുവിൽ ഒന്നാകുന്നതിനെ അതു സൂചിപ്പിക്കുന്നു. മാത്രമല്ല നമ്മുടെ പ്രകൃതിയിൽ പങ്കാളിയായ ക്രിസ്തു നമ്മെ എല്ലാവരെയും അവിടുത്തെ ദൈവികപ്രകൃതിയിലും പങ്കാളിയാക്കുന്നതിനും വേണ്ടിയുള്ള കർമ്മമാണത്.

ധൂപം ഉപയോഗിക്കുന്ന അവസരത്തിൽ കാഴ്ചദ്രവ്യങ്ങളെയും ബലിപീഠത്തെയും കുരിശിനെയും വൈദികൻ ധൂപിക്കുന്നു. അതിനുശേഷം ഡീക്കനോ, മറ്റു ശുശ്രൂഷകനോ പുരോഹിതനെയും ജനത്തെയും ധൂപിക്കുന്നു. ദൈവജനത്തിന്റെ കാഴ്ചകളും പ്രാർത്ഥനകളും ധൂപശകലങ്ങൾ ഉയരുന്നതുപോലെ ദൈവസന്നിധിയിലേക്ക് ഉയർത്തുവാൻ വേണ്ടിയാണിത്. മാത്രമല്ല, കുർബാനയുടെ പ്രധാനഭാഗമായ സ്തോത്രയാഗകർമ്മത്തിലേക്ക് കടക്കുന്നതിനാവശ്യമായ ആന്തരികശുദ്ധീകരണത്തെയും അത് പ്രതിനിധാനം ചെയ്യുന്നു. കൂടാതെ, പുരോഹിതന്റെ വ്യക്തിപരമായ പ്രാർത്ഥനകൾ "കർത്താവേ പശ്ചാത്തപിക്കുന്ന..." എന്ന പ്രാർത്ഥനയും കൈകഴുകുമ്പോൾ ചൊല്ലുന്ന "കർത്താവേ, എന്റെ മാലിന്യ..." പ്രാർത്ഥനയും (സങ്കീ 51,2) കാർമ്മികന്റെ ആന്തരികവിശുദ്ധീകരണത്തെയും ഒരുക്കത്തെയുമാണ് സൂചിപ്പിക്കുന്നത്.

തന്നോടൊപ്പം പ്രാർത്ഥിക്കുവാൻ കാർമ്മികൻ "പ്രിയ സഹോദരരേ.." എന്നു പറഞ്ഞുകൊണ്ട് എല്ലാവരെയും ക്ഷണിക്കുന്നു. എല്ലാവരും ചേർന്നർപ്പിക്കുന്ന ഈ സ്ത്രോത്രയാഗം ദൈവത്തിനു പ്രീതികരമായിത്തീരുന്നതിനുവേണ്ടിയുള്ള ആഹ്വാനമാണത്. ഇവിടെ "എന്റെയും നിങ്ങളുടെയും ബലി" എന്നുള്ളത് ശുശ്രൂഷാ പൗരോഹിത്യത്തെയും വിശ്വാസികളുടെ പൊതു (രാജകീയ) പൗരോഹിത്യത്തെയും സൂചിപ്പിക്കുന്നു.

കർത്താവിന്റെ മഹത്വത്തിനും സഭയാകമാനമുള്ള നന്മയ്ക്കും കർത്തൃ പ്രതിനിധിയായ കാർമ്മികനിലൂടെ ദൈവത്തിന് സ്വീകാര്യമായിത്തീരട്ടെയെന്ന് ജനം പ്രത്യുത്തരിക്കുന്നു.





## നൈവേദ്യപ്രാർത്ഥന (Prayer over the gifts)

പ്രവേശനപ്രദക്ഷിണവും പ്രാരംഭകർമ്മവും സമിതിപ്രാർത്ഥനയോടെ അവസാനിക്കുന്നതുപോലെ, ദിവ്യകാരുണ്യപ്രദക്ഷിണവും സ്വീകരണവും ദിവ്യഭോജനപ്രാർത്ഥനയോടെ അവസാനിക്കുന്നതുപോലെ, കാഴ്ചവെയ്പുപ്രദക്ഷിണവും കാഴ്ചവെയ്പും നൈവേദ്യപ്രാർത്ഥനയോടെ അവസാനിക്കുന്നു. അതിന്റെ ഉള്ളടക്കം പ്രധാനമായും കാഴ്ചദ്രവ്യങ്ങൾ ദൈവത്തിന് സമർപ്പിക്കുക, അവ സ്വീകരിക്കണമെന്ന് യാചിക്കുക മുതലായവയാണ്. ക്രിസ്തുവിലൂടെയാണ് ഈ പ്രാർത്ഥന ദൈവത്തിന് സമർപ്പിക്കുന്നത് (through Christ our Lord). ജനങ്ങൾ "ആമ്മേൻ" എന്നു പ്രത്യുത്തരമായി പറഞ്ഞുകൊണ്ട് ആ പ്രാർത്ഥന അംഗീകരിച്ചുകൊണ്ട് വൈദികനോടൊപ്പം ദൈവത്തിന് സമർപ്പിക്കുന്നു.

## സ്തോത്രയാഗപ്രാർത്ഥന (Eucharistic Prayer)

തിരുകർമ്മങ്ങളുടെ കേന്ദ്രസ്ഥാനവും ഉച്ചിയുമാണത്. കൃതജ്ഞതാ പ്രകടനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പ്രാർത്ഥനയാണത്. പ്രാരംഭസംഭാഷണത്തിലൂടെ, "ഹൃദയം കർത്താവിലേക്ക്", കാർമ്മികൻ ജനങ്ങളുടെ ഹൃദയങ്ങൾ പ്രാർത്ഥനയിലും നന്ദിപ്രകാശനത്തിലും ദൈവത്തിലേക്ക് ഉയർത്തുവാൻ ക്ഷണിക്കുന്നു. ജനങ്ങളുടെ നാമത്തിൽ ക്രിസ്തുവിലൂടെ പിതാവായ ദൈവത്തിന് കാർമ്മികൻ അർപ്പിക്കുന്ന പ്രാർത്ഥനയാണത്. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ നന്ദിനിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കുന്നതിനും കൃതജ്ഞതാബലി അർപ്പിക്കുന്നതിനുമുള്ള സമയമാണത്.

എല്ലാ സ്തോത്രയാഗപ്രാർത്ഥനകളുടെയും പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

**i. ആമുഖഗീതി (Preface)**

**ii. പരിശുദ്ധൻ (Sanctus)**

**iii. എപ്പിക്ലേസിസ് (Epiclesis):** ഈ ഗ്രീക്കുപദത്തിന്റെ വാച്യാർത്ഥം "സംബോധനം", "ആമന്ത്രണം" മുതലായവയാണ്. കുർബാനയിൽ ഈ പദം ഉപയോഗിക്കുന്നത് ദിവ്യബലിയിലെ കാഴ്ചദ്രവ്യങ്ങളായ അപ്പവും വീഞ്ഞിന്റെയും മുകളിൽ പരിശുദ്ധാത്മാവിനെ ആമന്ത്രണം ചെയ്യിക്കുന്നതിനെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലാണ് ഈ കാഴ്ചദ്രവ്യങ്ങൾ കർത്താവിന്റെ ശരീരരക്തങ്ങളായിത്തീരുന്നത്. ഇതിനെ ഒന്നാമത്തെ എപ്പിക്ലേസിസ് എന്നു വിളിക്കുന്നു (consecratory Epiclesis). കർത്താവിന്റെ ശരീര

രക്തങ്ങളുടെ സ്വീകരണംവഴി വിശ്വാസികളേവരും ക്രിസ്തുവിൽ ഒരു ശരീരവും ഒരാത്മാവുമായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ ആമന്ത്രണം വിശ്വാസികളുടെ മേലും യാചിക്കുന്നു. ഇതാണ് രണ്ടാമത്തെ എപ്പിക്ലേസിസ് (Communion Epiclesis). ആദ്യത്തേതിന്റെ തുടർച്ചയും പൂർണ്ണതയുമാണ് രണ്ടാമത്തേത്.

**iv. ദിവ്യബലി സ്ഥാപനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും വിവരണം (Institution narrative)**

**v. അനാമ്നേസിസ് (Anamnesis):** അനാമ്നേസിസ് എന്ന ഗ്രീക്കുപദത്തിന് "സ്മരണ", "ഓർമ്മ" എന്നെല്ലാം വാച്യാർത്ഥങ്ങൾ ഉണ്ടെങ്കിൽത്തന്നെയും അവയെക്കാൾ വലിയ അർത്ഥവ്യാപ്തിയാണ് അതിനുള്ളത്. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെ അനുസ്മരിക്കുന്നതിനാണ് ഈ പദം കുർബാനയിൽ ഉപയോഗിക്കുന്നത്. അതുകൊണ്ട് അത് സജീവ ഓർമ്മയാണ്. സ്തോത്രയാഗപ്രാർത്ഥനയിൽ ദൈവത്തിന്റെ രക്ഷാകരചരിത്രത്തെ, പ്രത്യേകമായി അതിന്റെ സാക്ഷാത്കരണമായ ക്രിസ്തുവിന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മയാണ് കുർബാനയിൽ ആഘോഷിക്കുന്നത്

**vi. ബലി അർപ്പണം**

**vii. മദ്ധ്യസ്ഥപ്രാർത്ഥനകൾ**

**viii. അവസാന സ്തോത്രഗീതം (doxology)**

## ആമുഖഗീതി (Preface)

ആമുഖഗീതിക്ക് രണ്ട് ഭാഗങ്ങളുണ്ട്: a. പ്രാരംഭസംഭാഷണം, b. കൃതജ്ഞാതാഗീതം

### പ്രാരംഭസംഭാഷണം (Initial dialogue)

ക്രിസ്തീയ പാരമ്പര്യത്തിന്റെ ആരംഭംമുതൽതന്നെ എല്ലാ സ്തോത്രയാഗപ്രാർത്ഥനകളും ഈ സംഭാഷണത്തോടെയാണ് ആരംഭിക്കുന്നത്. യഹൂദ ആചാരമാണിതിന്റെ അടിസ്ഥാനം. കാർമ്മികനും വിശ്വാസികളും തമ്മിലുള്ള ഈ സംവാദം "കർത്താവ് നിങ്ങളോടുകൂടെ" എന്ന അഭിവാദനത്തോടെയാണ് ആരംഭിക്കുന്നത്. കർത്താവിന്റെ സജീവസാന്നിദ്ധ്യം തിരുകർമ്മത്തിലുടനീളവും പ്രത്യേകമായി ദൈവജനത്തിലും അനുസ്മരിക്കുകയാണിവിടെ. തുടർന്ന് കാർമ്മികൻ പ്രധാനപ്പെട്ട ഭാഗമായ സ്തോത്രയാഗപ്രാർത്ഥനയ്ക്കുചിതമായ ഒരുക്കുന്നതിനുള്ള ഹൃദയഭാവം (ആന്തരികഭാവം) സ്വീകരിക്കാൻ "ഹൃദയം കർത്താവിങ്കലേക്കുയർത്തുവിൻ..."





എന്ന ആഹ്വാനത്തിലൂടെ (വിലാ 3,41) എല്ലാവരും ക്ഷണിക്കുന്നു. "ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ" എന്ന പൗലോസിന്റെ ആഹ്വാനവും (1 കോറി 3,1-2) ഇവിടെ പ്രസക്തമാണ്. ജനത്തിന്റെ സന്നദ്ധത ഒന്നായ് പ്രഘോഷിച്ചതിനുശേഷം പുരോഹിതൻ സ്തോത്രയാഗം ചെയ്യുവാൻ എല്ലാവരെയും ക്ഷണിക്കുന്നു. " നമ്മുടെ കർത്താവായ..."

### കൃതജ്ഞതാഗീതം (Preface Proper )

കൃതജ്ഞതാഗീതത്തിന് സ്തോത്രയാഗപ്രാർത്ഥനയുടെ ഭാഗം തന്നെയാണ്. ക്രിസ്തുവിൽ പൂർത്തീകരിച്ച ദൈവത്തിന്റെ മനുഷ്യനുവേണ്ടിയുള്ള അത്ഭുതകൃത്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് ദൈവത്തിന് കൃതജ്ഞത പറയുന്ന ഭാഗമാണിത്. ഇത് യഥാർത്ഥത്തിൽ ഒരു പ്രശംസ (സ്തുതി - Eulogy) ആണ്.

കൃതജ്ഞതാഗീതത്തിന് മൂന്നു ഭാഗങ്ങളുണ്ട്: പ്രോട്ടോകോൾ (Protocol), എംബോളിസം (embolism), പ്രോട്ടോകോളിൽ (Protocol) കർത്താവായ ക്രിസ്തുവഴി ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നു. എംബോളിസം (embolism-CS-bnÂ വരുന്നതും മാറ്റം വരുന്നതുമായ ഭാഗം എന്ന് വാച്യാർത്ഥം). ആരാധനാക്രമകാലങ്ങളെക്കുറിച്ചും കർത്താവിന്റെയും കന്യകാമാതാവിന്റെയും വിശുദ്ധരുടെയും തിരുനാളുകളനുസരിച്ചും ഇത് മാറിക്കൊണ്ടിരിക്കും. മൂന്നാമത്തെ ഘടകമായ എക്സോകോളിൽ സ്വർഗ്ഗനിവാസികളായ മാലാഖമാരോടൊപ്പം അവരുടെ എല്ലാ ഗണങ്ങളോടുംകൂടി ദൈവത്തെ പാടിപ്പുകഴ്ത്തുവാൻ ഭൂവാസികളെയും സജ്ജമാക്കുന്നു. പുതിയ ദിവ്യപൂജാഗ്രന്ഥത്തിൽ ഏതാണ്ട് 98 ആമുഖഗീതികൾ ഉണ്ട്.

### പരിശുദ്ധൻ (Sanctus)

സ്തോത്രയാഗപ്രാർത്ഥനയുടെ ആദ്യരൂപങ്ങളിൽ "പരിശുദ്ധൻ" ഉടലെടുക്കുന്നത് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നാണ് (ഏശ 6,3; വെളി 4,8-1). ഇതിന്റെ രണ്ടാം പാദം "കർത്താവിന്റെ നാമത്തിൽ..." മത്താ 21,8-9 ൽ നിന്നും എടുത്തിട്ടുള്ളതാണ്. സങ്കീ 11,8,26-ലും ഇത് കാണാവുന്നതാണ്. "പരിശുദ്ധൻ" ഭൗമിക ആരാധനയെയും സ്വർഗ്ഗീയ ആരാധനയെയും തമ്മിൽ ബന്ധിപ്പിക്കുന്നു. കുർബാനയിലെ പരമപ്രധാനമായ നിമിഷങ്ങളിൽ സ്വർഗ്ഗനിവാസികളുടെ നരന്തരമായ സ്തുതിഘോഷം പ്രത്യേകിച്ച് അനുഭവപ്പെടുന്നു എന്നത് നിസ്തർക്കമാണ്.

### ഒന്നാം സ്തോത്രയാഗപ്രാർത്ഥന (Roman Canon)

1970-ലെ പുതിയ ദിവ്യപൂജാഗ്രന്ഥം വരുന്നതുവെരെ ലത്തീൻ റീത്തിൽ ഈ സ്തോത്രയാഗപ്രാർത്ഥന മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നുപറയുമ്പോൾ അതിനുള്ള പ്രാധാന്യം ഊഹിക്കാവുന്നതേ യുള്ളൂ. ഇന്നത്തെ രൂപത്തിൽ ഈ അനാഫറ രൂപപ്പെട്ടത് 4-ാം നൂറ്റാണ്ടിനും 7-ാം നൂറ്റാണ്ടിനുമിടയ്ക്കാണ്. ബലിസ്വീകരണത്തി ന്റെയും പ്രാദേശിക സമൂഹത്തിന്റെയും നമുക്കു മുമ്പേ കടന്നുപോ യവരുടെയും ഐക്യത്തിന്റെയുമായ ദൈവശാസ്ത്രം നമുക്ക് പകർന്നുതരുന്നത് എന്നതാണ് അതിന്റെ വൈശിഷ്ട്യത. പൊതുവെ പറഞ്ഞാൽ പല പ്രാർത്ഥനായൂണിറ്റുകളും ഒന്നിച്ചുതുന്നിച്ചേർത്തി രിക്കുന്നതുപോലെ തോന്നും. ഈ കാനോൻ ഏതാണ്ട് അപ്രകാര മുള്ള എന്നാൽത്തന്നെ പൂർണ്ണമായ 14 പ്രാർത്ഥനായൂണിറ്റുകളുടെ സമുച്ചയമാണ്. ഇതിൽ പരാമർശിച്ചിരിക്കുന്ന വിശുദ്ധർ റോമിൽ വണങ്ങപ്പെട്ടിരുന്നവരാണ്. പൗരസ്ത്യ അനാഫറകളിൽനിന്ന് വ്യത്യ സ്തമായി പ.ആത്മാവിന്റെ പരാമർശം ഡോക്സോളജി (doxol-ogy) മാത്രമേ സൂചിപ്പിച്ചുട്ടുള്ളൂ.

## മറ്റു സ്തോത്രയാഗപ്രാർത്ഥനകൾ

1968, മെയ് 23 നാണ് പോൾ 6-ാമൻ മാർപാപ്പ അനാഫറകൾ അംഗീ കരിച്ചത്.

## രണ്ടാം സ്തോത്രയാഗപ്രാർത്ഥന

ഇത് പുതിയ അനാഫറയല്ല. മൂന്നു കൂട്ടിച്ചേർക്കലൊഴിച്ചാൽ ഇത് മൂന്നാം നൂറ്റാണ്ടിലെ ഹിപ്പോളിറ്റസിന്റെ "അപ്പസ്തോലിക് ട്രഡീ ഷൻ" (Apostolic Tradition) - ലുള്ള അനാഫറ ആണെന്നു മനസ്സി ലാക്കാം. "പരിശുദ്ധൻ" "പരിശുദ്ധൻ" കഴിഞ്ഞിട്ടുള്ള പ. ആത്മാ വിന്റെ ആവാഹനം, മദ്ധ്യസ്ഥപ്രാർത്ഥനകൾ എന്നിവയാണ് കൂട്ടി ച്ചേർത്തവ. അങ്ങനെ നോക്കുമ്പോൾ ഈ സ്തോത്രയാഗപ്രാർത്ഥ നമുക്കു കിട്ടിയിരിക്കുന്നതിൽ വച്ച് ഏറ്റം പഴക്കം ചെന്നതാണ്. ഈ അനാഫറ പൊതുവെ സാധാരണദിവസങ്ങളിലാണ് (ordinary week days) ഉപയോഗിക്കുന്നത്.

## മൂന്നാം സ്തോത്രയാഗപ്രാർത്ഥന

ഈ സ്തോത്രയാഗപ്രാർത്ഥന തിരുനാളിലെ ഉപയോഗത്തിനാ യാണ് പ്രധാനമായും നിശ്ചയിച്ചിരിക്കുന്നത്. മറ്റവസരങ്ങളിലും ഇതു പയോഗിക്കാം. ഈ പ്രാർത്ഥനയെ യാഗപരമായ അനാഫറയെന്നു (sacrificial canon) വിളിക്കുന്നു. കാരണം ഈ കാനന്റെ ഏകദേശം എല്ലാ ഭാഗങ്ങളിലും ബലിയുടെ പ്രമേയം കാണുവാൻ സാധിക്കും.





നാലാം സ്തോത്രയാഗപ്രാർത്ഥനപോലെ, ഈ സ്തോത്രയാഗ പ്രാർത്ഥനയും വത്തിക്കാൻ II ന്റെ നവീകരണത്തിന്റെ ഫലം എന്നാണ് കണക്കാക്കുന്നത്. ഘടനയിൽ വ്യക്തതയും ഭാഗങ്ങൾ തമ്മിൽ പരസ്പരം ബന്ധമുള്ളതും ആയ അത്ര വലിപ്പമില്ലാത്ത അനാഫറ ഉണ്ടാക്കണം എന്ന ഉദ്ദേശത്തിന്റെ പരിണിതഫലമാണ് ഈ അനാഫറ.

"പരിശുദ്ധ"നു ശേഷമുള്ള പ്രാർത്ഥന വിശുദ്ധീകരണ എപ്പിക്ലേ സിലേക്കുള്ള സ്വാഭാവികപ്രയാണത്തിനുവേണ്ടിയാണ്. ഇതിൽ രക്ഷാകരചരിത്രം മുഴുവൻ പൊതുവായ ഭാഷയിൽ സംഗ്രഹിച്ചിരി ക്കുന്നു. പ. ആത്മാവിന്റെ വിശുദ്ധീകരണകർമ്മത്തെക്കുറിച്ചും അത് പ്രതിപാദിക്കുന്നു. ദൈവത്തെ ആരാധിക്കുന്നതിനുവേണ്ടി സഭയെ ഒന്നാക്കിച്ചേർക്കുക എന്ന ദൗത്യവും ഈ ആത്മാവിന്റേതാണെന്ന് ഇവിടെ അനുസ്മരിക്കുന്നു.

കാഴ്ചയർപ്പണത്തിന്റെ ബലിദായകമായ സ്വാഭാവത്തെക്കുറിച്ച് ഈ കനാൻ വ്യക്തമായി പരാമർശിച്ചിരിക്കുന്നു. നാം ദൈവത്തിന് അർപ്പിക്കുന്നത് ആത്യന്തികമായി ക്രിസ്തുവിനെത്തന്നെയാണ്. ഈ ക്രിസ്തുസമർപ്പണത്തിൽ വിശ്വാസികളുടെ ആത്മസമർപ്പണവും ഉൾകൊള്ളുന്നു.

ഈ കാഴ്ചയർപ്പണം സ്വീകരിക്കണമെന്നും അതുവഴി പരിപൂർണ്ണ മായ ഐക്യവും കൂട്ടായ്മയും ഉണ്ടാകണമെന്നും ഇവിടെ പ്രാർത്ഥി ക്കുന്നു.

സ്വർഗ്ഗത്തിൽ വിശുദ്ധരുമൊത്ത് സൗഭാഗ്യത്തിൽ പങ്കുചേരുമെന്ന പ്രത്യാശയോടെയാണ് വിശുദ്ധരെ നാം ഇവിടെ അനുസ്മരിക്കു ന്നത്. ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയും കുർബാന പ്രത്യേകമായി ആർക്കുവേണ്ടി അർപ്പിക്കുന്നുവോ ആ മരിച്ചവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൾ ഈ ഭാഗത്തു ചേർത്തിരിക്കുന്നു. സാർവ്വ ത്രികഭാവത്തോടെയാണ് ഈ പ്രാർത്ഥനകൾ ഉൾക്കൊള്ളിച്ചിരി ക്കുന്നത്. ദൈവവുമായി സമാധാനത്തിൽ മരിച്ച എല്ലാ വിശ്വാസി കളെയുമാണ് മരിച്ചവർക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ അർപ്പിക്കുന്നത്. വത്തിക്കാൻ II ന്റെ വീക്ഷണമാണിവിടെ കാണു ക. മറ്റു മദ്ധ്യസ്ഥപ്രാർത്ഥനകളിൽ ദൈവവുമായുള്ള അനുരഞ്ജ നം, സമസ്തലോകത്തിനും രക്ഷ, വിശ്വാസം, സ്നേഹം എന്നിവ യുടെ വർദ്ധനയും ഉൾച്ചേർത്തിരിക്കുന്നു.

## നാലാം സ്തോത്രയാഗപ്രാർത്ഥന

അനാഫറകളിൽ ദൈവശാസ്ത്രപരമായി മികച്ചു നിൽക്കുന്ന അനാഫറയാണിത്. റോമൻ പാരമ്പര്യത്തിൽ നിലനിന്നുകൊണ്ട് മറ്റുള്ള സ്തോത്രയാഗപ്രാർത്ഥനകളെക്കാൾ കൂടുതൽ വിശാലമായി പരിത്രാണരഹസ്യം പരിപൂർണ്ണമായി ഭംഗിയായി അനുസ്മരിക്കുന്ന ഒരു പ്രാർത്ഥന ഉണ്ടാകണം എന്ന ലക്ഷ്യത്തോടെയാണിത് ചിട്ടപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ആമുഖഗീതിക്ക് മുമ്പ് മാത്രമല്ല അതിനുശേഷവും പരിത്രാണപദ്ധതി അനുസ്മരിക്കപ്പെടുന്നു. പെന്തക്കൊസ്ത സംഭവത്തെയും സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പരിശുദ്ധാത്മാവിന്റെ വിശുദ്ധീകരണ പ്രവർത്തനത്തെയും വ്യക്തമായിവിടെ പരാമർശിച്ചിരിക്കുന്നു.

ആമുഖഗീതിയിൽ പൊതുവായി സൃഷ്ടികർമ്മത്തിന് ദൈവത്തിന് നല്കുന്ന നന്ദിയെയും സ്തുതിപ്പിനെയുംപറ്റി പറയുന്നു "പരിശുദ്ധന്" ശേഷവും മനുഷ്യസൃഷ്ടി മുതലുള്ള രക്ഷാകരപദ്ധതി തുടരുന്നു. അതുകൊണ്ട് ഈ അനാഫറയുടെ ആമുഖരീതി മാറ്റാവുന്നതല്ല. ആയതിനാൽ ഈ പ്രാർത്ഥന, തനതായ ആമുഖഗീതികളുള്ള കുർബാനകളിൽ ഉപയോഗിക്കാവുന്നതല്ല. രൂപങ്ങളിലും ഭാഷയിലും ഇത് കൂടുതൽ ദൈവശാസ്ത്രപരമാണ്. ഈ സ്തോത്രയാഗപ്രാർത്ഥന യഹൂദരുടെ ആശീർവാദപ്രാർത്ഥനയുമായി കൂടുതൽ അടുത്തു നില്ക്കുന്നു.

## ദിവ്യകാരുണ്യസ്വീകരണ കർമ്മം

സ്തോത്രയാഗപ്രാർത്ഥന അവസാനിച്ചാൽ തിരുക്കർമ്മം അതിന്റെ പൂർണ്ണതയിലെത്തുന്നത് കർത്താവിന്റെ ശരീരരക്തങ്ങളുടെ സ്വീകരണകർമ്മത്തോടെയാണ്. ഈ ഭാഗത്ത് ഒരുക്കത്തിന്റെ കർമ്മവും അപ്പം മുറിക്കലുമുണ്ട്. കർത്താവിന്റെ തിരുശരീരരക്തങ്ങൾ തക്കതായ ഒരുക്കത്തോടെയും ഭക്തിയോടെയും സ്വീകരിക്കുന്നതിന് വിശ്വാസികളെ സജ്ജമാക്കുക എന്നതാണിവയുടെ ലക്ഷ്യം.

### i. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"

ആദ്യകാലങ്ങളിൽ അപ്പം മുറിക്കൽ കർമ്മത്തിനുശേഷമാണ് കർത്തൃപ്രാർത്ഥന ചൊല്ലിയിരുന്നത്. ഈ പ്രാർത്ഥന ഇവിടെ ചേർത്തിരിക്കുന്നത് ദിവ്യകാരുണ്യസ്വീകരണത്തിന്റെ ഒരുക്കമായിട്ടാണ്. സഭാപിതാക്കന്മാരുടെ ഭാഷയിൽ ''അന്നന്നു വേണ്ട ആഹാരം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഈ ദിവ്യകാരുണ്യം തന്നെയാണ്. കാരണം ഇതാണ് ആത്മാവിനെ പരിപുഷ്ടിപ്പെടുത്തുന്ന യഥാർത്ഥ ഭക്ഷണം.





അങ്ങനെ കർത്തൃപ്രാർത്തന സ്തോത്രപ്രാർത്ഥനയും ദിവ്യകാരുണ്യസ്വീകരണവും കൂട്ടിയോജിപ്പിക്കുന്ന കണ്ണിപോലെയാണ്. തന്നോടൊപ്പം കർത്തൃപ്രാർത്ഥന ആലപിക്കുന്നതിനോ, ചൊല്ലുന്നതിനോ ആയി കാർമ്മികൻ എല്ലാവരെയും ക്ഷണിക്കുന്നു. തുടർന്ന് ഒരുമിച്ച് കർത്തൃപ്രാർത്ഥന ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു.

### ii. "സ്വർഗ്ഗസ്ഥനായ" കഴിഞ്ഞുള്ള പ്രാർത്ഥന

ഈ പ്രാർത്ഥനയെ "എമ്പോളിസം" (Embolisam)എന്നു വിളിക്കുന്നു. കർത്തൃപ്രാർത്ഥനയുടെ ഒരു തുടർച്ചയാണിത്. ഈ പ്രാർത്ഥനയുടെ ഉത്ഭവം മഹാനായ വി. ഗ്രിഗറിയുടെ കാലത്താണ് (7-ാം നൂറ്റാണ്ടിൽ) ഉണ്ടായിട്ടുള്ളത്. തിന്മയിൽനിന്നുള്ള മോചനം, ഈ കാലയളവിൽ സമാധാനം എന്നിവയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയാണത്. ഈ പ്രാർത്ഥനയുടെ അവസാനം വരുംലോകത്തിലേക്കുള്ള പ്രത്യാശയെപ്പറ്റി പ്രതിപാദിക്കുന്നു, Titus 2,13-ൽ യേശുവിന്റെ മഹത്വത്തിൽ കൈവരാനിരിക്കുന്ന അനുഗ്രഹപൂർണ്ണമായ പ്രത്യാശയെ നാം കാത്തിരിക്കണമെന്ന് അപ്പസ്തോലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് ഈ പ്രാർത്ഥന നടത്തുന്നത്.

ഈ പ്രാർത്ഥനയ്ക്ക് പ്രത്യുത്തരമായി ജനങ്ങൾ പറയുന്നത് "എന്തുകൊണ്ടെന്നാൽ...". വളരെ പുരാതനഗ്രന്ഥമായ "ഡിഡാക്കേ" (Didache - 1-ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ 2-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലോ എഴുതപ്പെട്ടത്) ൽ നിന്നാണ് ഇത് എടുത്തിട്ടുള്ളത്. സകല പ്രതാപവും ഐശ്വര്യങ്ങളും കർത്താവിൽനിന്നുമാണ് എന്ന സത്യം ഇവിടെ പ്രഖ്യാപിക്കുന്നു.

### iii. സമാധാനകർമ്മം

ഒരേ അപ്പത്തിൽനിന്നും ഒരേ പാനപാത്രത്തിൽനിന്നും ഭാഗഭാക്കുകളാകുന്നതിനുമുമ്പ് വിശ്വാസികൾ സ്നേഹവും ഐക്യവും പ്രകടിപ്പിക്കുകയും തിരുസ്സഭയിലും മാനവരാശി മുഴുവനിലും സമാധാനവും ഐക്യവും പുലരുന്നതിനുവേണ്ടി യാചിക്കുകയും ചെയ്യുകയാണിവിടെ. യോഹ 14,27-ലെ വാക്യത്താൽ പ്രചോദിതരായാണ് ഈ യാചന നടത്തുന്നത്. കർത്തൃപ്രാർത്ഥനയിൽ പ്രാർത്ഥിച്ച ''ഞങ്ങളോട് തെറ്റുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ" എന്ന യാചന അന്വർത്ഥമാക്കുമാറാണ് ഈ സമാധാന

കർമ്മം നടത്തപ്പെടുന്നത്. സഹോദരനോട് ഐക്യത്തിലായാൽ മാത്രമേ, നമുക്ക് ബലിയർപ്പിക്കുവാൻ സാധിക്കുകയുള്ളു. അപ്പോൾ മാത്രമേ ദൈവം ആ ബലി സ്വീകരിക്കുകയുള്ളൂ (മത്താ 5,23-24).

"അന്ത്യദാനമായി സമാധാനം" എന്ന പ്രാർത്ഥന 9-ാം നൂറ്റാണ്ടിലാണ് ഉടലെടുത്തത്. ഇതിന്റെ പ്രത്യേകത ഈ പ്രാർത്ഥന കർത്താവായ യേശുക്രിസ്തുവിനോടാണ് അഭിസംബോധന ചെയ്തിരിക്കുന്നത്. ചുരുക്കം ചില പ്രാർത്ഥനകൾ മാത്രമേ ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്നുള്ളൂ. ബാക്കിയെല്ലാ പ്രാർത്ഥനകളും പിതാവായ ദൈവത്തെയാണ് അഭിസംബോധന ചെയ്യുന്നത്.

**iv. അപ്പം മുറിക്കൽ**

അന്ത്യഅത്താഴവേളയിലെ യേശുനാഥന്റെ ഈ സുപ്രധാന പ്രവൃത്തിമൂലമാണ് കുർബാനയ്ക്ക് ആദ്യകാലം മുതൽതന്നെ "അപ്പം മുറിക്കൽ ശുശ്രൂഷ" എന്ന പേരുലഭിച്ചത്. വിശ്വാസികൾക്ക് സ്വീകരിക്കുന്നതിനുവേണ്ടി അപ്പം മുറിക്കേണ്ടത് പ്രായോഗികമായ ആവശ്യമാണ്. എന്നാൽ ഇതിനെക്കാളുപരി, ഈ ദിവ്യകാരുണ്യസ്വീകരണംവഴി പലരായ നാം ജിവിന്റ അപ്പമായ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുകയാണ് (1 കോറി 10,17).

അപ്പം മുറിക്കൽ കർമ്മം നടക്കുന്ന സമയത്ത് ഗായകനോ അല്ലെങ്കിൽ സമൂഹംമുഴുവനുമായോ "ലോകത്തിൽ പാപങ്ങൾ" (Agnus Dei) ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു. ഈ ഗാനം 7-ാം നൂറ്റാണ്ടിൽ ഉടലെടുത്തതാണ്. ഈ കർമ്മത്തിന് രണ്ടു അർത്ഥതലങ്ങൾ കൈവന്നിരിക്കുന്നു.

i. പെസഹാതിരുനാളിൽ കൊല്ലപ്പെടുന്ന കുഞ്ഞാടിന്റെ അടയാളം

ii. യഹൂദരുടെ ഭക്ഷണമേശയിൽ കുടുംബനാഥൻ മക്കൾക്ക് അപ്പം പങ്കുവച്ചുകൊടുക്കുന്നതിന്റെ ചിഹ്നം (വെളി 5,6; യോഹ 1,36)

**v. സമ്മിശ്രണകർമ്മം**

ആ സമയത്തുതന്നെ കർമ്മികൻ തിരുവോസ്തിയുടെ ഒരു ചെറിയഭാഗം കാസയിൽ ഇട്ടുകൊണ്ട് "നമ്മുടെ കർത്താവായ ..." താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു. ഇതിനെ സമ്മിശ്രണകർമ്മം (Rite of Commingling) പല അർത്ഥങ്ങളാണ് ഈ കർമ്മത്തിന് കൊടുക്കുന്നത്. അതിൽ പ്രധാന രണ്ടു അർത്ഥങ്ങൾ സവിശേഷ ശ്രദ്ധയർഹിക്കുന്നു.

a. "പുളിപ്പ്" (fermentum): ഇത് റോമിലെ പുരാതന പാരമ്പര്യ





വുമായി ബന്ധപ്പെട്ടതാണ്. റോമിൽ ഞായറാഴ്ചകളിൽ വൈദികർക്ക് അവരുടെ ജനങ്ങൾക്കുവേണ്ടി പള്ളികളിൽ കുർബാന ചൊല്ലണമായിരുന്നു. ആ ദിവസങ്ങളിൽ അവർക്ക് പോപ്പിന്റെ വളരെ ആഘോഷമായ കുർബാനയിൽ പങ്കെടുക്കാൻ സാധിക്കുമായിരുന്നില്ല. റോമാ ബിഷപ്പും വൈദികരും തമ്മിലുള്ള ഐക്യം ഉറപ്പിക്കുന്നതിനായി ഒരു പ്രത്യക കർമ്മം നടത്തുമായിരുന്നു.

പേപ്പൽ കുർബാനയിലെ "അപ്പം മുറക്കൽ" കർമ്മത്തിന്റെ അവസരത്തിൽ അൾത്താരശുശ്രൂഷികൾ (Acolytes) തിരുവോസ്തിയുടെ ഒരു ഭാഗം എടുത്ത് ഭക്തിയോടെ ഇടവക പള്ളികളിൽ വൈദികരുടെ അടുത്തെത്തിക്കും. അങ്ങനെ അവർ ഒറ്റപ്പെടുമെന്ന ചിന്തകളെ മാറ്റി മാർപാപ്പയുമായി ഐക്യബന്ധത്തിലാണെന്ന് പ്രകടിപ്പിക്കാനത് സഹായിച്ചിരുന്നു. അങ്ങനെ വിശ്വാസികളുടെ ഐക്യത്തെയാണ് പ്രത്യേകിച്ച് മെത്രാന്മാരും വൈദികരും വിശ്വാസികളും തമ്മിലുള്ള ഐക്യത്തെയാണ് ഈ കർമ്മം സൂചിപ്പിക്കുന്നത്.

b. ഉയിർപ്പിന്റെ അടയാളം പൂർവ്വിക പാരമ്പര്യമനുസരിച്ച്, അന്ത്യ അത്താഴത്തിൽവച്ച് വെവ്വേറെ തന്റെ ശരീരവും രക്തവും ശിഷ്യർക്ക് നല്കിയത് അവിടുത്തെ മരണത്തെയാണ് സൂചിപ്പിച്ചത്. അതിനാൽ കർത്താവ് നിത്യം ജീവിക്കുന്നു എന്ന സത്യം ദ്യോതിപ്പിക്കുവാനാണ് തിരുവോസ്തിയും തിരുവീഞ്ഞും വീണ്ടും സംയോജിപ്പിക്കുന്നത്. പല സഭാപിതാക്കന്മാരും ഇപ്രകാരമാണ് വ്യാഖ്യാനിച്ചിരിക്കുന്നത്. അതുമാത്രമല്ല, അവിടുത്തെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നവർക്ക് നിത്യജീവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവിടുത്തെ സ്വീകരിക്കുന്നവരും എന്നും ജീവിക്കുന്നു. ആയതിനാൽ ഈ സമയത്തെ കാർമ്മികന്റെ വ്യക്തിപരമായ പ്രാർത്ഥന കർത്താവിന്റെ ശരീരരക്തങ്ങളെ സ്വീകരിക്കുന്ന നമുക്ക് നിത്യജീവൻ പ്രദാനം ചെയ്യട്ടെ എന്നത് അന്വർത്ഥമാകുന്നു.

പുരോഹിതന്റെ ദിവ്യകാരുണ്യസ്വീകരണത്തിനായുള്ള വ്യക്തിപരമായ ഒരുക്കമാണ് അടുത്തത്. അതിന് രണ്ടു പ്രാർത്ഥനകളിൽ ഒന്ന് എടുക്കാവുന്നതാണ്. അത് വൈദികൻ താഴ്ന്ന സ്വരത്തിൽ പ്രാർത്ഥിക്കുന്നു. ഇതിലെ ആദ്യത്തേതും അല്പം വലുതുമായ പ്രാർത്ഥന "കർത്താവായ യേശുക്രിസ്തുവേ, ജീവസ്വരൂപനായ ദൈവത്തിന്റെ പുത്രാ..." 9-ാം നൂറ്റാണ്ടിലാണ് ഉടലെടുത്തത്. രണ്ടാമത്തേത് പത്താം നൂറ്റാണ്ടിലും. ഈ പ്രാർത്ഥനകളും "അപ്പോളജിയ" (Apologia) എന്ന ഗ്രൂപ്പിലേതാണ്. ആദ്യം അവ ജനങ്ങളുടെ

എല്ലാവരുടെയും ഉപയോഗത്തിനായിരുന്നു ചേർത്തിരുന്നത്. ഈ അവസരത്തിൽ ജനങ്ങളും മൗനപ്രാർത്ഥനയിലൂടെ തങ്ങളെ ത്തന്നെ ഒരുക്കുന്നു.

### vi. ദിവ്യകാരുണ്യസ്വീകരണം

അതിനുശേഷം പുരോഹിതൻ തിരുവോസ്തിയെ ുമലേി-ന്റെ മുകളിലോ ചഷകത്തിന്റെ മുകളിലോ ജനങ്ങൾക്ക് ദൃശ്യമാകുന്ന വിധത്തിൽ പിടിച്ചുകൊണ്ട് ദിവ്യകുഞ്ഞാടിന്റെ വിരുന്നിലേക്ക് "ഇതാ ദൈവത്തിന്റെ കുഞ്ഞാട്..." എന്നു പറഞ്ഞുകൊണ്ട് എല്ലാവരെയും ക്ഷണിക്കുന്നു. ഈ പ്രാർത്ഥന യോഹ 1,29; വെളി 19,9 എന്നീ തിരുവചനങ്ങളെ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചിരിക്കുന്നത്. കർത്താവിനെ സ്വീകരിക്കുവാൻ ആർക്കും യോഗ്യതയില്ല (മത്താ 8,8) എന്ന് പറഞ്ഞുകൊണ്ട് വൈദികനും ജനങ്ങളും ഒരുമിച്ച് പ്രത്യുത്തരിക്കുന്നു.

ദിവ്യബലിയുടെ പരിസമാപ്തിയായിട്ടാണ് ദിവ്യകാരുണ്യസ്വീകരണം നടത്തപ്പെടുന്നത്. കാർമ്മികനും (ഒരുങ്ങിയ) ജനങ്ങളും ദിവ്യകാരുണ്യം സ്വീകരിക്കുന്നു. "ക്രിസ്തുവിന്റെ തിരുശരീരം" എന്നു പറഞ്ഞുകൊണ്ട് കാർമ്മികൻ തിരുവോസ്തി ജനങ്ങൾക്ക് കൊടുക്കുന്നു. അവർ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസം പ്രഖ്യാപിച്ചുകൊണ്ട് "ആമ്മേൻ" എന്നു പ്രത്യുത്തരമായി പറഞ്ഞ് ഭക്തിയോടെ, ആദരവോടെ (വായിലോ കൈയിലോ) സ്വീകരിക്കുന്നു.

വൈദികന്റെയും തുടർന്ന് ജനങ്ങളുടെയും ദിവ്യാകാരുണ്യസ്വീകരണനേരത്ത് ദിവ്യകാരുണ്യസ്വീകരണഗാനം ആലപിക്കപ്പെടുന്നു. ജനങ്ങൾ (ഗായകസംഘത്തോടൊപ്പം) ഒന്നായിപ്പാടുന്നതുവഴി അവരുടെ ആന്തിരിക ഐക്യവും പ്രകടമാകന്നു. കർത്താവിനെ സ്വീകരിക്കുന്നതിന് നന്ദിസൂചകമായുള്ള ഗാനമായതുകൊണ്ട് എല്ലാവുടെയും ഹൃദയാനന്ദത്തെ അതു വിളച്ചോതുന്നു.

ദിവ്യകാരുണ്യസ്വീകരണഗാനമില്ലെങ്കിൽ ദിവ്യകാരുണ്യസ്വീകരണ പ്രഭണിതം ജനങ്ങൾ എല്ലാവരും ചേർന്നോ, അവരിൽ ഏതാനും പേർ മാത്രമായോ, അല്ലെങ്കിൽ വായനക്കാരൻ (reader) തനിച്ചോ അതുമല്ലെങ്കിൽ വൈദികൻ തന്റെ ദിവ്യകാരുണ്യത്തിനു ശേഷം ജനങ്ങൾ ദിവ്യകാരുണ്യം കൊടുക്കുന്നതിന് മുമ്പായി ചൊല്ലുന്നു.

ദിവ്യകാരുണ്യസ്വീകരണഗാനത്തിനുശേഷം വൈദികനും ജനങ്ങളും അല്പനിമിഷം മൗനമായി പ്രാർത്ഥിക്കുന്നത് ഉചിതമാണ്. ഈ കർമ്മത്തിലൂടെ ലഭിച്ച സ്വർഗ്ഗീയ ദാനങ്ങൾക്ക് നന്ദി പറയുന്ന





അവസരമാണിത്. വേണമെങ്കിൽ ഭക്തി ഗീതമോ സങ്കീർത്തനമോ മറ്റേതെങ്കിലും സ്തുതിഗീതമോ എല്ലാവരുമൊന്നിച്ച് ആലപിക്കാവുന്നതാണ്.

### vii. ദിവ്യഭോജനപ്രാർത്ഥന

"നമുക്ക് പ്രാർത്ഥിക്കാം" എന്ന് കാർമ്മികൻ പറഞ്ഞുകൊണ്ട് ജനങ്ങളെ പ്രാർത്ഥനയ്ക്കായി എഴുന്നേറ്റുനിന്ന് ക്ഷണിച്ചുകൊണ്ട് ദിവ്യഭോജന പ്രാർത്ഥന ചൊല്ലുന്നു. ഈ മൂന്നാമത്തെ അദ്ധ്യക്ഷ പ്രാർത്ഥനയിൽ അവിടെ അനുഷ്ഠിച്ച ദിവ്യരഹസ്യങ്ങളുടെ ഫലങ്ങൾക്ക് കാർമ്മികൻ ദൈവത്തിന് ജനങ്ങളുടെ നാമത്തിൽ നന്ദി പറയുന്നു. ഈ ദിവ്യ രഹസ്യങ്ങളുടെ ഫലങ്ങൾ അനുദിനജീവിതത്തിൽ പകർത്തുവാനും ഈ തിരുകർമ്മത്തിലൂടെ നിത്യജീവന്റെ അച്ചാരമായിത്തീരുവാനും അനുഗ്രഹിക്കണമെന്ന് ഇവിടെ പ്രാർത്ഥിക്കുന്നു. ജനങ്ങൾ "ആമ്മേൻ" എന്ന പ്രത്യുത്തരത്തിലൂടെ അത് അവരുടെ സ്വന്തമാകുകയും അംഗീകരിക്കുകയും ചെയ്തു.

### സമാപനകർമ്മങ്ങൾ

ഇതിനുശേഷം അറിയിപ്പുകളുണ്ടെങ്കിൽ പറയാവുന്നതാണ്. തുടർന്ന് ഈ സമാപന കർമ്മത്തിൽ കാർമ്മികന്റെ അഭിവാദ്യവും ആശീർവാദവും പ്രധാനം. വിശേഷാൽ ദിവസങ്ങളിൽ ആഘോഷമായ നീണ്ട ആശീർവാദവും ചില പ്രത്യേക ദിവസങ്ങളിൽ ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയും (Prayer over the people) ഉണ്ടായിരിക്കും. ഈ നേരത്ത് ജനം തലകുനിച്ചുകൊണ്ട് (കുരിശുവരച്ച്) ആശീർവാദം സ്വീകരിക്കുന്നു. "ക്രിസ്തുവിന്റെ സമാധാനത്തിൽ പോകുവിൻ" അല്ലെങ്കിൽ ഉചിതമായ മറ്റേതെങ്കിലും വാക്യങ്ങളിലോ ഡീക്കനോ അല്ലെങ്കിൽ കാർമ്മികൻ തന്നെയോ അടയാളങ്ങളിലൂടെ അനുഷ്ഠിച്ച ദിവ്യരഹസ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ജനങ്ങളെ പറഞ്ഞയക്കുന്നു. തുടർന്ന് വൈദികനും ഡീക്കനും അൾത്താരയെ ചുംബിച്ചുകൊണ്ടും മറ്റനുചരന്മാരോടൊപ്പം വണങ്ങിക്കൊണ്ടും സമാപനകർമ്മം പൂർത്തിയാക്കുന്നു. സമാപനഗാനമായി, അനുഷ്ഠിച്ച ദിവ്യരഹസ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനായി പോകുന്നു എന്നു ധ്വനിപ്പിക്കുന്നവ പാടാവുന്നതാണ്. അല്ലെങ്കിൽ ഒരു മരിയൻ ഗീതമോ വിശുദ്ധരുടെ തിരുനാളാണെങ്കിൽ ആ വിശുദ്ധനെപ്പറ്റിയുള്ള ഗീതമോ ആലപിക്കാവുന്നതാണ്.

**സമാപനം**

കർത്താവിന്റെ വചനത്താലും ശരീരരക്തങ്ങളാലും പരിപോഷിതരായി ക്രിസ്തുവിൽ ഒന്നായി വിശ്വാസികൾ ഈ ലോകത്തിൽ ദൈവം കല്പിച്ചു നല്കിയിരിക്കുന്ന കടമകൾ നിറവേറ്റാനായി ദേവാലയത്തിൽനിന്ന് പിരിഞ്ഞുപോകുന്നു. കുർബാനയിലെ ബലിയിലെ തുടർച്ചയായിട്ടാണ് അവർ ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് ക്രിസ്തുവിന് സജീവ സാക്ഷികളായിത്തീരുന്നത്. അതുകൊണ്ട് കുർബാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും സജീവമായും ഫലപ്രദമായും ഭക്തിയോടും ഒരുക്കത്തോടും ബോധ്യത്തോടും പങ്കെടുക്കേണ്ടത് ആവശ്യമാണ്. ദിവ്യബലിയിൽ ഓരോ വ്യക്തിക്കും അതാത് ധർമ്മം ഉണ്ട്. അതു നിവർത്തിക്കുവാൻ പരിശ്രമിച്ചെങ്കിലേ ഓരോ കുർബാനയർപ്പണവും ദിവ്യാനുഭവമാക്കിത്തീർക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ ദിവ്യകാരുണ്യാധിഷ്ഠിതമായ ക്രൈസ്തവ സമൂഹത്തെ വാർത്തെടുക്കുവാൻ ദിവ്യകാരുണ്യനാഥനോട് നിരന്തരം നമുക്കു പ്രാർത്ഥിക്കാം.





# 05

# മലങ്കര ആരാധനാക്രമം

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിവിധ സംസ്കാരങ്ങളിൽ രൂപം പ്രാപിച്ചതിന്റെ പ്രതിഫലനമാണ് വ്യക്തിഗത സഭകൾ. മലങ്കര സഭയുടെ വിശ്വാസം അടിസ്ഥാനപരമായി അന്ത്യോക്യൻ സഭയുടെ വിശ്വാസ ആചാരങ്ങളോട് ചേർന്നാണ് രൂപം പ്രാപിച്ചത്. അതേ സമയം, ഭാരതീയ സംസ്കാരത്തിന്റെ സ്വാധീനം വഴിയും മറ്റ് ക്രൈസ്തവ സംസ്കാരങ്ങളുമായുള്ള ഇടപെടലുകൾ വഴിയായും വളർന്നു വികാസം പ്രാപിച്ച മലങ്കര സഭയുടെ വിശ്വാസജീവിതം അന്ത്യോക്യൻ വിശ്വാസത്തിന്റെ ഭാരതീയ ഭാവമായി നിലകൊള്ളുന്നു.

**1. രീതിശാസ്ത്രം** (Methodology) : ദൈവശാസ്ത്ര പഠനത്തിന് പാശ്ചാത്യ സഭകളും പൗരസ്ത്യ സഭകളും വ്യത്യസ്ത രീതിശാസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. പാശ്ചാത്യസഭാ വിശ്വാസസംഹിതകളെ ബൗദ്ധിക തലത്തിൽ വിലയിരുത്തുമ്പോൾ പൗരസ്ത്യർ പൊതുവെ ആത്മീയാനുഭവതലത്തിലാണ് വിശ്വാസ സംഹിതകളെ മനസിലാക്കാൻ ശ്രമിക്കുന്നതും പഠിപ്പിക്കുന്നതും. അതിനാൽ, പൗരസ്ത്യ ക്രൈസ്തവ ദർശനത്തിലെ മിസ്റ്റിക് അനുഭവ തലത്തിൽ നിന്നുമുള്ള വിശ്വാസ വിശദീകരണ രീതിയും അടിസ്ഥാനത്തിൽ വേണം മലങ്കര സഭയുടെ ദൈവശാസ്ത്ര പഠനത്തിലുപയോഗിക്കുന്നരീതി ശാസ്ത്രത്തെ മനസ്സിലാക്കാൻ.

മലങ്കര സഭയുടെ ആരാധനാ ക്രമങ്ങൾ പ്രധാനമായും അന്ത്യോക്യൻ സുറിയാനി ആരാധനാക്രമം തന്നെയാണ്. 1665 മുതലുള്ള അന്ത്യോക്യൻ ബന്ധത്തിലൂടെയാണ് ക്രമാനുഗതമായി അന്ത്യോക്യൻ ആരാധനാ രീതി മലങ്കരസഭയിൽ വ്യാപിച്ചത്. വിശ്വാസപരമായ കാര്യങ്ങളിൽ കത്തോലിക്കാ സഭയുടെ അടിസ്ഥാനവിശ്വാസങ്ങൾ തന്നെയാണ് അന്ത്യോക്യൻ ആരാധന ക്രമത്തിലും നിലനില്ക്കുന്നത്.

451 ലെ കാത്സിഡോണിയ (Chalcedom) സൂന്നഹദോസു മുതൽ അന്ത്യോക്യൻ സുറിയാനി സഭ കത്തോലിക്കാ സഭയിൽ നിന്നുമുള്ള സംസർഗ്ഗത്തിൽ നിന്നും വേറിട്ടാണ് വളർന്ന് വന്നതെങ്കിലും സഭകളുടെ അടിസ്ഥാന പ്രബോധനങ്ങളിൽ അതിനകം തീർപ്പ് കല്പിച്ചിരുന്നതിനാൽ രണ്ടു സഭകളും തമ്മിൽ വിശ്വാസ വിരുദ്ധ ആശയങ്ങൾ വളർന്നില്ല.

1836-ലെ മാവേലിക്കര സൂനഹദോസിലൂടെ മലങ്കര ആരാധനയുടെ പ്രൊട്ടസ്റ്റന്റ് വല്കരണത്തെ പ്രതിരോധിച്ച മലങ്കര സഭ പരിശുദ്ധ ദൈവമാതാവിനോടും വിശുദ്ധരോടുമുള്ള ബഹുമാനം പ്രഘോഷിക്കാനും പരേത സ്മരണകളെ ഉറപ്പിക്കാനും സഹായകമായ മൂന്നു പ്രാർത്ഥനകൾ (പരി. ദൈവമാതാവിനോടും വിശുദ്ധരോടുമുള്ള കുക്കിലിയോനുകൾ, മരിച്ചു പോയവർക്ക് വേണ്ടിയുള്ള കുക്കിലിയോൻ) വി.കുർബാനയിൽ ഉൾച്ചേർത്തു. ഇത് മലങ്കര സഭയുടെ പ്രത്യേകതയാണ്.

ശവസംസ്കാര ശുശ്രൂഷയുടെ ക്രമം കൂദാശക്രമത്തിന്റെ ഭാഗമായിട്ടാണ് മലങ്കരയിൽ പ്രചരിച്ചിരിക്കുന്നത്. ജനനം മുതൽ മരണം വരെയുള്ള എല്ലാ ശുശ്രൂഷകളെയും വിശുദ്ധീകരണത്തിന്റെ ഭാഗമായി കാണുന്ന മതസംസ്കാരങ്ങളുടെ ഭാഗമായിട്ടാണ് ഇതിനെ കാണേണ്ടത്. പരേതാത്മാക്കളെ സ്വർഗ്ഗോന്മുഖയാത്രയിൽ അനുധാവനം ചെയ്യുന്നതിന് സഹായകമായ വിധത്തിലാണ് ഈ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

**2 പരിശുദ്ധ ദൈവമാതാവും വിശുദ്ധരും:** മലങ്കര സഭ മാതൃഭക്തിക്ക് വലിയ പ്രാധാന്യമാണ് നല്കുന്നത്. പരി.ദൈവമാതാവിനോടുള്ള ഭക്തി എല്ലാ പ്രാർത്ഥനകളിലും വിവിധ കൂദാശാചരണങ്ങളിലും പ്രകടമാണ്. വി.കുർബാനയുടെ അവസരത്തിൽപോലും മാതാവിനെ ഏറെ പ്രാധാന്യത്തോടെയാണ് മലങ്കര സഭ അനുസ്മരിക്കുന്നത്. മാതാവിന്റെ ബഹുമാനാർത്ഥം മലങ്കരയിൽ ആചരിച്ചു വരുന്ന വ്യത്യസ്ത അനുസ്മരണങ്ങൾ ഇതിന് ഉദ്ദാഹരണമാണ്.

പരിശുദ്ധ ദൈവമാതാവിനെ പ്രത്യേകം അനുസ്മരിക്കുന്ന ബുധനാഴ്ച ദിവസങ്ങളിൽ മാതാവിനോടുള്ള ബഹുമാനസൂചകമായി ഉപവാസത്തോടും പ്രത്യേക പ്രാർത്ഥനകളോടും കൂടി നോമ്പാചരിക്കുന്നു. വളരെയധികം സ്ത്രീകൾ ഇതാചരിച്ചു വരുന്നു. പരി. ദൈവമാതാവിന്റെ ബഹുമാനാർത്ഥം ഏഴു പെരുന്നാളുകൾ മലങ്കരയിൽ ആചരിക്കുന്നു.





1. വചനിപ്പ് പെരുന്നാൾ-മാർച്ച്-25
2. ദൈവമാതാവിന്റെ ജനന തിരുനാൾ -സെപ്റ്റംബർ-08
3. സ്വർഗ്ഗാരോപണ പെരുന്നാൾ- ആഗ്സറ്റ്-15
4. മാതാവിന്റെ പുകഴ്ചയുടെ തിരുന്നാൾ- ഡിസംബർ-26
5. വിത്തുകളെ പ്രതി പരി. ദൈവമാതാവ്. ജനുവരി-15
6. കതിരുകളെ പ്രതി പരി. ദൈവമാതാവ്. മെയ്-15
7. പരി. ദൈവമാതാവിന്റെ ദേവാലയ പ്രവേശനം. നവംബർ-21

ഇവ കൂടാതെ അമലോത്ഭവ തിരുന്നാൾ (ഡിസംബർ-8) പല സ്ഥലങ്ങളിലും ആചരിച്ചു വരുന്നു. പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന മലങ്കരയുടെ മറ്റൊരു പ്രത്യേകതയാണ്. നാം നേരത്തെ കണ്ടത് പോലെ പരി. ദൈവമാതാവിനോടുള്ള കുക്കിലിയോൻ പ്രാർത്ഥന മലങ്കരയുടെ മറ്റൊരു സവിശേഷതയാണ്. വി.കുർബാനയുടെ അവസരത്തിലും, ആഘോഷമായ സന്ധ്യാ പ്രാർത്ഥനയുടെ അവസരങ്ങളിലും ഇത് നടത്തി വരുന്നു.

അപ്പസ്തോലന്മാർക്ക് അന്ത്യോക്യൻ സഭ വലിയ പ്രാധാന്യമാണ് നല്കുന്നത്. അവരുടെ സ്തുതിയ്ക്കും മഹത്വത്തിനുമായി ജൂൺ 16 മുതൽ 29 വരെ ദിവസങ്ങളിൽ ശ്ലീഹാ നോമ്പ് എന്ന പേരിൽ പതിമൂന്നുനോമ്പ് ആചരിക്കുന്നു. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളിന് ഒരുക്കമായാണ് ഇത് നടത്തിവരുന്നത്. ഭാരത സഭയുടെ അപ്പസ്തോലൻ എന്ന നിലയിൽ തോമാശ്ലീഹായുടെ ഓർമ്മ പെരുന്നാൾ ജൂലൈ മൂന്നിന് ആഘോഷപൂർവ്വം കൊണ്ടാടുന്നു. മെത്രാൻ സ്ഥാനത്തെ സാധാരണയായി വിശുദ്ധിയുടെ പടിയായിട്ടാണ് സഭ കാണുന്നത്. അതിനാലാണ് പേരിനോട് ചേർന്ന് 'മാർ' എന്ന പദം ഉപയോഗിച്ചുവരുന്നത്. പിതാക്കന്മാ രുടെ കാലശേഷം അവരെ അടക്കം ചെയ്ത സ്ഥലങ്ങളിലേക്ക് തീർത്ഥാടനപൂർവ്വം കടന്നു വരികയും പ്രാർത്ഥിക്കുയും ചെയ്യുന്നത് മലങ്കരയുടെ ഒരു പ്രത്യേകതയാണ്.

## I. ആരാധനാ ദൈവശാസ്ത്രം

ആരാധനയെ സംബന്ധിച്ച പഠനങ്ങൾ പ്രധാനമായും മൂന്ന് വിഭാഗത്തിൽപ്പെടുന്നു. ഒന്നാമതായി ആരാധനയുടെ ദൈവശാസ്ത്രം (theology of liturgy) ആരാധനയുടെ അർത്ഥം, അതിന്റെ സാംഗത്യം തുടങ്ങിയ സത്താപരമായ വിഷയങ്ങൾ ഇതിന്റെ പരിധിയിൽപ്പെടുന്നു. മതങ്ങളുടെ അടിസ്ഥാന ഘടകങ്ങളിൽ അതി പ്രധാനമായ ആരാധനയുടെ ഭാവങ്ങൾ മലങ്കരക്കാരുടെ ജീവിതത്തിൽ ഇഴുകി ചേർന്നിട്ടുണ്ട്. ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും ദൈവ

ത്തോട് ചേർത്ത് അനുവർത്തിക്കുന്ന സെമിറ്റിക് ഇന്ത്യൻ പാരമ്പ ര്യങ്ങളെ എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളാൻ മലങ്കര സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

രണ്ടാമത്തെ വിഭാഗം ആരാധനയിൽ നിന്നുമുള്ള ദൈവശാസ്ത്ര മാണ് (Theology from liturgy) വിശ്വസിക്കുന്നത് ആരാധിക്കുന്ന ുവെന്ന സൂക്തം ഇതര പൗരസ്ത്യസഭകളെപ്പോലെ മലങ്കരസഭയു ടെയും അടിസ്ഥാനദർശനത്തിൽപ്പെടുന്നു. വിവിധ യാമങ്ങളിലായി നടത്തുന്ന പ്രാർത്ഥനകളിലും, കാലാനുസൃതം നടത്തിവരുന്ന പെരു ന്നാൾ ക്രമങ്ങളിലും, മനുഷ്യജീവിതത്തിന്റെ അവിസ്മരണീയ നിമി ഷങ്ങളെ ദൈവത്തോട് ചേർക്കുന്നതിന്റെ ഭാഗമായി നടത്തപ്പെടുന്ന കൂദാശക്രമങ്ങളിലും വിശിഷ്യ വിശ്വാസജീവിതത്തിന്റെ കേന്ദ്രമായ വി. കുർബാനയിലും ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ മലങ്കര സഭയുടെ വിശ്വാസം അടങ്ങിയിരിക്കുന്നു. മദ്ധ്യ-പൂർവ്വേഷ്യൻ പ്രദേ ശങ്ങളിൽ 1-13 നൂറ്റാണ്ടുകളിൽ വിരചിതമായ പ്രാർത്ഥനകൾ ആണ് പ്രധാനമായും മലങ്കരസഭയിൽ ഉപയോഗത്തിലിരിക്കുന്നത്. സഭ യുടെ അടിസ്ഥാന തത്വങ്ങൾ കാലദേശാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമല്ലാത്തതിനാൽ ഇത് ഒരു പരിമിതിയായി കാണേണ്ടതി ല്ല. മാത്രവുമല്ല കാല-ദേശങ്ങൾക്കനുസരിച്ച് ഈ പ്രാർത്ഥനകളുടെ ഉപയോഗത്തിൽ പ്രാധാന്യം കുറയുകയും കൂടുകയും ചെയ്തിട്ടു ണ്ട്. ഉദാഹരണത്തിന് ചില കാലങ്ങളിൽ ചില സ്ഥലങ്ങളിൽ ആഘോഷപൂർവ്വം നടത്തിയിരുന്ന ആചാരങ്ങൾ വേറെ സ്ഥലങ്ങ ളിലും സാഹചര്യങ്ങളിലും മാറ്റത്തിന് വിധേയമായിട്ടുണ്ട്. കൂടാതെ പുതിയ പ്രാർത്ഥനാരീതികൾ സഭയുടെ ആരാധനാ ക്രമത്തിന് സമാ ന്തരമായി വളർന്ന് വരികയും ചെയ്യുന്നു. ഇവിടെ ആരാധനയെ കേവലം എഴുതിവച്ച പ്രാർത്ഥനകളുടെ അടിസ്ഥാനത്തിൽ മാത്ര മല്ല പഠന വിധേയമാക്കേണ്ടത്. മറിച്ച്, ആരാധനയെ സാമൂഹിക പശ്ചാത്തലത്തിൽ കൂടി വേണം പഠനവിധേയമാക്കേണ്ടത്. ഈ വിധത്തിൽ മലങ്കരയിലെ ആരാധനാ രീതികൾ സുറിയാനി ആരാ ധനയിൽ നിന്ന് വേറിട്ട് നില്ക്കുന്നു.

മൂന്നാമതായി ആരാധനാനുഭവത്തിൽ നിന്നും ഉയിർ ക്കൊള്ളുന്ന ദൈവശാസ്ത്രം (Liturgical theology) പ്രാർത്ഥനയുടെ മനുഷ്യർ തങ്ങളുടെ ദൈവാനുഭവത്തിൽ നിന്നും രൂപപ്പെടുത്തുന്ന ദൈവ ശാസ്ത്രമായി ഇതിനെ കാണാം. കേവലം ബൗദ്ധീക തലത്തിൽ നടത്താവുന്ന ഒരു പ്രക്രിയയല്ല പൗരസ്ത്യ സഭകളെ സംബന്ധി ച്ചിടത്തോളം ദൈവശാസ്ത്ര പഠനങ്ങൾ. മറിച്ച്, ആത്മീയാനുഭവ ങ്ങളുടെ തലത്തിലാണ് ഇത് ശക്തിപെടേണ്ടത്. ഉദ്ദാഹരണത്തിന്





മാർ ഇവാനിയോസ് തിരുമേനിയുടെ പവിത്രമായ ദൈവശാസ്ത്ര രചനകൾ കൽക്കത്തായിലും റാന്നി-മുണ്ടൻ മലയിലുമായി വളർന്നു വന്ന ബഥനിയുടെ മിസ്റ്റിക് അനുഭവത്തിലാണ് വളർന്നു വികാസം പ്രാപിച്ചത്. സഭകളുടെ ഐക്യവും മതങ്ങൾ തമ്മിലുള്ള സൗഹൃ ദവും, സഭയുടെ പ്രേഷിത ദൗത്യവും തന്റെ പ്രവർത്തങ്ങളുടെ അടിസ്ഥാനഭാവമായി അംഗീകരിക്കപ്പെട്ടത് ദൈവസന്നിധിയിലെ സാധനകളുടെ ഫലമായിട്ടാണ്.

**1. ദിനപ്രാർത്ഥനകൾ**

ഓരോ ദിവസത്തിലും വിവിധ യാമങ്ങളിലായി പ്രതിദിന പ്രാർത്ഥനകൾ (Daily Cycle - ദിനചക്രമനുസരിച്ചുള്ള പ്രാർത്ഥന കൾ) നടത്തുന്നു. സൂര്യാസ്തമയത്തോടെ ദിവസം ആരംഭിക്കുന്നു വെന്ന സങ്കല്പത്തിലാണ് ആരാധനയുടെ സമയ ക്രമീകരണം നട ത്തിയിരിക്കുന്നത്. ഒരു ദിവസത്തെ ഏഴുയാമങ്ങളായി ക്രമീകരിച്ചു കൊണ്ടുള്ള പ്രാർത്ഥനയാണ് സുറിയാനി ക്രമമനുസരിച്ച് മലങ്കര സഭയിൽ അംഗികരിച്ചിട്ടുള്ളത്. ഏഴുയാമങ്ങളും യേശുവിന്റെ പീഡാ നുഭവസംഭവത്തിലെ പ്രധാനപ്പെട്ട ഏഴു സംഭവങ്ങളോട് ബന്ധ പ്പെടുത്തിയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

ഓരോ ദിവസത്തിനും അതതിന്റേതായ വിഷയങ്ങളുണ്ട്. ആ വിഷയം ഓരോ ദിവസത്തെയും പ്രാർത്ഥനകളിൽ പ്രതിഫലിക്കു ന്നുവെങ്കിലും ഓരോ യാമവും ഓരോ പ്രത്യേകം വിഷയങ്ങൾ ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**സന്ധ്യാ പ്രാർത്ഥന**

സെഹിയോൻ മാളികയിൽ യേശു അപ്പസ്തോലന്മാരോടു കുടി ആചരിച്ച അന്ത്യത്താഴത്തോടാണ് സന്ധ്യാപ്രാർത്ഥനയെ ഉപമിച്ചി രിക്കുന്നത്. അതാത് ദിവസത്തെ വിഷയങ്ങളോടൊപ്പം വ്യത്യസ്ത വിഷയങ്ങളും സന്ധ്യാപ്രാർത്ഥനയിൽ അനുസ്മരണാവിഷയമാകു ന്നുണ്ട്.

**സൂത്താറ അഥവാ ഏഴരയുടെ പ്രാർത്ഥന**

യേശുവിന്റെ ഗത്സമേനിലെ പ്രാർത്ഥനാനിമിഷങ്ങളോടാണ് ഇതിനെ ഉപമിച്ചിരിക്കുന്നത്. ഇത് മലങ്കരയിൽ വളരെ പ്രാധാന്യ ത്തോടെ ഓർക്കുന്ന ഒരു സങ്കല്പമാണ്. ഗത്സമേനിൽ പ്രാർത്ഥി ക്കുന്ന യേശുവിന്റെ ചിത്രം മിക്ക ഭവനങ്ങളിലും പ്രതിഷ്ഠിക്കുന്ന രീതി വ്യാപകമാണ്. അനുതാപ ചിന്തകൾക്കാണ് സൂത്താറ പ്രാർത്ഥ നയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

**രാത്രി പ്രാർത്ഥന**

കയ്യാപ്പാസിന്റെയും, അന്നാസിന്റെയും പീലത്തോസിന്റെ യും മുമ്പിൽ വച്ച് നടത്തപ്പെട്ട വിചാരണകളോടാണ് രാത്രി പ്രാർത്ഥനയെ ഉപമിച്ചിരിക്കുന്നത്. രാത്രിപ്രാർത്ഥനയ്ക്ക് നാലു ഭാഗങ്ങളാണുള്ളത്(നാലു കൗമ്മകൾ). രാത്രി പ്രാർത്ഥനയുടെ ഒന്ന് രണ്ട് മൂന്ന് കൗമ്മാകളിൽ യഥാക്രമം പരിശുദ്ധദൈവമാതാവിനെയും, വിശുദ്ധരെയും സകല പരേതരെയും പ്രത്യേകമായി അനുസ്മരിക്കുന്നു. നാലാം കൗമ്മായിൽ പൊതു അനുസ്മരണയാണ് നടത്തുന്നത്.

**പ്രഭാത പ്രാർത്ഥന**

പ്രഭാത പ്രാർത്ഥനയെ പീലാത്തോസിന്റെ വിധി പ്രഖ്യാപനത്തോടുപമിച്ചിരിക്കുന്നു. സന്ധ്യാ പ്രാർത്ഥനയിലേതു പോലെത്തന്നെ ഓരോ ദിവസത്തെയും പ്രത്യേക സ്മരണകളോടൊപ്പം വ്യത്യസ്ത ആദർശങ്ങൾ ഉൾചേർന്നാണ് പ്രഭാത പ്രാർത്ഥനയെ ചിട്ടപെടുത്തിയിരിക്കുന്നത്.

**മൂന്നാം മണി**

ഗാഗുൽത്തായിലേക്ക് കുരിശും വഹിച്ചുകൊണ്ട് യേശു നടത്തിയ യാത്രയോടാണ് ഇതിനെ ഉപമിച്ചിരിക്കുന്നത്. ഓരോ ദിവസത്തിന്റെതുമായ പ്രത്യേക വിഷയമാണ് പ്രധാനമായും മൂന്നാം മണി പ്രാർത്ഥനയിൽ അനുസ്മരിക്കുന്നത്.

**ആറാം മണി**

യേശുവിനെ കുരിശിൽ തറയ്ക്കുന്ന സംഭവത്തോട് ഇതിനെ ഉപമിച്ചിരിക്കുന്നു. പൊതുവായ ചിന്തകളാണ് ആറാം മണിയുടെ പ്രാർത്ഥനകളിൽ കാണുന്നത്.

**ഒമ്പതാം മണി**

യേശുവിന്റെ മരണത്തോടും സംസ്കാരത്തോടും ഇതിനെ ഉപമിച്ചിരിക്കുന്നു. മരിച്ചു പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾക്കാണ് ഒമ്പതാം മണിയുടെ പ്രാർത്ഥനകളിൽ പ്രത്യേക പ്രാധാന്യം നല്കിയിരിക്കുന്നത്.

സാധാരണഗതിയിൽ ഏഴു യാമങ്ങളിലായി നടത്തി വരുന്ന ദിനപ്രാർത്ഥന സന്ന്യാസഭവനങ്ങളിലും, സെമിനാരികളിലും, വൈദികർ ഒരുമിച്ച് താമസിക്കുന്നയിടങ്ങളിലുമാണ് ആഘോഷമായി നടത്തിവരുന്നത്. ഇത്തരം അവസരങ്ങളിലും ഏഴു യാമങ്ങളിലെ





പ്രാർത്ഥനകൾ നാലു സമയങ്ങളിലായി ക്രമീകരിച്ച് നടത്തി വരുന്ന രീതിയാണ് പ്രധാനമായും കണ്ട് വരുന്നത്. അതനുസരിച്ച് സന്ധ്യാപ്രാർത്ഥനയും സൂത്താറ പ്രാർത്ഥനയും ഒരുമിച്ചും, രാത്രി പ്രാർത്ഥനകൾ പ്രത്യേകമായും, പ്രഭാത-മൂന്നാംമണി ഒന്നിച്ചും, ആറാം മണിയുടെയും ഒമ്പതാം മണിയുടെയും ഒരുമിച്ചും നടത്തിവരുന്നു.

## II. ആഴ്ചവട്ടത്തിലെ പ്രത്യേക അനുസ്മരണങ്ങൾ

ഞായറാഴ്ച യേശുവിന്റെ ഉയിർപ്പും സൃഷ്ടിയുടെ രക്ഷയും പ്രത്യേകമായി അനുസ്മരിക്കുന്നു. ഓരോ ഞായറാഴ്ചയും ഓരോ പ്രത്യേക നിയോഗത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഞായറാഴ്ചകളുടെ പൊതു അനുസ്മരണമായ ഉയിർപ്പും, രക്ഷയും അനുസ്മരണ വിഷയമാക്കുന്നതോടൊപ്പം അതാത് ഞായറാഴ്ചകളുടെ പ്രത്യേക വിഷയവും അനുസ്മരണാ വിഷയമാകുന്നു.

**തിങ്കൾ**

ദൈവരാജ്യം സമീച്ചിരിക്കുന്നുവെന്ന സന്ദേശവുമായി യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കാൻ വന്ന സ്നാപക യോഹന്നാനെ പ്രത്യേകമായി അനുസ്മരിക്കുന്നു. മാനസാന്തരത്തിനുള്ള സ്നാപക യോഹന്നാന്റെ ആഹ്വാനത്തിന്റെയടിസ്ഥാനത്തിൽ അനുതാപ ചിന്തകൾക്കാണ് തിങ്കൾ ദിവസങ്ങളിലെ പ്രാർത്ഥനകളിൽ പ്രാധാന്യം നല്കിയിരിക്കുന്നത്.

**ചൊവ്വ**

അനുതപിക്കുവിൻ; ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്ന ആഹ്വാനത്തോടെ യേശു ആരംഭിച്ച സുവിശേഷ പ്രഘോഷണത്തെ (മർ:4/17) പ്രധാനമായും അനുസ്മരിക്കുന്നു. അനുതാപ ചിന്തകളാണ് ചൊവ്വാഴ്ചത്തെ പ്രാർത്ഥനകളിലെയും പ്രധാന പ്രമേയമെങ്കിലും അത് യേശുവിന്റെ ആഹ്വാനത്തോട് ചേർന്നു നടത്തുന്നുവെന്ന പ്രത്യേകതയുണ്ട്.

**ബുധൻ**

പരിശുദ്ധ ദൈവമാതാവിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ദിവസമാണ് ബുധൻ. പെന്തിക്കൊസ്തിയെ തുർന്ന് വന്ന ബുധനാഴ്ച യോഹന്നാൻശ്ലീഹ പരി.ദൈവമാതാവിന് മാമ്മോദീസ നല്കിയെന്ന വിശ്വാസമാണ് ബുധനാഴ്ച ദൈവമാതാവിനായി സമർപ്പിക്കപ്പെട്ടതിന്റെ കാരണമെന്ന് വിശ്വസിക്കപ്പെടുന്നു. ബുധനാഴ്ച ദിവസത്തെ നോമ്പ്, ഉപവാസം തുടങ്ങിയവ വ്രതങ്ങളോടെ ആചരിക്കുന്ന രീതി മലങ്കരയിലെ സ്ത്രീകളുടെയിടയിൽ ധാരാളമായി കണ്ടുവരുന്നു.

കേരളീയ സംസ്കാരത്തിൽ സ്ത്രീകൾ നടത്തിവരുന്ന ചില പ്രത്യേക വ്രതാനുഷ്ഠാനങ്ങളോട് സമാനത പുലർത്തുന്ന ആചാരം വിദേശ മിഷനറിമാരുടെ ഇടപെടൽ വഴി ഭാഗികമായി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും വടക്കൻ പ്രദേശങ്ങളിൽ ഇത് പ്രത്യേകമായി ആചരിച്ചു വരുന്നു.

**വ്യാഴം**

പ്രവാചകരെയും, അപ്പസ്തോലന്മാരെയും, രക്തസാക്ഷികളെയും, വിശുദ്ധരെയും പ്രത്യേകമായി അനുസ്മരിക്കുന്നു. കേവലം അനുസ്മരണം എന്നതിലുപരി വിശുദ്ധരോടുകൂടി പ്രാർത്ഥനകൾ നടത്തുന്നുവെന്ന ചിന്തയ്ക്കാണ് പ്രാധാന്യം.

**വെള്ളി**

കുരിശിന്റെ ദിവസമായി ആചരിക്കുന്ന വെള്ളിയാഴ്ച യേശുവിന്റെ കുരിശുമരണത്തെക്കാളുപരി കുരിശിന്റെ മഹത്വമാണ് പ്രത്യേകമായി ആഘോഷിക്കുന്നത്. സന്ധ്യാപ്രാർത്ഥനയോട് ചേർന്ന് സ്ലീബായെ (കുരിശിനെ) മഹത്വപ്പെടുത്തികൊണ്ടുള്ള പ്രത്യേക കുക്കിലിയോൻ പ്രാർത്ഥന നടത്തുന്നു. വി.കുർബാനയിലെ ഹുസോയോ (സമാപന) പ്രാർത്ഥനയിലും കുരിശിന്റെ മഹത്വവും മാദ്ധ്യസ്ഥ്യവും പ്രകടിപ്പിക്കുന്ന ഗീതങ്ങളാണ് സാധാരണ ചൊല്ലുന്നത്.

**ശനി**

മരിച്ചു പോയവരെ പ്രത്യേകമായി അനുസ്മരിക്കുന്നു. സന്ധ്യാപ്രാർത്ഥനയിൽ മരിച്ചുപോയ വിശ്വാസികളെയും ആചാര്യൻമാരെയും അനുസ്മരിച്ചു കൊണ്ട് പ്രത്യേക കുക്കിലിയോൻ പ്രാർത്ഥനകളും നടത്തി വരുന്നു. വിശുദ്ധരുടെ കാര്യത്തിൽ സൂചിപ്പിച്ചത് പോലെ പരേതാത്മാക്കളും വിശ്വാസികളോട് ചേർന്ന് പ്രാർത്ഥിക്കുന്നുവെന്ന സങ്കല്പത്തിന് മലങ്കര സഭ ഇതര സുറിയാനി സഭകളെ പോലെ പ്രാധാന്യം നല്കുന്നു.

## III. ആരാധന ക്രമവത്സരം

യേശുവിന്റെ രക്ഷാകരജീവിതത്തെ മുഴുവൻ അനുസ്മരിക്കതക്ക രീതിയിലാണ് ആരാധന ക്രമവത്സരത്തെ ക്രമീകരിച്ചിരിക്കുന്നത്. ഇതനുസരിച്ച് ഒരു വർഷത്തെ ഏഴു കാലങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ കാലത്തിലും വരുന്ന ഞായറാഴ്ചകൾ ചില പ്രത്യേക വിഷയത്തിന്റെ അടിസ്ഥാനത്തിലാണ് ചിട്ടപെടുത്തിയിരിക്കുന്നത്. അതനുസരിച്ചുള്ള വേദവായനകളാണ് സന്ധ്യാപ്രാർത്ഥനയ്ക്കും (ശനിയാഴ്ച വൈകിട്ട്) കുർബാനയ്ക്കും ഉപയോഗിക്കുന്നത്.





### 1. വചനിപ്പ് കാലം (സൂബോറോ കാലം)

ക്രിസ്തുമസ്സിനുള്ള ഒരുക്കം വിശാലമായ അർത്ഥത്തിൽ ഹൂദോശ് ഈത്തോ പെരുന്നാൾ മുതൽ ആരംഭിക്കുന്നു. യേശുവിന്റെ മനുഷ്യാവതാരവുമായി ബന്ധപ്പെട്ടിട്ടുള്ള വിവിധ സംഭവങ്ങൾ ഇക്കാലയളവിൽ അനുസ്മരിക്കുന്നു. സക്കറിയാ പുരോഹിതനോടും പരി.ദൈവമാതാവിനോടുമുള്ള അറിയിപ്പുകൾ, മാതാവ് ഏലിശുബായെ സന്ദർശിക്കുന്ന സംഭവം, സ്നാപക യോഹന്നാന്റെ ജനനം, യൗസേഫ് പിതാവിനുണ്ടായ ദർശനം എന്നിവയാണ് പ്രധാനമായും വചനിപ്പ് കാലത്ത് അനുസ്മരിക്കുന്നത്.

### 2. യൽദാ-ദനഹാക്കാലം

ഡിസംബർ 25-ന് ആചരിക്കുന്ന യേശുവിന്റെ ജനനപ്പെരുന്നാളിനോടും (യൽദാ പെരുന്നാൾ) ജനുവരി 6-ന് അനുസ്മരിക്കുന്ന യേശുവിന്റെ മാമ്മോദീസയോടും (ദനഹാ പെരുന്നാൾ) ചേർന്നു വരുന്ന ദിവസങ്ങളാണ് യൽദാ-ദനഹാക്കാലമായി ആചരിക്കുന്നത്. യേശുവിന്റെ പരസ്യജീവിതവുമായി ബന്ധപ്പെട്ട പൊതു ചിന്തകളാണ് ഇക്കാലയളവിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്.

### 3. നോമ്പ് കാലം

നിയതമായ അർത്ഥത്തിൽ ഈസ്റ്ററിന് 50 ദിവസം മുമ്പാണ് 50 നോമ്പ് എന്നയർത്ഥത്തിൽ നോമ്പ് കാലം അനുസ്മരിക്കുന്നത്. എന്നാൽ 50 നോമ്പിന് 18 ദിവസം മുമ്പ് ആചരിക്കുന്ന മൂന്ന് നോമ്പ് മുതൽ നോമ്പാചരണത്തിന്റേതായ അനുഭവത്തിലേക്ക് വിശ്വാസികൾ കടന്ന് വരുന്നു. മൂന്നു നോമ്പിനെ തുടർന്ന് വരുന്ന രണ്ട് ഞായറാഴ്ചകളിൽ ഒന്നാമത്തെ ആഴ്ച പരേതരായ ആചാര്യന്മാരെയും (കൊഹനെ ഞായർ) രണ്ടാമത്തെ ആഴ്ച പരേതരായ വിശ്വാസികളെയും (ആനീദേ ഞായർ) അനുസ്മരിക്കുന്നതു വഴി മരിച്ചവരെക്കൂടി അനുസ്മരിച്ചുകൊണ്ട് നാം നോമ്പാചരണത്തിലേക്ക് പ്രവേശിക്കുന്നു. സുറിയാനി രീതിയനുസരിച്ച് 40 ദിവസത്തെ നോമ്പാചരണമാണ് നടത്തുന്നത്.

ഈസ്റ്ററിന് 49 ദിവസം മുമ്പ് വരുന്ന തിങ്കളാഴ്ച നടത്തുന്ന ശുബുക്കോനോ (അനുരഞ്ജനം) ശുശ്രൂഷയിലൂടെയാണ് വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നത്. ഇതിലൂടെ അനുരഞ്ജനമില്ലാത്ത നോമ്പ് ഫലശൂന്യമെന്ന് സഭ പരസ്യമായി പ്രഘോഷിക്കുകയാണ് ചെയ്യുന്നത്.

**4. കൃംതാക്കാലം (ഉയിർപ്പ് കാലം)**

ഈസ്റ്റർ മുതൽ പെന്തിക്കോസ്തി വരെയുള്ള 50 ദിവസങ്ങളാണ് കൃംതാക്കാലമായി ആചരിക്കുന്നത്. ഉയിർത്തെഴുന്നേറ്റ യേശു അപ്പസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ട സംഭവങ്ങൾ ഇക്കാലയളവിൽ അനുസ്മരിക്കുന്നു. സന്തോഷത്തിന്റെ ഈക്കാലയളവിൽ പ്രാർത്ഥനകളോടനുബന്ധിച്ചുള്ള കുമ്പിടീൽ നടത്താറില്ല.

**5. പെന്തിക്കൊസ്തിക്കാലം**

പെന്തിക്കൊസ്തി പെരുന്നാൾ മുതൽ ആഗസ്റ്റ് 6-ാം തീയതി ആഘോഷിക്കുന്ന തേജസ്കരണ പെരുന്നാൾ വരെയുള്ള കാലഘട്ടം പെന്തിക്കൊസ്തിക്കാലമായി ആചരിക്കുന്നു. സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ചിന്തകൾക്കാണ് ഇക്കാലയളവിൽ പ്രാധാന്യം നല്കിയിരിക്കുന്നത്. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള പത്തു ദിവസങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിന്റെ കാലഘട്ടമായും ആചരിക്കുന്നു.

**6. തേജസ്കരണ കാലം**

ആഗസ്റ്റ് 6-ന് ആചരിക്കുന്ന തേജസ്കരണ പെരുന്നാൾ മുതൽ സെപ്റ്റംബർ 14-ന് ആചരിക്കുന്ന സ്ലീബാ പെരുന്നാൾ വരെയുള്ള കാലഘട്ടമാണ് തേജസ്കരണ കാലം. താബോർ മലയിൽ വച്ച് യേശുവിനുണ്ടായ രൂപാന്തരീകരണം മുഖ്യ പ്രമേയമായ ഇക്കാലയളവിൽ ദൈവരാജ്യത്തിന്റെ മഹത്ത്വത്തെക്കുറിച്ചുള്ള ചിന്തകൾക്കാണ് പ്രാധാന്യം.

**7. സ്ലീവാക്കാലം**

സെപ്റ്റംബർ 14-ാം തീയതി മുതൽ ആരാധനാക്രമവത്സരത്തിന് ആരംഭം കുറിക്കുന്ന കൂദോശ് ഈത്തോ (സഭയുടെ വിശുദ്ധീകരണം) പെരുന്നാൾ വരെയുള്ള ദിവസങ്ങളാണ് സ്ലീവാക്കാലമായി ആചരിക്കുന്നത്. രക്ഷയെക്കുറിച്ചും അന്ത്യവിധിയെക്കുറിച്ചുമുള്ള ചിന്തകൾക്കാണ് ഇക്കാലയളവിൽ പ്രാധാന്യം നല്കിയിരിക്കുന്നത്. ചുരുക്കത്തിൽ ആരാധന ക്രമവത്സരത്തിലെ ഏഴുകാലങ്ങളിലൂടെ യേശുവിന്റെ രക്ഷാകര ജീവിതത്തെ സഭ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.

## IV.- പെരുന്നാളുകൾ

മലങ്കര സഭയിൽ ആചരിക്കപ്പെടുന്ന തിരുന്നാളുകൾ പ്രധാനമായും രണ്ടുതരത്തിൽപ്പെടുന്നു. ഒന്നാമത്തേത് യേശുവിന്റെ രക്ഷാകര സംഭവത്തിന്റ അനുസ്മരണയുമായി ബന്ധപ്പെട്ട മാറാനായ പെരുന്നാളുകൾ. രണ്ടാമത്തേത്, പരിശുദ്ധദൈവ മാതാവിന്റെയും അപ്പസ്തോലന്മാരുടെയും ഓർമ്മകൾ ആചരിക്കുന്ന (ദുക്റോനോ) തിരുനാളുകൾ.

വചനിപ്പ് പെരുന്നാൾ - മാർച്ച് 25
ജനന പെരുന്നാൾ - ഡിസംബർ 25
ചേലാകർമ്മം (കർത്താവിന്റെ നാമകരണം)- ജനുവരി 1
മായൽത്തോ (ദൈവാലയ പ്രവേശനം) - ഫെബ്രുവരി 2
ദനഹാ (കർത്താവിന്റെ മാമ്മോദീസ) - ജനുവരി 6
തേജസ്കരണം (മറുരൂപ പെരുന്നാൾ) - ആഗസ്റ്റ് 6

ഈ ആചാരങ്ങൾ നടത്തുന്നത്. നിഖ്യാസൂനഹദോസിന്റെ നിശ്ചയപ്രകാരം വസന്തകാലത്ത് സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസത്തിന് ശേഷം വരുന്ന പൂർണ്ണ ചന്ദ്രനെ (പെസഹാ ചന്ദ്രൻ) തുടർന്നുള്ള ഞായറാഴ്ചയാണ് ഉയിർപ്പ് തിരുന്നാൾ തിരുന്നാളുകളുടെ ഗണത്തിൽ മാറാനായ തിരുന്നാളുകൾ പോലെ അനുസ്മരിക്കുന്ന തിരുനാളുകൾ പ്രധാനമായും മൂന്നെണ്ണമാണ്.

| | |
|---|---|
| പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം | ആഗസ്റ്റ് 15 |
| പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാൾ | ജൂൺ 29 |
| തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ | ജൂലൈ 3 |

**കൂദാശകൾ**

മലങ്കര സഭയുടെ കൗദാശിക ദൈവശാസ്ത്രം സുറിയാനി സഭയുടെ കൗദാശിക ദൈവശാസ്ത്രത്തിലധിഷ്ഠിതമാണ്. സുറിയാനി പാരമ്പര്യത്തിൽ 'റോസോ' എന്ന പദമാണ് കൂദാശകൾക്കായി ആരംഭം മുതൽ ഉപയോഗിച്ചിരുന്നത്. റോസോ എന്നാൽ രഹസ്യം എന്നാണർത്ഥം

കൂദാശകൾ ഏഴ് എണ്ണം എന്ന നിഷ്കൃഷ്ടാർത്ഥത്തിൽ വ്യാഖ്യാനിക്കുന്ന രീതി സുറിയാനി സഭകളിൽ ഇല്ലായിരുന്നു. എന്നാൽ മറ്റ് സഭകളുമായുള്ള ബന്ധത്തിലൂടെ ഏവർക്കും സ്വീകാര്യമായ വിധത്തിൽ കൂദാശകളെ ഏഴെണ്ണമായി നിജപ്പെടുത്തിയിട്ടുണ്ട്. മലങ്കര സഭയിൽ ശവസംസ്കാര ശുശ്രൂഷയെ കൂദാശ ക്രമത്തിന്റെ പുസ്തകത്തിലാണ് പ്രസിദ്ധീകരിച്ചു കാണുന്നത്. ശവസംസ്കാര ശുശ്രൂഷയും ഒരു വിശുദ്ധീകരണ ശുശ്രൂഷയായി കാണുന്നതിനാലായിരിക്കണം ഇത് സംഭവിച്ചത് എന്ന് വേണം കരുതാൻ. ദേവാലയ കൂദാശയും വീട്ടുകൂദാശയും മുതൽ മനുഷ്യർ ഉപയോഗിക്കുന്ന വിവിധ

വസ്തുവകകളും കൂദാശയിലൂടെ വിശുദ്ധീകരിക്കുന്ന രീതി വ്യാപകമാണ്. ഇടവക തിരുന്നാളിനോടനുബന്ധിച്ചു നടത്തിവരുന്ന 'റാസാ' ഒരു പ്രദേശത്തെ തന്നെ വിശുദ്ധീകരിക്കുന്ന ശുശ്രൂഷയായി മാറുന്നു. ചുരുക്കത്തിൽ, മലങ്കര സഭയുടെ വിശ്വാസവും ആചാരരീതികളുമനുസരിച്ച് ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിച്ച് നില്ക്കുന്ന ദൈവസാന്നിദ്ധ്യ ഭാവത്തെ ഉണർത്തുന്ന തരത്തിൽ വിപുലമായ അർത്ഥത്തിലാണ് റാസാ എന്ന പദം ഉപയോഗിക്കുന്നത്. അതേ സമയം തന്നെ തെന്ത്രോസ് സുനഹദോസു മുതൽ കത്തോലിക്കാ സഭ ഔദ്യോഗികമായി പഠിപ്പിക്കുന്ന ഏഴു കൂദാശകളെയും അർഹിക്കുന്ന ഗൗരവത്തോടെ അനുഷ്ഠിച്ചു വരുന്നു.

**പ്രാരംഭ കൂദാശകൾ**

മാമ്മോദീസ, സ്ഥൈര്യലേപനം, വി. കുർബാന എന്നീ മൂന്ന് കൂദാശകളും പ്രാരംഭകൂദാശകൾ എന്ന പേരിൽ ഒരുമിച്ചാണ് നല്കുന്നത്. കൂദാശാ ക്രമത്തിൽ ഒറ്റ ശുശ്രൂഷയായിട്ടാണ് ഇതിനെ വിഭാവന ചെയ്തിരിക്കുന്നത്. 13-ാം നൂറ്റാണ്ടിൽ ബാർ എസ്രായ ക്രോഡീകരിച്ച മാമ്മോദീസ ക്രമമാണ് മലങ്കര സഭകളിൽ പൊതുവെ ഉപയോഗിച്ചു വരുന്നത്.

ജനനത്തിന്റെ എട്ടാം ദിവസം ആൺകുട്ടികൾക്കും പതിനഞ്ചാം ദിവസം പെൺകുട്ടികൾക്കും മാമ്മോദീസ നല്കുന്ന രീതിയായിരുന്നു നേരത്തെ സഭയിലുണ്ടായിരുന്നത്. എന്നാൽ, ആളുകളുടെ സൗകര്യമനുസരിച്ച് മാമ്മോദീസ നടത്തുന്ന രീതി ഇന്ന് പൊതുവെ അംഗീകരിക്കപെട്ടിരിക്കുന്നു. ഒന്നിലധികം കുട്ടികളെ ഒരുമിച്ച് മാമ്മോദീസ മുക്കുന്നയവസരത്തിൽ കുട്ടികളുടെ മൂപ്പ് മുറയനുസരിച്ചാണ് സാധാരണയായി മാമ്മോദീസ നടത്തുന്നത്. ഒരുമിച്ച് മാമ്മോദീസ നടത്തുന്ന രീതിയെ സഭ പ്രോത്സാഹിപ്പിക്കുന്നു. ആരാധന ക്രമവത്സരത്തിന് ആരംഭം കുറിക്കുന്ന സഭയുടെ വിശുദ്ധീകരണ തിരുന്നാൾ (കൂദോശ് ഈത്തോ), യേശുവിന്റെ മാമ്മോദീസ അനുസ്മരിക്കുന്ന ദനഹാതിരുന്നാൾ, ഉയിർപ്പുതിരുന്നാൾ, പെന്തിക്കോസ്തി തിരുനാൾ തുടങ്ങിയ നാലവസരങ്ങളിലായി മാമ്മോദീസ നടത്തുന്നത് അഭികാമ്യമായിരിക്കും എന്ന് മാർ ഈവാനിയോസ് തിരുമേനി നിർദ്ദേശിക്കുന്നു.

പാപപരിഹാരത്തിനു വേണ്ടിയുള്ള അനുരഞ്ജന കൂദാശകളെക്കുറിച്ചുള്ള ചിന്തകൾ സുറിയാനി സഭാപിതാക്കന്മാരായ അഫ്രഹാത്ത്, എഫ്രേം എന്നിവരുടെ രചനകൾ മുതൽ കാണാൻ കഴിയും.





പാപമോചനത്തെ കുറിച്ചുള്ള ഇവരുടെ ചിന്തകളിൽ അനുതാപത്തിന് വലിയ പ്രാധാന്യം നല്കിയിരിക്കുന്നു.

മലങ്കര ക്രമമനുസരിച്ച് പാപമോചനത്തിനുള്ള രണ്ടു ആശിർവാദങ്ങളുണ്ട്. പാപമോചനം കർമ്മണി പ്രയോഗത്തിലാണ് (Passive voice) നടത്തുന്നത്. ദൈവം തന്നെയാണ് പാപമോചനം നല്കുന്നത് എന്ന് ഇതു സൂചിപ്പിക്കുന്നു. പൂർവ്വകാലങ്ങളിൽ ആദ്യകുർബ്ബാന സ്വീകരണമെന്ന ചടങ്ങ് മലങ്കരയിൽ പ്രാബല്യത്തിലില്ലായിരുന്നു. മാമ്മോദീസയുടെ അവസരത്തിൽ തന്നെ വി.കുർബാന നല്കുന്നതിനാൽ ആദികുർബാന സ്വീകരണം അപ്രസക്തമായിരുന്നു. എന്നാൽ തിരിച്ചറിവ് കൈവന്നശേഷം ഒരു വ്യക്തി ബോധപൂർവ്വം വി. കുർബ്ബാന സ്വീകരിക്കുവാൻ ആരംഭിക്കുന്നുവെന്ന അർത്ഥത്തിൽ മലങ്കരയിലെ വിവിധ സഭാ വിഭാഗങ്ങൾ ഈ രീതി നടത്തി വരുന്നു.

**രോഗികളുടെ തൈലാഭിഷേകം**

ആദ്യ നൂറ്റാണ്ടുകൾ മുതൽ തന്നെ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും തൈലാഭിഷേകം നടത്തുകയും ചെയ്തിരുന്നു. തൈലാഭിഷേകത്തിന് പ്രാധാനമായും ഒലിവെണ്ണയാണ് ഉപയോഗിച്ചിരുന്നത്. രോഗികൾക്ക് സൗഖ്യം നല്കുന്നതോടൊപ്പം ഇതിലൂടെ പാപമോചനവും നല്കപ്പെട്ടിരുന്നതായി അഫ്രഹാത്ത് സാക്ഷിക്കുന്നു. അന്ത്യോക്യയിലെ സേവേറിയോസും ഈ വാദത്തെ പിന്തുണയ്ക്കുന്നുണ്ട്. ചുരുക്കത്തിൽ, അപ്പസ്തോല കാലഘട്ടം മുതൽ രോഗസൗഖ്യത്തിനും പാപമോചനത്തിനുമായി തൈലാഭിഷേകം നടത്തിയിരുന്നതിന്റെ സൂചനകൾ സഭാ പിതാക്കൻമാരുടെ രചനകളിൽ കാണാൻ കഴിയും. മോശബർകീപ്പായുടെയും ബാർ സ്ലീബിയുടെയും രചനകൾ നല്കുന്ന സൂചനയനുസരിച്ച് മദ്ധ്യ ശതകങ്ങൾ മുതൽ രോഗികളുടെ തൈലാഭിഷേകത്തിനായി പ്രത്യേക ശുശ്രൂഷകൾ നിലവിലുണ്ടായിരുന്നു. മലങ്കര സഭയിൽ രോഗികളുടെ തൈലാഭിഷേകത്തിനായി രണ്ടു ശുശ്രൂഷകൾ നിലവിലുണ്ട്: സാധാരണ ക്രമവും, കന്തീലാശുശ്രൂഷയും. വിവാഹകൂദാശയുടെ ശുശ്രൂഷക്രമം സുറിയാനി സഭയിലെ വിവാഹകൂദാശയുടെ ശുശ്രൂഷക്രമം എസേസ്സായിലെ വി.യാക്കോബ് രചിച്ചതാണെന്ന് കരുതപ്പെടുന്നു. മോശേബർകേഫാ മറ്റ് ശുശ്രൂഷ ക്രമങ്ങളുടെ സഹായത്തോടെ 9-ാം നൂറ്റാണ്ടിൽ ഇതു ക്രോഡീകരിക്കുകയുണ്ടായി. ഈ ക്രമമാണ് മലങ്കരസഭയിൽ ഉപയോഗത്തിലിരിക്കുന്നത്. വിവാഹശുശ്രൂഷയിൽ പ്രാധാനമായും രണ്ടു ക്രമങ്ങളാണുള്ളത്. മോതിരം വാഴ്വിന്റെ ക്രമവും കിരീടം വാഴ്വിന്റെ ക്രമവും.

## തിരുപ്പട്ടം

സഭാശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവരെ അഭിഷേചിച്ച് നേതൃസ്ഥാനത്ത് അവരോധിക്കുന്ന രീതി അപ്പസ്തോലിക കാല ഘട്ടം മുതൽ നടപ്പിൽ വന്നു. സുറിയാനി രീതിയനുസരിച്ച് പൗരോ ഹിത്യത്തിൽ വിവിധ നിരകളെ കാണാൻ കഴിയും. ഇവയിൽ ആദ്യത്തെ മൂന്നു സ്ഥാനങ്ങളായ മൗദ്യോനോ, മ്സമ്റോനേ, കോറൂയോ സ്ഥാനങ്ങൾ മലങ്കര കത്തോലിക്കാ സഭയിൽ ഒരുമി ച്ചാണ് സാധാരണ നല്കുന്നത്. കോറുയോ പട്ടത്തിന്റെ ഭാഗമായി നല്കുന്ന ഉറാറ വെള്ള കുപ്പായ (ആൽബ) ത്തിന് മുകളിൽ കുരി ശാകൃതിയിൽ ധരിക്കുന്നു. ഇവരുടെ ചുമതലകൾ യഥാക്രമം ആചാര്യൻമാരുടെ സഹായി, ഗായക സംഘത്തിന് നേതൃത്വം വഹി ക്കുക, വായനക്കാരൻ എന്നിവയാണ്. എന്നാൽ, ഇപ്പോൾ വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനത്തിന്റെ ഓരോ ഘട്ടവും പൂർത്തി യാകുന്നതനുസരിച്ച് ഇതു നല്കി വരുന്നു. ആദ്യത്തെ മൂന്നുഘ ട്ടങ്ങളെത്തുടർന്ന് ഹെവുപ്പദിയാക്കോനോപട്ടം നല്കുന്നു.

മേൽപറഞ്ഞ നാലു സ്ഥാനങ്ങൾക്കു പുറമെ ശെമ്മാശപട്ടം, വൈദിക (കശ്ശീശ്ശാ) പട്ടം, എപ്പിസ്ക്കോപ്പാ (മെത്രാൻ) പട്ടം എന്നിവ പൗരോഹിത്യ ഗണത്തിൽപ്പെടുന്നതും കൗദാശികമായി നല്കുന്നതുമായ പട്ടങ്ങളാണ്. ശെമ്മാശ പട്ടം ദേവാലയ കർമ്മ ങ്ങൾക്കുള്ള ഔദ്യോഗിക ശുശ്രൂഷകർക്ക് നല്കുന്ന പൗരോഹിത്യ സ്ഥാനമാണ്. ശെമ്മാശ പട്ടത്തിന്റെ ഭാഗമായി അർത്ഥിക്ക് ഊറാ റയും ധൂപക്കുറ്റിയും വാഴ്ത്തി നല്കുന്നു. ഊറാറ ഇടത്തെ തോളിൽ മദ്ധ്യഭാഗത്ത് കുരിശോടുകൂടി മുമ്പിലും പിൻപിലും വര ത്തക്ക വിധത്തിലാണ് അണിയുന്നത്. പൂർവ്വകാലത്ത് ശെമ്മാശ പട്ടം സ്വീകരിച്ചവർ സഭയിൽ ധാരാളമുണ്ടായിരുന്നു. പിന്നീട് കശ്ശീശ്ശാ (വൈദിക)പട്ടം സ്വീകരിക്കുന്നതിന് മുമ്പുള്ള ഒരു ഘട്ട ത്തിലെ ചുമതല എന്ന വിധത്തിൽ ശെമ്മാശ പട്ടത്തെ കണ്ടിരു ന്നു. മലങ്കര കത്തോലിക്കാസഭയുടെ 2008 ഒക്ടോബറിൽ ചേർന്ന പരിശുദ്ധ സൂന്നഹദോസ് സ്ഥിരം ശെമ്മാശ്ശന്മാരെ വാഴിക്കാൻ തീരു മാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവാഹിതരായി കുടുംബ ജീവിതം നയിക്കുന്നവർക്ക് ശെമ്മാശപട്ടം സ്വീകരിച്ച് സഭയിൽ ശുശ്രൂഷ ചെയ്യാവുന്നതാണ്.

കശ്ശീശ്ശാ പട്ടം (വൈദിക പട്ടം) സ്വീകരിക്കുന്നതോടെയാണ് കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുള്ള അവകാശം ഒരു വ്യക്തിക്ക് നല്കുന്നത്. തിരുപ്പട്ടം ഒഴികെ എല്ലാ കൂദാശകളും പരികർമ്മം ചെയ്യുന്നതിന് പുരോഹിതന് അവകാശമുണ്ട്.





## എപ്പിസ്ക്കോപ്പോ (പ്രധാനാചാര്യൻ)

പൗരോഹിത്യത്തിന്റെ പൂർണ്ണതയായിട്ടാണ് 7-ാം പട്ടമായ എപ്പി സ്കോപ്പാസ്ഥാനത്തെ കാണുന്നത്. മൂന്നു എപ്പിസ്ക്കോപ്പാമാർ ചേർന്നാണ് ഒരു വൈദികനെ മെത്രാൻ സ്ഥാനത്തേക്ക് വാഴിക്കു ന്നത്. ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കടുത്ത സ്ഥാനചിഹ്നങ്ങൾ ശുശ്രൂഷയുടെ അവസരത്തിൽ പുതിയതായി അഭിഷേകം ചെയ്യ പ്പെട്ട എപ്പിസ്ക്കോപ്പായെ അണിയിക്കുന്നു. മെത്രാൻ പട്ടം കൊടു ക്കുന്നതിന് മുന്നോടിയായി റമ്പാൻ (സന്ന്യാസ)പട്ടം കൊടുക്കുന്ന രീതി മലങ്കരസഭയിലുണ്ട്. പൂർവ്വകാലങ്ങളിൽ സന്ന്യാസികളെയായി രുന്നു മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തിരുന്നത്. പിൽക്കാ ലത്ത് സന്ന്യാസികളല്ലാത്തവരെ ഈ സ്ഥാനത്തേക്ക് തിരഞ്ഞെടു ത്തപ്പോൾ സന്ന്യാസപരമായ തപോജീവിതത്തിലേക്ക് ആനയിക്ക ത്തക്കവിധം റമ്പാൻ പട്ടം നൽകുന്ന രീതിയും ആരംഭിച്ചു.

### പൗരോഹിത്യ സ്ഥാനങ്ങൾ

മേൽപറഞ്ഞ പട്ടങ്ങൾ കൂടാതെ പുരോഹിത ഗണത്തിൽപ്പെട്ട വർക്ക് ചില സ്ഥാനങ്ങൾ നല്കുന്ന സുറിയാനി രീതി ചില പ്രത്യേ കതകളോടെ മലങ്കരയിലും നല്കി വരുന്നു.

### അർക്കദിയാക്കോൻ

മലങ്കര സഭയിൽ മെത്രാൻ വാഴ്ച ആരംഭിക്കുന്നതിനുമുമ്പുള്ള കാലയളവിൽ സഭാനേതൃത്വം അർക്കദിയാക്കോനിൽ (ആർച്ച് ഡീക്കൻ) നിഷിപ്തമായിരുന്നു. സുറിയാനി സഭയിൽ നിലനിന്നി രുന്ന ആർച്ച് ഡീക്കൻ സ്ഥാനിയുടെ ഭാരതീയ രൂപമായി ഇതിനെ കാണാം. സുറിയാനി സഭയിൽ ഭദ്രാസന ദേവായത്തിലെ പ്രാധാന ശുശ്രൂഷിക്കായിരുന്നു ഈ സ്ഥാനം നല്കിയിരുന്നത്. പിതാക്ക ന്മാരുടെ അംശവടി പിടിക്കുക, സ്തൗമൻകാലൊസ് (നാമെല്ലാവരും നേരെ നില്ക്കുകയെന്ന പ്രഖ്യാപനം) മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലുക എന്നിവ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. മലങ്കരയെ സുറിയാനി സഭയുടെ ഒരു ഭദ്രാസനമായി കണ്ട് സുറി യാനി സഭയിൽ നിന്നും മലങ്കരയിലെത്തുന്ന പിതാക്കന്മാരുടെ പ്രാധാന സഹായിയെന്ന വിധത്തിൽ അർക്കദിയാക്കോന്റെ സ്ഥാനത്തെ സുറിയാനി സഭ കണ്ടിരുന്നിരിക്കണം. എന്നാൽ സുറി യാനി സഭയിൽ നിന്ന് വ്യത്യസ്തമായി മലങ്കര ഇടവകകളുടെ വസ്തുവകകളുടെ സംരക്ഷകനും മേൽനോട്ടക്കാരനുമെന്ന ചുമത ലകൂടി മലങ്കരയിൽ അർക്കദിയാക്കോന്മാർ വഹിച്ചിരുന്നിരിക്കണം. കൂനൻ കുരിശു സത്യത്തെ തുടർന്ന് അർക്കദിയാക്കോൻ മെത്രാൻ

സ്ഥാനത്തേക്കുയർത്തപ്പെട്ടതോടെ മലങ്കരയിൽ ആർച്ച് ഡീക്കൻ സ്ഥാനം നിലച്ചു.

### കോർ എപ്പിസ്ക്കോപ്പ

സുറിയാനി സഭയിൽ മെത്രാന്റെ പ്രതിനിധിയെന്ന നിലയിൽ ഗ്രാമപ്രദേശങ്ങളിലെ സഭയ്ക്ക് മെത്രാനടുത്ത വിധത്തിൽ നേതൃത്വം നല്കാനായി നിയമിക്കപ്പെട്ടവരാണ് കോർ എപ്പിസ്ക്കോപ്പാമാർ. യാത്രാസൗകര്യം പരിമിതമായിരുന്നതിനാലും മെത്രാന്മാരുടെ എണ്ണം കുറവായിരുന്നതിനാലും ഇത്തരം സംവിധാനങ്ങൾ അനിവാര്യമായിരുന്നു.

### മൂറോൻ കൂദാശ

ഏഴു കൂദാശകളിൽ രണ്ടാമത്തേതായ സ്ഥൈര്യലേപനത്തിന് മൂറോൻ അഭിഷേകം എന്നും പറയാറുണ്ട്. എന്നാൽ മൂറോൻ കൂദാശയ്ക്ക് വിപുലമായ അർത്ഥങ്ങളാണുള്ളത്. മൂറോൻ കൂദാശ ചെയ്യുക എന്നതുകൊണ്ട് വിവിധ കൂദാശകളിൽ ഉപയോഗിക്കുന്ന മൂറോൻ തൈലം കൂദാശ ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. ആശീർവദിക്കപ്പെട്ട മൂറോൻതൈലം മാമോദീസായ്ക്കും, സ്ഥൈര്യ ലേപനത്തിനും, ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുന്ന ബലിപീഠത്തിൽ സ്ഥാപിക്കുന്ന തബ്ലീത്താ (ചെറിയ ത്രോണോസ്) വാഴ്ത്തുന്നതിനും ആഘോഷമായ ദൈവാലയ കൂദാശയ്ക്കുമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.





# 06

# ആരാധനക്രമ ആധ്യാത്മികതയിൽ യാമപ്രാർത്ഥനകൾക്കുള്ള പ്രാധാന്യം

കുർബാനയിൽ പ്രത്യേകിച്ച് ഞായാറാഴ്ചസമ്മേളനത്തിൽ നാം ആഘോഷിക്കുന്ന ക്രിസ്തുവിന്റെ രഹസ്യം അവിടുത്തെ മനുഷ്യാവതാരവും പെസഹായും “ദിവ്യകർമ്മം” എന്ന യാമപ്രാർത്ഥനയുടെ ആഘോഷത്തിലൂടെ ഓരോ ദിവസത്തിന്റെയും സമയത്തിൽ ഉൾച്ചേർക്കുകയും അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഈ ആഘോഷം ‘നിരന്തരം പ്രാർത്ഥിക്കുക’ എന്ന ശ്ലൈഹികാഹ്വാനങ്ങളോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ‘ദൈവസ്തുതിയിൽ ദിനരാത്രങ്ങളുടെ മുഴുവൻ ഗതിയെയും വിശുദ്ധീകരിക്കത്തക്കവിധമാണ് ക്രമീകരിച്ചിരിക്കുന്നത്.’ സഭ ‘അംഗീകരിച്ച രൂപത്തിൽ’ ആഘോഷിക്കപ്പെടുമ്പോൾ യാമപ്രാർത്ഥനകൾ യഥാർത്ഥത്തിൽ തന്റെ മണവാളനോടു സംസാരിക്കുന്ന മണവാട്ടിയുടെ തന്നെ സ്വരമാണ്; ക്രിസ്തുതന്നെ തന്റെ ശരീരത്തോടൊപ്പം പിതാവിനോടു നടത്തുന്ന പ്രാർത്ഥനയാണ്. (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1174)..

### ലക്ഷ്യവും സ്വഭാവവും:

ദിവസത്തിന്റെ ഓരോയാമത്തിലും ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവനാമത്തെ മഹത്വപ്പെടുത്തുകയും ദിനരാത്രങ്ങൾ പവിത്രീകരിക്കുകയും ചെയ്യുക എന്നതാണ് യാമപ്രാർത്ഥനകളുടെ പ്രധാനലക്ഷ്യവും സ്വഭാവവും. ദൈവത്തിനു നിരന്തരം ആധ്യാത്മികബലികളർപ്പിക്കുന്ന പുരോഹിതജനമായ സഭയുടെ പൗരോഹിത്യ ധർമ്മമാണ് യാമപ്രാർത്ഥനകളിൽ പ്രതിഫലിക്കുക. നിത്യപുരോഹിതനായ ഈശോയുടെ പൗരോഹിത്യ ശുശ്രൂഷയിൽ പങ്കുചേർന്നുകൊണ്ടാണ് സഭ തന്റെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുക. സഭയുടെ പൗരോഹിത്യധർമ്മം കൂദാശകൾ പരി

കർമ്മം ചെയ്യുന്നതിൽ മാത്രമല്ല അടങ്ങിയിരിക്കുന്നത്, പ്രത്യുത ദൈവത്തെ നിരന്തരം സ്തുതിക്കയും ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതിലുമാണ് (ആരാധന ക്രമം 83).

രാവും പകലും നന്മയും തിന്മയും നിറഞ്ഞപാതയിലൂടെ സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കി സഭ തീർത്ഥാടനം നടത്തുന്നു. യാമപ്രാർത്ഥനകളിലൂടെ ഓരോ ദിവസത്തെയും വിശുദ്ധീകരിച്ചുകൊണ്ട് ദൈവത്തിനു സ്വീകാര്യമായ ധാരാളം ആധ്യാത്മിക ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സഭ ആഗ്രഹിക്കുന്നു. അതിനാൽ യാമങ്ങളെ വിശുദ്ധീകരിക്കുക എന്നത് യാമപ്രാർത്ഥനകളുടെ പരമപ്രധാനമായ ലക്ഷ്യമായിത്തീരുന്നു. തന്നിമിത്തം, ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ ഫലമാണ് ഓരോ ദിവസവുമെന്ന് അംഗീകരിക്കാനും നമ്മുടെ സഹായവും, നാമായിരിക്കുന്ന ജീവിത സാഹചര്യങ്ങളും അവിടുത്തെ അനന്തമായ പരിപാലനയുടെ ബഹിർസ്ഫുരണമാണെന്ന് മനസ്സിലാക്കുവാനും യാമപ്രാർത്ഥനകൾ നമ്മെ സഹായിക്കുന്നു. യാമങ്ങളുടെ വിശുദ്ധീകരണം വഴി യാമങ്ങളോടു ബന്ധപ്പെട്ടു ജീവിക്കുന്ന നമ്മുടെതന്നെ വിശുദ്ധീകരണമാണ് അർത്ഥമാക്കുന്നത്. നമ്മുടെ വിശുദ്ധീകരണം വഴി ലോകത്തിന്റെ വിശുദ്ധീകരണവും.

**പ്രഭാതവും പ്രദോഷവും:**

യാമപ്രാർത്ഥനകളുടെ ലക്ഷ്യത്തെ ദിവസത്തിന്റെ വിശുദ്ധീകരണവുമായി ബന്ധപ്പെടുത്തുമ്പോൾ ഒരു ദിവസത്തിന്റെ നിർണ്ണായക ഘടകങ്ങൾ എന്ന നിലയിൽ പ്രഭാതവും പ്രദോഷവും, സൂര്യനും ചന്ദ്രനും, പ്രകാശവും അന്ധകാരവും എല്ലാം വളരെ പ്രധാനപ്പെട്ടവയാണ്. ഇവയോടുബന്ധിപ്പിച്ച് ദൈവത്തിന്റെ സൃഷ്ടികർമ്മവും രക്ഷാകരകർമ്മവും പരിപാലനയുമൊക്കെ അനുസ്മരിക്കാൻ ഇടയാകുന്നു. പ്രഭാതത്തിലെ പ്രകാശരശ്മികളും ഉദിച്ചുയരുന്ന സൂര്യനും സ്രഷ്ടാവായ ദൈവത്തെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവമാണ് പ്രകാശത്തിന്റെ സൃഷ്ടാവെന്നും പകലിനെ ഭരിക്കാൻ വേണ്ടിയാണ് അവിടുന്ന് സൂര്യനെ സൃഷ്ടിച്ചതെന്നും ഓർമ്മിപ്പിച്ചുകൊണ്ട് പ്രകാശംതന്നെയായ ദൈവത്തെ സ്തുതിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ലോകത്തിന്റെ പ്രകാശമായ മിശിഹായെക്കുറിച്ചു ചിന്തിക്കുവാനും അന്ധകാരത്തിലും ഇരുളിലും കഴിഞ്ഞിരുന്ന ജനതയ്ക്കുവേണ്ടി ഉദിച്ചുയർന്ന നീതിസൂര്യനാണ് മിശിഹായെന്നു പ്രഖ്യാപിക്കുവാനും നമുക്കു കഴിയുന്നു.

ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം പ്രഭാതം രക്ഷയുടെയും പ്രദോഷം അടിമത്തത്തിന്റെയും അടയാളമായിരുന്നു. സായാഹ്നം





പ്രവർത്തനനിരതമായ ഒരു ദിവസത്തിന്റെ പരിസമാപ്തിയാണ്. പ്രവർത്തനനിരതമായ ഈ ലോകജീവിതത്തിന്റെ സമാപ്തിയെക്കുറിച്ചും മരണത്തെക്കുറിച്ചും ലോകാവസാനത്തെക്കുറിച്ചും ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നു. രാത്രി അഗ്നിയുടെ സഹായത്താൽ ഇസ്രായേലിനെ വഴി നടത്തിയ ദൈവം തങ്ങളെയും നയിക്കുമെന്ന പ്രതീക്ഷ പുതിയ ഇസ്രായേലായ സഭയ്ക്കുണ്ട്. ദൈവത്തിന്റെ പ്രമാണങ്ങൾ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവുമായി സഭയ്ക്ക് അനുഭവപ്പെടുന്നു. അതിനാൽ ദീപങ്ങൾ കത്തിച്ച് അഗ്നിനാളങ്ങളുടെ സാന്നിധ്യത്തിലും പ്രകാശത്തിലും ധൂപദീപങ്ങളുടെ സഹായത്തോടെ ആഘോഷമായി നിർവ്വഹിക്കപ്പെടണം.

**വി. ഗ്രന്ഥത്തോടും ആദിമസഭയുടെ ചിന്താധാരയോടുമുള്ള ബന്ധം:**

യാമപ്രാർത്ഥനകളുടെ സവിശേഷത അത് വി. ഗ്രന്ഥാധിഷ്ഠിതമാണ് എന്നതാണ്. തിരുവചനങ്ങൾകൊണ്ടു കോർത്തിണക്കിയ പൂമാല്യങ്ങളാണ് യാമപ്രാർത്ഥനകളിലെ പ്രാർത്ഥനകളും ഗീതങ്ങളും. ആദിമസഭയുടെ ചൈതന്യമുൾക്കൊണ്ട് സഭാപിതാക്കൻമാരുടെ പ്രാർത്ഥനാനുഭവം യാമപ്രാർത്ഥനകളിലുടനീളം കാണാൻ സാധിക്കും. തന്മൂലം യാമപ്രാർത്ഥനകൾ ജപിക്കുന്നതിലൂടെ നാം വി.ഗ്രന്ഥത്തോടും ആദിമസഭയുടെ ചൈതന്യത്തോടും ബന്ധപ്പെടാൻ ഇടയാകുന്നു. യാമപ്രാർത്ഥനകളിൽ ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടാണിരിക്കുക. എല്ലാ ഗീതങ്ങളുടെയും ആരംഭം ബൈബിളിലെ വാക്കുകൾ ഉപയോഗിച്ചുകൊണ്ടാണ്. ഉദാ: “നീതിമാൻ വിശ്വാസം കൊണ്ട് ജീവിക്കുന്നു.” എന്നു തുടങ്ങുന്ന ഗീതം. ഗലാ 3:11ൽ നിന്നും അടർത്തിയെടുത്താണ്. “വിശ്വാസം നിറയും മാനസമലർവാടി.... പ്രാർത്ഥന ജന്മമെടുക്കുന്നു.” - പ്രാർത്ഥനയുടെ അനുഭവങ്ങളിലേക്ക് ഊളിയിട്ടിറങ്ങുന്നവരുടെ ജീവിതത്തിൽ ദൃഢമായ വിശ്വാസം പ്രകടമായിരിക്കും. ദൈവത്തിന്റെ സ്വയാവിഷ്കരണം വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയുമാണ് ജനത്തിന് അനുഭവവേദ്യമായത്. അതിന് മനുഷ്യൻ പ്രത്യുത്തരം നല്കുന്നതും വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയുമാണ്. യാമപ്രാർത്ഥനകൾ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും സഹായത്തോടെ അതിനു വഴിയൊരുക്കുന്നു.

**രക്ഷാകരസംഭവങ്ങളും യാമപ്രാർത്ഥനകളും.**

പെസഹാ രഹസ്യത്തിന്റെ തുടർച്ചയാണ് യാമപ്രാർത്ഥനകൾ. സഹനത്തിന്റെ പാതയിലൂടെ നിരന്തരം പ്രയാണം ചെയ്തുകൊണ്ട് മരണത്തിലൂടെ ജീവിതത്തിലേക്ക് പ്രവേശിച്ച മിശിഹായുടെ പെസ

ഹാരഹസ്യം നാം യാമപ്രാർത്ഥനകളിലൂടെ അനുസ്മരിക്കുന്നു. ആരാധനക്രമവത്സരത്തിന്റെ സഹായത്തോടെയാണ് പെസഹാര ഹസ്യത്തിന്റേയും മിശിഹാരഹസ്യത്തിന്റേയും രക്ഷാകരരഹസ്യം മുഴുവന്റേയും തലങ്ങളെ യാമപ്രാർത്ഥനകളിലൂടെ സഭ സ്വാംശീക രിക്കുന്നത് അതിനാൽ ക്രിസ്തുവിൽ കേന്ദ്രീകൃതമായ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആരംഭം മുതൽ അവസാനംവരെയുള്ള എല്ലാ സംഗതികളും യാമപ്രാർത്ഥനകളുടെ വിഷയമായിത്തീരുന്നു. ക്രിസ്തുവിലൂടെ സാധിച്ച മഹനീയമായ രക്ഷയെക്കുറിച്ചുള്ള ആഴ മേറിയ ധ്യാനത്തിൽനിന്നുയിർക്കൊള്ളുന്ന സ്തുതിപ്പുകളും കൃത ജ്ഞതാസ്തോത്രങ്ങളും കൊണ്ട് ധന്യമായ യാമപ്രാർത്ഥനകൾ ക്രിസ്തുവിനെയും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളെയും അനുഭവിച്ചറിയുവാൻ ഏറെ സഹായകമാണ്.

**യാമപ്രാർത്ഥനയുടെ സഭാത്മകമാനം**

ഇന്ന് യാമപ്രാർത്ഥനകൾ വൈദികരുടെയും സന്യാസിനീ സന്യാ സികളുടെയും മാത്രം പ്രാർത്ഥനയായിട്ടാണ് പലരും കണക്കാക്കു ക. വൈദികരെന്നോ സന്യസ്തരെന്നോ ഉള്ള വ്യത്യാസം കൂടാതെ വിശ്വാസികളെല്ലാം യാമപ്രാർത്ഥനകളിൽ പങ്കുകൊണ്ടിരുന്ന പാര മ്പര്യമാണ് കേരളത്തിലെ മാർത്തോമാ നസ്രാണികളുടേത്. ദൈവ ജനം മുഴുവന്റെയും പ്രാർത്ഥനയാണ് യാമപ്രാർത്ഥനകൾ. തിരുസ ഭയുടെ ഭൗതികശരീരമയ സഭ മിശിഹായോടൊന്നിച്ച് പിതാവായ ദൈവത്തിനർപ്പിക്കുന്ന പ്രാർത്ഥനയാണ് യാമപ്രാർത്ഥനകൾ. (ലി റ്റർജി 8:4) ഇത് സഭ ഔദ്യോഗികമായി ദൈവത്തെ സ്തുതിക്കുന്ന സ്വരമാണ്. (ലിറ്റർജി: 9:9) അതിനാൽ യാമപ്രാർത്ഥനകളിലൂടെ നിര ന്തരം ദൈവത്തെ സ്തുതിക്കുകയും സർവ്വലോകത്തിന്റെയും രക്ഷ യ്ക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുമ്പോൾ മിശിഹായുടെ പുരോഹിത ധർമ്മം സഭ ഭൂമിയിൽ തുടരുകയാണ് (ലിറ്റർജി: 8:3)

സഭ മുഴുവന്റെയും ആരാധനാഭാവങ്ങളോടു ചേർന്ന് ദൈവത്തിന് സ്തുതിയും കൃതജ്ഞതയും ആരാധനയും നന്ദിയും യാചനയു മെല്ലാം അർപ്പിക്കുമ്പോൾ സഭയോടൊത്ത് താനും ചിന്തിക്കുകയും പ്രാർത്ഥിക്കുകയും സഭയുടെ ആധ്യാത്മിക ഭാവം സ്വന്തമാക്കുക യുമാണ് ചെയ്യുക.



# 07

# സീറോ മലബാർ റീത്തിലെ ആരാധനക്രമ വത്സരം

ആഴ്ചകൾകൊണ്ടും മാസങ്ങൾകൊണ്ടും അതിരിട്ട വർഷം നമുക്ക് സുപരിചിതമാണ്. . നമ്മുടെ സഭാജീവി തവും ഇതുപോലൊരു വർഷത്തെ തരണംചെയ്ത് നീങ്ങു ന്നു. ആ വർഷത്തിനു സഭാവർഷം എന്നു പറയുന്നു. ഒരു വർഷത്തെ കാലയളവിനുള്ളിൽ ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലെ സംഭവങ്ങളെല്ലാം ധ്യാനവിഷയമാക്കുകയും തദനുസൃതം ജീവിക്കുകയും ചെയ്യുന്നു. ഓരോകാലഘട്ടവും ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നു.

ഈശോ മിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവ ത്തിന്റെ രക്ഷാകരപദ്ധതിയിലെ സുപ്രധാനസംഭവങ്ങൾ അനുസ്മരിച്ച് ദൈവത്തിനു നന്ദി പറയുകയാണ് സഭ ആരാ ധനാവത്സരത്തിലൂടെ ചെയ്യുന്നത്. ഈശോയുടെ ജനനം മുതൽ അവിടുത്തെ മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ ആഗ മനംവരെ നീളുന്ന രക്ഷാകര സംഭവത്തിലെ പ്രധാനരഹ സ്യങ്ങളെ കേന്ദ്രീകരിച്ചാണ് നമ്മുടെ ആരാധനാവത്സരം രൂപപ്പെടുത്തിയിരിക്കുന്നത്. പൗരസ്ത്യ സുറിയാനി സഭ യുടെ പാത്രിയാർക്കീസ് ആയിരുന്ന ഈശോയാബ് മൂന്നാ മൻ ആണ് (647-657) നമ്മുടെ ആരാധനാവത്സര പഞ്ചാംഗം ഇപ്പോഴത്തെ രീതിയിൽ ക്രമീകരിച്ചത്.

**വിവിധ കാലങ്ങളുടെ പ്രാധാന്യം :-**

സഭാവത്സരത്തിൽ അനുക്രമമായി തുടർന്നുവന്ന കാല ങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഇപ്ര കാരം ഉദ്ബോധിപ്പിക്കുന്നു. രക്ഷാകര രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസഭ തന്റെ നാഥന്റെ ശക്തി യുടെയും യോഗ്യതകളുടെയും അനർഘ നിക്ഷേപം ആരാ

ധനക്രമ വത്സരത്തിലൂടെ വിശ്വാസികൾക്കു തുറന്നുവയ്ക്കുന്നു. അങ്ങനെ ഇവ ഒരു വിധത്തിൽ എല്ലാസമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതമാകുകയും ചെയ്യുന്നു. (ആരാധനക്രമം No:102)

ഈശോയുടെ ജീവിത രഹസ്യങ്ങളിൽ പങ്കുചേർന്ന് മിശിഹാനുഭവത്തിൽ ജീവിക്കാനും അതിന്റെ ഫലമായ സ്വർഗീയ സൗഭാഗ്യം നേടാനും വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. ഈശോയിൽ പൂർത്തിയാക്കപ്പെട്ട രക്ഷാകരസംഭവങ്ങളുടെ സമയബന്ധിതമായ അനുസ്മരണവും ആചരണവും അതിന്റെ ചൈതന്യമനുസരിച്ചുള്ള ജീവിതവും നമ്മെ യഥാർത്ഥക്രൈസ്തവരാക്കും. രക്ഷാകരചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അടിസ്ഥാനമാക്കി ആരാധനാവത്സരത്തെ ഒൻപതായി തിരിച്ചിരിക്കുന്നു.

**ആരാധനാവത്സരത്തെ 9 കാലങ്ങളായി തിരിച്ചിരിക്കുന്നു.**

ആദ്യത്തെയും അവസാനത്തെയും കാലങ്ങളൊഴിച്ചാൽ ബാക്കി എല്ലാകാലങ്ങളെയും ഏഴാഴ്ചകളിലായി ഒതുക്കിനിർത്തുന്ന ഒരു സംവിധാനമാണ് ഈശോയാബ് മൂന്നാമൻ പാത്രിയാർക്കീസ് ആരാധനാവത്സരത്തിൽ ഏർപ്പെടുത്തിയത്.തത്വത്തിൽ 7 ആഴ്ചകൾ വീതമാണെങ്കിലും എണ്ണത്തിൽ ചില കാലങ്ങളിൽ ആഴ്ചകളുടെ എണ്ണം കൂടിയും കുറഞ്ഞുമിരിക്കും. ആഴ്ചകൾ കണക്കു കൂട്ടുന്നത് ഞായറാഴ്ചകളെ അടിസ്ഥാനപ്പെടുത്തിയാണ്. 4 ആഴ്ചകൾ എന്നുവച്ചാൽ 28 ദിവസങ്ങൾ വേണമെന്നില്ല - നാലു ഞായറാഴ്ചകൾ ഉൾകൊള്ളുന്ന 22 ദിവസങ്ങൾ ആയാലും മതി. ക്രിസ്തുവിന്റെ രക്ഷണീയ പദ്ധതിക്കു പ്രധാന്യം നൽകികൊണ്ടുള്ള ഒരു ആരാധനാ വത്സര സംവിധാനമാണ് (Temporal Cycle) പൗരസ്ത്യസഭകൾക്ക് പൊതുവെയുള്ളത്. ഈ സഭാവത്സരത്തിൽ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും തിരുനാളുകൾ കാലത്തിന്റെ ചൈതന്യമനുസരിച്ചു ചേർത്തിരിക്കുന്നു.

1. മംഗളവാർത്തക്കാലം. പിറവിക്കാലം (4+2) 6 ആഴ്ചകൾ (മനുഷ്യാവതാര രഹസ്യം)

2. ദനഹാക്കാലം 7 ആഴ്ചകൾ (ക്രിസ്തുവിന്റെ മാമോദീസായിൽ ആരംഭിച്ച് അവിടുത്തെ പരസ്യജീവിതത്തിലൂടെ വെളിപ്പെടുത്തപ്പെട്ട പുത്രത്വത്തിന്റെ രഹസ്യം.

3. നോമ്പുകാലം 7 ആഴ്ചകൾ (ക്രിസ്തുവിന്റെ പീഡാനുഭവ രഹസ്യം).





4. ഉയിർപ്പുകാലം 7 ആഴ്ചകൾ (വീണ്ടെടുപ്പിന്റെ രഹസ്യം).

5. ശ്ലീഹാക്കാലം 7 ആഴ്ചകൾ (സഭയിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യ രഹസ്യം).

6. കൈത്താക്കാലം 7 ആഴ്ചകൾ (സഭയുടെ വളർച്ചയുടെ രഹസ്യം)

7. ഏലിയാ - സ്ലീവക്കാലം 7 ആഴ്ചകൾ (കുരിശിന്റെ ശക്തിയുടെ രഹസ്യം)

8. മൂശക്കാലം 7 ആഴ്ചകൾ (ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമന രഹസ്യം)

9. പള്ളിക്കൂദാശക്കാലം 4 ആഴ്ചകൾ(യുഗാന്ത്യത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ മഹത്വീകരണ രഹസ്യം)

ക്രിസ്തുവിന്റെ രക്ഷണീയ പദ്ധതിക്കു പ്രാധാന്യം ഊന്നിക്കൊണ്ടുള്ള ഒരു ആരാധനാ വത്സരമാണ് (Temporal Cycle) നമുക്കുള്ളത്.

**1. മംഗള വാർത്തക്കാലം :**

ക്രിസ്തുവിനെ ഒരുനോക്കുകാണുവാൻ പ്രത്യാശയോടെ പാർത്തിരുന്ന പൂർവ്വപിതാക്കന്മാരുടെ അനുഭൂതി നമ്മിലും സൃഷ്ടിക്കുകയാണ് ഈ ഘട്ടത്തിൽ സഭയുടെ ഉദ്ദേശ്യം. മംഗളവാർത്തക്കാലത്തോടുകൂടിയാണ് നമ്മുടെ ആരാധനാവത്സരം ആരംഭിക്കുക. ഡിസംബർ 25-ാം തിയ്യതി ആഘോഷിക്കുന്ന ഈശോയുടെ ജനനത്തിന് ഒരുക്കമായിട്ടാണ് ഈ കാലം ക്രമീകരിച്ചിരിക്കുന്നത്. ഈശോയുടെ തിരുപ്പിറവിക്കുമുമ്പ് 4 ഞായറാഴ്ചകൾ വരത്തക്കവിധമാണ് മംഗളവാർത്തക്കാലം ആരംഭിക്കന്നത്. എന്നാൽ ഡിസംബർ 1 മുതൽ 25 വരെയാണ് ഈശോയുടെ ജനനത്തിന് ഒരുക്കമായുള്ള 25 നോമ്പ് ക്രമീകരിച്ചിരിക്കുന്നത്.

സുറിയാനി ഭാഷയിൽ അറിയിപ്പുകളുടെ കാലം എന്നർത്ഥംവരുന്ന സുബാറ എന്ന പേരിൽ ഇ ൗ കാലം അറിയപ്പെടുന്നു.

ഈശോയുടെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനത്തെക്കറിച്ചുള്ള മുന്നറിയിപ്പ്, യോഹന്നാന്റെ ജനനം, ദൈവം നൽകിയ രക്ഷയുടെ വാഗ്ദാനം, മാനവവംശവുമായി അവിടുന്നു ചെയ്ത ഉടമ്പടി, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ തുടങ്ങിയവയാണ് ഈ കാലഘട്ടത്തിൽ പ്രത്യേകം ധ്യാനിക്കുന്ന വിഷയങ്ങൾ. രക്ഷാകര രഹസ്യത്തിൽ പൂർണ്ണമായും സഹകരിച്ച പ.ക

ന്യാമറിയത്തെ പ്രത്യേകമാംവിധം അനുസ്മരിക്കുന്ന കാലം കൂടിയാണത്. മറിയത്തെ പ്രകീർത്തിക്കുന്ന പ്രാർത്ഥനകളും ഗീതികളും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.

**2. പിറവിക്കാലം :-**

ഈശോമിശിഹായുടെ പിറവിത്തിരുനാൾ മുതൽ ദനഹാത്തിരുനാൾവരെയുള്ള ദിനങ്ങളാണ് പിറവിക്കാലമായി കണക്കാക്കപ്പെടുന്നത്.ഈശോയുടെ തിരുപ്പിറവി, ഈശോയെ ദേവാലയത്തിൽ സമർപ്പിക്കുന്നത്, ജ്ഞാനികളുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം എന്നിവയാണ് പിറവിക്കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. തിരുപ്പിറവിയുടെ അനുസ്മരണയോടൊപ്പം മിശിഹായെ അന്ത:രംഗത്തിൽ സംവഹിക്കാനും അവസരം നൽകുന്നതാണ് ഈ കാലം. രക്ഷകനെ നൽകിയ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും, പരിശുദ്ധ കന്യാമറിയത്തോടുള്ള ആദരവുമാണ് ഈ കാലഘട്ടത്തിൽ നമുക്കുണ്ടാകേണ്ട മനോഭാവങ്ങളും വികാരങ്ങളും. ആണ്ടുവട്ടത്തിൽ വിശുദ്ധരുടെ അനുസ്മരണം ആദ്യമായി വരുന്നത് പിറവിക്കാലം 2-ാം വെള്ളിയാഴ്ചയാണ്. ലോകത്തിനു രക്ഷകനെ പ്രദാനം ചെയ്തതിന് മാതാവിന് അനുമോദനം നേരുകയാണ് ഈ വെള്ളിയാഴ്ച.

**3. ദനഹാക്കാലം :-**

ഈശോയുടെ മാമോദീസായും പരസ്യജീവിതവും പ്രത്യേകമായി അനുസ്മരിക്കുന്ന കാലമാണ് ദനഹാക്കാലം. ജനുവരി 6 ന് ആദരിക്കുന്ന ദനഹാതിരുനാളോടുകൂടിയാണ് ദനഹാക്കാലം ആരംഭിക്കുന്നത്. 2-ാം നൂറ്റാണ്ടുമുതൽത്തന്നെ സഭ ആഘോഷിച്ചുവരുന്ന തിരുനാളാണിത്. ദനഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം സൂര്യോദയം, പ്രത്യക്ഷീകരണം എന്നൊക്കെയാണ്. ഈശോയുടെ മാമോദീസാവേളയിൽ അവിടുത്തെ ദൈവപുത്രത്വവും പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ദൈവത്തിന്റെ ത്രിത്വരഹസ്യവും മനുഷ്യനു വെളിപ്പെടുത്തപ്പെട്ട വലിയ സംഭവമാണ് ഈ തിരുനാളിൽ നാം അനുസ്മരിക്കുന്നത്. മാമോദീസായെ തുടർന്ന് അവിടുന്ന് ആരംഭിച്ച പരസ്യജീവിതത്തിലൂടെ ഈശോ സ്വയം വെളിപ്പെടുത്തുകയായിരുന്നു. നന്മചെയ്തുകൊണ്ട് ചുറ്റിസഞ്ചരിക്കുകയും ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുകയും ചെയ്ത ഈശോയ്ക്കു സാക്ഷ്യംവഹിച്ചുകൊണ്ട് പ്രതിസ്നേഹം നൽകുവാൻ ഈ കാലത്തിന്റെ ചൈതന്യം നമ്മെ പ്രേരിപ്പിക്കുന്നു.

ഈശോയെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത അപ്പ





സ്തോലന്മാരെയും വിശുദ്ധരെയും ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകം അനുസ്മരിക്കുന്നു. ദനഹാകാലത്തെ അവസാന വെള്ളിയാഴ്ച ഈശോയ്ക്ക് സാക്ഷ്യം വഹിച്ചവർ എന്ന നിലയിൽ മരിച്ചവർക്കുവേണ്ടി നാം പ്രത്യേകം പ്രർത്ഥിക്കുന്നു. ക്രിസ്തുരഹസ്യത്തെ സഭയ്ക്കു വെളിപ്പെടുത്തിത്തരുന്നവരുടെ തിരുനാളുകൾ ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നു. 1-ാം വെള്ളി സ്നാപകയോഹന്നാൻ 2-ാം വെള്ളി - പത്രോസ് പൗലോസ് ശ്ലീഹന്മാർ. മൂന്നാം വെള്ളി - സുവിശേഷകന്മാർ. നാലാം വെള്ളി - വി. എസ്തപ്പാനോസ്. 5 - 6 വെള്ളികൾ - ഗ്രീക്ക്, സുറിയാനി മൽപ്പാൻമാർ. 7-ാം വെള്ളി - സഭാമധ്യസ്ഥൻ.

ദനഹാകാലത്തിലെ അവസാന വെള്ളിയാഴ്ചയാണ് സകല മരിച്ചവരുടേയും തിരുനാൾ ദിവസം. നോമ്പുകാലത്തിലേക്കു പ്രവേശിക്കുന്നതിനു തൊട്ടുമുമ്പുള്ള ഈ വെള്ളിയാഴ്ച മരണത്തെക്കുറിച്ചു ചിന്തിക്കുന്നതുവഴി നമ്മുടെ പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കേണ്ടതിന്റെ ആവശ്യകത നമ്മെത്തന്നെ ബോധ്യപ്പെടുത്തുകയും നമ്മിൽനിന്നും വേർപിരിഞ്ഞു പോയവർക്കുവേണ്ടി പ്രാർത്ഥ ന - ഉപവാസ - ദാന ധർമ്മങ്ങൾ നോമ്പുകാലത്തിൽ അനുഷ്ഠിക്കുവാനുള്ള നമ്മുടെ കടപ്പാടിനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

**4. നോമ്പുകാലം :-**

ക്രിസ്തുനാഥന്റെ പരസ്യജീവിതത്തിന്റെ അവസാനഘട്ടത്തെ കേന്ദ്രീകരിച്ചുള്ളതാണ് നോമ്പുകാലം. വലിയ ആഴ്ചയിൽ പ്രധാനമായും നമ്മുടെ കർത്താവിന്റെ പീഡാനുഭവം അനുസ്മരിക്കുന്നു. കർത്താവിന്റെ മരണവും ഉത്ഥാനവും ഉൾകൊള്ളുന്ന രക്ഷാകരരഹസ്യം അർത്ഥവത്തായി ആചരിക്കുവാൻ ഒരുക്കുന്ന കാലമാണിത്.

ആരാധനാവത്സരത്തിന്റെ കേന്ദ്രമായ ഉയിർപ്പു തിരുനാളിന് ഒരുക്കമായുള്ള ഏഴ് ആഴ്ചകളാണ് നോമ്പുകാലം. പിശാചിന്റെ പരീക്ഷണങ്ങളെ പരാജയപ്പടുത്തിയ ഈശോയെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. ഈശോയുടെ പീഡാനുഭവ മരണരഹസ്യങ്ങളെ പ്രത്യേകവിധം ധ്യാനിക്കാനും നമ്മുടെ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കാനും ഈ കാലം നീക്കിവച്ചിരിക്കുന്നു. മരുഭൂമിയിലെ ഈശോയുടെ 40 ദിവസത്തെ ഉപവാസമാണ് വലിയ നോമ്പിന് വി.ഗ്രന്ഥത്തിലുള്ള അടിസ്ഥാനം. ഈ കാലത്തിന്റെ ഒന്നാം ഞായർ പേത്തുർത്താ ഞായർ എന്നറിയപ്പെടുന്നു. പേത്തുർത്താ എന്ന സുറിയാനി വാക്കിനർത്ഥം തിരിഞ്ഞുനോക്കൽ

എന്നാണ്. പേത്തുർത്താഞായർ പാതിരമുതൽ ഉയിർപ്പുഞായർ വരെയുള്ള 50 ദിവസങ്ങളിലും നമ്മുടെ സഭയിൽ നോമ്പ് അനുഷ്ഠിക്കുന്നു.

പൗരസ്ത്യർക്ക് നോമ്പാരംഭിക്കന്നത് തിങ്കളാഴ്ചയാണ്. ലത്തീൻ കലണ്ടർ അനുസരിച്ച് ഇപ്പോൾ നാം അനുഷ്ഠിക്കുന്ന ചാരംപൂശൽ ശുശ്രൂഷ പൗരസ്ത്യ സഭയുടേതല്ല. ലത്തിൻ സഭയുടെ ഈ ആചാരം നമ്മൾ സ്വീകരിക്കുന്നെങ്കിൽ അതിനോടനുബന്ധിച്ചുള്ള ഉപവാസവും ചാരംപൂശലും തിങ്കളാഴ്ച നടത്തേണ്ടിയിരിക്കുന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റേയും മന:പരിവർത്തനത്തിന്റേയും ആവിശ്യകത, അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോയുടെ പീഡാനുഭവവും മരണവും എന്നീ രഹസ്യങ്ങൾ നോമ്പുകാലത്ത് നാം പ്രത്യേകം അനുസ്മരിക്കുന്നു. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി പിതാവിനു സ്വയം സമർപ്പിച്ച മിശിഹായെപ്പോലെ ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും വഴി തിന്മയുടെ ശക്തിയെ അതിജീവിക്കുവാൻ ആവശ്യമായ ശക്തിയാർജിക്കേണ്ട കാലമാണ് നോമ്പുകാലം.

**5. ഉയിർപ്പുകാലം : -**

പാപത്തെ വർജിച്ച് ക്രിസ്തുവിന്റെ ചൈതന്യം സ്വീകരിച്ചുകൊണ്ട് അവിടുത്തെ ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ സാർത്ഥകമാക്കാൻ സഭാതനയർക്കു സന്ദർഭം നൽകുന്നതാണ് ഉയിർപ്പുകാലം. സഭാവൽസരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായ ഉയിർപ്പു തിരുനാളാണ് ഈ കാലത്തിലെ പ്രധാന കേന്ദ്രസംഭവം. പുനരുത്ഥാനത്തിലൂടെ ഈശോനേടിയ പുതുജീവനിൽ പങ്കുചേരാനും അതിൽ സന്തോഷിക്കാനുമുള്ള കാലമാണിത്. ഉയിർപ്പുതിരുന്നാൾമുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം.

ഈശോയുടെ ഉത്ഥാനത്തോടെയാണല്ലോ ആദ്യമായി സ്വർഗ്ഗം തുറന്നതും വിശുദ്ധാത്മാക്കൾ സ്വർഗത്തിലേക്കു പ്രവേശിച്ചതും. അതിനാൽ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച സകലവിശുദ്ധരുടേയും തിരുന്നാൾ ആചരിക്കുന്നു. ഈശോയുടെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദം കൊള്ളുന്ന വിശുദ്ധരുടെ തിരുനാൾ ഈ കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച തന്നെ ആഘോഷിക്കുന്നത് കാലത്തിന്റെ ചൈതന്യത്തിന് വളരെ ചേർന്നുപോകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ലത്തീൻ





കലണ്ടർ അനുസരിച്ച് നവംബർ ഒന്നിനു നാം ആചരിക്കുന്ന സകല വിശുദ്ധരുടേയും തിരുന്നാൾ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെളളിയാഴ്ചയിലും നവംബർ 2-ലെ സകലമരിച്ചവരുടേയും തിരുന്നാൾ ദനഹാക്കാലത്തിലെ അവസാനത്തെ വെള്ളിയാഴ്ചയും അനുസ്മരിക്കേണ്ടതാണ്. ഉയിർപ്പുകാലത്തെ രണ്ടാം ഞായറാഴ്ചയെ പുതുഞായർ എന്നും മാർതോമ്മാഞായർ എന്നും വിളിക്കുന്നു. ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം അനുസ്മരിക്കുന്ന ദിനമാണിത്. ഈ കാലത്തെ ആദ്യത്തെ ആഴ്ചയെ ആഴ്ചകളുടെ ആഴ്ച എന്നു വിളിക്കുന്നു. ഇ ൗശോയുടെ ഉയിർപ്പ് നമ്മുടെ ഉത്ഥാനത്തിന്റെ അച്ചാരമാണ്. മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ സുവിശേഷപ്രസംഗം നിരർത്ഥകമാണ് ; ഞങ്ങളുടെ വിശ്വാസവും നിരർത്ഥകം (1 കൊറി 15:14) മാമോദീസായിലൂടെ നാം പ്രതീകാത്മകമായി മിശിഹായോടുകൂടി മരിക്കുകയും സംസ്കരിക്കപ്പെടുകയും ഉയിർക്കുകയും ചെയ്യുന്നു. (റോമ 6:3-4) (കൊളോ 2:12) ഈശോയുടെ മരണോത്ഥാനത്തിലുള്ള ഈ പങ്കുചേരൽ ജീവിതത്തിലെ ഓരോ നിമിഷത്തിലും നമ്മുടെ ജീവിതശൈലിയാക്കി മാറ്റി, പാപത്തിനു മരിച്ചവരും ഈശോയിൽ ജീവിക്കുന്നവരുമായി ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് നാം രൂപാന്തരപ്പെടുവാൻ (2 തിമോ 2: 12) ഉയിർപ്പുകാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

**6. ശ്ലീഹാക്കാലം : -**

പരിശുദ്ധാത്മാവിൽ ശക്തിപ്രപിച്ച ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണവും സഭയുടെ സ്ഥാപനവും ഉദ്ഘോഷിക്കുന്നതാണ് ശ്ലീഹാക്കാലം.

പന്തക്കുസ്താ തിരുനാളോടെയാണ് ശ്ലീഹാക്കാലം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിന്റെ ആഗമനവും അവിടുത്തെ പ്രവർത്തനങ്ങളും, ശ്ലീഹന്മാരും സഭയും തമ്മിലുള്ള ബന്ധം, ആദിമ സഭയുടെ ചൈതന്യം, സഭയുടെ പ്രേഷിത സ്വഭാവം എന്നിവയാണ് ഈ കാലത്തിലെ പ്രധാന ചിന്താ വിഷയങ്ങൾ. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത് പന്തക്കുസ്തായിലാണ്. പന്തക്കുസ്തായ്ക്കു ശേഷം പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ സുവിശേഷ സന്ദേശവുമായി ലോകമെങ്ങും പോകുകയും വിവിധ സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തു. ശ്ലീഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. മാമോദീസായും തൈലാഭിഷേകവും സ്വീകരിച്ച നാമെല്ലാവരും ശ്ലീഹന്മാരെപ്പോലെ അയയ്ക്കപ്പെട്ടവരാണ്. സഭയുടെ പ്രേഷിതദൗത്യത്തിൽ

പങ്കുചേർന്ന് നാമും ഈശോയ്ക്കു സാക്ഷികളാകണം എന്ന് ശ്ലീഹാക്കാലം അനുസ്മരിപ്പിക്കുന്നു.

**7. കൈത്താക്കാലം :-**

ശ്ലീഹാക്കാലത്തെ തുടർന്നുവരുന്ന ഏഴ് ആഴ്ചകളാണ് കൈത്താക്കാലം എന്നിയപ്പെടുന്നത്. കൈത്താ എന്ന സുറിയാനിവാക്കിന് വിളവെടുപ്പുനടക്കുന്ന കാലമായ വേനൽക്കാലം എന്നാണർത്ഥം ഫലാഗമകാലം എന്നും ഈ കാലം അറിയപ്പെടുന്നു. ശ്ലീഹന്മാരുടെ പ്രവർത്തനഫലമായി വേരുപിടിച്ചു വളർച്ചയാരംഭിച്ച സഭാതരു ലോകത്തിന്റെ നാനാഭാഗങ്ങളിൽ പടർന്നുപന്തലിച്ച് ധാരാളം വിശുദ്ധർക്കും രക്തസാക്ഷികൾക്കും ജന്മംനല്കി വിശുദ്ധിയുടെ ഫലങ്ങൾ പുറവെടുപ്പിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്നതിനെയാണ് കൈത്താക്കാലത്തിൽ നാം അനുസ്മരിക്കുന്നത്. സഭയുടെ വളർച്ചക്ക് അടിസ്ഥാനമായ പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാളോടുകൂടിയാണ് ഈ കാലം ആരംഭിക്കുന്നത്. സഭയുടെ വളർച്ചയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച വിശുദ്ധരെ ഈ കാലത്തിലെ വെളളിയാഴ്ചകളിൽ അനുസ്മരിക്കുന്നു. സഭയുടെ വളർച്ചക്കായി പ്രയത്നിക്കാനുള്ള താല്പര്യവും ചൈതന്യവും ഈ കാലത്ത് സഭാമക്കൾ ആർജിക്കണം. രക്തസാക്ഷികളുടെ ചുടുനിണത്തിൽ കിളിർത്ത് തളിർത്ത് വളർന്ന സഭ - ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ രക്തസാക്ഷികളുടെ ഓർമ്മയ്ക്കായി നിയോഗിച്ചിരിക്കുന്നു.

**8. ഏലിയാ - സ്ലീവാക്കാലം :-**

സെപ്റ്റംബർ 14-ാം തിയ്യതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കേന്ദ്രമാക്കിയുള്ള കാലങ്ങളാണ് ഏലിയാ-സ്ലീവാ-മൂശ. സ്ലീവായുടെ അടയാളത്തോടും മാലാഖമാരുടെ അകമ്പടിയോടുംകൂടി മഹത്വപൂർണ്ണനായി വരാനിരിക്കുന്ന മിശിഹായുടെ രണ്ടാമത്തെ ആഗമനവും ലോകാവസാനവും അന്ത്യവിധിയും ധ്യാനവിഷയമാക്കുന്ന ഈ കാലത്തിൽ ദൈവദൂതന്മാരാൽ പരിസേവിതനായി പ്രത്യക്ഷപ്പെടുന്ന മിശിഹായെ വിശുദ്ധരോടൊന്നിച്ച് എതിരേൽക്കുവാനുള്ള അനുഗ്രഹത്തിനായി സഭ പ്രാർത്ഥിക്കുന്നു. പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രതപുലർത്തുവാനും പാപങ്ങളെ തുടച്ചുമാറ്റി കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കാനും ഈ കാലം ആഹ്വാനം ചെയ്യുന്നു.

ഏലിയായുടെ വരവിനെക്കുറിച്ച് ക്രിസ്തുവിന്റെ കാലത്ത് സമൂഹത്തിൽ ഒരു ശക്തിയായ വിശ്വാസം നിലനിന്നിരുന്നു. പരസ്പരം





ഭിന്നിച്ചു നിൽക്കുന്നവരെ (മത്താ 10:34-36) ക്രിസ്തുവിൽ ഒന്നിപ്പിക്കുകയും ദുഷ്ടശക്തികൾക്കെതിരെ പടപൊരുതി നാശത്തിന്റെ സന്തതികൾക്ക് അവരവരുടെ തെറ്റുകൾ മനസ്സിലാക്കിക്കൊടുക്കുകയുമാണ് ഏലിയായുടെ രണ്ടാമത്തെ വരവിന്റെ ലക്ഷ്യമെന്ന് ഈ കാലത്തിലെ യാമപ്രാർത്ഥനകൾ വളരെ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്.

നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയിൻ ക്രിസ്തു മരണം വരിച്ച യഥാർത്ഥ കുരിശിനെ കണ്ടെത്തുവാൻവേണ്ടി തന്റെ അമ്മയായ ഹെലനായെ ജറുസലേമിലേക്കയക്കുകയും അവൾ കുരിശിനെ കണ്ടെത്തുകയും ചെയ്തു. ഇതിനെ തുടർന്ന് ഈശോ കുരിശിൽമരിച്ച സ്ഥലത്ത് Martyrionഎന്ന പേരിലും ഉയിർത്ത സ്ഥലത്ത് Anastasis എന്ന പേരിലും 335 സെപ്റ്റംബർ 13-ാം തിയ്യതി കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്ത് ദേവാലയങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. ഇതേ തുടർന്നുള്ള ആഘോഷങ്ങൾ എട്ടുദിവസത്തേക്കു നീണ്ടുനിന്നു. അങ്ങനെ കാലക്രമത്തിൽ ഈ പ്രതിഷ്ഠാതിരുനാളിനോടനുബന്ധിച്ച് രൂപം പ്രാപിച്ചതായിരിക്കണം സ്ലീവാക്കാലം. കൂടാതെ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ അനുസ്മരിക്കുന്നതോടൊപ്പം ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന കുരിശിനെ അനുസ്മരിക്കുവാൻ ഒരു കാലഘട്ടം തന്നെ സഭാവത്സരത്തിൽ ഉണ്ടായിരിക്കുക തികച്ചും ഉചിതമാണ്. നമ്മുടെ കർത്താവിന്റെ പ്രത്യാഗമനത്തെ പ്രത്യാശാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ട് ജീവിക്കേണ്ട കാലഘട്ടമാണിത്.

**8. മൂശക്കാലം :-**

സ്ലീവാക്കാലവും മൂശക്കാലവും വളരെ ബന്ധപ്പെട്ടാണു കിടക്കുന്നത്. ഒരുപക്ഷേ താബോർമലയിൽവച്ച് ക്രിസ്തു രൂപാന്തരപ്പെട്ടതായിരിക്കണം ഏലിയാ-സ്ലീവാ-മൂശക്കാലങ്ങൾ രൂപപ്പെടുന്നതിനുള്ള കാരണം. മൂശക്കാലത്തിന്റെ പ്രാർത്ഥനകൾ അധികവും കുരിശിന്റെ സ്തുതിപ്പുകളാണ്. കർത്താവിന്റെ കുരിശാണ് നമ്മുടെ എല്ലാവിധ അനുഗ്രഹങ്ങളുടെയും ഉറവിടം. സ്ലീവായുടെ പ്രഭാപൂരം സാത്താനെ പരാജയപ്പെടുത്തുകയും മർത്യനെ അമർത്ത്യതയിലേക്കു നയിക്കുകയും ചെയ്യുന്നു.

**9. പള്ളിക്കൂദാശക്കാലം :-**

എല്ലാം നവീകരിച്ച് മിശിഹാ അവസാനം പിതാവിന് സഭയെ സമർപ്പിക്കുന്നതാണ് ഈ കാലം. ആരാധനാവത്സരത്തിലെ അവസാനത്തെ നാലാഴ്ചകൾ ചേരുന്ന കാലമാണ് പള്ളിക്കൂദാശക്കാ

ലം. യുഗാന്ത്യത്തിൽ ഈശോ തന്റെ മണവാട്ടിയായ തിരുസഭയെ പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്ത് അനുസ്മരിക്കുന്നു. ആദ്യത്തെ ആഴ്ചയിലെ തിരുനാൾതന്നെ സഭാസമർപ്പണത്തിരുനാൾ എന്നാണറിയപ്പെടുക. സഭയെക്കുറിച്ച് കൂടുതൽ ധ്യാനിക്കുവാനും സ്വർഗ്ഗോന്മുഖമായി നീങ്ങുന്ന സഭയോട് താദാത്മ്യപ്പെടാനും ഈ കാലഘട്ടം നമ്മെ സഹായിക്കുന്നു.

ഇപ്രകാരം ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളിലൂടെ, ഈശോ തന്റെ ജനനമരണോത്ഥാനങ്ങളിലൂടെ നേടിത്തന്ന രക്ഷയുടെ അനുഭവം ഉൾക്കൊണ്ടുവളരുവാനും അവസാനം സ്വർഗ്ഗീയ പറുദീസായിൽ എത്തിച്ചേരുവാനും നമുക്ക് സാധിക്കുന്നു.





# 08
# സീറോ മലബാർ കുർബ്ബാനയുടെ ഘടന

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസ പൈതൃകത്തിലും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുമുള്ളതാണ് സീറോമലബാർ സഭയുടെ കുർബ്ബാന. നിലവിലുണ്ടായിരുന്ന നമ്മുടെ കുർബ്ബാനക്രമത്തിൽ 1599 ലെ ഉദയംപേരൂർ സൂനഹദോസ് സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. അതിനുശേഷവും കാലാകാലങ്ങളിൽ ആവശ്യകമായ മാറ്റങ്ങൾ കുർബ്ബാന തക്സയിൽ വരുത്തിയിട്ടുണ്ട്. 1962 ൽ പുനരുദ്ധരിച്ചു മലയാളത്തിൽ പ്രസിദ്ധീകരിച്ച കുർബാനക്രമം 1968 ൽ ഏതാനും ഭേദഗതികളോടെ നവീകരിക്കുകയും പരീക്ഷണാർത്ഥം ഉപയോഗിക്കാൻ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിൽനിന്ന് അനുവാദം ലഭിക്കുകയും ചെയ്തു. നമ്മുടെ തക്സയിൽ വേണ്ട മാറ്റങ്ങൾ വരുത്തി കുർബാനക്രമം പ്രസിദ്ധീകരിക്കാൻ 1980 ൽ പൗരസ്ത്യതിരുസംഘം ആവശ്യപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയ തക്സയ്ക്ക് 1985 ഡിസംബർ 19-ാം തീയതി, പൗരസ്ത്യ തിരുസംഘത്തിന്റെ അംഗീകാരം ലഭിക്കുകയും 1986 ഫെബ്രുവരി 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് അൽഫോൻസാമ്മയെയും ചാവറയച്ചനെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുന്ന കർമ്മങ്ങളോടനുബന്ധിച്ചു റാസ കുർബ്ബാനയർപ്പിച്ച് ഔദ്യോഗികമായി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

**സീറോ മലബാർ കുർബ്ബാനയുടെ ഘടന:**

1. നമ്മുടെ കുർബ്ബാനയ്ക്കു മൂന്നു രൂപങ്ങളാണുള്ളത്. ഏറ്റവും ആഘോഷപൂർവ്വകമായ കുർബ്ബാന, ആഘോഷപൂർവ്വകമായ കുർബ്ബാന, സാധാരണ കുർബ്ബാന. ആഘോഷഘടകങ്ങളുടെ കൂടുതൽ കുറവാണ് ഈ രൂപഭേദങ്ങൾക്ക് അടിസ്ഥാനം.

2. ദൈവാലയത്തിന് സമൂഹവേദി, ഗായകവേദി, ബലിവേദി എന്നീ മൂന്നു ഭാഗങ്ങൾ ഉണ്ട്. ഗായകവേദി സമൂഹവേദിയിൽനിന്ന് ഒരു പടിയും ബലിവേദി ഗായകവേദിയിൽനിന്നു മൂന്നു പടികളും ഉയർന്നു സ്ഥിതിചെയ്യുന്നു. ബലിവേദിക്കും ഗായകവേദിക്കും ഇടയ്ക്കാണ് മദ്ബഹവിരി. വിരിയിടുന്നത് കുർബ്ബാനയുടെ തുടക്കം മുതൽ സകലത്തിന്റെയും നാഥാ...എന്ന പ്രാർത്ഥനയുടെ ആരംഭം വരെയും സുവിശേഷവായനയ്ക്കു ശേഷമുള്ള കാറോസൂസയുടെ സമയത്തും കർത്താവിന്റെ തിരുനാളുകളിൽ കുർബ്ബാന സ്വീകരണത്തിനു മുമ്പുള്ള പ്രത്യേകഗീതത്തിന്റെ സമയത്തും ആണ്. ആഘോഷപൂർവ്വകമായ കുർബ്ബാനയിലും വിരി ഉപയോഗിക്കണമോ എന്നു തീരുമാനിക്കേണ്ടതു രൂപതാധ്യക്ഷനാണ്.

3. വചനശുശ്രൂഷയ്ക്കായി ബലിപീഠത്തിൽനിന്നു വ്യത്യസ്തമായ ഒരു വേദി ഉണ്ടായിരിക്കണം. സമൂഹവേദിയുടെ മധ്യത്തിലാണ് അതു സ്ഥാപിക്കുക. അതു ഗായകവേദിയിലും സജ്ജമാക്കാവുന്നതാണ്. വചനവേദിയിൽ സുവിശേഷഗ്രന്ഥം, പ്രദക്ഷണത്തിനുപയോഗിക്കുന്ന സ്ലീവ, തിരിക്കാലുകൾ എന്നിവ വയ്ക്കാൻ ഒരു മേശയും വായനകൾക്കുള്ള പീഠങ്ങളും കാർമ്മികർക്കും ശുശ്രൂഷികൾക്കുമുള്ള ഇരിപ്പിടങ്ങളും ഉണ്ടായിരിക്കണം.

4. വിശുദ്ധ കുർബ്ബാനയർപ്പണക്രമം ഇപ്രകാരമാണ്: കാർമികൻ കുർബ്ബാനയുടെ ആരംഭം മുതൽ മദ്ബഹാപ്രവേശന പ്രാർത്ഥന വരെയുള്ള ഭാഗം ജനാഭിമുഖമായും, കൂദാശക്രമ ഭാഗത്തിന്റെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗം ആരാധനാസമൂഹം നില്ക്കുന്ന അതേ ദിശയിൽത്തന്നെ ബലിപീഠത്തിന് അഭിമുഖമായും, വിശുദ്ധ കുർബ്ബാനസ്വീകരണത്തിനുശേഷമുള്ള ഭാഗം ജനാഭിമുഖമായും അർപ്പിക്കുന്നു.

5. മദ്ബഹയുടെ കിഴക്കുഭാഗത്താണ് ബലിപീഠം. ബലിപീഠത്തിൽ ഇടതുഭാഗത്തു സുവിശേഷഗ്രന്ഥം വയ്ക്കുന്നു. ബലിയർപ്പണത്തിന് ആവശ്യകമായ വസ്തുക്കൾ മാത്രമേ ബലിപീഠത്തിന്മേൽ വയ്ക്കാവൂ. തിരികൾ, പൂക്കൾ മുതലായവ ബലിപീഠത്തിന്മേലല്ല വയ്ക്കുക.

6. നമ്മുടെ കുർബാനയിൽ മൂന്നു കൂദാശക്രമങ്ങളാണ് ഉള്ളത്. ഒന്നാമത്തെ കൂദാശക്രമം ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾമുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ ഉപയോഗിക്കുന്നു. രണ്ടാമത്തെ കൂദാശക്രമം മംഗളവാർത്തക്കാലം ഒന്നാം ഞായർമുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ





കൂദാശാക്രമം ദനഹാത്തിരുനാൾ, വിശുദ്ധ യോഹന്നാൻ മാംദാനയുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നു നോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ചു ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ, നിർദ്ദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റുദിവങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

നമ്മുടെ വി. കുർബ്ബാനയ്ക്ക് ഏഴുഭാഗങ്ങളുണ്ട്. 1. ആമുഖ ശുശ്രൂഷ, 2. വചന ശുശ്രൂഷ, 3. ഒരുക്ക ശുശ്രൂഷ, 4. അനാഫൊറ, 5. അനുരഞ്ജന ശുശ്രൂഷ, 6. ദൈവൈക്യ ശുശ്രൂഷ, 7. സമാപന ശുശ്രൂഷ. ആമുഖ ഗീതമായ "അന്നാപ്പെസഹാ" മുതൽ "ഉത്ഥാന ഗീതം" (സർവ്വാധിപനാം) ഉൾപ്പെടെയുള്ള ഭാഗമാണ് ആമുഖ ശുശ്രൂഷയിൽ ഉൾപ്പെടുന്നത്. ബലിയർപ്പിക്കുന്ന സമൂഹത്തിന്റെ നേതാവായ വൈദികൻ ബലിയർപ്പണത്തിനുമുമ്പ് കൈകൾ കഴുകുന്നത് ബലിയർപ്പണകർക്കുണ്ടായിരിക്കേണ്ട ആന്തരിക വിശുദ്ധിയുടെ സൂചന തരുന്നു.

## ആമുഖ ശുശ്രൂഷ

കാർമ്മികരും ശുശ്രൂഷകരും ആരാധനാക്രമത്തിന്റെ ശ്രേഷ്ഠതക്കുചേർന്നവിധം തിരുവസ്ത്രങ്ങളണിഞ്ഞ് മദ്ബഹായിലേക്കു വരുന്നു. ശുശ്രൂഷകരും ഞായറാഴ്ചകളിലെങ്കിലും കൊത്തീനയും (നീണ്ട മേലുടുപ്പ്) സൂനാറായും (അരക്കെട്ട്) ധരിക്കുന്നത് ഉചിതമാണ്. ഈ പ്രാരംഭ പ്രദക്ഷിണത്തിൽ സുവിശേഷ ഗ്രന്ഥം, സ്ലീവാ, ധൂപക്കുറ്റി, തിരികൾ എന്നിവ സംവഹിക്കുന്നു. സുവിശേഷ ഗ്രന്ഥം അൾത്താരയിലും, സ്ലീവായും തിരികളും ബേമ്മായിലും (വചനവേദി) പ്രതിഷ്ഠിക്കുന്നു. കിഴക്കോട്ടുതിരിഞ്ഞ് കുമ്പിട്ടാണ് വി. കുർബ്ബാന ആരംഭിക്കുന്നത്. ആരാധനാസമൂഹം ഒന്നടങ്കം വൈദികനോടൊപ്പം "മിശിഹായെ പ്രതീക്ഷിച്ച് പ്രാർത്ഥിക്കുവാൻ കിഴക്കോട്ട് തിരിയുന്നത് ശ്ലീഹന്മാരിൽനിന്നും ഉത്ഭവിച്ച ഒരു അലിഖിത പാരമ്പര്യമാണ്" (വി. ജോൺ ഡമഷേനോ). ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ "ലിറ്റർജിയുടെ ചൈതന്യം" എന്ന പുസ്തകത്തിൽ ഇപ്രകാരം നിന്നു ബലിയർപ്പിക്കുന്നതിനെപ്പറ്റി ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്. "പുരോഹിതനെ അഭിമുഖീകരിച്ചു നില്ക്കുക എന്നതിന് ഒരു പ്രാധാന്യവുമില്ല. സമൂഹമൊന്നിച്ച് കർത്താവിലേക്കു നോക്കുക എന്നതാണ് സാരമായ സംഗതി. അഭിമുഖ സംഭാഷണമല്ല ഇവിടെ ഇപ്പോൾ പ്രസക്തമായിരിക്കുന്നത്. പ്രത്യുത വരാനിരിക്കുന്നവനായ മിശിഹായിലേക്ക് ഉന്മുഖമാകാൻ സജ്ജരാവുക എന്നതത്രേ... സൃഷ്ടിമുഴുവനോടും പ്രപഞ്ചം മുഴുവനോടും ചേർന്ന് മിശിഹായിലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുന്നത് ഇന്നും പ്രധാനപ്പെട്ടതല്ലേ?

## അന്നാപ്പെസഹാത്തിരുന്നാളിൽ....

കർത്താവിന്റെ കല്പനപ്രകാരമാണ് നാം ബലിയർപ്പിക്കാൻ ഒരുമിച്ചുകൂടുന്നത് (എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്യുവിൻ ലൂക്കാ 22:19; 1 കോറി 11:24-25). അവിടുത്തെ നാമത്തിലുള്ള ഈ ഒന്നിച്ചുകൂടൽ മിശിഹായിൽ ദൈവവുമായും പരസ്പരവും അനുരഞ്ജിതരായവരുടെ ഒന്നിച്ചുകൂടലാണ്. ഈശോയുടെ കല്പന പരസ്പരം സ്നേഹിക്കുക എന്നതത്രേ (യോഹ 13:34). അതു പൂർത്തീകരിച്ചുകൊണ്ടുവേണം നാം ബലിവേദിയിൽ അണയാൻ (മത്താ 5:23-24).

## അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്ന് മനുഷ്യാവതാരത്തിന്റെ മഹാരഹസ്യം പ്രഘോഷിച്ചുകൊണ്ട് മാലാഖമാർ പാടി (ലൂക്കാ 2:14). ഈശോയുടെ മനുഷ്യാവതാരം അനുസ്മരിച്ചുകൊണ്ട് നാം മാലാഖാമാരോടൊത്ത് സ്വർഗ്ഗീയാരാധനയിൽ പങ്കുചേരുകയാണ്. മൂന്നുതവണ ആവർത്തിക്കുന്നതുവഴി പരി. ത്രിത്വത്തെ നാം ബഹുമാനിക്കുന്നു. ദൈവത്തെ ജീവിതത്തിൽനിന്ന് അകറ്റിയ മനുഷ്യർക്ക് ജീവിതത്തിൽ സമാധാനവും പ്രത്യാശയും സന്തോഷവും വാഗ്ദാനം ചെയ്തു. മാലാഖാമാരുടെ കീർത്തനത്തിൽനിന്ന് "ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും" എന്ന ആശംസ കൂടി ഉച്ചരിച്ചുകൊണ്ട് ഇക്കാര്യങ്ങളാണ് നാം ഓർമ്മിക്കുന്നത്. "ആമ്മേൻ" എന്ന പ്രത്യുത്തരം വൈദികൻ ചൊല്ലുന്ന പ്രാർത്ഥനകൾക്കുള്ള സമൂഹത്തിന്റെ സമ്മതമാണ്. അത് സമൂഹത്തിന്റെ കൂടി പ്രാർത്ഥനയായിത്തീരുന്നു.

## സ്വർഗ്ഗസ്ഥനായ പിതാവേ

ദൈവപുത്രന്റെ മനുഷ്യാവതാരത്തിലൂടെ ദൈവപുത്രപദവി ലഭിച്ച നമ്മൾ അവിടുത്തോടൊപ്പം ദൈവത്തെ പിതാവേ എന്നു വിളിക്കാൻ യോഗ്യരായിത്തീർന്നിരിക്കുന്നു. മക്കൾക്കടുത്ത മനോഭാവത്തോടെ സ്വർഗ്ഗത്തിലേക്ക് ഹൃദയമുയർത്തിവേണം നാം പ്രാർത്ഥിക്കാൻ. അതുപോലെ ദൈവമക്കളുടെ ഗണത്തിൽ എല്ലാവരോടും ചേർന്നാണു പ്രാർത്ഥിക്കേണ്ടത് ("ഞങ്ങളുടെ" പിതാവേ). ദൈവത്തിനു മഹത്വവും അവിടുത്തെ ഹിതത്തിന് അനുരൂപമായ ലോകവും ഉണ്ടാകുവാനാണു നാം പ്രാർത്ഥിക്കുന്നത്. അന്നന്നത്തെ അപ്പമെന്നു പറയുമ്പോൾ ജീവസന്ധാരണത്തിനാവശ്യമായ എല്ലാ ഭൗതിക നന്മകളുമാണ് ഉദ്ദേശിക്കുക. ആത്മീയ ഭോജനവും ഇവിടെ സൂചിതമാണ്. ആത്മീയ ജീവൻ നിലനിർത്താൻ ജീവന്റെ അപ്പം ആവശ്യമാണല്ലോ. ദൈവം നമ്മോടു ക്ഷമിക്കാൻ നാം നമ്മുടെ കടക്കാരോടു ക്ഷമിക്കണം. പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാനും തിന്മകളിൽനിന്നു സംരക്ഷണം ലഭിക്കാനുംവേണ്ടി തുടർന്നു പ്രാർത്ഥിക്കുന്നു. നിരന്തരം ദൈവത്തെ സ്തുതിക്കുന്ന മാലാഖമാരുടെ പ്രാർത്ഥന കർതൃപ്രാർത്ഥനയുടെ ആരംഭത്തിലും അവസാനത്തിലും ചേർത്ത് സ്വർഗ്ഗവാസികളോടൊപ്പം ദൈവത്തെ സ്തുതിക്കുന്നത് ഉചിതമാണ് (ഏശ 6:3-4; വെളി 4:1-8). ഈ പ്രാരംഭ പ്രാർത്ഥനാഭാഗത്തിന് കാനോനാ എന്നാണ് പേര്.

കാർമ്മികൻ ചൊല്ലാൻ പോകുന്ന പ്രാർത്ഥനയ്ക്ക് ആമുഖമായാണ് ഡീക്കൻ (മ്ശംശാന) "നമുക്ക് പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ എന്നുചൊല്ലുന്നത്." മനുഷ്യരുടെ യഥാർത്ഥ സമാധാനമായ മിശിഹാ നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ എന്നും ഈ സമാധാനത്തിനുവേണ്ടി സമൂഹം ഒരുമിച്ചു പ്രാർത്ഥിക്കട്ടെയെന്നുമാണ് ഈ ആശംസയുടെ അർത്ഥം. തുടർന്നാണ് വി. കുർബ്ബാനയിലെ ആദ്യത്തെ വൈദിക പ്രാർത്ഥന. ദൈവിക പുത്രൻ നൽകിയ രഹസ്യങ്ങൾ പരികർമ്മം ചെയ്യാനുള്ള അനുഗ്രഹമാണ് ഇവിടെ പ്രാർത്ഥിക്കുന്നത്.

## സങ്കീർത്തനമാല (മർമ്മീസ)

മൂന്നു സങ്കീർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു മർമ്മീസയാണ് വി. കുർബ്ബാനയിൽ ഉപയോഗിക്കുന്നത്. സങ്കീർത്തനങ്ങൾ ഇസ്രായേൽ ജനതയുടെ പ്രാർത്ഥനകളായിരുന്നു; ഈശോയുടെയും. ആരാധകന്റെ മനോഭാവങ്ങളോരോന്നും സമഞ്ജസമായി പ്രകടിപ്പിക്കുന്ന മനോഹരമായ പ്രാർത്ഥനകളാണവ. ആരാധന, യാചന, സ്തുതിപ്പ്, അനുതാപം, കൃതജ്ഞത, സ്നേഹം, ദൈവ പരിപാലനയിലുള്ള ആശ്രയബോധം, എന്നിവ അവ പ്രകടിപ്പിക്കുന്നു.

ആഘോഷമായ കുർബ്ബാനയിൽ വൈദികൻ ദൈവസാന്നിധ്യത്തെ സ്തുതിച്ചുകൊണ്ട് സ്ലോസ (പ്രാർത്ഥന) ചൊല്ലുന്നു. വിശുദ്ധകുർബ്ബാനയിൽ നാം ദൈവസന്നിധിയിലേക്ക് കടന്നുവരുന്നു. ബലിപീഠത്തിനുമുമ്പിൽ നാം ഒന്നുചേരുന്നു. ഈ ബലിപീഠത്തിന്റെയും മദ്ബഹായുടെയും മഹത്വം പ്രകീർത്തിക്കുന്ന പ്രാർത്ഥനയാണിത്. സ്ലീവാചുംബനവും മദ്ബഹാഗീതവുമാണ് തുടർന്നുവരുന്നത്. രക്ഷകനായ മിശിഹായുടെ പ്രതീകമാണ് മാർ സ്ലീവാ. സ്ലീവാ നന്മകളുടെ ഉറവിടമാണ്. അതുവഴിയാണ് മർത്യഗണം രക്ഷിക്കപ്പെട്ടത്. സ്ലീവാ ശക്തമായ കോട്ടയാണ്. സ്ലീവായെ ആദരിക്കുന്നതുവഴി നാം മിശിഹായെത്തന്നെ ആദരിക്കുന്നു. ഈ സമയത്താണ് സ്ലീവായെ പ്രകീർത്തിക്കുന്ന മദ്ബഹാഗീതം ആലപിക്കുന്നത്.

ധൂപാർപ്പണത്തിനായി മ്ശംശാനമാർ ധൂപകലശവും കുന്തിരിക്കവും കൊണ്ടുവരികയും വൈദികൻ കുന്തിരിക്കം ധൂപകലശത്തിലിട്ട് ആശീർവ്വദിക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ള ആരാധനയുടെ അടയാളമാണ് ധൂപാർപ്പണം. "അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ധൂപം" എന്നാണ് ധൂപാശീർവ്വാദ പ്രാർത്ഥനയിലുള്ളത്. ദൈവ സന്നിധിയിലേക്കുയരുന്ന പ്രാർത്ഥനയെ മുകളിലേക്കുയരുന്ന ധൂപം പ്രതീകവൽക്കരിക്കുന്നു. ഒപ്പം ദൈവം നൽകുന്ന പാപമോചനം ആരാധനാ സമൂഹമൊന്നാകെ അനുഭവിക്കുന്നതും മദ്ബഹായിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ പരിശുദ്ധിയിൽ അവർ ആമഗ്നരാകുന്നതും സൂചിതമാകുന്നു. ധൂപാർപ്പണത്തിന്റെ ആശയത്തോടുകൂടിയ പ്രാർത്ഥനയാണ് ധൂപം ആശീർവ്വദിച്ചതിനുശേഷം കാർമ്മികൻ ചൊല്ലുന്നത്.

## സകലത്തിന്റെയും നാഥാ

ധൂപാർച്ചനയുടെ സമയത്താണ് "സകലത്തിന്റെയും നാഥാ" എന്ന ഉത്ഥാനഗീതം ആലപിക്കുന്നത്. ഗീതം ആലപിക്കാൻ തുടങ്ങുമ്പോൾ മദ്ബഹായുടെ വിരി തുറക്കുന്നു. ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടതിന്റെ സൂചനയാണിത്. പ്രകാശപൂരിതമായ മദ്ബഹ ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു. മദ്ബഹായിൽ അൾത്താര ധൂപിച്ചുകൊണ്ട് ദൈവാലയകവാടംവരെ പോകുന്നു. ഈശോയുടെ ദൈവത്വം മാമ്മോദീസായിൽ വെളിപ്പെടുത്തപ്പെട്ടു. അതു പൂർത്തിയായത് ഈശോയുടെ ഉയിർപ്പിലാണ്. നമ്മുടെ ഉയിർപ്പിന്റെ അച്ചാരമാണ് കർത്താവിന്റെ ഉയിർപ്പ്. ഇക്കാര്യങ്ങളാണ് ഈ ഗീതത്തിൽ നാം ഓർക്കേണ്ടത്. തുടർന്നുള്ള പ്രാർത്ഥനയിൽ ഈശോമിശിഹായുടെ ഉത്ഥാനത്തിന്റെ പ്രത്യാശയാണ് വിശ്വാസിക്കു പകർന്നുകൊടുക്കുന്നത്. ഈ പ്രാർത്ഥനയോടെ ആമുഖശുശ്രൂഷ സമാപിക്കുന്നു.

വി.കുർബ്ബാനയെന്ന മഹത്തായ രഹസ്യം യോഗ്യതാപൂർവ്വം അനുഷ്ഠിക്കുന്നതിന് ആമുഖ ശുശ്രൂഷ വിശ്വാസികളെ ഒരുക്കുന്നു. കർത്താവിന്റെ കല്പന അനുസ്മരിച്ചുകൊണ്ടുള്ള തുടക്കം, മനുഷ്യാവതാരവേളയിലെ മാലാഖമാരുടെ കീർത്തനത്തിന്റെ ആലാപനം, കർതൃപ്രാർത്ഥന, സങ്കീർത്തനമാല, സ്ലീവാചുംബനം, ധൂപാർപ്പണം, സകലത്തിന്റെയും നാഥാ എന്ന പ്രാർത്ഥന, വിവിധ വൈദിക പ്രാർത്ഥനകൾ, ഇവയെല്ലാം വിശുദ്ധകുർബ്ബാനയുടെ കേന്ദ്രഭാഗത്തിലേക്കു പ്രാർത്ഥനാപൂർവ്വം നയിക്കുന്നു. സജീവവും ആത്മാർത്ഥവുമായ ഭാഗഭാഗിത്വംവഴി അമൂല്യമായ ഫലങ്ങൾ നേടാൻ ഇവ വിശ്വാസിയെ തയ്യാറാക്കും.

## വചന ശുശ്രൂഷ

വിശുദ്ധ കുർബ്ബാന ഒരു ബലിയും വിരുന്നുമാണ്. ജീവിതക്ലേശങ്ങളാകുന്ന കുരിശുമെടുത്ത് നാം നടത്തുന്ന ഈ ജീവിത തീർത്ഥാടനത്തിൽ നാം നമ്മുടെ ജീവിതങ്ങൾകൊണ്ട് കർത്താവിനർപ്പിക്കുന്ന പ്രീതികരമായ ബലിയും ഈ തീർത്ഥാടനത്തിൽ നമ്മുടെ ആത്മാവിനും ശരീരത്തിനും ശക്തിപകരുന്ന വിരുന്നുമാണ് വി. കുർബ്ബാന. ജീവിതയാത്രയിൽ പതറാതെ തളരാതെ നീങ്ങുവാൻ നമ്മെ ശക്തിപ്പെടുത്തുന്ന ഒരു പാഥേയമാണ് (പൊതിച്ചോറാണ്) വി. കുർബ്ബാന. ദിവ്യബലിയുടെ രണ്ടു മേശകളിൽനിന്നുമാണ് ഈ ആത്മീയ ഭക്ഷണം നമുക്ക് ലഭിക്കുന്നത്. വചനത്തിന്റെ മേശയിൽനിന്നും അപ്പത്തിന്റെ മേശയിൽനിന്നും. "ഇത് ദൈവ വചനത്താൽ നാം പ്രബോധിതരും വി. കുർബ്ബാനവഴി നവോന്മേഷവാന്മാരും ആകുന്നതിനുവേണ്ടിയാണ്" (രണ്ടാം വത്തിക്കാൻ, ആരാധനാക്രമം, 48).

എമ്മാവൂസിലേക്ക് യാത്രതിരിച്ച രണ്ടു ശിഷ്യന്മാരുടെ അനുഭവം നാം വചനത്താൽ പ്രബോധിതരാകേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. ഉത്ഥിതനോടൊത്ത് നടന്ന് വചനം സ്വീകരിച്ചപ്പോൾ അവരുടെ ഹൃദയങ്ങൾ ജ്വലിച്ചു (ലൂക്കാ 24:32),. വചനത്താൽ പ്രബോധിതരായ അവർ മുറിക്കപ്പെട്ട അപ്പത്തിൽ ഉത്ഥിതനെ കണ്ടെത്തി അനുഭവിച്ചു. അപ്പത്തിൽ രക്ഷകനെ കണ്ടെത്താൻ കഴിയണമെങ്കിൽ നാം നമ്മുടെ ഹൃദയങ്ങളെ വചനം സ്വീകരിച്ച് ജ്വലിപ്പിക്കേണ്ടതുണ്ട്. ഇതാണ് വചന ശുശ്രൂഷയുടെ ലക്ഷ്യം.

വിശുദ്ധകുർബ്ബാനയെ ഏഴുഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ടല്ലോ. ആമുഖ ശുശ്രൂഷയ്ക്കുശേഷം വരുന്ന ഭാഗമാണ് വചന ശുശ്രൂഷ. 'സഹോദരരേ നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം' എന്ന ശുശ്രൂഷിയുടെ ആഹ്വാനത്തോടെയാണ് വചന ശുശ്രൂഷ ആരംഭിക്കുന്നത്. സ്വർഗ്ഗീയദർശനം ലഭിച്ച വിശ്വാസി ദൈവത്തിനു നൽകുന്ന നിർവ്വചനമാണ് 'പരിപാവനനാം സർവ്വേശാ' എന്നുതുടങ്ങുന്ന ത്രൈശുദ്ധ കീർത്തനം. എനിക്കുമുമ്പിൽ പ്രത്യക്ഷനായിരിക്കുന്ന ദൈവം സർവ്വശക്തനും ബലവാനും അമർത്യനുമാണ്. സ്വർഗ്ഗീയ ദർശനം ലഭിച്ചപ്പോൾ ഏശയ്യാ പ്രവാചകനുണ്ടായ പാപബോധം ഈ സ്വർഗ്ഗീയ ദർശനത്തിലൂടെ വിശ്വാസിക്ക് കൈവരുന്നു. തന്റെ അയോഗ്യതകളെയോർത്ത് നിലവിളിച്ച

ഏശയ്യായെ വിശുദ്ധീകരിക്കാൻ ദൈവം തീക്കനലുമായി മാലാഖയെ അയച്ചതുപോലെ സ്വന്തം യോഗ്യതകൾ ഏറ്റുപറഞ്ഞ് പരമ പരിശുദ്ധനായ ദൈവത്തെ സ്തുതിക്കുന്നവനെ അവിടുന്ന് തന്റെ വചനമയച്ച് വിശുദ്ധീകരിക്കും. കാരണം "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്" (ഹെബ്രാ 4:12).

വി. കുർബ്ബാനയിൽ ആകെ നാലു വായനകളാണുള്ളത്. ആദ്യ രണ്ടു വായനകൾ പഴയനിയമത്തിൽനിന്നാണ്. ഒന്നാം വായന പഞ്ചഗ്രന്ഥത്തിൽനിന്നാണ്. പഞ്ചഗ്രന്ഥം സൃഷ്ടിയുടെയും പരിപാലനയുടെയും ചരിത്രമാണ് നൽകുന്നത്. രണ്ടാമത്തെ വായന പ്രവാചക ഗ്രന്ഥങ്ങളിൽനിന്നോ ഇതര പഴയനിയമ ഗ്രന്ഥങ്ങളിൽനിന്നോ ആയിരിക്കും. തന്റെ സ്വന്തം ജനത്തെ കരംപിടിച്ച് നടത്താനായി ദൈവം നൽകിയ അരുളപ്പാടുകളും സന്ദേശങ്ങളുമാണ് രണ്ടാമത്തെ വായന ഉൾക്കൊള്ളുന്നത്. സുവിശേഷ വായനയ്ക്കുമുമ്പുള്ള ലേഖന വായന ഈശോയ്ക്കു വഴിതെളിക്കാൻ വന്ന സ്നാപക യോഹന്നാനെ സൂചിപ്പിക്കുന്നു. സ്നാപകൻ കടന്നുവന്നത് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആഹ്വാനമായിട്ടാണ്. വചനമായ മിശിഹായെ സ്വീകരിക്കാൻ എപ്രകാരമാണ് നാം അനുതപിച്ചൊരുങ്ങേണ്ടത് എന്ന് ലേഖനത്തിലൂടെ നമുക്ക് പറഞ്ഞുതരുന്നു. മോശ, പ്രവാചകൻ, ശ്ലീഹ, സുവിശേഷം ഇവയാണ് നാലുവായനകൾ. ആരാധനാ ക്രമത്തിൽ വ്യവസ്ഥകളനുസരിച്ച് അദ്ധ്യായം, വാക്യ നമ്പറുകൾ എന്നിവ പറയേണ്ട ആവശ്യമില്ല.

ആരാധനാക്രമത്തിന്റെ വ്യവസ്ഥകളനുസരിച്ച് പഴയ നിയമം കാറോയപ്പട്ടം സ്വീകരിച്ചവരും ലേഖനം ഡീക്കൻപട്ടം സ്വീകരിച്ചവരുമാണ് വായിക്കേണ്ടത്. ഈ പട്ടങ്ങൾ സ്വീകരിച്ചവർ ഇല്ലാത്തപ്പോഴാണ് മറ്റു ശുശ്രൂഷികളുടെ പ്രസക്തി. അവർ വിശുദ്ധഗ്രന്ഥം ആദരപൂർവ്വം എല്ലാവർക്കും മനസ്സിലാകുംവിധം സ്ഫുടമായും വ്യക്തമായും വായിക്കണമെന്നു പറയേണ്ടതില്ലല്ലോ. വായനപ്പുസ്തകത്തിന്റെ പേര് പറയുന്നതും വൈദികനോടുള്ള ആശീർവ്വാദാപേക്ഷയും ഉച്ചത്തിൽതന്നെയാണ് വേണ്ടത്.

പഴയനിയമ വായനകൾക്കുശേഷമുള്ള പ്രകീർത്തനം നിന്നുകൊണ്ടുപാടി മൂന്നു ഹല്ലേലൂയ്യായോടുകൂടിയാണ് അവസാനിപ്പിക്കേണ്ടത്. ആരാധനാക്രമവത്സരത്തോടും തിരുനാളിനോടും വായനകളെ ബന്ധപ്പെടുത്തുന്ന കീർത്തനമാണിത്. ലേഖനത്തിലും സുവിശേഷത്തിനും മുമ്പുള്ള "തുർഗ്ഗാമ"കൾ വായിക്കുവാൻ പോകുന്ന ഭാഗത്തിന് ആമുഖമായി വർത്തിക്കുകയും അവ സ്വീകരിക്കുവാൻ ആരാധകരുടെ ഹൃദയങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നു. ഹല്ലേലൂയ്യാഗീതം സുവിശേഷോപദേശവുമായി വരുന്ന മിശിഹാനാഥനുള്ള സ്തുതി കീർത്തനമാണ്. ധൂപാർപ്പണം, ഓനീസ ("പുസ്തകങ്ങളുടെ ആരംഭത്തിൽ"), സുവിശേഷ ചുംബനം എന്നിവ അവതാരം ചെയ്ത വചനത്തോടുള്ള ആദരവും പ്രകടിപ്പിക്കുന്നു.





ലേഖനവായനയ്ക്കുശേഷം ധൂപത്തിന്റെയും തിരികളുടെയും അകമ്പടിയോടെ കാർമ്മികൻ സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹയിൽ പ്രവേശിച്ച് ബലിപീഠത്തിന്റെ വലത്തുവശത്തുനിന്നും സുവിശേഷഗ്രന്ഥമെടുത്ത് ചുംബിച്ച് ബലിപീഠത്തിന്റെ മദ്ധ്യഭാഗത്ത് വന്നു നിൽക്കുന്നു. മിശിഹാതന്നെയായ സുവിശേഷത്തോടുള്ള ആദരസൂചകമായിട്ടാണ് കാർമ്മികൻ സുവിശേഷ ഗ്രന്ഥം ചുംബിക്കുന്നത്. മനുഷ്യാവതാരം വഴി കൈവന്ന ദൈവ-മനുഷ്യ ബന്ധത്തേയും അടുപ്പത്തേയും ഈ ചുംബനം സൂചിപ്പിക്കുന്നു. പിതാവിന്റെ ജീവദായകവചനമായ മിശിഹായുടെ ഭൂമിയിലേക്കുള്ള ഇറങ്ങിവരവിനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നതാണ് സുവിശേഷ ഗ്രന്ഥവുമായുള്ള ആഘോഷമായ പ്രദക്ഷിണം. കാർമ്മികനല്ല മിശിഹാതന്നെയാണ് ഇറങ്ങിവരുന്നത് എന്നു സൂചിപ്പിക്കാനാണ് കാർമ്മികൻ സുവിശേഷഗ്രന്ഥംകൊണ്ട് മുഖം മറയ്ക്കുന്നത്.

കാർമ്മികന്റെ സമാധാനാശംസ ഉത്ഥിതനായ മിശിഹായുടെ അഭിവാദനത്തെ, നിങ്ങൾക്കു സമാധാനം എന്ന ആശംസയെ, ഓർമ്മിപ്പിക്കുന്നതാണ്. നിനക്ക് സമാധാനം വേണോ എങ്കിൽ വചനം സ്വീകരിക്കുക. മിശിഹാ നമ്മോടു നേരിട്ട് സംസാരിക്കുകയാണ്. (അതുകൊണ്ട് അദ്ധ്യായവും വാക്യവും പറയുന്നത് അപ്രസക്തമാണ്) ജീവദായക വചനത്തിന്റെ വിത്തുകൾ എന്റെ ഹൃദയത്തിലേക്ക് വിതയ്ക്കപ്പെടുന്ന അസുലഭ മുഹൂർത്തമാണിത്. അതുകൊണ്ടാണ് നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം എന്ന് ശുശ്രൂഷി നമ്മെ ഓർമ്മിപ്പിക്കുന്നത്. നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി എന്ന ആരാധനാ സമൂഹത്തിന്റെ മറുപടി മാനവകുലത്തിന് സ്വയം വെളിപ്പെടുത്തിയ മിശിഹായ്ക്ക് സ്തുതിയുടെയും സന്തോഷത്തിന്റെയും പ്രകരണങ്ങൾ അർപ്പിക്കലാണ്. നമ്മോട് സംസാരിക്കാനായി ഭൂമിയിലേക്കിറങ്ങിവന്ന മിശിഹായെ സ്തുതിച്ച് നന്ദിപറഞ്ഞ് നാം ശ്രദ്ധയോടെ തിരുവചനങ്ങൾക്ക് ഹൃദയം കൊടുക്കണം. വചനം ശ്രവിക്കുന്നവർ മാത്രമാകാതെ വചനം സ്വീകരിക്കുന്നവരായി മാറണം. നമ്മുടെ ഹൃദയ

വയലുകളിൽ വചനം വീണ് മുളപൊട്ടി തഴച്ചുവളർന്ന് അത് നൂറു മേനി ഫലം ചൂടണം (ലൂക്കാ 8:8) കർത്താവേ ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട് (യോഹ 6:68) എന്ന പത്രോസിന്റെ മനോഭാവം സ്വന്തമാക്കിവേണം നാം വചനം ശ്രവിക്കാൻ.

സുവിശേഷവായന ശ്രവിക്കുന്ന അതേ ശ്രദ്ധയോടെ വേണം നാം സുവിശേഷ വ്യാഖ്യാനത്തിനും ഹൃദയംകൊടുക്കാൻ. കാരണം വചന പീഠനത്തിൽനിന്നു വചനം പ്രഖ്യാപിക്കുന്നത് കാർമ്മിക നല്ല മിശിഹാതന്നെയാണ്. തന്റെ ശിഷ്യർക്ക് വചനം വ്യാഖ്യാനിച്ചുകൊടുക്കുന്ന ഈശോയെയാണ് (ലൂക്കാ 8:12) വചനമേശയിൽ നിൽക്കുന്ന കാർമ്മികൻ സൂചിപ്പിക്കുന്നത്. ഇന്നിന്റെ ജീവിത പശ്ചാത്തലങ്ങളോട് തിരുവചനത്തെ ചേർത്തുവച്ച്, വിശദീകരിച്ച്, ക്രിസ്തുരഹസ്യത്തെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്ന ദൈവിക പ്രവൃത്തിയാണ് സുവിശേഷ വ്യാഖ്യാനം. "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം (റോമാ 10:15) എന്നാണ് തിരുവചനം പറയുന്നതെങ്കിൽ വചനം സ്വീകരിച്ച് അതിനനുസരിച്ച് ജീവിക്കുന്നവർ അതിലും എത്രയോ വലിയവരായിരിക്കും. ദൈവ വചനമനുസരിച്ച് ജീവിക്കുന്നതിനാവശ്യമായ വിശ്വാസം നമുക്ക് ലഭിക്കുന്നത് വചന ശ്രവണത്തിലൂടെയാണ്. "വിശ്വാസം കേൾവിയിൽ നിന്നും കേൾവി മിശിഹായെപ്പറ്റിയുള്ള പ്രസംഗത്തിൽനിന്നുമാണ്" (റോമാ 10:17). കേൾവിയിൽനിന്ന് വിശ്വാസം സ്വീകരിച്ച് വിശ്വാസം വഴി മിശിഹായെ സ്വന്തമാക്കി അവിടുത്തെ വചനങ്ങൾ അനുസരിച്ച് ജീവിതത്തിൽ മാറ്റങ്ങൾ വരുത്തുമ്പോഴാണ് നമ്മുടെ ശ്രവണം പൂർത്തിയാകുന്നത്.

വചനശ്രവണത്തിലൂടെ ആരാധനാ സമൂഹത്തിന്റെ വിശുദ്ധീകരണംകൂടി നടക്കുന്നുണ്ട്. വചനശ്രവണത്തിലൂടെ സ്വയം വിശുദ്ധീകരിച്ച് ദൈവാരാധനയുടെ അത്യുന്നത തലങ്ങളിലേക്ക് കയറിച്ചെല്ലാൻ ഓരോ വിശ്വാസിയേയും സഹായിക്കുംവിധമാണ് വി. കുർബ്ബാനയുടെ ക്രമം. തന്റെ വചനമാകുന്ന സത്യത്താൽ തന്റെ ശിഷ്യർ വിശുദ്ധീകരിക്കപ്പെടാൻ അതേ സത്യവചനങ്ങൾ വചനത്തിന്റെ മേശയിൽനിന്നും പ്രഘോഷിക്കപ്പെടുന്നതുവഴി അതു ശ്രവിക്കുന്ന ആരാധനാ സമൂഹവും വിശുദ്ധീകരിക്കപ്പെടുന്നു. മിശിഹാ തന്റെ സഭയെ വിശുദ്ധീകരിക്കുന്നതിന് അവളെ ജലത്താൽ കഴുകി വചനത്താൽ വെണ്മയുള്ളവളാക്കി (എഫേ 5:26) എന്ന് പൗലോസ് ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു. പാപത്തിന്റെ മാലിന്യങ്ങളകറ്റി നമ്മെ വിശുദ്ധീകരിക്കുന്നത് ദൈവത്തിന്റെ വചനമാണ്. ദൈവവചനമാ





കുന്ന ജലത്താൽ കഴുകി വിശുദ്ധി നേടുമ്പോഴാണ് അപ്പത്തിന്റെ മേശയിലേക്ക് പ്രതീക്ഷയോടെ നോക്കാൻ നമുക്ക് കഴിയുക.

വചനം സ്വീകരിച്ച് ഹൃദയം ജ്വലിപ്പിച്ചവനുമാത്രമേ അപ്പത്തിന്റെ മേശയിൽനിന്ന് മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിക്കുവാൻ കഴിയൂ എന്നാണ് എമ്മാവൂസ് സംഭവം നമുക്ക് പറഞ്ഞുതരുന്നത്. ഹതാശരായ ശിഷ്യന്മാർക്കൊപ്പം നടന്ന് ഉത്ഥിതൻ അവർക്ക് ആദ്യം ജീവന്റെ വചനങ്ങൾ പറഞ്ഞുകൊടുത്ത് (യോഹ 6:68) അവരുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചു. അതിനുശേഷം അവർക്ക് ജീവന്റെ അപ്പം മുറിച്ചുനൽകി. അപ്പോൾ നാഥനെ തിരിച്ചറിഞ്ഞ അവർ അവിടുത്തെ ഉത്ഥാനത്തിന്റെ സാക്ഷികളായി. ഇതേ ദൃഢനിശ്ചയത്തോടെ വേണം നാം തുടർന്നുള്ള കാറോസൂസായിൽ പങ്കെടുത്ത് സകല വിധ ആവശ്യങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കാൻ. ഈ മനോഭാവം സ്വന്തമാക്കിക്കൊണ്ട് നമുക്ക് വചനത്തിന്റെ മേശയിൽനിന്നും ജീവന്റെ വചനത്തെ സ്വീകരിച്ച് ഹൃദയത്തിൽ പ്രകാശം നിറയ്ക്കാം. വചനത്താൽ ഹൃദയത്തെ നിറച്ച് നാഥനോടൊത്ത് വസിക്കുന്നവരാകാം.

"നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശരീരത്തെ വണങ്ങുന്നതുപോലെയാണ് വി. ഗ്രന്ഥത്തേയും സഭ എന്നും വണങ്ങിപ്പോന്നിട്ടുള്ളത്. സംപൂജ്യമായ ആരാധനാക്രമത്തിൽ ജീവന്റെ അപ്പം മിശിഹായുടെ ശരീരമാകുന്ന മേശയിൽനിന്നെന്നപോലെ ദൈവ വചനമാകുന്ന മേശയിൽനിന്നും സ്വീകരിച്ച് വിശ്വാസികൾക്ക് വിതരണം ചെയ്യുന്ന വിശുദ്ധ പാരമ്പര്യങ്ങളോട് ചേർന്ന് വിശുദ്ധ ലിഖിതങ്ങളെയും വിശ്വാസത്തിന്റെ പരമ മാനദണ്ഡമായി സഭ എന്നും കരുതിപ്പോന്നിട്ടുണ്ട്. കാരണം ദൈവ നിവേശനത്താലാണ് വി. ഗ്രന്ഥം എന്നേയ്ക്കുമായി ലിഖിതരൂപത്തിൽ പകർത്തപ്പെട്ടത്. ആ നിലയ്ക്ക് ദൈവത്തിന്റെതന്നെ വചനം അന്യൂനമായി അതിൽ ലഭ്യമാണ്. വി. ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. ദൈവവചനത്തിന്റെ ശക്തിയും കഴിവും വളരെ വലുതാണ്. അത് സഭയ്ക്ക് ആലംബവും ഊർജ്ജസ്വലതയും നൽകുന്നു. അവളുടെ മക്കൾക്കാവശ്യമായ വിശ്വാസത്തിനു വേണ്ട ശക്തിയുടെ ആത്മാവിന്റെ ഭക്ഷണവും അതുതന്നെ" (ദൈവാവിഷ്ക്കരണം 21)

## ഒരുക്കശുശ്രൂഷ

വി. കുർബ്ബാനയിൽ വചനശുശ്രൂഷയ്ക്കുശേഷവും അനാഫൊ

റയ്ക്കു മുമ്പുമുള്ള ഭാഗമാണ് ഒരുക്കശുശ്രൂഷ. ബലിവസ്തുക്കളായ അപ്പവും വീഞ്ഞും ഒരുക്കി അൾത്താരയിൽ പ്രതിഷ്ഠിക്കുന്നതു മുതൽ കാർമ്മികന്റെ ആദ്യപ്രാർത്ഥനായാചന ഉൾപ്പെടെയുള്ള ഭാഗങ്ങളാണ് ഒരുക്കശുശ്രൂഷയിൽ വരുന്നത്. വചനം കേട്ട് ഹൃദയത്തെ ഒരുക്കി ബലിയർപ്പണത്തിനു തയ്യാറായിരിക്കുന്ന ദൈവജനം വി. കുർബ്ബാനയുടെ മർമ്മപ്രധാന ഭാഗമായ അനാഫൊറയിലേക്ക് പ്രവേശിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ നടക്കുകയാണിവിടെ.

രണ്ടുതലത്തിലുള്ള ഒരുക്കങ്ങൾ ഇവിടെ നടക്കുന്നതായി നമുക്ക് കാണാം. ഒന്ന്, അദ്ധ്യാത്മികതലത്തിലുള്ള ഒരുക്കം. അയോഗ്യരെ പുറത്താക്കൽ, സാഷ്ടാംഗപ്രമാണം, കൈകഴുകൾ, ദിവ്യരഹസ്യഗീതം, വിശ്വാസപ്രമാണം, മദ്ബഹപ്രവേശനം, പുരോഹിതന്റെ പ്രാർത്ഥന, യാചന എന്നിവ അനാഫൊറയിലേയ്ക്കു പ്രവേശിക്കുവാനുള്ള ആത്മീയ ഒരുക്കങ്ങളാണ്. രണ്ടാമതായി, വസ്തുപരമായ ഒരുക്കം. ബേസ്ഗസുകളിൽ വച്ച് ബലിവസ്തുക്കൾ ഒരുക്കുകയും അവ ആഘോഷമായി ബലിപീഠത്തിലേയ്ക്ക് സംവഹിക്കുകയും അവിടെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നത് ഈശോയുടെ ശരീരരക്തങ്ങളായിത്തീരാനുള്ള വസ്തുക്കളെ സജ്ജീകരിക്കലാണ്.

## വസ്തുപരമായ ഒരുക്കം

ബലിവസ്തുക്കൾ ഒരുക്കുന്നത് രണ്ട് ഉപപീഠങ്ങളിൽ വച്ചാണ്. കാസയും പീലാസയും ധൂപിച്ച് അവയിലാണ് ഒരുക്കുക. മിശിഹായുടെ തിരുശ്ശരീര രക്തങ്ങൾ സംവഹിക്കാൻ മാത്രം യോഗ്യതയും വിശുദ്ധിയുമുള്ള പാത്രങ്ങളാണവ എന്ന് മുൻകൂട്ടിത്തന്നെ ഉറപ്പുവരുത്തുകയാണ് ഈ കർമ്മത്തിലൂടെ. ബലിവസ്തുക്കളുടെ ഒരുക്കം മിശിഹായുടെ പീഡാനുഭവത്തെയും മരണത്തെയുമാണ് പ്രതീകാത്മകമായി അനുസ്മരിപ്പിക്കുന്നത്.

ഒരുക്കിയ ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്ക് ആഘോഷമായി സംവഹിക്കുന്നത് രണ്ടു കാര്യങ്ങൾ പ്രതീകവല്ക്കരിക്കുന്നു എന്നു പിതാക്കന്മാർ പറയുന്നു: ബലിപീഠം മിശിഹായുടെ കബറിടത്തിന്റെ പ്രതീകമാകയാൽ കാൽവരിയിൽ നിന്നും മിശിഹായുടെ മൃതശരീരം കബറിടത്തിലേയ്ക്കു സംവഹിച്ചതിനേയും, ബലിപീഠം ബലിവേദി തന്നെയാകയാൽ മിശിഹായുടെ കാൽവരിയിലേക്കുള്ള യാത്രയേയും സൂചിപ്പിക്കുന്നു.

ഇരുകരങ്ങളിൽ ബലിവസ്തുക്കൾ ഉയർത്തിപ്പിടിക്കുന്നത് മിശിഹായുടെ കുരിശിലെ ബലിയോടു ചേർത്ത് നമ്മുടെ ജീവിതവും





അർപ്പിക്കുന്നതിന്റെ പ്രതീകമാണ്. ബലിവസ്തുക്കൾ അപ്പവും വീഞ്ഞും മാത്രമല്ല ഓരോ വിശ്വാസിയുടെയും ജീവിതം കൂടിയാണ്. സ്വയം ബലികഴിക്കുകയും ആ ബലിയുടെ ഓർമ്മയാചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാതന്നെയാണ് ഈ ബലി സ്വീകരിക്കുന്നതും.

## അയോഗ്യരെ പുറത്താക്കൽ

വി. കുർബ്ബാന നമ്മുടെ വിശ്വാസത്തിന്റെ പരസ്യമായ ആഘോഷവും അനുഷ്ഠാനവുമാണ്. വി. കുർബ്ബാനയുടെ വിഷയം വിശ്വാസത്തിന്റെ വിഷയങ്ങളാണ്. വിശ്വാസമില്ലാത്തവർക്ക് വി. കുർബ്ബാനയുടെ വിഷയങ്ങൾ ദുർഗ്രഹവും അസ്വീകാര്യവുമായി തോന്നാം. മാമ്മോദീസാ സ്വീകരിച്ച് വിശ്വാസത്തിലേയ്ക്ക് കടന്നുവരാത്തവരും വിശ്വാസം ത്യജിച്ചവരും വിശ്വാസജീവിതത്തിന് എതിർസാക്ഷ്യം നൽകി ജീവിക്കുന്നവരും അതിൽ പങ്കുകൊള്ളാൻ വേണ്ട അവശ്യയോഗ്യത ഇല്ലാത്തവരാണ്. പള്ളിയകത്ത് ഇടമുള്ളപ്പോഴും പുറത്തുനിൽക്കുവാൻ ഇഷ്ടപ്പെടുന്നവർ അവിശ്വാസികളുടെയും പരസ്യപാപികളുടെയും വിശ്വാസത്യാഗികളുടെയും ഗണത്തിൽപ്പെടുകയാണ്. ശുശ്രൂഷി നൽകുന്ന അറിയിപ്പ് ബലിയർപ്പകരുടെ വലിയ ക്രൈസ്തവവിളിയെപ്പറ്റി അനുസ്മരിപ്പിക്കുന്നു.

## സാഷ്ടാംഗ പ്രണാമം

നമ്മുടെ കുർബ്ബാനക്രമത്തിലെ റാസക്രമത്തിൽ മാത്രം നടത്തുന്ന ഒരു കർമ്മമാണ് സാഷ്ടാംഗപ്രണാമം. ഈശോ തന്റെ ബലിയർപ്പണത്തിനുമുമ്പ് അന്ത്യഅത്താഴസമയത്ത് (യോഹ 13:1-2) ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനെ അനുസ്മരിപ്പിക്കുന്നതാണ് കാർമ്മികൻ സാഷ്ടാംഗം പ്രണമിച്ച് തറയിൽ വിരിച്ചിരിക്കുന്ന ശോശപ്പയിൽ പന്ത്രണ്ടുപ്രാവശ്യം ചുംബിക്കുന്ന കർമ്മം. ഇതിനോടനുബന്ധിച്ചുള്ള ഗാനങ്ങൾ പൗരോഹിത്യത്തെയും ബലിയർപ്പണത്തെയും കുറിച്ച് പ്രതിപാദിക്കുന്നവയാണ്. തുടർന്നുവരാൻപോകുന്ന ഭാഗത്ത് കാർമ്മികൻ മദ്ബഹയിൽ പ്രവേശിച്ച് ബലിയർപ്പിക്കുമെന്നും സ്വർഗ്ഗത്തിലേയ്ക്ക് കരങ്ങളുയർത്തി പരിശുദ്ധാത്മാവിനെ വിളിക്കുമെന്നും അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നറങ്ങിവന്ന് ബലിവസ്തുക്കളുടെമേൽ ആവസിച്ച് അവയെ മിശിഹായുടെ തിരുശരീരരക്തങ്ങളാക്കിത്തീർക്കുമെന്നും ഈ ഗാനത്തിൽ അനുസ്മരിക്കുന്നു.

ഈശോ തന്റെ അന്തിമപ്രഭാഷണത്തിൽ ശിഷ്യന്മാർക്കു നൽകിയ വാഗ്ദാനവും ഇവിടെ അനുസ്മരിക്കുന്നുണ്ട്. കാൽവരിയിലെ ബലി

യർപ്പണത്തിൽ ഈശോയെ ശക്തിപ്പെടുത്താൻ ഗത്സമെനിയിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതനെപ്പോലെ ഡീക്കന്മാർ മദ്ബഹയിൽ നിന്ന് പടിപടിയായി ഇറങ്ങിവന്ന് കാർമ്മികനെയും സമൂഹത്തെയും ശക്തിപ്പെടുത്താൻ മിശിഹാ ലോകാവസാനംവരെ ലോകത്തിലുണ്ടാകുമെന്ന വാഗ്ദാനം അനുസ്മരിപ്പിക്കുകയാണ്. അനാഫൊറയ്ക്കു മുമ്പുള്ള ആത്മീയ ഒരുക്കം, ബലിയർപ്പണത്തിൽ കാർമ്മികന്റെ അയോഗ്യതാപ്രകടനം, അനുതാപം, മിശിഹായുടെ ഗത്സമെനിയിലെ പ്രാർത്ഥന തുടങ്ങിയ ഘടകങ്ങളെയും ഈയൊരു കർമ്മം ഉൾക്കൊള്ളുന്നുണ്ട്.

### കൈകഴുകൽ

ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്ക് സംവഹിക്കുമ്പോൾ കാർമ്മികൻ കൈകഴുകുന്നത് അതിവിശുദ്ധ സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നതിനാവശ്യമായ ആന്തരികവും ബാഹ്യവുമായ വിശുദ്ധിയെ സൂചിപ്പിക്കുന്നു. പാപവിമുക്തിയുടെ ബാഹ്യമായ അടയാളമാണ് കൈകഴുകൾ. ഇത് കാർമ്മികന്റെ മാത്രമല്ല, സമൂഹത്തിന്റെ മുഴുവൻ വിശുദ്ധീകരണത്തിന്റെ അടയാളമാണ്. കാർമ്മികൻ പ്രാർത്ഥിക്കുന്നത് തന്റെയും സമൂഹത്തിന്റെയും കടങ്ങളുടെയും പാപങ്ങളുടെയും മാലിന്യം ദൈവകാരുണ്യത്തിന്റെ സോപ്പാകൊണ്ട് കഴുകിക്കളയണമേ എന്നാണ്. തങ്ങളുടെ പാപങ്ങളുടെ കറ ദിവ്യകാരുണ്യത്തിന്റെ സമുദ്രത്തിൽ കഴുകിക്കളയണമേ എന്നും അദ്ദേഹം യാചിക്കുന്നു.

### ദിവ്യരഹസ്യഗീതം

ഈ ഗീതത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ബലിവസ്തുക്കൾ ബലിപീഠത്തിലേയ്ക്ക് സംവഹിക്കപ്പെടുമ്പോഴാണ് 'കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു' എന്നു തുടങ്ങുന്ന ആദ്യഗീതം ആലപിക്കുന്നത്. ദൈവത്തിന്റെ അത്ഭുതാവഹമായ ശക്തിയിൽ അപ്പവും വീഞ്ഞും തിരുശ്ശരീരരക്തങ്ങളായി പകരുന്നുവെന്നും വിസ്മയകരമായ ഈ പ്രതിഭാസത്തെ ഭയത്തോടും സ്നേഹത്തോടും കൂടി സമീപിക്കണമെന്നും ഈ ഗീതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ പ്രത്യക്ഷീകരണത്തിൽ മാനവരിൽ ഉളവാകുന്ന ഭീതിയും വിശുദ്ധ കുർബ്ബാന ദൈവസ്നേഹത്തിന്റെ അത്യുച്ചാവസ്ഥയാണെന്ന യാഥാർത്ഥ്യവും ഇവിടെ ഓർമ്മിക്കുന്നു. പുരോഹിതൻ സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹയിലേയ്ക്ക് ബലിവസ്തുക്കളുമായി പ്രവേശിക്കുമ്പോൾ ജനത്തിന്റെ മനസ്സിലുളവാകുന്ന ചിന്തകൾ തിരുസ്സന്നിധിയിലണഞ്ഞിരിക്കുന്നത് ദൈവത്തെ സ്വർഗ്ഗ





വാസികളുടെ പ്രകീർത്തനങ്ങളാൽ പങ്കുചേർന്ന് സ്തുതിക്കുവാനാണ് എന്നാണ്. സ്വർഗ്ഗത്തിൽ ദൈവം എപ്പോഴും പരിശുദ്ധൻ, പരിശുദ്ധൻ എന്ന പ്രഘോഷിക്കപ്പെടുകയാണല്ലോ.

ഇതിന്റെ രണ്ടാംഭാഗം തുടർന്ന് കാർമ്മികനും സമൂഹവും മാറി മാറി പാടുന്നതാണ്. ബലിയർപ്പണവേളയിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും വിശുദ്ധരായ ശ്ലീഹന്മാരുടെയും വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും വിശ്രുതരായ നീതിമാന്മാരുടെയും രക്തസാക്ഷികളുടെയും സ്മരണയും സാന്നിദ്ധ്യവും ഉണ്ടാകണമെന്ന് ഈ ഗീതം നമ്മെ അനുസ്മരിപ്പിക്കുന്നു. മാത്രമല്ല സകല നീതിമാന്മാരുമൊത്ത് യുഗാന്ത്യത്തിൽ സ്വർഗ്ഗീയവിരുന്ന് ആസ്വദിച്ചുകൊണ്ട് ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയും നൽകുന്നു.

### വിശ്വാസ പ്രഖ്യാപനം

അനാഫൊറയ്ക്ക് ഒരുക്കമായി കാർമ്മികനും സമൂഹവും വിശ്വാസപ്രഖ്യാപനം നടത്തുന്നു. രക്ഷാകര രഹസ്യമാണ് അതിന്റെ ഉള്ളടക്കം. തന്മൂലം രക്ഷാകരകർമ്മത്തിന്റെ പുനരവതരണത്തിനുമുമ്പുള്ള ഈ ഏറ്റുപറച്ചിൽ തികച്ചും യുക്തമാണ്. വിശ്വാസത്തിന്റെ ആഘോഷവും പ്രഘോഷണവുമാണ് പരിശുദ്ധ കുർബ്ബാന.

### മദ്ബഹപ്രവേശനം

പുരോഹിതൻ ബലിയർപ്പിക്കുവാനായി മദ്ബഹയിലേക്ക് പ്രവേശിക്കുകയാണ്. നിത്യപിതാവിന്റെ സന്നിധിയിൽ പുരോഹിതശുശ്രൂഷ ചെയ്യാനായി നമുക്കു മുന്നോടിയായ് വിശുദ്ധ സ്ഥലത്തു പ്രവേശിച്ച നിത്യപുരോഹിതനും മദ്ധ്യസ്ഥനുമായ മിശിഹായുടെ പ്രതീകമാണ് പുരോഹിതൻ. എങ്കിലും അതേസമയം തന്നെ അയാൾ സഭാസമൂഹത്തിന്റെ പ്രതിനിധിയും, ബലഹീനനും പാപിയുമായ ഒരു മനുഷ്യവ്യക്തിയുമാണ്. തന്നിമിത്തം തന്റെ അയോഗ്യത ഏറ്റുപറഞ്ഞ് ബലിയർപ്പണത്തിനു തന്നെ യോഗ്യനാക്കണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് വിനീതനായി മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരം ചെയ്തുകൊണ്ടാണ് കാർമ്മികൻ മദ്ബഹയിലെ ബലിപീഠത്തെ സമീപിക്കുന്നത്. ബലിപീഠത്തിങ്കലെത്തുമ്പോൾ ദൈവത്തിന്റെ സിംഹാസനമായ ബലിപീഠത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ സാന്നിദ്ധ്യത്തെ അനുസ്മരിച്ച് മൂന്നു പ്രാവശ്യം ചുംബിക്കുന്നുണ്ട്.

മദ്ബഹയിലെത്തിയ കാർമ്മികൻ സമൂഹത്തോട് പ്രാർത്ഥന യാചിച്ചുകൊണ്ടാണ് ബലിപീഠത്തിലെ തന്റെ ശുശ്രൂഷ ആരംഭി

ക്കുന്നത്. പുരോഹിതന് സഭാസമൂഹത്തോടുള്ള ബന്ധവും ഐക്യവുമാണ് ഇതിലൂടെ പ്രകടമാകുന്നത്. സഭാസമൂഹത്തിനുവേണ്ടിയാണ് കാർമ്മികൻ ദൈവസന്നിധിയിൽ നിൽക്കുക. തന്നിമിത്തം സമൂഹം പുരോഹിതനുവേണ്ടിയും അദ്ദേഹം ഏറ്റെടുത്തിരിക്കുന്ന ശുശ്രൂഷയുടെ പൂർത്തീകരണത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നു. പുരോഹിതന്റെ പ്രാർത്ഥനാഭ്യർത്ഥനയ്ക്കുള്ള മറുപടിയായി സമൂഹം അദ്ദേഹത്തെ ധൈര്യപ്പെടുത്തുകയും ദൈവം ശക്തിപ്പെടുത്തുമെന്ന് ആശംസിക്കുകയും ചെയ്യുന്നു.

## അനാഫൊറാ

വി. കുർബ്ബാനയ്ക്ക് ഏഴ് ഭാഗങ്ങളുണ്ടെങ്കിലും പ്രധാനമായി രണ്ടായി തിരിക്കാറുണ്ട്. അധ്യയനപ്രധാനമായ ആദ്യഭാഗവും വിശ്വാസികളുടെ കുർബ്ബാനയെന്നും “അത്താഴകുർബ്ബാന”യെന്നും അറിയപ്പെടുന്ന രണ്ടാംഭാഗവും. രണ്ടാംഭാഗത്തിൽ ദീർഘമായ കൃതജ്ഞതാപ്രാർത്ഥനയും കുർബ്ബാന സ്വീകരണവും ഉൾപ്പെടുന്നു. കുർബ്ബാനയിലെ കൃതജ്ഞതാ പ്രകാശന പ്രാർത്ഥന അനാഫൊറാ എന്നാണ് അറിയപ്പെടുന്നത്.

അനാഫൊറാ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം കൃതജ്ഞതാ സ്തോത്രപ്രാർത്ഥന; ഉയർത്തൽ, സമർപ്പിക്കൽ എന്നൊക്കെയാണ്. അനാഫൊറാ കൂദാശ പ്രാർത്ഥന എന്നും അറിയപ്പെടുന്നുണ്ട്. “കൂദാശ” എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിശുദ്ധീകരിക്കുന്നത് എന്നാണല്ലോ. അപ്പവും വീഞ്ഞും ഈശോയുടെ തിരുശ്ശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്ന പ്രാർത്ഥനകളുടെ സമാഹാരമായതുകൊണ്ടാണ് ഇതിനെ കൂദാശ എന്നു വിളിക്കുന്നത്. നമ്മുടെ കുർബ്ബാനയിലെ അനാഫൊറ, “ശ്ലീഹന്മാരുടെ അനാഫൊറാ” എന്നു വിളിക്കപ്പെടുന്നു. കാരണം ഈ അനാഫൊറാ രചിച്ചത് കിഴക്കിന്റെ അനുഗൃഹീത ശ്ലീഹന്മാരായ മാർ അദ്ദായി, മാർ മാറി, എന്നിവരാണ്. മാർ അദ്ദായി മാർതോമ്മാശ്ലീഹായുടെ ശിഷ്യനും മാർ മാറി, മാർ അദ്ദായിയുടെ ശിഷ്യനുമായിരുന്നു.

നാലു പ്രാർത്ഥനകൾ വീതമുള്ള നാലു പ്രണാമജപ വൃത്തങ്ങളായി നമ്മുടെ കുർബ്ബാനയിലെ അനാഫൊറാ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ പ്രണാമജപവൃത്തത്തിലും കാർമ്മികൻ രഹസ്യത്തിൽ ചൊല്ലുന്ന ഒരു സ്വകാര്യ പ്രാർത്ഥനയും (കൂശാപ്പ) കാർമ്മികൻ സമൂഹത്തോടു നടത്തുന്ന ഒരു പ്രാർത്ഥനാഭ്യർത്ഥനയുമുണ്ട്. കൂടാതെ പ്രണാമ ജപം (ഗ്ഹന്താ) എന്നുവിളിക്കപ്പെടുന്ന പ്രധാന പ്രാർത്ഥനയും അതിന്റെ സമാപന സ്തുതിപ്പും (കാനോന) ഉൾപ്പെ





ടുന്നു. നാലു പ്രാർത്ഥനകളാണ് ഓരോ വൃത്തത്തിലുമുള്ളതെന്നു പറഞ്ഞല്ലോ. നമ്മുടെ കുർബ്ബാനയിൽ ആദ്യത്തെ പ്രണാമ ജപം പിതാവായ ദൈവത്തോടും രണ്ടാമത്തേത് പരിശുദ്ധ ത്രിത്വത്തോടും മൂന്നാമത്തേത് പുത്രനായ ദൈവത്തോടും നാലാമത്തേത് പരിശുദ്ധാത്മാവിനോടുമുള്ള പ്രാർത്ഥനകളാണ്.

## അനാഫൊറാ പ്രാർത്ഥന ഒരു പ്രവൃത്തിയാണ്

വിശുദ്ധ കുർബ്ബാനയിലെ അനാഫൊറാ പ്രാർത്ഥന ഒരു പ്രവൃത്തിയും അതേസമയം ഈ പ്രവൃത്തിയെ വിശുദ്ധീകരിക്കുകയും അതിനു രൂപംകൊടുക്കുകയും ചെയ്യുന്ന ഒരു പ്രാർത്ഥനാപാഠവുമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സ്വർഗ്ഗവാസികളും ഭൂവാസികളും ചേർന്ന് പിതാവായ ദൈവത്തിന് സ്തുതിയും കൃതജ്ഞതയും അർപ്പിക്കുകയാണ് ഇതിലൂടെ. മെത്രാൻ നിയോഗിച്ചിരിക്കുന്ന പുരോഹിതന്റെ സാന്നിദ്ധ്യത്തിൽ ആരാധനാസമൂഹം ഒന്നുചേർന്ന് ഭക്തിയും ജീവിതവും സമന്വയിപ്പിക്കുമ്പോഴാണ് ഈ പ്രവൃത്തി രൂപംകൊള്ളുക. അവർ ഏകമനസ്സോടെ ദൈവത്തെ സ്തുതിക്കുകയും കൃതജ്ഞത അർപ്പിക്കുകയും അനുസ്മരിക്കുകയും കാഴ്ച അർപ്പിക്കുകയും മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു. അവരുടെ പ്രവൃത്തിയും പ്രാർത്ഥനയും മിശിഹാ തന്റെ അർപ്പണത്തോടു ചേർത്ത് പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു.

## അനാഫൊറാ ഒരു പ്രഘോഷണമാണ്

പ്രാർത്ഥന പ്രഘോഷണമായി മാറുന്നത് നമ്മുടെ വ്യക്തിപരമായ വിശ്വാസത്തിന്റെയും ഭക്തിയുടെയും വെളിച്ചത്തിലും സമൂഹത്തിന്റെയും സാർവ്വത്രികസഭയുടെയും പശ്ചാത്തലത്തിലും അത് ഉദ്ഘോഷിക്കുമ്പോഴാണ്. നമ്മുടെ വാക്കുകളും ചിന്തകളും മിശിഹായ്ക്കും അവിടുത്തെ അരൂപിക്കും അനുയോജ്യമായിത്തീരുമ്പോൾ നമ്മുടെ പ്രാർത്ഥന പിതാവിന്റെ മുമ്പിൽ പ്രഘോഷണമായി ഭവിക്കുന്നു.

കാർമ്മികൻ സമൂഹത്തിന്റെയും സഭയുടെയും പേരിലാണ് അനാഫൊറാ പ്രഘോഷിക്കുന്നത്. അങ്ങനെ അനാഫൊറാ സഭയുടെ വിശ്വാസത്തിന്റെ പ്രഘോഷണപൂർവ്വകമായ പ്രഖ്യാപനമാകുന്നു. നാം മിശിഹായുടേതും മിശിഹാ ദൈവത്തിന്റേതുമാണെന്നു വ്യക്തമാക്കപ്പെടുന്നു. മിശിഹായും അവിടുത്തെ ജനവുമായുള്ള ബന്ധത്തിന്റെ പ്രഖ്യാപനം കൂടിയാണത്.

## ഒന്നാം പ്രണാമജപം (ഗ്ഹാന്ത)

ഈ പ്രണാമജപം "ഞങ്ങളുടെ കർത്താവായ ദൈവമേ" എന്നാരംഭിക്കുന്നു. ഇതിൽ രണ്ട് ഏറ്റുപറച്ചിലുകൾ ഉണ്ട്. 1. ദൈവം മനുഷ്യരിൽ വർഷിച്ച കൃപാവരങ്ങൾക്കുള്ള പൊതുവായ നന്ദി. 2. ദിവ്യരഹസ്യങ്ങളാകുന്ന ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പരികർമ്മം ചെയ്യാനുള്ള ശക്തിക്കായുള്ള പ്രാർത്ഥന. ദിവ്യകാരുണ്യത്തിന്റെ യോഗാത്മക (മിസ്റ്റിക്കൽ) കവിതയായിട്ടാണ് അനാഫൊറാ കണക്കാക്കപ്പെടുന്നത്. ദൈവത്തിന്റെ കാരുണ്യാതിരേകം ഏറ്റുപറയുന്നതൊടൊപ്പം ദൈവദാനങ്ങളിൽ ഏറ്റവും വിശിഷ്ടമാണ് മിശിഹായുടെ തിരുശ്ശരീരരക്തങ്ങളുടെ ദിവ്യരഹസ്യമെന്നും അത് അനുഷ്ഠിക്കുവാൻ ദൈവംതന്നെ നമ്മെ ശക്തരാക്കണമെന്ന് യാചിക്കുകയും ചെയ്യുന്നു. ബലിപീഠം ചുംബിച്ചതിനുശേഷം "ഞങ്ങൾ അങ്ങേയ്ക്ക് സ്തുതിയും....." എന്നു ചൊല്ലി കുരിശടയാളം വരച്ച് പ്രണാമജപം അവസാനിപ്പിക്കുന്നു.

## സമാധാനാശംസ

ഉത്ഥാനം ചെയ്ത ഈശോയുടെ സമാധാനാശംസ ഉദ്ധരിച്ചുകൊണ്ട് കാർമ്മികൻ കർത്താവിന്റെ സമാധാനം(ഷാലോം) ആശംസിക്കുന്നു. കുരിശടയാളത്തിൽ ആശീർവ്വദിക്കുമ്പോൾ വിശ്വാസികളുടെ സമൂഹം അതേറ്റുവാങ്ങി സ്വയം കുരിശടയാളം വരയ്ക്കുന്നു. ഒപ്പം കർത്താവിന്റെ ഷാലോം അദ്ദേഹത്തിനും അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ അധികാരശക്തിക്കും നേർന്നുകൊണ്ട് അവർ പ്രത്യുത്തരിക്കുന്നു.

## അനുസ്മരണ പ്രാർത്ഥന (ഡിപ്റ്റിക്സ്)

തുടർന്ന് ശുശ്രൂഷി അനുസ്മരണ പ്രാർത്ഥന ചൊല്ലുന്നു. മൺമറഞ്ഞുപോയവരിൽ സഭയിൽ ഔദ്യോഗിക ശുശ്രൂഷ ചെയ്തിട്ടുള്ളവരെയും മറ്റു ജീവിതാന്തസ്സുകളിൽപെട്ടവരെയും കുർബ്ബാനയിൽ പ്രത്യേകം അനുസ്മരിക്കുന്നു. മരണമടഞ്ഞ വ്യക്തികളെയും ഓർമ്മിച്ചു പ്രാർത്ഥിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. അതുപോലെ ഐശ്വര്യപൂർണ്ണമായ കാലത്തിനും കുർബ്ബാനയിൽ അനുസ്മരിക്കുന്ന വ്യക്തിക്കുംവേണ്ടി പ്രാർത്ഥിക്കാനും ആഹ്വാനം ചെയ്യുന്നു. ഈ പ്രാർത്ഥനയുടെ രണ്ടാം ഭാഗത്ത് യോഗ്യതാപൂർവ്വം അതിൽ ഭാഗഭാക്കുകളാകാൻ എന്തൊക്കെ ചെയ്യണമെന്ന് ശുശ്രൂഷി ദൈവജനത്തെ ഓർമ്മിപ്പിക്കുന്നു. 1. അനുതാപത്തോടും വിശുദ്ധിയോടും കൂടെ കർത്താവിനു നന്ദിപറയുകയും അവിടുത്തെ വിളിച്ച് അപേക്ഷിക്കുകയും ചെയ്യണം. 2. ആദരപൂർവ്വംനിന്ന് അൾത്താരയിൽ





അനുഷ്ഠിക്കപ്പെടുന്നവയെ ഉൾക്കണ്ണുകൾകൊണ്ട് കാണണം. 3.കണ്ണുകൾ താഴ്ത്തി, വിചാരങ്ങൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി, നിശ്ശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുംകൂടെ ഹൃദയത്തിൽ പ്രാർത്ഥിക്കണം. 4. ആരും സംസാരിക്കാൻ ഇടയാകരുത്.

## രണ്ടാം പ്രണാമ ജപം

സമാധാനാശംസ മുതൽ ഓശാനഗീതം(പരിശുദ്ധൻ) വരെയുള്ള ഭാഗമാണ് ഈ പ്രണാമ ജപവൃത്തത്തിലുള്ളത്. അനുസ്മരണ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ, പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭാംഗങ്ങൾക്കു നൽകിയ അഭിവാദനം ആവർത്തിച്ചുകൊണ്ട് (2 കോറി 13,14) ബലിവസ്തുക്കൾ ആശീർവ്വദിക്കുന്നു. ഈ ആശീർവ്വാദ പ്രാർത്ഥനയിലൂടെ പരിശുദ്ധത്രിത്വത്തിന്റെ ത്രിവിധ അനുഗ്രഹങ്ങൾ - കൃപ, സ്നേഹം, സഹവാസം - എല്ലാവരോടും കൂടെ ഉണ്ടാകട്ടെ എന്ന് ആശംസിക്കുകയാണ്.

തുടർന്ന് വിചാരങ്ങൾ ഉന്നതത്തിലേക്ക് ഉയർത്തുവാൻ കാർമ്മികൻ ആഹ്വാനം ചെയ്യുന്നു. സമൂഹം ഒന്നുചേർന്ന്, തങ്ങളുടെ വിചാരങ്ങൾ ആരാധ്യനായ ദൈവത്തിന്റെ സന്നിധിയിലേക്ക് ഉയർത്തുന്നു എന്നു പ്രഖ്യാപിക്കുകയാണ്. പിതാക്കന്മാരുടെ ദൈവം എന്ന് ഇവിടെ വിശേഷിപ്പിക്കുന്നതിന്റെ കാരണം, പിതാക്കന്മാർ സ്വന്തമാക്കിയതുപോലുള്ള ദൈവാനുഭവം സ്വന്തമാക്കണം എന്ന ദാഹമാണ്. വൈദികന്റെ യാചനാ പ്രാർത്ഥനയിൽ മൂന്നു കാര്യങ്ങൾക്കായാണ് അപേക്ഷിക്കുന്നത്. എല്ലാവിധ തിന്മയിൽനിന്നു മനസ്സിനെ വിമുക്തമാക്കി, എല്ലാവരോടും അനുരഞ്ജിതരായി, പരമപരിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശപൂർവ്വം അനുഷ്ഠിക്കാനുള്ള ആത്മധൈര്യത്തിനായി.

രണ്ടാം പ്രണാമജപ പ്രാർത്ഥനാവൃത്തത്തിലൂടെ ആരാധനാഗണം പൂർണ്ണമായും ദൈവത്തിലേക്ക് ആനയിക്കപ്പെടുന്നു. ദിവ്യകാരുണ്യരഹസ്യത്തിന്റെ മിസ്റ്റിക്ക് തലങ്ങൾ അനാവരണം ചെയ്യപ്പെടുന്നു. അവ കാണുവാനും കേൾക്കുവാനും കഴിയുന്ന കണ്ണുകളും കാതുകളും ഭാഗ്യമുള്ളവതന്നെ.

## രണ്ടാം പ്രണാമജപത്തിന്റെ ഘടന

1. പരി.ത്രിത്വത്തിന്റെ തിരുനാമം എല്ലാ അധരങ്ങളുടെയും നാവുകളുടെയും കൃതജ്ഞതയ്ക്കും സമസ്ത സൃഷ്ടികളിൽ നിന്നുള്ള പുകഴ്ചക്കും അർഹമാണ് എന്നുള്ള ദൃഢപ്രസ്താവനയാണ് ഈ പ്രാർത്ഥനയുടെ ആരംഭത്തിലുള്ളത്.

2. തുടർന്ന് ഈ സ്തുതിക്കുള്ള കാരണങ്ങൾ പറയുന്നു. ദൈവം ലോകത്തെയും അതിലുള്ള സകലത്തെയും സൃഷ്ടിച്ചു. ഒപ്പം മനുഷ്യവംശത്തോട് അളവറ്റ കൃപ കാണിക്കുകയും ചെയ്തു.

3. സ്വർഗ്ഗവാസികളും ഭൂവാസികളും ദൈവത്തെ പ്രകീർത്തിക്കുന്നതായി ഏറ്റുപറയുന്നു. ദൈവത്തെ സ്തുതിക്കുന്നതിൽ ഇരുകൂട്ടരും ഒന്നുചേരുന്നു. ചുരുക്കത്തിൽ സ്വർഗ്ഗവും ഭൂമിയും കുർബ്ബാനയിൽ സംയോജിക്കുന്ന മനോഹരവും ഉദാത്തവുമായ നിമിഷങ്ങളാണിവ. ഇവിടെ മനുഷ്യർ ഭയഭക്തികളോടെ നമ്രശിരസ്കരാവുകയാണ്. അങ്ങനെ ദൈവതിരുമുമ്പിലെ ആരാധനയ്ക്ക് അവർ മറ്റെല്ലാം മറന്ന് തങ്ങളെത്തന്നെ സജ്ജരാകുന്നു.

ആരാധനാസമൂഹം സ്വർഗ്ഗീയ ഗണങ്ങളോടുചേർന്ന് ദിവ്യാരാധനയിൽ പങ്കുചേർന്ന് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ദൈവത്തെ പ്രകീർത്തിക്കുന്നു (ഏശ 62; വെളി 4,8; മത്താ 21,9). തിരുവചനങ്ങളാണ് ഇവിടത്തെ പ്രാർത്ഥനയുടെ അടിസ്ഥാനം. ഏശയ്യായുടെ ദർശനത്തിൽ മഹത്വപൂർണ്ണനായി ഉപവിഷ്ടനായിരിക്കുന്ന ദൈവത്തിന്റെ മുമ്പിൽ മാലാഖമാർ അവിടുത്തെ പരിശുദ്ധിയെ പ്രഘോഷിക്കുകയാണല്ലോ(വെളി 4,8). ആരാധനയുടെ ഈ മഹാനിമിഷങ്ങളിൽ മനുഷ്യമക്കളും ഭാഗഭാക്കുകളാകുന്നു.

ദൈവദൂതന്മാരോടൊപ്പം മനുഷ്യരും കീർത്തനം ആലപിക്കുമ്പോൾ കാർമ്മികൻ തന്റെ അയോഗ്യതയെ ഏറ്റുപറഞ്ഞുകൊണ്ട് യാചനാപ്രാർത്ഥന ചൊല്ലുന്നു. അൾത്താര ചുംബിച്ച് അതിനോട് ആദരവു പ്രകടിപ്പിച്ചശേഷമാണ് ഈ പ്രാർത്ഥന. വേദപുസ്തകാധിഷ്ഠിതമായ അനേകം വിശിഷ്ടാശയങ്ങൾകൊണ്ടു കൊരുത്ത ചേതോഹരമായ ഒരു പ്രാർത്ഥനയാണിത് (എഫേ 3,14; കൊളോ 1,16;2 തെസ 2,13; ഏശ 6,5).

തുടർന്ന് കാർമ്മികൻ യാചനാപ്രാർത്ഥന നടത്തുന്നു. ഇതിന്റെ ആദ്യഭാഗം ദൈവത്തെ അഭിസംബോധന ചെയ്തും രണ്ടാംഭാഗം ആരാധനാസമൂഹത്തിന്റെ പ്രാർത്ഥന യാചിച്ചും നടത്തുന്നു. സമൂഹം നാല് ആശംസകളാണ് വൈദികന്റെ യാചനയ്ക്ക് മറുപടിയായി പ്രത്യുത്തരിക്കുന്നത്. മിശിഹാ പ്രാർത്ഥന കേൾക്കട്ടെ, കുർബ്ബാന സ്വീകരിക്കട്ടെ, പൗരോഹിത്യത്തെ മഹത്വപ്പെടുത്തട്ടെ, ബലിയിൽ സംപ്രീതനാകട്ടെ.

### മൂന്നാം പ്രണാമജപം

മിശിഹായുടെ വ്യക്തിത്വം, അവിടുത്തേക്ക് പിതാവുമായുള്ള ബന്ധം, അവിടുന്നുവഴി സാധിച്ച രക്ഷ എന്നിവയെക്കുറിച്ചുള്ള





അതിമനോഹരവും ആശയസമ്പുഷ്ടവുമായ ഒരു ധ്യാനമാണ് ഈ പ്രാർത്ഥനയെന്നു പറയാം. സ്വർഗ്ഗീയ ഗണങ്ങളോടു ചേർന്ന് പിതാവായ ദൈവത്തെ നന്ദിപറഞ്ഞു സ്തുതിക്കുന്നു എന്ന് ഏറ്റുപറഞ്ഞുകൊണ്ടാണ് ഈ ജപം ആരംഭിക്കുന്നത്. തുടർന്ന് ദൈവപുത്രനും മനുഷ്യപുത്രനുമായ ഈശോയെ വാഴ്ത്തി പുകഴ്ത്തുന്നു.

ഈ പ്രാർത്ഥനയിൽ പിതാവും തിരുസുതനും തമ്മിലുള്ള ആഴമേറിയ ആത്മബന്ധത്തെ മനുഷ്യരുമായുള്ള കൂട്ടായ്മയുമായി കോർത്തിണക്കിയിരിക്കുന്നു. മിശിഹാ, ദൈവം എന്ന നിലയിൽ മഹത്വപൂരിതനും പരമോന്നതനുമാണ്; മനുഷ്യനായി തീർന്നപ്പോൾ പാതാളത്തോളം താഴ്ന്നവനും. അവിടുത്തെ വ്യക്തിത്വത്തെപ്പറ്റിയുള്ള അഗാധമായ ഉൾക്കാഴ്ചകൾ ഈ പ്രണാമജപത്തിലുണ്ട്. വചനമാകുന്ന ദൈവം (യോഹ 1:1-2), പിതാവിൽ മറഞ്ഞിരിക്കുന്ന ആത്മജാതൻ (യോഹ 1:18) എന്നീ രണ്ടു വിശേഷണങ്ങൾ മിശിഹായെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്നു. പിതാവിന്റെ പ്രതിരൂപമായ ഈശോയെ മനുഷ്യഭാഷയിൽ മനസ്സിലാക്കാനുള്ള വലിയ പരിശ്രമം ഈ പ്രാർത്ഥനയിലുണ്ട്. പിതാവിനോടു സദൃശനും പിതാവിൽനിന്നുള്ള പ്രോജ്ജ്വലപ്രകാശവും പിതാവിന്റെ സത്തയുടെ പ്രതിച്ഛായയുമായ ഈശോ ആ മഹത്വമെല്ലാം ഉപേക്ഷിച്ച് മനുഷ്യർക്കു സമനാവുകയാണ്. പൗലോസ് ശ്ലീഹായുടെ ഫിലി 2,6-7 വാക്യങ്ങൾ അനുസ്മരിച്ചുകൊണ്ട് അവിടുത്തെ വിനീതശുശ്രൂഷയും സ്വയം ശൂന്യവത്ക്കരണവും പ്രണാമജപത്തിൽ പ്രഖ്യാപിക്കുന്നു. അങ്ങനെ പാപികളായ മനുഷ്യരോടൊപ്പം എണ്ണപ്പെട്ടുകൊണ്ട് അവിടുന്ന് നമ്മുടെ രക്ഷയുടെ നിത്യസ്മാരകം നമ്മെ ഏല്പിച്ചിരിക്കുന്നു. ആ ദിവ്യരഹസ്യം തിരുസന്നിധിയിൽ അർപ്പിക്കുകയാണ് ദൈവജനം എന്നു പ്രസ്താവിച്ചുകൊണ്ട് പ്രണാമജപത്തിന്റെ ആദ്യഭാഗം അവസാനിക്കുന്നു.

### സ്ഥാപനവാക്യങ്ങൾ

അന്ത്യത്താഴസമയത്ത് ഈശോ അരുളിചെയ്ത വാക്കുകളും അനുഷ്ഠിച്ച കർമ്മങ്ങളും സഭാപാരമ്പര്യത്തിൽനിന്നും സമാഹരിച്ചാണ് വി. കുർബ്ബാനയുടെ സ്ഥാപനം അനുസ്മരിക്കുന്നത്. സമവീക്ഷണ സുവിശേഷകന്മാരായ വി. മത്തായി, വി. മർക്കോസ്, വി.ലൂക്കാ എന്നിവരും വി.പൗലോസ് ശ്ലീഹായും അന്ത്യത്താഴത്തിന്റെ വിവരണം നൽകുന്നുണ്ട്. നമ്മുടെ വി.കുർബ്ബാനയിൽ വി. പൗലോസിന്റെ ഭാഷ്യത്തെയാണ് മുഖ്യമായും ആധാരമാക്കിയിരിക്കുന്നത്. ഈശോ അപ്പവും വീഞ്ഞും തന്റെ ശരീരരക്തങ്ങളാക്കി മാറ്റിക്കൊണ്ട് വി. കുർബ്ബാന സ്ഥാപിച്ചു. ഇതിന്റെ അനുസ്മരണവും ആഘോഷവു

മാണ് നമ്മുടെ ദിവ്യബലിയർപ്പണത്തിൽ നടക്കുന്നത്. ഇവിടെ ഈശോയുടെ പീഡാനുഭവമാണ് മുഖ്യമായും ഓർമ്മിക്കുന്നത്(1 കോറി 11).

പിതാവായ ദൈവത്തെ സംബോധന ചെയ്തുകൊണ്ടാണ് ഈശോയുടെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ ആചരിക്കുന്നു എന്നു പറയുന്നത്. ഈ അനുസ്മരണം നടത്തുന്നത് ഈശോ പഠിപ്പിച്ചതുകൊണ്ടത്രേ. അപ്പവും വീഞ്ഞും പാപമോചനത്തിനായാണ് മനുഷ്യമക്കൾക്കു നൽകപ്പെടുന്നത്. ഈശോയുടെ പീഡാസഹനവും മരണവും ഉത്ഥാനവും വഴി കൈവന്ന വിശുദ്ധീകരണവും അനുരഞ്ജനവുമാണ് അങ്ങനെ സൂചിതമാക്കുന്നത്.

സ്ഥാപനവാക്യങ്ങൾക്കുശേഷം ആരാധനാപ്രകാശനമായി ഏവരും ആചാരം ചെയ്യുന്നു. തുടർന്നുചൊല്ലുന്നത് മൂന്നാം പ്രണാമജപത്തിന്റെ രണ്ടാം ഭാഗമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം ഓർമ്മിച്ചുകൊണ്ട് അതു മറികടക്കാൻ ദൈവം ചെയ്ത മഹത്തായ കൃത്യങ്ങൾ ഓരോന്നായി എടുത്തു നന്ദി പറയുകയാണ് ഇവിടെ. ഈശോയെ അഭിസംബോധന ചെയ്തുകൊണ്ടാണ് ഈ പ്രാർത്ഥന ചൊല്ലുന്നത്. രക്ഷാകരകൃത്യത്തിന്റെ സനാതനഫലങ്ങളായി എട്ടു വസ്തുക്കളാണ് ചൂണ്ടികാണിക്കുക. അതിനുമുമ്പായി ആരാധനാസമൂഹം എളിയവരും ബലഹീനരും ആകുലരുമാണെന്നും അവർ ഇപ്പോൾ ഒന്നിച്ചു കൂടിയിരിക്കുന്നത് അവിടുത്തെ കല്പനയ്ക്ക് അനുസൃതമാണെന്നും ഏറ്റുപറയുന്നു.

1. ഈശോ മനുഷ്യസ്വഭാവം സ്വീകരിച്ചു – അവിടുത്തെ ദൈവിക ജീവനിൽ നമുക്കു പങ്കുതരുന്നതിനായി.
2. അധഃപതിച്ച ഞങ്ങളെ സമുദ്ധരിച്ചു.
3. മൃതരായ ഞങ്ങളെ ജീവിപ്പിച്ചു.
4. ഞങ്ങളുടെ കടങ്ങൾ ക്ഷമിച്ചു.
5. ഞങ്ങളെ വിശുദ്ധീകരിച്ചു.
6. ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിച്ചു.
7. ഞങ്ങളുടെ ശത്രുക്കളെ തോല്പിച്ചു.
8. ഞങ്ങളുടെ ബലഹീന പ്രകൃതിയെ മഹത്വപ്പെടുത്തി.

ദൈവം ഈശോമിശിഹായിലൂടെ നമ്മുടെമേൽ ചൊരിഞ്ഞ അതിശയകരമായ അനുഗ്രഹങ്ങൾക്ക് "സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും" സമർപ്പിച്ചുകൊണ്ട് മൂന്നാം പ്രണാമജപം അവസാനിക്കുന്നു. ദൈവകാരുണ്യത്തിനുള്ള ഒരു പ്രകീർത്തനമാണ് ഈ പ്രണാമജപം.





തുടർന്ന് ശുശ്രൂഷി വിശുദ്ധരഹസ്യങ്ങളുടെ യോഗ്യതാപൂർണ്ണമായ അനുഷ്ഠാനത്തിന് ആരാധനാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. ഹൃദയംകൊണ്ട് പ്രാർത്ഥിക്കാനുള്ള ആഹ്വാനം നൽകിയതിനുശേഷം മദ്ബഹായിൽ ഇപ്പോൾ അരങ്ങേറുന്ന സ്വർഗ്ഗീയ രഹസ്യങ്ങളെപ്പറ്റിയും അവിടെ യഥാർത്ഥത്തിൽ നടക്കുന്ന സ്വർഗ്ഗീയാരാധനയെക്കുറിച്ചും വിശ്വാസികളെ അറിയിക്കുന്നു. ആ സ്വർഗ്ഗീയാനുഭവം സ്വന്തമാക്കാനുള്ള ഹൃദയദാഹം സമാർജ്ജിക്കാനുള്ള ആഹ്വാനമായി ഈ അറിയിപ്പിനെ കാണാം.

## മധ്യസ്ഥ പ്രാർത്ഥന

വിശുദ്ധ കുർബ്ബാനയുടെ സ്വർഗ്ഗീയമാനമാണല്ലോ ശുശ്രൂഷിയുടെ അറിയിപ്പിൽ വിശദമാക്കിയത്. ഇപ്പോൾ ഈ വിശുദ്ധ കുർബ്ബാനയുടെ ഭൗതികമാനം മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെ നമുക്കു മനസ്സിലാക്കാം. ആർക്കെല്ലാം വേണ്ടി ഈ ബലി സ്വീകരിക്കപ്പെടണം എന്നുള്ള അപേക്ഷയാണ് വൈദികൻ നടത്തുന്നത്. സഭാധികാരികൾ, കത്തോലിക്കാസഭ, ഭരണാധികാരികൾ, സഭ ആദരപൂർവ്വം ഓർക്കുന്നവർ, സഭയിൽ വണങ്ങപ്പെടുന്നവർ, ജീവിതതീർത്ഥാടനത്തിൽ സഹിക്കുന്നവർ, മരിച്ചവർ, ഇപ്പോൾ സന്നിഹിതരായിരിക്കുന്ന ദൈവജനം, കാർമ്മികൻ. ഈ മദ്ധ്യസ്ഥപ്രാർത്ഥന വിശുദ്ധ കുർബ്ബാനയുടെ സാർവ്വത്രികമാനവും സാംഗത്യവും വെളിപ്പെടുത്തുന്നു. വൈദികൻ തന്റെ അയോഗ്യാവസ്ഥയെപ്രതി കാരുണ്യത്തിനായി പ്രാർത്ഥിക്കുന്ന ഒരു തുടർഭാഗവും മധ്യസ്ഥപ്രാർത്ഥനയ്ക്കുണ്ട്. യഥാർത്ഥത്തിൽ മനുഷ്യൻ പാപിയായിരുന്നിട്ടും ദൈവമാണ് അവനെ ഈ ശ്രേഷ്ഠമായ പുരോഹിതകർമ്മത്തിനു നിയമിക്കുന്നത്. അതുപോലെ ദൈവജനം അനുഭവിക്കുന്ന തിരുശരീരം സമ്പൂർണ്ണമായ പാപവിമോചനത്തിനും കാരണമാകുന്നു.

## നാലാം പ്രണാമജപം

ഈ പ്രണാമജപം ദീർഘമായ ഒരു പ്രാർത്ഥനയാണ്. ഇത് രണ്ട് ഭാഗമായി തിരിക്കാവുന്നതാണ്. ആദ്യഭാഗത്ത് അർത്ഥനകളും രണ്ടാംഭാഗത്ത് വി.കുർബ്ബാനയിൽ പങ്കുകൊള്ളുന്ന ആരാധനാ സമൂഹത്തെപ്പറ്റിയുള്ള പ്രസ്താവനകളുമാണ്. ആദ്യഭാഗത്തുള്ള അർത്ഥനകൾ നാലെണ്ണമാണ്.

1. പരി.കന്യകാമറിയത്തിന്റെയും പിതാക്കന്മാരുടെയും ഓർമ്മ അൾത്താരയിൽ ഉളവാക്കണമേ.
2. ജീവിതകാലം മുഴുവൻ ശാന്തിയും സമാധാനവും നൽകണമേ.
3. പിതാവിനെയും പുത്രനെയും ഏവരും അറിയട്ടെ.
4. മിശിഹാരക്ഷാമാർഗ്ഗം പഠിപ്പിച്ചെന്ന് ഏവരും അറിയട്ടെ.

**രണ്ടാംഭാഗത്ത് ("കർത്താവേ, എളിയവരും...") നാലു കാര്യങ്ങ ളാണുള്ളത്.**

1. പിതാവായ ദൈവത്തെ സംബോധനചെയ്യുന്നു.
2. അവിടുത്തെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്നു എന്ന് ഏറ്റു പറയുന്നു.
3. തിരുസന്നിധിയിലാണ് എന്ന് അംഗീകരിക്കുന്നു.
4. ദിവ്യരഹസ്യം സന്തോഷത്തോടെ സ്മരിക്കുകയും സ്തുതി ക്കുകയും, അനുഷ്ഠിക്കുകയും ചെയ്യുന്നു എന്ന് പ്രഖ്യാപി ക്കുന്നു.

**റൂഹാക്ഷണ പ്രാർത്ഥന**

വിശുദ്ധ കുർബ്ബാനയിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഭാഗമാണിത്. പരിശുദ്ധാത്മാവു നടത്തുന്ന പവിത്രീകരണകർമ്മ മാണ് വി. കുർബ്ബാനയുടെ അന്തർധാരയായി വർത്തിക്കുന്നത്.

ആദ്യമായി കാർമ്മികൻ ഈശോയെവിളിച്ച് അവിടുത്തെ പരി ശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പരിശുദ്ധാ ത്മാവ് ഈശോയുടെ അരൂപിയത്രേ. ആത്മാവിന്റെ ആഗമനത്തി നുചേർന്നവിധം, ആദരപൂർവ്വം നിശബ്ദരായി പ്രാർത്ഥിക്കാൻ ശുശ്രൂഷി ആരാധനാസമൂഹത്തെ ആഹ്വാനം ചെയ്യുന്നു. റൂഹാക്ഷ ണപ്രാർത്ഥന തുടരുന്ന കാർമ്മികൻ അഞ്ചുകാര്യങ്ങൾക്കായാണ് പ്രാർത്ഥിക്കുന്നത്.

1. ഈ കുർബ്ബാനയിൽ അവിടുന്ന് ആവസിക്കണം. അത്യുന്ന തന്റെ ശക്തി മറിയത്തിൽ എഴുന്നള്ളിവന്നതുപോലെ (ലൂക്കാ 1,35) ഒരു രൂപാന്തരത്തിന് ദേവാലയം വേദിയാകുകയാണ്.

2. ഈ കുർബ്ബാനയെ ആശീർവദിക്കണം. ആത്മാവിന്റെ ആവാസം വഴി ദൈവത്തിനു പ്രീതികരമായിതീരണം. ദൈവകൃപകൊണ്ടു നിറ യണം. ദൈവം ആശീർവദിക്കുമ്പോൾ അർപ്പണത്തിനു പൂർണ്ണത കൈവരുന്നു.

3. ഈ കുർബ്ബാനയെ പവിത്രീകരിക്കണം. ദൈവകൃപകൊണ്ടു നിറയണം. ദൈവം ആശീർവദിക്കുമ്പോൾ അർപ്പണത്തിനു പൂർണ്ണ ത കൈവരുന്നു.

4. കടങ്ങളും പാപങ്ങളും മോചിതമാകണം. പരിശുദ്ധാത്മാവിന്റെ ആഗമനംവഴി സർവ്വതും പവിത്രീകരിക്കപ്പെടും. അപ്പോൾ സ്വാഭാ വികമായി ഈ മോചനപ്രക്രിയ സംഭവിക്കും. അങ്ങനെ വിശുദ്ധ കുർബാന എല്ലാവിധ കുറവുകളിൽനിന്നും വിമോചിപ്പിക്കുന്ന ദിവ്യ





ഔഷധമായിത്തീരും.

5. ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിലെ നവജീവി തവും ലഭിക്കുന്നതിനു കാരണമാകും. വി. കുർബ്ബാന ഈശോയുടെ സാന്നിധ്യമാണല്ലോ. അതിന്റെ പൂർണ്ണതയാണ് മരണാനന്തരം വിശ്വാസിക്കു കൈവരുന്നത്.

റൂഹാക്ഷണ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ ഹൃദയാവർജ്ജ കമായ ഒരു കൃതജ്ഞതാപ്രകരണം ചൊല്ലി ബലിപീഠം ചുംബിക്കു ന്നു. ദൈവം മനുഷ്യനുവേണ്ടി തയ്യാറാക്കിയ രക്ഷാപദ്ധതി എത്ര മഹനീയവും വിസ്മയാവഹവുമാണ്! രക്ഷാകരപദ്ധതിയുടെ ദൃശ്യാ ടയാളമായ തിരുസഭയിലാണ് അതിനുള്ള കൃതജ്ഞതാപ്രകാശനം നടക്കുന്നത്.

**പ്രകീർത്തനഗാനം**

നമ്മുടെ കുർബ്ബാനയിലെ അനാഫൊറ പ്രാർത്ഥനയുടെ സമാ പനം ഒരു കൃതജ്ഞതാപ്രകീർത്തനത്തോടെയാണ്. സജീവവും പരി ശുദ്ധവും... സജീവവും പരിശുദ്ധവും ജീവദായകവുമായ ദൈവനാ മത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു എന്നാണ് ഈ പ്രകീർത്തനത്തിന്റെ സാരം. ദൈവ ത്തിനുള്ള മനുഷ്യാത്മാവിന്റെ സമ്പൂർണ്ണാരാധനയുടെ പ്രകരണ മാണ് ഈ ഗീതം.

നമ്മുടെ കുർബ്ബാനയിലെ അനാഫൊറാ ദൈവവുമായുള്ള സമ്പൂർണ്ണൈക്യത്തിലേക്ക് ആരാധകരെ ആനയിക്കാൻ പര്യാപ്ത മാണ്. മിസ്റ്റിക്കൽ (ദൈവവുമായി ഐക്യപ്പെടുത്തുന്ന) ചിന്തയുടെ സമൃദ്ധമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. നാലു പ്രമാണ ജപങ്ങളിലൂടെ ഈശോമിശിഹാവഴി ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ മഹാദാനത്തെയും ആ ദാനമായ വിശുദ്ധകുർബ്ബാനയുടെ രക്ഷാകരഫലങ്ങളെയും വിശ്വാസി ധ്യാനിക്കുന്നു. സർവ്വതിനെയും പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവിന്റെ വരവിനായി പ്രാർത്ഥിക്കു ന്നു. വിശുദ്ധകുർബ്ബാനവഴി ദൈവ-മനുഷ്യഐക്യം സാധിച്ച ദൈവ ത്തിന് നന്ദി പറഞ്ഞുകൊണ്ട് അനാഫൊറാ സമാപിക്കുന്നു.

## അനുരഞ്ജന ശുശ്രൂഷ

"സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശ യുമായ മിശിഹായെ.." എന്നു തുടങ്ങുന്ന പ്രാർത്ഥനയോടെ അനു രഞ്ജന ശുശ്രൂഷ ആരംഭിക്കുന്നു. രക്ഷാകര രഹസ്യത്തിലുള്ള സജീവ ഭാഗഭാഗിത്വത്തിന്റെ ഫലമാണ് ദൈവവും മനുഷ്യനും തമ്മി ലുള്ള അനുരഞ്ജനം. ബലിപീഠത്തിൽ സജ്ജമാക്കിയിരിക്കുന്ന

ദിവ്യരഹസ്യങ്ങളെ സാക്ഷിനിർത്തികൊണ്ട് പരസ്പരം അനുരഞ്ജിതരാകാൻ നമ്മെ സഹായിക്കുന്ന പ്രാർത്ഥനകൾ ആണ് അനുരഞ്ജന ശുശ്രൂഷയിലുള്ളത്.

**ഒന്നാം ഭാഗം : ദൈവവുമായുള്ള അനുരഞ്ജനം**

"സ്വർഗ്ഗവാസികളുടെ സമാധാനവും..." എന്നുള്ള പ്രാർത്ഥനയിൽ വി.പൗലോസ് ശ്ലീഹായുടെ കാരാഗൃഹകാല ലേഖനങ്ങളിൽ നിന്നുള്ള ആശയങ്ങൾ കാണാം. അക്കാലത്ത് വി.പൗലോസ് ശ്ലീഹായുടെ ഏകചിന്ത പാപമാകുന്ന കാരാഗൃഹത്തിൽനിന്ന് മനുഷ്യവംശത്തെ എങ്ങനെ രക്ഷിക്കാമെന്നതായിരുന്നു. ഈ കാരാഗൃഹത്തിൽ നിന്നുള്ള മോചനം മിശിഹായിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നും ഉത്ഥിതനായ മിശിഹായിലുള്ള പ്രത്യാശയാൽ നമുക്കും യഥാർത്ഥ സമാധാനവും ശാന്തിയും ലഭിക്കുമെന്നുമാണ് ഇവിടെ അനുസ്മരിക്കുന്നത്.

പ്രാർത്ഥനയുടെ രണ്ടാമത്തെ ഭാഗത്ത് ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതം എങ്ങനെയായിരിക്കണമെന്ന് വിവരിക്കുകയാണ്. സഭയും രാഷ്ട്രവും പരിപൂർണ്ണ ഐക്യത്തിലായിരിക്കും. യുദ്ധങ്ങളും കലഹങ്ങളും ഉണ്ടാവുകയില്ല. എല്ലാവരും വിനയത്തിലും ദൈവഭയത്തിലും സമാധാനത്തോടും ശാന്തിയോടും കൂടെ ജീവിക്കുന്നവരും ദൈവമഹത്വം മാത്രം അന്വേഷിക്കുന്നവരുമായിരിക്കും.

**അനുതാപ കീർത്തനങ്ങൾ**

അനുതാപജന്യമായ ഹൃദയം തുറന്നു വയ്ക്കുന്നതിനായി 51-ാം സങ്കീർത്തനത്തിന്റെ ആദ്യപാദങ്ങൾ നാം സാധാരണയായി ചൊല്ലുന്നു. ദാവീദുരാജാവ് തന്റെ ഘോരപാപങ്ങളോർത്ത് ദൈവസന്നിധിയിൽ ആലപിച്ച അനുതാപഗീതമാണിത്. ബാബിലോൺ പ്രവാസകാലത്ത് ഇസ്രായേൽക്കാർ തങ്ങളുടെ കഷ്ടതകൾക്ക് കാരണമായ തെറ്റുകൾ ഓർത്ത് അനുതപിച്ച് ദൈവതിരുമുമ്പിൽ മാപ്പപേക്ഷിച്ചുകൊണ്ട് ഈ സങ്കീർത്തനം പാടിയിരുന്നു. മനുഷ്യരുടെ പാപാവസ്ഥയെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്ന ഉത്തമമായ സങ്കീർത്തനമാണിത്. സഹനങ്ങളുടെ നടുവിൽകഴിയുന്ന ജനതയുടെ പ്രതിനിധിയായി ഒരുവൻ ദൈവത്തെ വിളിച്ച് കരുണക്കായി വിലപിക്കുന്നതാണ് 123-ാം സങ്കീർത്തനം. കർത്താവിന്റെ കാരുണ്യം ആരാധനാസമൂഹം തേടുന്നു.

**ധൂപാർപ്പണം**

അനുരഞ്ജന ശുശ്രൂഷയിലെ ധൂപാർപ്പണം വളരെ വിശദമായ





ഒന്നാണ്. കാർമ്മികൻ ധൂപം ആശീർവദിച്ചശേഷം തന്നെത്തന്നെയും ശുശ്രൂഷകരെയും സമൂഹത്തെയും അൾത്താരയെയും ധൂപിക്കുന്നു. പാപമോചനത്തിന്റെ ആശയമാണ് ധൂപാർപ്പണ സമയത്തെ ഓരോ പ്രാർത്ഥനയിലും മുന്തിനിൽക്കുന്നത്.

**"ഞങ്ങളുടെ കർത്താവേ, ഞങ്ങൾ അയോഗ്യരാകുന്നു"**

വി.കുർബ്ബാന ഉയർത്തുന്നതിനു മുമ്പ് കാർമ്മികൻ ഒരിക്കൽക്കൂടി തന്റെയും ആരാധനാസമൂഹത്തിന്റെയും അയോഗ്യത ഏറ്റുപറഞ്ഞുകൊണ്ട് മനുഷ്യനെ പൂർണ്ണമായും അറിയുന്ന ദൈവത്തിന്റെ പക്കലേയ്ക്ക് കരങ്ങൾ ഉയർത്തി പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കാരുണ്യത്തിൽ പൂർണ്ണമായും ആശ്രയിച്ചുകൊണ്ട് നാം ദൈവത്തെ സമീപിക്കുകയാണിവിടെ. നാം അയോഗ്യരെങ്കിലും ദൈവത്തിന്റെ വർദ്ധിച്ച കൃപ നമ്മെ അവിടുത്തെ പക്കലേക്ക് നിരന്തരം അടുപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രാർത്ഥനയോടെ അനുരഞ്ജന ശുശ്രൂഷയുടെ ആദ്യഭാഗം അവസാനിക്കുകയാണ്.

**വിഭജന ശുശ്രൂഷ**

അനുരഞ്ജന ശുശ്രൂഷയുടെ മദ്ധ്യത്തിലാണ് വിഭജനശുശ്രൂഷ വരുന്നത്. "ഞങ്ങളുടെ കർത്താവീശോമിശിഹായെ നിന്റെ തിരുനാമത്തിന് സ്തുതിയും..." എന്നു തുടങ്ങുന്ന പ്രാർത്ഥന കാർമ്മികൻ അഗാധമായി കുനിഞ്ഞ് ആചാരം ചെയ്തശേഷം തിരുശരീരം ഇരുകൈകളുംകൊണ്ടെടുത്ത് ഉയർത്തിപ്പിടിച്ചുകൊണ്ട് ചൊല്ലുന്നു. ഇവിടെ വി.കുർബ്ബാനയുടെ പാപമോചനശക്തി തറപ്പിച്ചു പറയുകയും ഈശോമിശിഹായുടെ ദൈവത്വത്തെയും വി.കുർബ്ബാനയിലുള്ള അവിടുത്തെ യഥാർത്ഥ സാന്നിദ്ധ്യത്തെയും ഉദ്ഘോഷിക്കുകയും ഏറ്റുപറയുകയുമാണ്.

സമൂഹംചൊല്ലുന്ന മറുപടിയിൽ വി.കുർബ്ബാനയിലുള്ള സമൂഹത്തിന്റെ വിശ്വാസം ഏറ്റുപറയുകയാണ്. വി.യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായം സമാഹരിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പത്തിന്റെ മാഹാത്മ്യം വ്യക്തമാക്കുന്നു. അൾത്താരയിൽ നിൽക്കുന്ന സ്വർഗ്ഗീയഗണങ്ങളുടെ സാന്നിദ്ധ്യവും ഇവിടെ ഏറ്റുപറയുന്നു. അവസാനമായി ദൈവത്തിന്റെ കാരുണ്യത്തിനായി പ്രാർത്ഥിക്കുകയും നിരന്തരം സ്വർഗ്ഗത്തിൽ അവിടുത്തെ സ്തുതിക്കാൻ അനുഗ്രഹം യാചിക്കുകയും ചെയ്യുന്നു.

ഈ സമയത്ത് കാർമ്മികൻ തിരുവോസ്തിയിൽ സ്പർശിക്കാതെ അധരങ്ങൾകൊണ്ട് കുരിശടയാളം വരയ്ക്കുന്നു. കുരിശിലെ

ബലിയെ ഒന്നുകൂടി അനുസ്മരിക്കുന്നതിനും കുരിശിൽ മരിച്ച ഈശോയോടുള്ള സ്നേഹവും ബഹുമാനവും ഏറ്റുപറയുന്നതിനുമാണിത്. തുടർന്ന് വിഭജനത്തിനുള്ള പ്രാർത്ഥന ചൊല്ലിക്കൊണ്ട് തിരുശ്ശരീരം രണ്ടായി വിഭജിക്കുന്നു.

ഇടതുകയ്യിലുള്ള ഭാഗം പീലാസയിൽവച്ചശേഷം വലതുകൈയ്യിലുള്ള ഭാഗംകൊണ്ട് തിരുരക്തത്തിൽ കുരിശുവരയ്ക്കുന്നു. തുടർന്ന് കയ്യിലിരിക്കുന്ന തിരുരക്തത്തിൽ മുക്കിയ ഭാഗംകൊണ്ട് പീലാസായിലിരിക്കുന്ന ഭാഗത്ത് കുരിശടയാളം വരയ്ക്കുകയും വി. കുർബ്ബാനയുടെ പാപമോചനശക്തിയെ പ്രകടമാക്കുന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നു.

ഈ പ്രാർത്ഥനയെത്തുടർന്ന് തിരുവോസ്തിയുടെ രണ്ടു ഭാഗങ്ങളും ചേർത്തുപിടിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനയിൽ വി. കുർബ്ബാനയുടെ പാപമോചനഫലത്തെക്കുറിച്ചുള്ള അവബോധം വ്യക്തമാണ്. കൂടാതെ പരി.ത്രിത്വത്തിന് ദിവ്യരഹസ്യ പരികർമ്മത്തിലുള്ള പങ്കും കുർബ്ബാനയർപ്പിക്കുന്ന സഭാസമൂഹവും മറ്റ് സ്ഥലങ്ങളിലുള്ള സഭകളുമായുള്ള അഭേദ്യമായ ബന്ധവും ഈ പ്രാർത്ഥനയിൽ പരസ്യമായി പ്രഖ്യാപിക്കുന്നു.

**അനുരഞ്ജന ശുശ്രൂഷയുടെ നടുവിൽ വിഭജന ശുശ്രൂഷയോ?**

അനുരഞ്ജന ശുശ്രൂഷ പാപമോചനാർത്ഥമുള്ളതാണ്. ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനത്തെ ഇവിടെ സാധ്യമാക്കുന്നു. തിരുശരീരം വിഭജിക്കപ്പെടുന്നത് എല്ലാവർക്കും വിതരണം ചെയ്യുവാനാണെങ്കിലും അതിന് മറ്റൊരു അർത്ഥം കൂടിയുണ്ട്.

മിശിഹായുടെ ശരീരം നുറുക്കപ്പെടുന്നതും രക്തം ചിന്തപ്പെടുന്നതും കടങ്ങളുടെ പൊറുതിക്കായിട്ടാണ്. അതുകൊണ്ടുതന്നെയാണ് പാപമോചനാർത്ഥമുള്ള അനുരഞ്ജന ശുശ്രൂഷയുടെ നടുവിൽതന്നെ ഈ കർമ്മം സജ്ജീകരിച്ചിരിക്കുന്നത്.

തുടർന്ന് വൈദികൻ ശോശപ്പ നിവർത്തി വയ്ക്കുന്നത് ഉത്ഥാനശേഷം കല്ലറയിങ്കൽ കാണപ്പെട്ട തിരുവസ്ത്രത്തെ സൂചിപ്പിക്കുന്നു. അതുപോലെതന്നെ വിശ്വാസികൾക്ക് പങ്കുവയ്ക്കാനായി തിരുശരീര രക്തങ്ങൾ തയ്യാറായിരിക്കുന്നു എന്നും സൂചിപ്പിക്കുന്നു. തുടർന്ന് നെറ്റിയിൽ കുരിശുവരയ്ക്കുന്നത് ആരാധനാ സമൂഹത്തിനു മുഴുവൻ പ്രതിനിധി എന്ന നിലയിൽ അവരുടെ അനുരഞ്ജനത്തിനായാണ്.





**രണ്ടാം ഭാഗം: പരസ്പരമുള്ള അനുരഞ്ജനം**

"നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും..." എന്നാരംഭിക്കുന്ന വി.പൗലോസ് ശ്ലീഹായുടെ ആശംസയോടെ അനുരഞ്ജന ശുശ്രൂഷയുടെ രണ്ടാം ഭാഗം ആരംഭിക്കുന്നു. തുടർന്ന് ശുശ്രൂഷി നടത്തുന്ന 'നമ്മുടെ രക്ഷകന്റെ അമൂല്യമായ...' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ രക്ഷാകര രഹസ്യം മുഴുവൻ ക്രോഡീകരിച്ചിരിക്കുകയാണ്. ഈ രക്ഷാകര കർമ്മത്തിന്റെ ജീവദായകവും ദൈവികവുമായ ആചരണമാണ് വി. കുർബ്ബാനയെന്നും ഇവിടെ സൂചനയുണ്ട്. അനുരഞ്ജന ശുശ്രൂഷയുടെ രണ്ടാംഭാഗത്ത് ദൈവമക്കളായ മനുഷ്യർ തമ്മിൽത്തമ്മിലുള്ള അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നത്. ദൈവവുമായുള്ള രഞ്ജിപ്പിന് ഇതത്യാവശ്യമാണല്ലോ. സഹോദരനുമായുള്ള ഐക്യത്തിന് തടസ്സം നിൽക്കുന്ന കലഹം, ഭിന്നത, ശത്രുത, വിദ്വേഷം തുടങ്ങിയ ദുർവാസനകളെ അകറ്റിക്കളയുവാൻ സഹായിക്കണമെന്ന് കാറോസൂസായിൽ പ്രാർത്ഥിക്കുന്നു.

കാറോസൂസായിലെ ഓരോ പ്രാർത്ഥനയ്ക്കും മറുപടിയായി 'കർത്താവേ അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ'യെന്ന് പരസ്പരം ക്ഷമിച്ച സമൂഹമെന്ന നിലയിൽ എല്ലാവും ഒന്നുചേർന്ന് അപേക്ഷിക്കുന്നുണ്ട്. പരസ്പരം ക്ഷമിക്കുകവഴി എല്ലാവരും രമ്യതയിൽ എത്തുകയും ചെയ്യുന്നുണ്ട്. ഈ അവസരത്തിൽ കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥനയിൽ അദ്ദേഹം ഒരു മദ്ധ്യവർത്തിയായി മാറുകയും പാപമോചനത്തിനർഹരായ തന്റെ ജനത്തെ ദൈവസന്നിധിയിലേക്കാനയിച്ച് അവരുടെ പാപങ്ങൾ മോചിക്കുന്നതിനായി കേണുപ്രാർത്ഥിക്കുകയാണ്.

അനുരഞ്ജന ശുശ്രൂഷ വാസ്തവത്തിൽ ഒരു പൊതുപാപസങ്കീർത്തന വേദിയാണ്. പാപപരിഹാരത്തിനായുള്ള ഈ ശുശ്രൂഷ പാപബോധമുള്ള സമൂഹത്തിന്റെ പൊതുപ്രാർത്ഥനയത്രേ. നമ്മുടെ കുർബ്ബാനയിലെ അനുരഞ്ജന ശുശ്രൂഷ യഥാർത്ഥത്തിൽ രക്ഷാകരാനുഭവം ആസ്വദിച്ച സമൂഹത്തിന്റെ അനുരഞ്ജനത്തിന്റെ പ്രഖ്യാപനമാണ്. ഇതു മുഴുവൻ പരിശുദ്ധാത്മാവിന്റെ പ്രവർത്തനമായിട്ടാണ് മനസ്സിലാക്കുന്നതും. ദൈവവുമായി അനുരഞ്ജനത്തിലായവരെ ഐക്യത്തിലേക്കു നയിക്കുന്നതും ഈ പരിശുദ്ധാത്മാവുതന്നെയാണ്.

"അനുരഞ്ജിതരായിത്തീർന്നിടാം" എന്ന വാക്കുകളോടെ വിശുദ്ധ കുർബ്ബാനയിലേക്കു പ്രവേശിച്ച ആരാധകൻ വി.കുർബ്ബാ

നയിലുള്ള സജീവവും ബോധപൂർവ്വകവുമായ ഭാഗഭാഗിത്വം വഴി ദിവ്യരഹസ്യങ്ങൾ സ്വീകരിക്കാൻ യോഗ്യനാക്കുന്നു. ദൈവ, മനുഷ്യസംയോഗത്തിനുള്ള ഏറ്റവും തടസ്സം പാപമാണ്. എല്ലാ പാപവും ദൈവത്തിനെതിരെയുള്ള മനുഷ്യപ്രകൃതിയുടെ യുദ്ധമാണെന്നു കാണാം. അതിനാൽ ദൈവത്തിന്റെ സ്ഥാനം അംഗീകരിച്ചുകൊണ്ട് അവിടുത്തെ കരുണയോടു രമ്യപ്പെട്ടെങ്കിലേ ബലിയർപ്പണവും വി. കുർബ്ബാന സ്വീകരണവും അർത്ഥമുള്ളതാകൂ. അതുപോലെ സഹമനുഷ്യരോടും രമ്യപ്പെടാതെ നമുക്കെങ്ങനെ ഐക്യപ്പെടുത്തുന്ന ഈ കൂദാശയിൽ പങ്കുകൊള്ളാനാകും? നമ്മുടെ ക്ഷമയും ഔദാര്യവും ആദരവും കാത്തിരിക്കുന്നവർ നമ്മുടെ വീട്ടിൽതന്നെ ഉണ്ടാകും. നമ്മെ സമീപിക്കാൻതന്നെ ഭയപ്പെടുന്നവർ കണ്ടേക്കാം...

**ദൈവൈക്യ ശുശ്രൂഷ**

വി.കുർബ്ബാനയുടെ ഏഴുഭാഗങ്ങളിൽ ആറാമത്തേതായ ദൈവൈക്യ ശുശ്രൂഷ പ്രധാനമായും അഞ്ചു പ്രാർത്ഥനകളുടെ സമുച്ചയമാണ്. 1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ 2. സമാധാനാശംസ 3. ദിവ്യകാരുണ്യഗീതം 4. വി.കുർബ്ബാന സ്വീകരണം, 5. ദിവ്യകാരുണ്യഗീതം.

പേര് സൂചിപ്പിക്കുന്നതുപോലെ ഈ ഭാഗം ഐക്യപ്പെടലാണ്, ദൈവത്തോടും സഹോദരങ്ങളോടുമുള്ള ഒന്നുചേരലാണ്. അനുരഞ്ജനത്തിന്റെ അടയാളമാണല്ലോ ഐക്യം.

**ദൈവൈക്യ ശുശ്രൂഷയുടെ അർത്ഥതലങ്ങൾ**

അനുരഞ്ജന ശുശ്രൂഷയുടെ എല്ലാത്തരം കടങ്ങളുടെയും പാപങ്ങളുടെയും അശുദ്ധിയുടെയും മാലിന്യങ്ങൾ തുടച്ചു നീക്കി പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിതരായി ദൈവപുത്രസ്ഥാനത്തേയ്ക്കുയർന്ന് വി. കുർബ്ബാനയിൽ സന്നിഹിതനാകുന്ന മിശിഹായുമായി ഒന്നു ചേരുവാൻ ഒരുങ്ങുന്ന സമയമാണിത്. മനുഷ്യനെ ദൈവത്തോളം ഉയർത്തുവാൻവേണ്ടി മനുഷ്യനോളം ചെറുതായ ഒരു ദൈവത്തെ നാം മിശിഹായിൽ കണ്ടുമുട്ടുകയാണ്. ആ മിശിഹായുടെ ഏറ്റവും വലിയ സ്വയംദാനമാണ് വി.കുർബ്ബാന. "യുഗാന്ത്യത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,20) എന്ന തമ്പുരാന്റെ വാക്കുകളുടെ സാക്ഷാത്ക്കാരം നാം വി.കുർബ്ബാനയിൽ കാണുന്നു. അവസാനിക്കാത്ത ഈ സ്നേഹമാണ് വി. കുർബ്ബാന.

സ്നേഹം തന്നെയായ ഈശോ തന്റെ ശിഷ്യരോട് ആവശ്യപ്പെട്ടത് രണ്ടു കാര്യങ്ങളാണ്.





1. നിങ്ങൾ പരസ്പരം സ്നേഹിക്കുക. 2. നിങ്ങൾ ബലിയർപ്പിക്കാൻ വരുമ്പോൾ ആരോടെങ്കിലും വിരോധമുണ്ട് എന്ന് ഓർമ്മിച്ചാൽ പോയി രമ്യപ്പെടുക. ഇപ്രകാരം ബലിയർപ്പണത്തിൽ ആവശ്യം വേണ്ട സവിശേഷതയായി ഈശോ എടുത്തുകാണിക്കുന്നത് അനുരഞ്ജനത്തിലൂടെ പ്രകടമാകുന്ന ഐക്യമാണ്.

ഈ ഐക്യം പരിശുദ്ധാത്മാവിന്റെ ദാനമാണ്. ദൈവത്തെ പിതാവേ എന്ന് വിളിക്കുവാൻ നമ്മെ ശക്തരാക്കുന്നതും ഈ പരിശുദ്ധാത്മാവാണ് എന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. "നിങ്ങളെ വീണ്ടും ഭയത്തിലേക്ക് നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച് പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്" (റോമാ 8,15). അനുരഞ്ജന ശുശ്രൂഷയിലൂടെ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് കടന്നുവന്ന ആരാധനാസമൂഹം ദൈവത്തെ പിതാവേ എന്ന് വിളിക്കുന്നു. ഇതാണ് ഈ " സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയുടെ സാംഗത്യം.

മറ്റൊരു അർത്ഥതലം കൂടി നാം ഇവിടെ കണ്ടുമുട്ടുന്നു. യോഹന്നാന്റെ സുവിശേഷം ആറാം അദ്ധ്യായത്തിലൂടെ ദിവ്യകാരുണ്യത്തിന്റെ അർത്ഥവും പ്രാധാന്യവും നാം കാണുന്നു. " ദൈവത്തിന്റെ അപ്പം സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്നതത്രേ " (യോഹ 6, 33). അങ്ങനെയെങ്കിൽ ലോകത്തിനു മുഴുവൻ ജീവൻ പ്രദാനം ചെയ്യുന്ന ദൈവത്തിന്റെ അപ്പമാണ് ഈശോ. ഈ അപ്പം ഭക്ഷിക്കേണ്ടതും രക്തം പാനം ചെയ്യേണ്ടതും എങ്ങനെ എന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തന്മൂലം ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്ന് പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യുന്നു" (1 കോറി 11:26-27.) അതിനാൽ വി.കുർബ്ബാന സ്വീകരിക്കാനുള്ള യോഗ്യതയ്ക്കുവേണ്ടിയാണ് അനുരഞ്ജന ശുശ്രൂഷയിൽ നാം പ്രാർത്ഥിക്കുക. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയുടെ അവസാനഭാഗത്ത്, പാപമോചനംവഴി ദൈവപുത്രരായി തീർന്നിരിക്കുന്ന തങ്ങൾ വീണ്ടും പാപത്തിൽ വീഴാൻ ഇടയാക്കരുതെന്നുള്ള യാചനയാണുള്ളത്.

**സമാധാനാശംസ**

വി.കുർബ്ബാന സ്വീകരണത്തിന് തൊട്ടുമുമ്പുള്ള സമാധാനാശംസ, തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് ഈശോ ശിഷ്യർക്ക് സമാധാനം ആശംസിച്ചതിനു സദൃശമാണെന്ന് അബ്ദീശോ എന്ന വ്യാഖ്യാതാവ് വ്യക്തമാക്കുന്നു. മുമ്പു നടന്ന വിഭജന ശുശ്രൂഷ നമ്മുടെ കർത്താവിന്റെ മരണവും ഉത്ഥാനവും സൂചിപ്പിക്കുന്നതിനാൽ ഈ സമയത്തു പുരോഹിതൻ നൽകുന്ന സമാധാനം അവിടുത്തെ ഉത്ഥാനത്തിനു ശേഷം സ്ത്രീകൾക്കും ശിഷ്യർക്കും നൽകിയ സമാധാനത്തിന്റെ പ്രതീകമാണ്.

ഈ സമാധാനാശംസ പരസ്പരം സ്നേഹിക്കുവാനുള്ള ഈശോയുടെ കല്പനയെയും ക്രിസ്ത്യാനികൾ തമ്മിലുള്ള ഐക്യത്തിന്റെ ആവശ്യകതയെയും അനുസ്മരിപ്പിക്കുന്നു. ഇവിടെ സൂചിപ്പിക്കുന്ന സമാധാനം മിശിഹാ തന്നെയാണ്. കേവലം ഒരു ആശംസ എന്നതിനേക്കാൾ ഉത്ഥാനം ചെയ്ത മിശിഹായെതന്നെയാണ് ഈ സമാധാനാശംസയിലൂടെ കാർമ്മികൻ നൽകുക. ദൈവൈക്യ ശുശ്രൂഷയിൽ ഈ ആശംസയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. വി. കുർബ്ബാന സ്വീകരണത്തിലൂടെ ഈശോയുമായി ഒന്നുചേരുന്ന വ്യക്തി പിന്നീട് മിശിഹായെ പ്രതിനിധാനം ചെയ്യുന്ന വ്യക്തിയായി മാറണം. ജീവിത രീതികളിൽ സമൂലമായ മാറ്റം വരണം.

**വിശുദ്ധിയുടെ പ്രാധാന്യം**

ഈ ദൈവൈക്യ ശുശ്രൂഷയിൽ നാം കണ്ടുമുട്ടുന്ന മറ്റൊരു പ്രധാന ആശയം വിശുദ്ധിയാണ്.പൗലോസ് വീണ്ടും പറയുന്നുണ്ട്, " ദൈവം നിങ്ങളെ അശുദ്ധിയിലേക്കല്ല, മറിച്ച് വിശുദ്ധിയിലേക്കാണ് വിളിച്ചിരിക്കുന്നത്." വി.കുർബ്ബാന വിശുദ്ധിയുടെ ഒരു വലിയ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. അതു വിശുദ്ധിതന്നെയാണ് എന്നു പറയാം. ദൈവൈക്യ ശുശ്രൂഷയിൽ നാം ഏറ്റു പറയുന്നു: "വിശുദ്ധ കുർബ്ബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു." കാർമ്മികന്റെ ഈ ആഹ്വാനം സ്വന്തം ജീവിതത്തിലേയ്ക്ക് ഒന്ന് എത്തിനോക്കാനും നമ്മുടെ ജീവിതം വിശുദ്ധിയുടെ ഒരു ജീവിതമാണോ എന്ന് പരിശോധിക്കാനും നമ്മെ പ്രേരിപ്പിക്കണം. മിശിഹായോട് ഒന്നു ചേരുന്നവൻ വിശുദ്ധിയുടെ പാതയിലൂടെ മാത്രം ചരിക്കേണ്ടവനാണ്. പാപത്താൽ കലുഷിതനായ പഴയ മനുഷ്യനെ പാടേ ഉരിഞ്ഞുമാറ്റി വിശുദ്ധിയുടെ പുതിയ മനുഷ്യനെ ധരിച്ച് ഒരു പുതിയ സൃഷ്ടിയാവുക. ഇതാണ് പ്രധാനമായും ഈ ദൈവൈക്യ ശുശ്രൂഷ ഒരു വിശ്വാസിയോട് ആവശ്യപ്പെടുന്നത്.





എന്താണ് വിശുദ്ധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? അത് മറ്റൊന്നുമല്ല, നന്മയ്ക്കായി വേർതിരിക്കപ്പെട്ട അവസ്ഥയാണ്. ക്രിസ്ത്യാനികളെ വിശുദ്ധരെന്നു വിളിക്കുമ്പോൾ അവർ ദൈവത്തിനായി മാറ്റിവെക്കപ്പെട്ടവരാണ് എന്നർത്ഥം.

ഓരോ ദിവ്യകാരുണ്യസ്വീകരണവും വിശുദ്ധിയിലേക്കുള്ള ഓരോ പുതിയ ആഹ്വാനമാണ്. പരമ പരിശുദ്ധനായ ദൈവത്തെപ്പോലെ വിശുദ്ധിയുടെ മറ്റൊരു അവതാരമായി മാറേണ്ടവനാണ് വിശ്വാസി എന്ന സത്യം എപ്പോഴും നമ്മുടെ കൺമുമ്പിലുണ്ടാകണം. ഒപ്പം വിശ്വാസിക്ക് വി.കുർബ്ബാന നിത്യജീവന്റെ അച്ചാരമായി മാറുന്നു. കുർബ്ബാന കൊടുക്കുമ്പോഴുള്ള പുരോഹിതന്റെ ആശംസ ഇത് വിശദീകരിക്കുന്നുണ്ട്. "മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിയ്ക്കും നിത്യജീവനും കാരണമാകട്ടെ."

രണ്ടു കാര്യങ്ങളാണ് പ്രധാനമായും വി.കുർബ്ബാന സ്വീകരണത്തിലൂടെ നടക്കുക.

1. മറ്റെല്ലാ പ്രാർത്ഥനകളുടേയും പൂർത്തീകരണമായി പാപമോചനം നൽകപ്പെടുന്നു. കാരണം വി.കുർബ്ബാന സ്വീകരണം ദൈവവുമായി ഐക്യപ്പെടുന്ന പുണ്യനിമിഷമാണ്.

2. നിത്യജീവൻ പ്രദാനം ചെയ്യപ്പെടുന്നു. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ 10:10). "സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന ജീവന്റെ അപ്പം ഞാനാണ്. ഈ അപ്പം ഭക്ഷിക്കുന്നവൻ ഒരു കാലത്തും മരിക്കുകയില്ല" (യോഹ 6.51).

**വി.കുർബ്ബാനയുടെ പ്രധാന്യം വിശുദ്ധ ഗ്രന്ഥത്തിലൂടെ**

1. ഭൂതകാലത്തെ വിശുദ്ധീകരിച്ച് വിശുദ്ധിയുടെ പുത്തൻ അനുഭവത്തിലേക്ക് അത് നമ്മെ എത്തിക്കുന്നു. വി. ലൂക്കാ വിവരിക്കുന്ന എമ്മാവൂസ് അനുഭവം അതാണ് നമ്മെ പഠിപ്പിക്കുക. ഏതൊരു വ്യക്തി വിശ്വാസത്തിന്റെ അഭാവത്താൽ അന്ധനായി ജറുസലെം അനുഭവത്തിൽനിന്ന് അകലുന്നുവോ, അവരിലേക്ക് തിരുവചനത്തിന്റെ ജ്വലിക്കുന്ന അനുഭവമായി ഈശോ കടന്നുവരും. പക്ഷേ ജ്വലനം എന്താണ് എന്ന് നാം വ്യക്തമായി മനസ്സിലാക്കുക വി.കുർബ്ബാനയുടെ മുമ്പിൽ മാത്രമാണ്. നമുക്കുവേണ്ടി മുറിക്കപ്പെട്ട അപ്പം ഭക്ഷിക്കുമ്പോൾ മാത്രമേ നമ്മുടെ കണ്ണുകൾ തുറക്കൂ എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം.

2. വർത്തമാനകാലത്തെ വിശുദ്ധീകരിക്കുന്നു. ഏശയ്യായുടെ അനു

ഭവം അതാണ് പഠിപ്പിക്കുക. ഏശയ്യായുടെ അധരങ്ങളെ തീക്കട്ട വിശുദ്ധീകരിച്ചതിനുശേഷം അദ്ദേഹം കേട്ട ശബ്ദം ഇതായിരുന്നു. " നിന്റെ മാലിന്യം നീക്കപ്പെട്ടു, നിന്റെ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ഏശ 6:7). നമ്മുടെ പാപവും ക്ഷമിക്കുന്ന, മലിനൃങ്ങൾ നീക്കുന്ന തീക്കനൽ വി.കുർബ്ബാനയാണെന്നു നാം തിരിച്ചറിയണം.

3. ഭാവിയിലേക്കുള്ള കരുതലാണ് ദിവ്യകാരുണ്യം. ഏലിയാ പ്രവാചകന്റെ അനുഭവം നമ്മെ അതാണ് പഠിപ്പിക്കുക (1 രാജാ 19). ജെസബേലിനെ ഭയന്ന് ഒളിച്ചോടി മരുഭൂമിയിലെത്തി ഒരു വാടാമുൾച്ചെടിയുടെ തണലിൽ കിടന്നുറങ്ങിയ ഏലിയായെ തട്ടിയുണർത്തി കർത്താവിന്റെ ദൂതൻ പറഞ്ഞത് "എഴുന്നേറ്റ് ഭക്ഷിക്കുക, അല്ലെങ്കിൽ മുന്നോട്ടുള്ള നിന്റെ യാത്ര ദുഷ്കരമായിരിക്കും" എന്നാണ് (19:7).

ദൈവൈക്യ ശുശ്രൂഷയെപ്പറ്റി നാം ചിന്തിക്കുന്ന ഈ അവസരത്തിൽ ജോൺ പോൾ പാപ്പായുടെ വാക്കുകൾ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാവട്ടെ. "ദിവ്യകാരുണ്യം സ്വീകരിക്കുക എന്നാൽ ഈശോയോട് അഗാധമായ ഒരൈക്യത്തിലേക്ക് പ്രവേശിക്കുക എന്നാണർത്ഥം." "എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15:4) .

## സമാപന ശുശ്രൂഷ

വി. കുർബ്ബാനയിലുള്ള പങ്കുകൊള്ളൽ നിരവധിയായ ചിന്തകളും അനുഭവങ്ങളും അനുഗ്രഹങ്ങളുമാണ് ആരാധനാ സമൂഹത്തിനു നൽകിയത്. തന്നിമിത്തം അവയെല്ലാം അനുസ്മരിച്ചുകൊണ്ട് അവയ്ക്കെല്ലാംവേണ്ടി ദൈവത്തിനു നന്ദി പ്രകാശിപ്പിക്കുക എന്നതാണ് സമാപന ശുശ്രൂഷയുടെ ചൈതന്യം. നവമായ ഒരു ജീവിതശൈലിക്ക് രൂപംകൊടുക്കുവാൻ ആരാധകരെ പ്രേരിപ്പിക്കുന്ന ഒരു ഘടകംകൂടി ഈ സമാപന ശുശ്രൂഷ ഉൾക്കൊള്ളുന്നുണ്ട്. ഇത് ചിലപ്പോൾ പ്രതിജ്ഞയുടെയും അനുഗ്രഹാപേക്ഷയുടെയും ഭാവങ്ങളും സ്വീകരിക്കാറുണ്ട്. ഈ ശുശ്രൂഷ പ്രത്യാശയുടെ വിശാലമായ ഒരു വാതിൽ ആരാധകന്റെ മുമ്പിൽ തുറന്നിടുന്നുണ്ട്.

ഇപ്രകാരമുള്ള ഉൾപ്രേരണകൾ നൽകുന്ന പ്രാർത്ഥനകളാണ് സമൂഹവും കാർമ്മികനും സമാപനശുശ്രൂഷയിൽ പ്രാർത്ഥിക്കുക. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടുകൂടി ഈ പ്രാർത്ഥനകൾ ദൈവസന്നിധിയിൽ അർപ്പിക്കുന്ന ആരാധകവൃന്ദം ദൈവാലയത്തിൽനിന്നു പുറത്തേക്കുവരുമ്പോൾ തങ്ങൾക്കു ലഭിച്ച അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ പര്യാപ്തമാകുന്നവിധം നവമായ പ്രേഷിതചൈതന്യത്തോടുകൂടിയാണ് വരിക.





### സമൂഹത്തിന്റെ കൃതജ്ഞതാപ്രാർത്ഥന

കർത്താവിന്റെ തിരുനാളിൽ ചെയ്യുന്ന കൃതജ്ഞതാ പ്രാർത്ഥന ഒരു പുതിയ ജീവിതശൈലിക്ക് രൂപംകൊടുക്കുവാൻ പര്യാപ്തമായവിധം ശക്തമായ ആന്തരിക പ്രേരണകളാണ് ആരാധകർക്കു നൽകുക. പഞ്ചേന്ദ്രിയങ്ങൾ ഒരോന്നിനെയും പരാമർശിച്ചുകൊണ്ട് പ്രതിജ്ഞയുടെ മനോഭാവംകൂടി സ്വീകരിക്കുന്ന ഈ പ്രാർത്ഥന ആരാധനയും ജീവിതവും തമ്മിലുള്ള ബന്ധം പ്രകടമാക്കുന്ന ഒരു മാതൃകാ പ്രാർത്ഥനകൂടിയാണ്. കൃതജ്ഞതാപ്രകാശനവും അനുഗ്രഹാപേക്ഷകളും നിറഞ്ഞതാണ് മറ്റ് രണ്ടു പ്രാർത്ഥനകൾ. വി. കുർബ്ബാന സ്വീകരിച്ച ഭക്തനിൽ നിറഞ്ഞുനിൽക്കേണ്ട ആന്തരിക ചൈതന്യമാണ് ഈ പ്രാർത്ഥനകൾ പ്രകടിപ്പിക്കുന്നത്.

### ശുശ്രൂഷയുടെ ആഹ്വാനം

വി. കുർബ്ബാനയാകുന്ന അവർണ്ണനീയ ദാനത്തിന് അതിന്റെ ദാതാവായ ദൈവത്തിന് നന്ദിപറയുവാൻ ശുശ്രൂഷി സമൂഹത്തെ ആഹ്വാനം ചെയ്യുന്നു. "അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ, അങ്ങേക്കു സ്തുതി" എന്ന് ആരാധനാസമൂഹം ഈ ആഹ്വാനത്തിനു പ്രത്യുത്തരം നൽകുന്നു.

### കാർമ്മികന്റെ പ്രാർത്ഥനകൾ

കാർമ്മികന്റെ രണ്ട് പ്രാർത്ഥനകളും കൃതജ്ഞതാപ്രകാശനത്തിന്റെയും അനുഗ്രഹാപേക്ഷയുടെയും ജീവിതനവീകരണത്തിന്റെയും ആശയങ്ങൾ പ്രതിഫലിപ്പിക്കുന്നവയാണ്. ഞായറാഴ്ചകൾക്കും സാധാരണ ദിവസങ്ങൾക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥനകളുണ്ട്. വി. കുർബ്ബാന എന്ന സർവ്വോത്കൃഷ്ട ദാനത്തിന് ആരാധനാസമൂഹം അർപ്പിക്കുന്ന കൃതജ്ഞതാപ്രകരണമാണവ. ഈ പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം കേട്ട് സ്വന്തമാക്കിവേണം ജനം "ആമ്മേൻ" എന്ന് പ്രത്യുത്തരിക്കാൻ.

### സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

കാനോനയോടുകൂടിയ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന ആമുഖശുശ്രൂഷയെന്നപോലെ സമാപന ശുശ്രൂഷയിലും നാം ചൊല്ലുന്നുണ്ട്.

ആമുഖ ശുശ്രൂഷയിൽ ഈ പ്രാർത്ഥന സ്തുതിയുടെ ഭാവമാണ് സ്വീകരിച്ചതെങ്കിൽ, സമാപന ശുശ്രൂഷയിൽ ഇത് കൃതജ്ഞതയുടെ ഭാവമാണ് സ്വീകരിക്കുക. സ്വർഗ്ഗീയ ചിന്തകളാലും ദൈവത്തോടുള്ള കൃതജ്ഞതയാലും നിറഞ്ഞ ഹൃദയത്തോടുകൂടിയാണ് നാം ദൈവാലയത്തിൽനിന്നും പുറത്തുവരുന്നത്. മനുഷ്യമക്കൾക്കു

വേണ്ടിയുള്ള ദൈവത്തിന്റെ ഏറ്റവും വിലപ്പെട്ട ദാനമാണ് ഈശോമിശിഹാ. ഇന്ന് വി. കുർബ്ബാനയിലൂടെ മനുഷ്യാവതാരം വീണ്ടും നടക്കുന്നു. ഇങ്ങനെ മിശിഹായെ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തനാക്കിയ പിതാവിനെ നാം ഈ പ്രാർത്ഥനയിലൂടെ സ്വർഗ്ഗവാസികളോടൊപ്പം സ്തുതിക്കുകയാണ്. ഈശോ തന്നെ പഠിപ്പിച്ച ഈ പ്രാർത്ഥന സഹോദരങ്ങൾക്കൊപ്പം ഒന്നിച്ചു രുവിടുന്നത് രക്ഷാകരമായ ഒരനുഭവമാണ്.

### സമാപനാശീർവ്വാദം

ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ മിശിഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ സന്നദ്ധരായി ദൈവാലയത്തിൽനിന്നും പുറത്തേക്കുപോകുവാൻ ആഗ്രഹിക്കുന്ന ആരാധനാ സമൂഹത്തിന് സമാപനാശീർവ്വാദംകൂടി നൽകിയാണ് ഇപ്രകാരം പറഞ്ഞയക്കുക. ഇതാകട്ടെ സ്വർഗ്ഗാരോഹണത്തിന്റെ അവസരത്തിൽ ഈശോ ശിഷ്യന്മാരെ പ്രേഷിതദൗത്യം നൽകി അനുഗ്രഹിച്ച് പറഞ്ഞയച്ചതി നെയാണ് പ്രതീകാത്മകമായി അനുസ്മരിക്കുന്നത്.

ചുരുക്കത്തിൽ ദൈവസന്നിധിയിൽ എത്തിച്ചേർന്ന ആരാധകർ ജീവന്റെ വചനം ശ്രവിച്ചും മിശിഹായുടെ പെസഹാരഹസ്യത്തിന് സാക്ഷ്യംവഹിച്ചും വിശുദ്ധീകരിക്കപ്പെട്ട് പ്രേഷിതരായി അയക്കപ്പെടുകയാണ്. പ്രേഷിത മണ്ഡലത്തിൽ സ്വരൂപിച്ച സുകൃതഫലങ്ങളാണ് അടുത്തദിവസം പ്രഭാതത്തിൽ ദൈവസ ന്നിധിയിൽ അർപ്പിക്കുവാനായി ബലിപീഠത്തിൽ കൊണ്ടുവരിക. ഇതാണ് ആദ്ധ്യാത്മിക വളർച്ചയ്ക്ക് നിദാനമായി ആരാധനാക്രമം നൽകുന്ന ജീവിതശൈലി.

### ബലിപീഠം ചുംബിക്കുന്നു

ബലിപീഠത്തിൽനിന്നുള്ള കാർമ്മികന്റെ വിടവാങ്ങൽ പ്രാർത്ഥന യാണിത്. വൈവിധ്യമാർന്ന ചിന്താധാരകൾ ആരാധകരിൽ ഉണർത്തുവാൻ സഹായിച്ച ബലിപീഠത്തിനു ചുംബനം അർപ്പിച്ചുകൊണ്ട് കാർമ്മികൻ മദ്ബഹായിൽനിന്നും സങ്കീർ ത്തിയിലേക്ക് തിരികെ പോകുന്നു.

### വി. കുർബ്ബാനയർപ്പണം - സഭാനിർദ്ദേശങ്ങൾ

ദിവ്യനാഥൻ തിരുസഭയ്ക്ക് ഏൽപിച്ചുതന്നിരിക്കുന്ന അനർഘ നിക്ഷേപമാണല്ലോ വി. കുർബ്ബാന. സഭയിലാണ് വി. കുർബ്ബാന അർപ്പിക്കപ്പെടുന്നത്. അത് സഭയുടെ - ഇടവകാസമൂഹത്തിന്റെ - പൊതുവായ ആദ്ധ്യാത്മികാഘോഷമാണ്. അതുകൊണ്ടുതന്നെ വി. കുർബ്ബാനയുടെ യോഗ്യതാപൂർണ്ണമായ ആചരണത്തെപ്പറ്റി





വ്യവസ്ഥകൾ രൂപീകരിക്കാൻ സഭാധികാരത്തിനു ചുമതലയുണ്ട്.

ഇടവകാകുടുംബത്തിന്റെ പൊതുവായ കൂടിവരവാണല്ലോ ഞായറാഴ്ച ആചരണത്തിൽ നടക്കുന്നത്. ഉത്ഥാനം ചെയ്ത ഈശോനാഥൻ ഗലീലിക്കടൽത്തീരത്ത് ശ്ലീഹന്മാർക്കു ഭക്ഷണ മൊരുക്കി കാത്തിരിക്കുന്നതുപോലെ നമ്മെയും കാത്തിരിക്കു കയാണ്, നിത്യജീവന്റെ അപ്പം നൽകി സംതൃപ്തരാക്കുവാൻ. ഇടവക ഒരു കുടുംബമാകയാൽ സ്വന്തം ഇടവകയിൽ തന്നെ ഞായറാഴ്ച ആചരണത്തിന് ശ്രദ്ധിക്കണം. സ്വന്തം വീട്ടിലെ ആഘോഷം എന്ന വൈകാരികമായ അടുപ്പം ഇടവക ദേവാലയ ത്തിലെ ഞായറാഴ്ച ആചരണത്തോട് ഉണ്ടാകണം. ഞായറാഴ്ച ത്തെ ബലിയർപ്പണം കൂടുതൽ ആഘോഷകരവും ഹൃദയഹാരിയു മാക്കാൻ വികാരിമാർ ശ്രദ്ധിക്കുകയും വേണം. വായനകളും പാട്ടുകളും പ്രാർത്ഥനകളുമൊക്കെ സ്ഫുടവും വ്യക്തവുമായിരിക്ക ണം. എല്ലാവർക്കും ഒന്നിച്ചു പാടാവുന്ന ഈണം തിരഞ്ഞെടു ത്താൽ ഉചിതമായി. കുർബ്ബാനതക്സയിലും പ്രോപ്രിയയിലും കൊടുത്തിരിക്കുന്ന ഗീതങ്ങളിൽ നിന്നുതന്നെ തെരെഞ്ഞെടു ക്കുകയാണ് വേണ്ടത്. പാട്ടുകാരുടെ സാമർത്ഥ്യമല്ല മാനദണ്ഡം, ദൈവജനത്തെ പാടാൻ സഹായിക്കുകയാണ് ഗായക സംഘ ത്തിന്റെ ധർമ്മം. ഗായക സംഘം മാത്രം പാടുകയും പ്രത്യുത്ത രിക്കുകയും ചെയ്താൽ പോരാ. കുർബ്ബാന പുസ്തകത്തിലില്ലാത്ത ക്രമങ്ങൾ കൂട്ടിച്ചേർക്കുന്നത് അനുവദനീയമല്ല. ഞായറാഴ്ച കുർബ്ബാ നകളിലെങ്കിലും മുതിർന്നവർ വേദപുസ്തക വായനകൾ നടത്തു ന്നതും ശുശ്രൂഷികളാകുന്നതും വളരെ അഭിലഷണീയമാണ്. നമ്മുടെ ആരാധനക്രമ പാരമ്പര്യത്തിൽ നാലു വായനകളാണല്ലോ ഉള്ളത് (മോശ, പ്രവാചകൻ, ശ്ലീഹ, സുവിശേഷം). ഞായറാഴ്ചക ളിൽ ഇവ നാലും വായിക്കുന്നതിനും ധൂപക്കുറ്റി ഉപയോഗിക്കു ന്നതും ശുശ്രൂഷികളും തിരുവസ്ത്രങ്ങൾ ധരിക്കുന്നതും (കൊത്തീന, ഇടക്കെട്ട്) മനോഹരമായിരിക്കും. ഞായറാഴ്ചയാച രണത്തിനായി ഉദാരമായി സമയം ചെലവഴിക്കാൻ നാം ശീലി ക്കേണ്ടിയിരിക്കുന്നു. നിശ്ചിത സമയത്ത് വി.കുർബ്ബാന ആരംഭിക്കു ക, സുവിശേഷപ്രസംഗം അതിദീർഘമാകാതെ സൂക്ഷിക്കുക, അറി യിപ്പുകൾ കാര്യമാത്രപ്രസക്തമാക്കുക മുതലായവ വൈദികനും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

ബാഹ്യമായ ഒരുക്കത്തിന്റെ കാര്യങ്ങളാണ് മേൽപ്പറഞ്ഞവയെ ല്ലാം. ആന്തരികമായ ഒരുക്കമാണ് വി.കുർബ്ബാനയിലെ ഭാഗഭാഗിത്വം സഫലമാക്കുന്നത്. ഓരോ ഞായറാഴ്ചയും എത്തിച്ചേരാൻ ഹൃദ യംഗമമായി കാത്തിരിക്കണം. ഈ കാത്തിരിപ്പോടെയാണ് വി.

കുർബ്ബാനയിൽ സംബന്ധിക്കേണ്ടത് (1 കോറി 11:33). അൾത്താരയോടു ചേർന്നുനിന്നുകൊണ്ട്, പ്രാർത്ഥനകളിലും പാട്ടുകളിലും പങ്കുചേരുക, സമൂഹത്തോടൊപ്പം നിൽക്കുകയും ഇരിക്കുകയും ചെയ്യുക, വി.കുർബ്ബാന സ്വീകരിച്ചു വിമലീകൃതരാകുക... വി.കുർബ്ബാന സ്വീകരിക്കാതെ പങ്കുചേരൽ പൂർണമാവുകയില്ല. ഒരു മണിക്കൂർ ഉപവസിച്ച് ഒരുങ്ങി, വരപ്രസാദാവസ്ഥയിൽ ദിവ്യനാഥനോടുള്ള സ്നേഹവായ്പോടെ വേണം വി.കുർബ്ബാന സ്വീകരിക്കുവാൻ.

പുരോഹിതൻമാരെയും മ്ശംമ്ശാന (ഡീക്കൻ) മാരെയുമാണ് വി.കുർബ്ബാന നൽകാൻ സഭ നിയോഗിച്ചിരിക്കുന്നത്. ആവശ്യമുള്ള സന്ദർഭങ്ങളിൽ നിത്യവ്രതം ചെയ്ത സന്യാസിനിമാർ, സന്യാസ സഹോദരൻമാർ, കാറോയാപ്പട്ടമെങ്കിലും ലഭിച്ച മേജർ സെമിനാരിക്കാർ, പരിശീലനം സിദ്ധിച്ച അല്മായർ എന്നിവർക്കും സഭ ഈ അനുവാദം നൽകുന്നു. ഇരുസാദൃശ്യങ്ങളിലും വി.കുർബ്ബാന സ്വീകരിക്കുന്നത് സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്. നാവിൽ സ്വീകരിക്കുന്നതുപോലെത്തന്നെ വണക്കത്തോടുകൂടെ കൈയ്യിലും വി. കുർബ്ബാന സ്വീകരിക്കാം. ഇക്കാര്യങ്ങളെല്ലാം സഭ പുലർത്തുന്ന തീവ്രമായ ശ്രദ്ധ വി.കുർബ്ബാനയുടെ അവർണ്ണനീയമായ മഹത്വത്തെയും ദൈവിക സ്വഭാവത്തെയുംപറ്റി ധ്യാനിക്കാൻ നമ്മെ സഹായിക്കുന്നു.

"അങ്ങയുടെ ജീവദായകവും ദൈവികവുമായ വചനങ്ങളുടെ മാധുര്യം ആസ്വദിക്കുവാനും മാലാഖമാരോടുകൂടെ തിരുനാമത്തെ സ്തുതിക്കുവാനും അങ്ങയുടെ ദാനമായ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളുവാനും മഹോന്നതനായ ദൈവമേ, അങ്ങേക്കു സ്തുതിയുടെയും കൃതജ്ഞതയുടെയും കീർത്തനങ്ങൾ ഇടവിടാതെ ആലപിക്കുവാനും ബലഹീനരായ ഞങ്ങളെ കാരുണ്യപൂർവ്വം അങ്ങ് യോഗ്യരാക്കി."





# 09
# വി. കുർബ്ബാനയിലെ അടയാളങ്ങളും പ്രതീകങ്ങളും

ബാഹ്യലോകവുമായി ബന്ധപ്പെടുത്തിയാണ് ദൈവികമായിട്ടുള്ളവയെ മനുഷ്യൻ മനസ്സിലാക്കുന്നത്. സ്ഥലത്തിന്റെയും കാലത്തിന്റെയും പരിമിതികളുള്ള മനുഷ്യന് ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. ഇന്ദ്രിയപരമായിട്ടുള്ളവയിൽനിന്ന് ഇന്ദ്രിയാതീതമായവയിലേക്ക് അവൻ ഉയരുന്നു. ഭൗമികമായവ അഭൗമികമായവയിലേക്ക് മാർഗ്ഗമായിതീരുന്നു. ഇപ്രകാരം അദൃശ്യങ്ങളും അഗ്രാഹ്യങ്ങളും അപരിമേയവുമായവയെ ഭൗമിക മനുഷ്യന് എളുപ്പത്തിൽ അനുഭവവേദ്യമാക്കി കൊടുക്കുവാൻ പര്യാപ്തങ്ങളായ മാദ്ധ്യമങ്ങളാണ് അടയാളങ്ങളും പ്രതീകങ്ങളും. അടയാളങ്ങൾ ഉപയോഗിക്കുക എന്നത് ദൈവിക പദ്ധതിയുടെ ഭാഗമാണ്. മനുഷ്യാവതാരത്തിൽ നാം ഇതാണ് കാണുന്നത്. അദൃശ്യനായ ദൈവം തന്റെ സ്നേഹം വെളിപ്പെടുത്താൻ മനുഷ്യനായി. ഈശോ താൻ നേടിയെടുത്ത രക്ഷയുടെ ഫലം മനുഷ്യന് അനുഭവിക്കത്തക്കവിധം ദൃശ്യമായ സഭയെ സ്ഥാപിച്ചു. ഈ സഭയിൽ ദൈവികജീവൻ പ്രാപിക്കുന്നതിനായി ദൃശ്യസ്വഭാവത്തോടുകൂടിയ കൂദാശകളും സ്ഥാപിച്ചു. ഈശോയുടെ ഈ മാതൃകയെ അടിസ്ഥാനമാക്കിയാണ് സഭയും ദൈവാരാധനയിൽ അടയാളങ്ങൾ സ്ഥാപിച്ചിരിക്കുന്നത്. ക്രിസ്തുനാഥന്റെ പെസഹാ രഹസ്യങ്ങളുടെ-മനുഷ്യാവതാരം മുതൽ രണ്ടാമത്തെ ആഗമനം വരെയുള്ള രക്ഷാകര സംഭവങ്ങളുടെ-ആചരണവും അനുഷ്ഠാനവുമാണല്ലോ വി.കുർബ്ബാന. ബോധപൂർവ്വകവും കർമ്മോത്സുകവും ഫലദായകവുമായ വിധത്തിൽ ദിവ്യരഹസ്യങ്ങളിൽ പങ്കുചേരുന്നതിന് അതിൽ ഉപയോഗിച്ചിട്ടുള്ള അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും അർത്ഥവും പ്രസക്തിയും നാം മനസ്സിലാക്കണം.

**വി. കുർബ്ബാനയിലെ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രസക്തി**

1. ഇവ കർമ്മങ്ങളെ അർത്ഥപൂർണ്ണങ്ങളാക്കുന്നു.
2. ധ്യാനത്തിലേക്കും പ്രാർത്ഥനയിലേക്കും അനുഭൂതിയിലേക്കും ആന്തരികമനുഷ്യനെ ആനയിക്കുന്നു.
3. ദൈവാരാധനയുടെ ആന്തരികതയ്ക്ക് അവ ബാഹ്യരൂപം നൽകുന്നു.
4. പഞ്ചേന്ദ്രിയങ്ങളെ പ്രവർത്തനക്ഷമമാക്കുന്നു.
5. രക്ഷാകര സംഭവങ്ങളുടെ ഓർമ്മ ഉണർത്താൻ സഹായിക്കുന്നു.
6. അദൃശ്യവും അഭൗമികവും അപരിമേയവുമായ വസ്തുതകളുമായി എളുപ്പത്തിൽ ബന്ധപ്പെടുവാൻ സഹായിക്കുന്നു.
7. ദൈവാനുഭവത്തിനും രക്ഷയുടെ അനുഭവത്തിനും ഇവ ആരാധനാ സമൂഹത്തെ പ്രാപ്തരാക്കുന്നു.
8. വി. കുർബ്ബാനയിലെ ദൈവിക പ്രവർത്തനങ്ങളെ ലളിതമായും അർത്ഥപൂർണ്ണമായും അവതരിപ്പിക്കുന്നു.
9. അവാച്യങ്ങളും അഗ്രാഹ്യങ്ങളും സ്വർഗ്ഗീയങ്ങളുമായ യാഥാർത്ഥ്യങ്ങളുടെ അവതരണത്തെ ലളിതമാക്കി തീർക്കുന്നു.

**അടയാളങ്ങളും പ്രതീകങ്ങളും**

വി.കുർബ്ബാനയിലെ അടയാളങ്ങളെയും പ്രതീകങ്ങളെയും വാക്കുകൾ, ആളുകൾ, ആംഗ്യങ്ങൾ, വസ്തുക്കൾ, കല, കാലം ഇങ്ങനെ ആറായി തരംതിരിക്കാം.

**1. വാക്കുകൾ**

ആശയങ്ങൾ കൈമാറുന്ന അർത്ഥമുള്ള ശബ്ദങ്ങളാണ് വാക്കുകൾ. അനുഷ്ഠാനങ്ങളുടെ ഉദ്ദേശ്യവും അന്തഃസത്തയും, പ്രാർത്ഥനകളുടെയും ഗീതങ്ങളുടെയും അർത്ഥവും അതാത് അവസരങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകളാണ് വ്യക്തമാക്കിത്തരുന്നത്.

**2. ആളുകൾ**

a. സമൂഹം:- ഈ സൃഷ്ട പ്രപഞ്ചത്തിലെ ശ്രേഷ്ഠസൃഷ്ടികളായ മാനവകുലം മുഴുവനെയും പ്രതീകവൽക്കരിക്കുന്നു.

b. കാർമ്മികൻ:- സഭാസമൂഹത്തിന്റെ ഔദ്യോഗിക വക്താവും പ്രതിനിധിയുമാണ് കാർമ്മികൻ. എന്നാൽ അതോടൊപ്പം നിത്യ പുരോഹിതനും മദ്ധ്യസ്ഥനും ഭൗതിക ശരീരത്തിന്റെ ശിരസ്സുമായ മിശിഹായെ പ്രതിനിധീകരിക്കുന്നു.





c. ശുശ്രൂഷകൻ:- ദൈവദൂതന്മാരുടെ പ്രതീകം.

d. ഗായകസംഘം:- സ്വർഗ്ഗീയ ഗായകവൃന്ദത്തെ അനുസ്മരിപ്പിക്കുന്നു.

**3. ആംഗ്യങ്ങൾ**

ഇവയെ സാധാരണ ആംഗ്യങ്ങൾ, ശാരീരിക നിലപാടുകൾ, കർമ്മാനുഷ്ഠാനങ്ങൾ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

**(a) സാധാരണ ആംഗ്യങ്ങൾ**

* കൈകൾ ഇരുവശങ്ങളിലേക്കും വിരിച്ചുപിടിക്കുന്നത് പ്രാർത്ഥനയുടെ മാദ്ധ്യസ്ഥഭാവത്തെ സൂചിപ്പിക്കുന്നു.
* കൈകൾ ഉയർത്തിപ്പിടിക്കുന്നത്:- ദൈവത്തെ സ്തുതിക്കുന്നു.
* ഉള്ളംകൈ മുകളിലേക്ക് ഉയർത്തി തുറന്നു പിടിക്കുന്നത്:- പ്രാർത്ഥനയുടെ യാചനാഭാവം
* കൈകൂപ്പിപ്പിടിക്കുന്നത്:- പ്രാർത്ഥനാഭാവവും ഭയഭക്തിബഹുമാനവും.
* തലകുനിച്ചുപിടിക്കുന്നത്:- ആശീർവ്വാദവും അനുഗ്രഹവും സ്വീകരിക്കുന്നു. വിധേയത്വം പ്രകടിപ്പിക്കുന്നു.
* ചുംബിക്കുന്നത്:- സ്നേഹാദരങ്ങളുടെയും ബഹുമാനത്തിന്റെയും പ്രതീകം.
* കുരിശടയാളം വരയ്ക്കുന്നത്:- രക്ഷയുടെ അനുഭവം സ്വാംശീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു.
* സമാധാനം ആശംസിക്കുന്നത്:- സമൂഹവുമായി നടത്തുന്ന അനുരഞ്ജനം.
* കൈകൾ മുമ്പോട്ടു മലർത്തിപ്പിടിക്കുന്നത്:- യാചനാഭാവം
* കൈകൾ കമഴ്ത്തിപ്പിടിക്കുന്നത്:- പരിശുദ്ധാത്മാവിന്റെ ആവാസം.
* കണ്ണുകൾ ഉയർത്തുന്നത്:- സ്വർഗ്ഗത്തെ നോക്കി പ്രാർത്ഥിക്കുന്നത്.
* കണ്ണുകൾ താഴ്ത്തുന്നത്:- വിനയവും അനുതാപവും.
* മൗനം:- ധ്യാനാത്മകത
* ഉയർന്ന സ്വരം:- പ്രഘോഷണം, ആഹ്ലാദം, സ്തുതിപ്പ്.
* താഴ്ന്ന സ്വരം:- ധ്യാനാത്മകത, പ്രാർത്ഥനയുടെ പ്രാധാന്യം.

**(b) ശാരീരിക നിലപാടുകൾ**

* നിൽക്കുന്നത്:- ബഹുമാനത്തിന്റെയും ആദരവിന്റെയും ഭാവം, സന്തോഷത്തിന്റെയും ഉയിർപ്പിന്റെയും സ്വാതന്ത്ര്യത്തി

ന്റെയും പെസഹാഭക്ഷണത്തെയും ഇത് സൂചിപ്പിക്കുന്നു.

* ഇരിക്കുന്നത്:- ശ്രവണത്തിന്റെയും ധ്യാനത്തിന്റെയും ഭാവം.
* മുട്ടുകുത്തുന്നത്:- അനുതാപത്തിന്റെ ഭാവം

## (c) കർമ്മാനുഷ്ഠാനങ്ങൾ

* മദ്ബഹായുടെ വിരിതുറക്കുന്നത്:- സ്വർഗ്ഗം തുറക്കപ്പെടുന്നതിനെ അനുസ്മരിക്കുന്നു.
 പ്രകാശം:- ദൈവസാന്നിദ്ധ്യത്തിന്റെയും തേജസ്സിന്റെയും പ്രകടനം.
* നിറഞ്ഞുനിൽക്കുന്ന ധൂപ പടലം:- മദ്ബഹയിൽ നിറഞ്ഞുനിൽക്കുന്ന ദൈവമഹത്വത്തെ സൂചിപ്പിക്കുന്നു.
* സമൂഹമദ്ധ്യത്തിലൂടെ ധൂപം വീശി കടന്നുപോകുന്നത്:- സഭയിൽ രക്ഷാകര സ്നേഹം അനുഭവവേദ്യമാകുന്നതിനെ സൂചിപ്പിക്കുന്നു.
* സുവിശേഷ പ്രദക്ഷിണം:- സ്വർഗ്ഗത്തിൽനിന്നിറങ്ങി ഭൂമിയിലേക്കുവന്ന് വചനം പ്രഘോഷിക്കുന്ന മിശിഹായെ സൂചിപ്പിക്കുന്നു.
* ബലിവസ്തുക്കളുടെ ഒരുക്കവും ബലിപീഠത്തിലേക്ക് ആനയിക്കലും:- മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും പ്രതീകാത്മകമായ അവതരണം.
* ശോശപ്പ കൊണ്ടുമൂടൽ:- ഈശോയുടെ മൃതസംസ്കാരം.
 ശോശപ്പ മടക്കിവെക്കുന്നത്:- ഈശോയുടെ ഉത്ഥാനം.
* കൈകഴുകൽ:- തങ്ങളുടെ കരങ്ങളും ഹൃദയവും കഴുകി ശുദ്ധീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു.
* ധൂപാർപ്പണം:- ദൈവാരാധന, ദൈവത്തിങ്കലേക്ക് ഉയരുന്ന പ്രാർത്ഥന, വിശുദ്ധീകരണം, പാപമോചനം ഇവയെ സൂചിപ്പിക്കുന്നു.

**4. സ്ഥലങ്ങൾ**

സ്ഥലത്തിന് ദൈവാരാധനയിൽ അതിന്റേതായ പ്രാധാന്യം അർഹിക്കുന്നു. ദൈവത്തെ ആരാധിക്കാനായി ദൈവജനം ഒരുമിച്ചുകൂടുന്ന സ്ഥലം ദൈവത്തിന്റെ ഭവനമായ സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. ദൈവവചനം പങ്കുവെച്ച് നൽകപ്പെട്ടിരുന്ന സിനഗോഗുകൾ ബലിയർപ്പണം നടന്നിരുന്ന ജെറുസലേം ദേവാലയത്തെ ലക്ഷ്യം വെച്ചാണ് പണിയപ്പെട്ടിരുന്നത്. കിഴക്കിന് അഭിമുഖമായി പണിയപ്പെട്ടിരുന്ന ഈ ദേവാലയഘടന മനുഷ്യരാശിയോടൊപ്പം പ്രപഞ്ചം ഒന്നാകെ മിശിഹായെ ആരാധിക്കുന്നു എന്നതിന്റെ





പ്രതീകമാണ്. മനുഷ്യരാശിയുടെയും സൃഷ്ടി പ്രപഞ്ചത്തിന്റെയും ചരിത്രം രണ്ടല്ല മറിച്ച് നീതിസൂര്യനായ മിശിഹായിലേക്ക് ലക്ഷ്യം വെച്ചിരിക്കുന്ന ഒരേ രക്ഷാകര ചരിത്രമാണ് എന്നാണ് കിഴക്കിന് അഭിമുഖമായ ഈ ദേവാലയഘടന സൂചിപ്പിക്കുന്നത്. അതായത് വചനമാകുന്ന മിശിഹായോടും മിശിഹായോടൊപ്പവും നാം നടത്തുന്ന ആരാധന പിതാവായ ദൈവത്തിന് അർപ്പിക്കുന്ന യഥാർത്ഥ ബലിയായി മാറുന്നു. ക്രൈസ്തവ ആരാധനാക്രമത്തിലെ ബലിയർപ്പണം നടക്കുന്ന അൾത്താര സ്വർഗ്ഗം തുറക്കപ്പെടുന്ന ഒരിടമായി മാറുകയും അങ്ങനെ ആരാധനാക്രമ വേളയിൽ ദൈവജനം ഒന്നാകെ സ്വർഗീയ ആരാധനയിലേക്ക് ക്ഷണിക്കപ്പെടുകയും ചെയ്യുന്നു.

* ആരാധകർ നിൽക്കുന്ന ദൈവാലയഭാഗം:- ഹൈക്കല, ഭൂമിയുടെ പ്രതീകം.
* മദ്ബഹാ:- സ്വർഗ്ഗീയ ജറുസലേം.
* അൾത്താര:- ദൈവത്തിന്റെ സിംഹാസനം, ബലിപീഠം, വിരുന്നുമേശ, കർത്താവിന്റെ കബറിടം ഇവയുടെ പ്രതീകം.
* കെസ്ത്രോമ:- സ്വർഗ്ഗീയ ഭൗമിക ഗായകരുടെ സ്ഥലം.
* സങ്കീർത്തി:- തിരുകർമ്മങ്ങൾക്കായി ഒരുങ്ങുന്ന സ്ഥലം.

* മാർതോമ്മാ കുരിശ്: ഉത്ഥിതനായ ഈശോയുടെ പ്രതീകം.
* സുവിശേഷം:- വചനാത്മകമായ ഈശോ.
* സക്രാരി:- വിശുദ്ധ കുർബ്ബാന സൂക്ഷിക്കുന്ന പേടകം.
* വിരി:- സ്വർഗ്ഗത്തിന്റെ കവാടം.
* ബേസ്ഗസാകൾ:- ഉപപീഠങ്ങൾ, നിക്ഷേപാലയം.
* മദ്ബഹായിലെ പടികൾ:- സ്വർഗ്ഗീയ ഗോവണി (യാക്കോബിന്റെ ദർശനം)
* ബേസ്സഹദെ:- തിരുശേഷിപ്പുകൂടാരം. രക്തസാക്ഷികളുടെ തിരുശേഷിപ്പ് സൂക്ഷിക്കുന്ന സ്ഥലം.
* അപ്പവും വീഞ്ഞും:- മിശിഹായുടെ ശരീരത്തെയും രക്തത്തെയും യാഥാർത്ഥ്യവൽക്കരിക്കുന്ന പ്രതീകങ്ങൾ.
* കത്തിച്ച തിരികൾ:- ദൈവസാന്നിദ്ധ്യത്തിന്റെ അടയാളം
* രണ്ട് തിരികൾ:- പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും സൂക്തങ്ങൾ
* തിരുപ്പാത്രങ്ങൾ:- വിശുദ്ധരഹസ്യങ്ങളുടെ ഉപയോഗത്തിന്.
* മാമ്മോദീസാത്തൊട്ടി:- മാമ്മോദീസാ നല്കുന്ന സ്ഥലം.
* ബേമ്മ:- ഭൗമിക ജറുസലേം, വചനവേദി.

* കെടാവിളക്ക്:- ലോകത്തിന്റെ പ്രകാശമായ മിശിഹായുടെ സാന്നിധ്യം.

**തിരുവസ്ത്രങ്ങൾ:**

* കൊത്തീന:- മിശിഹായിൽ നവജീവൻ പ്രാപിച്ച പുതിയ മനുഷ്യന്റെ പ്രതീകം
* സുനാറ:- (അരക്കെട്ട്)-ശുദ്ധതയുടെ പ്രതീകം.
* ഊറാറ:- പരിശുദ്ധിയുടെയും നിർമ്മലതയുടെയും പ്രതീകം.
* കാപ്പ:- നീതിയുടെ വസ്ത്രം.
* സന്ദേ:- വിശുദ്ധശുശ്രൂഷയ്ക്ക് കരങ്ങൾ തയ്യാർ.

**5. കാലം**

ദൈവാരാധനയിൽ സ്ഥലകാലങ്ങൾക്ക് ദൈവശാസ്ത്രപരമായി വളരെയേറെ പ്രാധാന്യം ഉണ്ട്. സമയത്തിന്റെ പൂർണ്ണതയിൽ സംഭവിച്ച രക്ഷാകര രഹസ്യങ്ങളുടെ അനുസ്മരണവും ആഘോഷവും ആണല്ലോ ആരാധനാക്രമത്തിൽ നാം ചെയ്യുന്നത്. സാധാരണയായി നാം മനസ്സിലാക്കുന്ന സമയ വ്യത്യാസങ്ങളിൽ നിന്നും വ്യത്യസ്തമാണ് പുതിയ നിയമത്തിലെ സമയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. യാഥാർത്ഥ്യത്തിനും പ്രതിരൂപത്തിനും ഇടയിലുള്ള അവസ്ഥയായാണ് സമയം പുതിയനിയമത്തിൽ അവതരിക്കപ്പെടുന്നത്. ആരാധനാക്രമത്തിലേക്ക് വരുമ്പോൾ ഭൂത ഭാവി വർത്തമാനകാലങ്ങൾക്ക് അതിന്റേതായ സ്ഥാനം ലിറ്റർജിയിൽ നാം കണ്ടെത്തുന്നു. ഒന്നാമതായി ചരിത്രപരമായ ഒരു സത്യമാകയാൽ മിശിഹായുടെ ഒരിക്കൽ മാത്രമുള്ള കുരിശിലെ ബലിയുടേയും അന്ത്യ താഴത്തിന്റെയും ഓർമ്മ ആചരണമാണ് വിശുദ്ധ കുർബാന (Past). അതേസമയം ആരാധനാ സമൂഹത്തിന്റെ വർത്തമാനകാലത്തിലുള്ള ഒത്തുചേരലിൽ ക്രിസ്തുവിന്റെ ബലി പുനരാവിഷ്കരിക്കപ്പെടുകയാണ്. ഇവിടെ ക്രിസ്തുവിന്റെ ആത്മസമർപ്പണം നമ്മുടെയും ജീവിത ബലിയായി മാറുകയാണ്. മൂന്നാമതായി ആരാധനാക്രമം നിത്യജീവിതത്തിന്റെ മുന്നാസ്വാദനമാണ്. വിശുദ്ധ കുർബാനയിൽ ഓരോ പ്രാർത്ഥനകളും അവസാനിക്കുന്നത് “ഇപ്പോഴും എപ്പോഴും എന്നേക്കും”' എന്നാണല്ലോ. ദൈവാരാധനയുടെ യുഗാന്ത്യപരമായ വശമാണ് ഇത് സൂചിപ്പിക്കുന്നത്.

**പരിശുദ്ധ സമയം**

“എല്ലാ സമയവും ദൈവത്തിന്റെ സമയമാണ്”. സമയ ത്തെയും നിത്യതയെയും ബന്ധിപ്പിക്കുന്നത് ക്രിസ്തുവാണ്. തന്റെ മനുഷ്യാവതാരത്തിലൂടെ ക്രിസ്തു സമയത്തെ നിത്യത യിലേക്ക്





ആനയിക്കുകയും തന്റെ സാന്നിധ്യത്താൽ സമയത്തെ വിശുദ്ധീകരിക്കുകയും ചെയ്തു. അതേസമയം തിരുസഭ ക്രിസ്തു എന്ന ലക്ഷ്യത്തിലേക്ക് നിരന്തരം പ്രയാണം ചെയ്യുന്നതിനാൽ സഭയുടെ സമയം നിത്യതക്കും അതിന്റെ പ്രതിരൂപത്തിനും ഇടയിലുള്ളതായിട്ട് വേണം നാം കണക്കാക്കാൻ .

എന്താണ് സമയം? സമയമൊരു പ്രപഞ്ച സത്യമാണ്. ദൈവാരാധന അതിൽ തന്നെ സമയവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. ആഴ്ചയുടെ അവസാനദിവസം സാബത്തായി ആചരിക്കണം എന്ന ദൈവ കൽപ്പന ഉടമ്പടിയെ സമയത്തിന്റെ അധീനതയിലേക്ക് കൊണ്ടുവന്നു. എന്നാൽ പുതിയ നിയമത്തിൽ ആകട്ടെ പുതിയ ഉടമ്പടിയുടെ പ്രതീകമായി ഞായറാഴ്ച ആചരണം പുതിയ സാബത്തായി മാറുന്നു.

കാലം എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് രക്ഷാകര ചരിത്രത്തിലെ നിർണ്ണായകങ്ങളായ ഘട്ടങ്ങളെയും സംഭവങ്ങളെയുമാണ്. രണ്ടുരീതിയിൽ ഇത് വി. കുർബ്ബാനയിൽ അനുസ്മരണാവിഷയമായിത്തീരുന്നു.

(എ) വി. കുർബ്ബാനയുടെ കർമ്മക്രമമനുസരിച്ചുള്ള അനുസ്മരണം. (സാധാരണം, ആഘോഷം, റാസ).

(ബി) ആരാധനാക്രമ വത്സരത്തിലൂടെയുള്ള അനുസ്മരണം. മംഗളവാർത്തക്കാലം, പിറവിക്കാലം, ദനഹാകാലം, നോമ്പുകാലം, ഉയിർപ്പുകാലം, ശ്ലീഹാക്കാലം, കൈത്താക്കാലം, ഏലിയാ-സ്ലീവാ -മൂശാക്കാലങ്ങൾ, പള്ളിക്കൂദാശക്കാലം.

**6. കല**

രക്ഷാകരകർമ്മത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുകയാണ് ആരാധനാക്രമത്തിൽ കലയുടെ ഉദ്ദേശ്യം. ദൈവാലയ നിർമ്മാണരീതി, ദൈവാലയത്തിലെ ശില്പകല, ചുവർചിത്രങ്ങൾ, മദ്ബഹായുടെ ക്രമീകരണങ്ങൾ, അലങ്കാരം, ദൈവാലയ സംഗീതം തുടങ്ങി പലതും ഇതിൽപ്പെടുന്നു.

ഇങ്ങനെ മാനുഷികവും ദൈവികവും, ഭൗമികവും, സ്വർഗ്ഗീയവും, ദൃശ്യവും, അദൃശ്യവും, ഗ്രാഹ്യവും, അഗ്രാഹ്യവും, വർണ്ണനീയവും, അവർണ്ണനീയവും, കാലികവും നിത്യവുമായ യാഥാർത്ഥ്യങ്ങൾ ഒന്നിച്ചുചേരുന്നതും സംഗമിക്കുന്നതുമായ വി. കുർബ്ബാനയിലെ അടയാളങ്ങളും പ്രതീകങ്ങളും ആഴത്തിൽ മനസ്സിലാക്കിക്കൊണ്ട് ആരാധനാ സമൂഹം ഒന്നുചേർന്ന് ബലിയർപ്പണത്തിൽ പങ്കുചേർന്നാൽ അത് കൂടുതൽ അനുഭവവേദ്യവും ആസ്വാദ്യവും

ഹൃദയസ്പർശിയും അനുഗ്രഹപ്രദവും ആവുമെന്നത് തീർച്ചയാണ്.

**ആരാധനാക്രമ സംഗീതം**

ദൈവാരാധനയുടെ ചരിത്രത്തിൽ ഉടനീളം ആരാധനയെ കൂടുതൽ അനുഭവവേദ്യമാക്കുന്നതിൽ സംഗീതം മുഖ്യ സ്ഥാനം അലങ്കരിച്ചിട്ടുണ്ട് . ചെങ്കടൽ കടന്ന മോശയുടെ കീർത്തനമാണ് ബൈബിളിലെ ആദ്യത്തെ ആരാധന ഗീതം ആയി കരുതപ്പെടുന്നത് .മനുഷ്യൻ ദൈവവുമായി ബന്ധപ്പെടുമ്പോൾ വാക്കുകൾ തികയാതെ വരുകയും അവന്റെ പ്രാർത്ഥന സംഗീതമായി ദൈവസന്നിധിയിൽ ഒഴുകുകയും ചെയ്യുന്നു .

സംഗീർത്തനങ്ങൾ പിന്നീട് സഭയുടെ പ്രാർത്ഥനാ ഗീതങ്ങൾ ആവുകയും സഭ തന്റെ മണവാളനായ യേശുവിനോട് ചേർന്ന് തന്റെ പ്രാത്ഥനകൾ പാടുകയും ചെയ്യുന്നു. പാടുകയെന്നത് പ്രണയിക്കുന്നവരുടെ പ്രവർത്തിയാണ് എന്ന് വിശുദ്ധ അഗസ്റ്റിനും പറയുന്നു. സംഗീതത്തിലൂടെ സ്നേഹമാകുന്ന പരിശുദ്ധാത്മാവ് പിതാപുത്ര സ്നേഹകൂട്ടായ്മയിലേക്കു നമ്മെയും ഉൾച്ചേർക്കുന്നു. ആരാധനക്രമ സംഗീതം പ്രകൃതിയുടെ സംഗീത താളത്തോട് എത്ര മാത്രം അനുരൂപപെടുന്നോ അത്രമാത്രം സകലജീവജാലങ്ങളോടും ചേർന്നു ദൈവത്തെ ആരാധിക്കാൻ അത് നമ്മെ സഹായിക്കും .

## വി. കുർബാനയുടെ അഭൗമിക മാനങ്ങൾ

ക്രൈസ്തവ ജീവിതത്തിൽ ഇഹലോകത്തിൽ ലഭിക്കാവുന്ന ഏറ്റവും ഉന്നതവും അനുഗ്രഹീതവുമായ നിമിഷങ്ങളാണ് പരിശുദ്ധ കുർബ്ബാനയുടെ ആഘോഷ വേള. ജീവിത ലക്ഷ്യസാക്ഷാത്ക്കാര മായ സ്വർഗ്ഗീയ അനുഭവത്തിന്റെ മുന്നാസ്വാദനവും ജീവിത ലക്ഷ്യ പ്രാപ്തിക്കായുള്ള കൃപകളുടെ, ശക്തിയുടെ ഭണ്ഡാഗാരവുമാണ് പരിശുദ്ധ കുർബ്ബാന. ത്രിത്വൈക ദൈവത്തിന് നിത്യം ആരാധന യർപ്പിക്കുക എന്ന സ്വർഗ്ഗീയാനുഭവത്തിന്റെ ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠമായ സാക്ഷാത്ക്കാരവും ഇതുതന്നെ.

### 1. വി. കുർബ്ബാന: ആത്മാവിലും സത്യത്തിലുമുള്ള ആരാധന

ഏറ്റവും ശ്രേഷ്ഠമായ ആരാധന ആത്മാവിലും സത്യത്തിലു മുള്ള ആരാധനയാണ് (യോഹ 4:22-24) യോഹ 17/15 ൽ പറയു ന്നു: "അവിടുത്തെ വചനമാണ് സത്യം." "വചനത്തിൽ നിലനിൽക്കു ന്നവർ ശിഷ്യന്മാരാണ്, അവർ സത്യം അറിയുകയും സത്യം അവരെ സ്വതന്ത്രരാക്കുകയും ചെയ്യും" എന്ന്, 8:31-32 ഉം പറയുന്നു. അതാ യത് സത്യത്തിൽ ആരാധിക്കുക എന്നാൽ വചനത്തിൽ ആരാധി





ക്കുക എന്നതാണ്. ഈ വചനം എന്താണ് എന്നും യോഹന്നാൻ വ്യക്തമാക്കുന്നുണ്ട്. "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെയായിരുന്നു, വചനം ദൈവമായിരുന്നു" (1:1) ഈ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (1:14). സത്യം വചനമാണെന്നും വചനം മാംസം ധരിച്ച ദൈവപുത്രനായ ഈശോ യാണെന്നും വ്യക്തം. ആകയാൽ ഈശോ തന്നെത്തന്നെ സത്യം എന്ന് വിശേഷിപ്പിച്ചു. "വഴിയും സത്യവും ജീവനും ഞാനാകുന്നു" (14:6).

ആകയാൽ സത്യത്തിലുള്ള ആരാധന എന്നുപറഞ്ഞാൽ ഈശോ യിലുള്ള ആരാധന എന്നർത്ഥം. ഇതാണ് യഥാർത്ഥ ആരാധന. പരിശുദ്ധ കുർബ്ബാന ബലിയർപ്പകനും ബലിവസ്തുവുമായ ഈശോ യിലുള്ള ആരാധനയാണ്. പരമപിതാവിൻ പക്കൽ അവിടുന്നർപ്പിച്ച നിത്യമായ ആരാധനയാണ് അവിടുത്തെ ബലി. ഈ ബലിയാണ് പരിശുദ്ധ കുർബ്ബാന. നാം പരിശുദ്ധ കുർബ്ബാനയർപ്പിക്കുമ്പോൾ സത്യമായും ഈശോയിൽ പിതാവിനെ ആരാധിക്കുന്ന യഥാർത്ഥ ആരാധകരായിത്തീരുന്നു.

അരൂപിയിലുള്ള ആരാധനയും യഥാർത്ഥ ആരാധനയുടെ പ്രത്യേകതയാണ്. പരിശുദ്ധ കുർബ്ബാന ആത്മാവിന്റെ പ്രവർത്തന മാണ്. സകലത്തെയും രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവാണ് പരിശുദ്ധ കുർബ്ബാനയിൽ മാനുഷിക പ്രവർത്തനങ്ങളെ രൂപാന്തര പ്പെടുത്തി ദൈവികമാക്കുന്നത്. മാമ്മോദീസാവഴി പരിശുദ്ധാത്മാ വിന്റെ ആലയങ്ങളായി മാറ്റപ്പെട്ട ദൈവജനം ഒന്നുചേർന്ന്, പരിശു ദ്ധാത്മാവ് പ്രവർത്തിക്കുന്ന സഭാഗാത്രമെന്ന നിലയിലാണ് പരി ശുദ്ധ കുർബ്ബാനയർപ്പിക്കുന്നത് (റോമാ 8:26) വി. പത്രോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്; "ദൈവവചനം പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്" (2 പത്രോ 1:21) എന്ന സത്യമാണ്. പരിശുദ്ധ കുർബ്ബാനയുടെ പ്രാർത്ഥ നയിലെ ഓരോ വാക്കും വചനത്തിൽനിന്നും എടുത്തിട്ടുള്ളവയാ ണ്. അത്തരത്തിലും ഇത് അരൂപിയിലുള്ള ആരാധനയാണ്.

### 2. വി. കുർബ്ബാന നമ്മുടെ ജീവിത ബലി

"നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികര വുമായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" എന്ന് പൗലോസ് ശ്ലീഹാ റോമായിലെ സഭാംഗങ്ങളെ (12:1) ഉദ്ബോധിപ്പിക്കുന്നത് നമുക്കും ബാധകമാണ്. ആകയാൽ ഇന്നും പലരും ശരീരത്തെ ബലിയായി

അർപ്പിക്കുന്നതിനുവേണ്ടി പ്രവർത്തനതലത്തിലേക്ക് കൂടുതൽ കടക്കുകയും പരിശുദ്ധ കുർബ്ബാനയ്ക്ക് വേണ്ട പ്രാമുഖ്യം നൽകാതിരിക്കുകയും ചെയ്യുന്നു എന്നുമാത്രമല്ല പരിശുദ്ധ കുർബാനയും ആരാധനകളും അപ്രധാനമാണ്, ജീവിതമാണ് പ്രധാനം എന്നു പറയുകയും ചെയ്യുന്നു.

പരിശുദ്ധ കുർബ്ബാന ഈശോയുടെ സമർപ്പണമാണ്. അവിടുന്ന് അത് പൂർത്തിയാക്കിയത് മറിയത്തിൽനിന്നും സ്വീകരിച്ച മനുഷ്യശരീരത്തിലാണ്. അവിടുത്തേക്ക് ഈ ലോകത്തിൽ മനുഷ്യനോടൊപ്പം പ്രവർത്തിക്കുവാനും അവനുവേണ്ടി സഹിക്കുവാനും മരിക്കുവാനും ഒരു ശരീരം ആവശ്യമായിരുന്നു. "അവിടുന്ന് എനിക്കായി ഒരു ശരീരം സജ്ജമാക്കിയിരിക്കുന്നു" (സങ്കീ 40:6-8; ഹെബ്രാ 10:5). ഈ ശരീരത്തിലാണ് അവിടുന്ന് ബലിയായിത്തീർന്നത്. അവിടുത്തെ ബലി നിത്യമായ ബലിയാണ് (ഹെബ്രാ 10:10; 12.14). ആ ബലിയിലുള്ള പങ്കാളിത്തമാണ് നമ്മുടെ രക്ഷയുടെ അച്ചാരം. മറ്റൊരു ബലിയും ഇന്നാവശ്യമില്ല. ലോകാവസാനം വരെയുള്ള ജനത ഈ ബലിയിലൂടെ രക്ഷിക്കപ്പെടണമെന്ന അവിടുത്തെ ആഗ്രഹമാണ് ഈ ബലിയെ നിത്യമാക്കിതീർത്തത്. ഈ നിത്യബലിയിൽ ഇന്നുള്ളവരും പങ്കുകാരാകണം.

പരി. മറിയത്തിൽനിന്നും സ്വീകരിച്ച ശരീരത്തിൽ അവിടുന്ന് ബലിയർപ്പിക്കപ്പെട്ടതുപോലെ, ഈ നിത്യബലി ഇന്നു തുടരുന്നത് മനുഷ്യരുടെ കൂട്ടായ്മയായ അവിടുത്തെ ഭൗതിക ശരീരമായ സഭയിലാണ്. സഭാഗാത്രത്തിൽ ഇന്നും ഈ ബലി തുടരുന്നു. മിശിഹായുടെ ഭൗതിക ശരീരത്തിൽ പങ്കുകാരായിക്കൊണ്ട് ഈ ബലിയർപ്പിക്കുന്നവർ മിശിഹായുടെ നിത്യമായ ബലിയിൽ പങ്കുകാരാകുന്നു. ഈശോയുടെ ശരീരം ബലിയർപ്പിക്കപ്പെട്ടതുപോലെ അവിടുത്തെ ഭൗതിക ശരീരവും ഈ ബലിയിൽ അർപ്പിക്കപ്പെടണം. സഭയാകുന്ന ഭൗതിക ശരീരം നാമോരോരുത്തരും ഉൾക്കൊള്ളുന്നതാണ്. ആകയാൽ വിശുദ്ധ കുർബ്ബാന ഇന്നർപ്പിക്കപ്പെടുന്നത് മിശിഹായുടെ ഭൗതിക ശരീരത്തിലല്ല, ഭൗതികശരീരമായ സഭയിലാണ്. സഭയുടെ അംഗങ്ങളെന്ന നിലയിൽ നാമോരോരുത്തരും പൂർണ്ണമായി അർപ്പിക്കപ്പെടണം. ശരീരത്തെ അർപ്പിക്കുക എന്നാൽ പൂർണ്ണമായ അർപ്പണം എന്നർത്ഥം. അപ്പവും വീഞ്ഞും കുർബ്ബാനയെന്ന കൂദാശയിലെ വസ്തുക്കളായ പ്രതീകങ്ങളാണ്. അതോടൊപ്പം ആരാധനാ സമൂഹം മുഴുവനും അർപ്പിക്കപ്പെടണം. ഇവിടെ അവരുടെ നാവുകൾ ദൈവത്തെ പാടിസ്തുതിച്ചുകൊണ്ടും, കണ്ണുകൾ ദിവ്യകാരുണ്യം കണ്ടുകൊണ്ടും അധരങ്ങൾ കീർത്തനം പാടിക്കൊണ്ടും, കാതുകൾ സ്തുതികൾ കേട്ടുകൊണ്ടും, കരങ്ങൾ കുർബ്ബാന സ്വീകരിച്ചുകൊണ്ടും, പാദങ്ങൾ ദൈവാലയത്തിൽ സഞ്ചരിച്ചുകൊണ്ടും, അവിടുത്തെ ശരീരം ഉൾക്കൊണ്ട് സമൂഹം ഒന്നാകെ അവിടുത്തെ ആരാധിച്ചുകൊണ്ടും കുർബ്ബാനയിൽ അർപ്പിക്കപ്പെടുന്നു.





### 3. വി. കുർബ്ബാന: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സംഗമം

ദഹിപ്പിക്കുന്ന അഗ്നിയാകുന്ന ദൈവത്തിനുള്ള ആരാധനയിൽ സംഭവിക്കുന്നത് എന്താണെന്ന് ഹെബ്രാ 12:18-24 വ്യക്തമാക്കുന്നു. പഴയ നിയമത്തിൽ മനുഷ്യർക്ക് ദൈവസാന്നിധ്യം അനുഭവവേദ്യമായ ഒരു അവസരമാണ് ദൈവം മലമുകളിൽ പ്രത്യക്ഷപ്പെട്ട സംഭവം (പുറ 19:16-22). സമൂഹം പ്രാർത്ഥനയിലായിരുന്നു. അപ്പോൾ ദൈവം അവർക്ക് അനുഭവവേദ്യനായി അവതരിച്ചു. അതാകട്ടെ, അഗ്നി, അന്ധകാരം, കാർമേഘം, ചുഴലിക്കാറ്റ്, കാഹളധ്വനി, ഇടിമുഴക്കം പോലുള്ള വാക്കുകൾ തുടങ്ങിയ അടയാളങ്ങളിലൂടെയായിരുന്നു. ഇതു ദർശിച്ച ജനം ഭയന്നു വിറച്ചു. തിരഞ്ഞെടുക്കപ്പെട്ടവനായ മൂശ പോലും ഇനി അരുതേ എന്നുപറഞ്ഞു. എന്നാൽ പുതിയ നിയമത്തിലേക്കു വരുമ്പോൾ വിശുദ്ധ കുർബ്ബാനയിലൂടെ നാം സമീപിക്കുന്നത് ഇവയെയൊന്നുമല്ല.

പരിശുദ്ധ കുർബ്ബാനയിൽ നാം ജീവിക്കുന്ന ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ ജറുസലേമിന്റെ സജീവ സാന്നിധ്യത്തിലേക്ക് കടന്നു വരുന്നു. ഇവിടെ സഭ മുഴുവൻ ഒന്നുചേരുന്നു. ആകയാൽ സ്വർഗ്ഗീയ സഭയുടെ അംഗങ്ങളായ സകല സ്വർഗ്ഗവാസികളും വിശുദ്ധരും പരിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുന്നു. ഭൂമിയിലായിരുന്നുകൊണ്ട്, സ്വർഗ്ഗീയ തലങ്ങളിലേക്ക് കടന്നുചെല്ലുവാനും, പരിമിതരായ മനുഷ്യർക്ക് അപരിമേയനായ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാനും ഇവിടെ കഴിയുന്നു. മാനുഷികമായി അപ്രാപ്യമായ അനുഭവങ്ങൾ ദൈവകൃപയാൽ ഇവിടെ സംലഭ്യമാകുന്നു. സ്വർഗ്ഗം തുറന്നു ഭൂമിയിൽ അവതരിക്കുന്നു. ദൈവമനുഷ്യ സംഗമവും ഐക്യവും അനന്യമായ രീതിയിൽ സാധ്യമാകുന്നു.

### 4. വി. കുർബ്ബാന സ്വർഗ്ഗത്തിന്റെ മുന്നനുഭവം

നമ്മുടെ കുർബ്ബാനയാഘോഷം ഏശയ്യായ്ക്കുണ്ടായ സ്വർഗ്ഗീയ അനുഭവമാണ് (6:1-8) നമുക്ക് നൽകുക. പരിശുദ്ധൻ എന്ന കീർത്തനം ആലപിക്കുന്നതിനുമുമ്പുള്ള വൈദിക പ്രാർത്ഥനയും കീർത്തനവും അതേസമയം പുരോഹിതൻ നടത്തുന്ന പ്രാർത്ഥനയും അൾത്താര ചുംബനവും ഈ പ്രവാചകദർശനമാണ് അവ

തരിപ്പിക്കുന്നത്. അവിടെയുള്ള പ്രാർത്ഥന ഈ വിവരണത്തിന്റെ പകർപ്പുതന്നെയാണ്. കുർബ്ബാനയുടെ ഒരു ഭാഗം മാത്രമല്ല, കുർബ്ബാന മുഴുവൻ ഈ ദർശനത്തിന്റെ ഭാവത്തിലാണ് രൂപപ്പെടുത്തിയിരിക്കുന്നത്.

സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹാ കുർബ്ബാനമധ്യേ നമുക്കായി തിരശ്ശീലനീക്കി അനാവരണം ചെയ്യപ്പെടുന്നു. ദൈവിക മഹത്വത്തെ ദ്യോതിപ്പിക്കുന്ന ധൂപാർച്ചന നടത്തപ്പെടുന്നു. മദ്ബഹാ ദീപാലംകൃതവും ധൂപപൂരിതവുമായി അനാവൃതമാകുമ്പോൾ ദൈവജനം ദൈവീക സിംഹാസനമായ ബലിപീഠത്തിനുമുമ്പിൽ കുമ്പിടുന്നു. ബലിപീഠം മിശിഹായുടെ കബറിടവും അവിടുത്തെ സിംഹാസനവുമാണ്. പിതാവിനെ അനുസ്മരിച്ച് ബലിപീഠ മധ്യത്തിലും മാംസം ധരിച്ച വചനമാകുന്ന പുത്രൻ പിതാവിന്റെ വലതുഭാഗത്ത് മഹത്വീകൃതനായി ഉപവിഷ്ഠനായിരിക്കുന്നതിനെ ദർശിച്ച് ബലിപീഠത്തിന്റെ വലതുവശത്തും പരിശുദ്ധാത്മാവിനെ ഓർമ്മിച്ച് ഇടതുവശത്തും ചുംബിക്കുന്നു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയിലും പരിശുദ്ധനെന്ന ഗീതത്തിലുമെല്ലാം ഏശയ്യാ ദർശനത്തിലേതുപോലെ മാലാഖാമാരോടു ചേർന്ന് ദൈവത്തെ പരിശുദ്ധൻ എന്ന് പ്രകീർത്തിക്കുന്നു. ബലിപീഠത്തിങ്കലേക്ക് വഹിക്കപ്പെടുന്ന ബലിവസ്തുക്കളിൽ മിശിഹായുടെ ശരീരരക്തങ്ങൾ ദർശിച്ച് അവിടെയും ദൈവമായ കർത്താവ് പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്നു.

ഇപ്രകാരം ദൈവമഹത്വത്തിലായിരുന്ന ആരാധനാ സമൂഹം തങ്ങളുടെ കുറവുകൾ കണ്ടറിഞ്ഞ് കർത്താവേ ഞങ്ങളോട് കരുണ തോന്നണമേ എന്നും പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേയെന്നും അപേക്ഷിക്കുന്നു. പാപബോധം നിറഞ്ഞ മനുഷ്യർ ഏശയ്യായുടെ ദർശനത്തിലെന്നതുപോലെ മിശിഹായുടെ ശരീരരക്തങ്ങൾകൊണ്ട് ശുദ്ധരാക്കപ്പെടുന്നു. തുടർന്ന് ഏശയ്യാ പ്രവാചകൻ അയയ്ക്കപ്പെടുന്നതുപോലെ കർത്താവിന്റെ സജീവ സാന്നിധ്യത്തിൽ അവിടുത്തെ കൃപയുടെ ശക്തിയിൽ ബലിജീവിതം നയിക്കാൻ ദൈവജനം പ്രഘോഷിതരായി അയയ്ക്കപ്പെടുന്നതുപോലെ വിശുദ്ധ കുർബ്ബാനയുടെ ആഘോഷം പര്യവസാനിക്കുന്നു.